ആരാന്റെ കുട്ടി തുടങ്ങി

# അഞ്ചു ചെറുകഥകൾ

കെ. സുകുമാരൻ, ബി. എ.

SAHITHYA VILASINI
SPORTS CLUB & G.MNAS.

3425

സുകുമാരകഥാമഞ്ജരി പുസ്തകം 4.

# ആരാന്റെ കുട്ടി

തുടങ്ങി

# അഞ്ചു ചെറുകഥകൾ.

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P. O.
QUILON.
SPORTS CLUB & GYMNASIUM

ഗ്രന്ഥകർത്താവ്:

കെ. സുകുമാരൻ, ബി. എ.

SREE NARASIMHA VILASOM BOOK DEPOT
T.C.STATE
& INDIA.
THURAVOOR

പ്രകാശകന്മാർ:—

കെ. ആർ. ബ്രദേർസ്,

കോഴിക്കോട്.

നാലാംപതിപ്പ്

കോപ്പി 500

8—9—55.

വില 1ക 4ണ.

(പകപ്പവകാശം പ്രകാശകന്മാരിൽ)

അച്ചടി:

കെ. ആർ. ബ്രദേർസ് അച്ചുക്കൂടം,

കോഴിക്കോട്.

3425

# വിഷയ വിവരം.


| | | ഭാഗം. |
|---|---|---|
| 1. | ആരാന്റെ കട്ടി. ... ... | 1 |
| 2. | ഞാനും എന്റെ പേടിയും. ... | 44 |
| 3. | ഭക്തി—മറെറാരുനോട്ടം. ... | 90 |
| 4. | ഭക്തി—തിരിച്ചൊരടി. ... ... | 107 |
| 5. | ക്രനിയുടെ ചികിത്സ. ... ... | 123 |

3425



# ഓണക്കാലത്തുകിട്ടിയ സമ്മാനം

അഥവാ

# ആരാന്റെ കുട്ടി.

SAHITHYA VILASINI ... AYATHIL KILIKOLLOOR P.O. QUILON. SPO... & GYMNASIUM

അടിയന്തരാവശ്യമായി മദിരാശിയിൽനിന്നു വരുന്ന ഒരാളെ കാണാൻ വേണ്ടിയായിരുന്നു ഞാൻ അന്നു കോഴിക്കോട്ട് തീവണ്ടിയാപ്പീസിൽ ചെന്നത്. വണ്ടിയുടെ ജാഗ്രതകൊണ്ടോ, എന്റെ ഘടികാരത്തിന്റെ ഉദാസീനതകൊണ്ടോ, ഞാൻ ചെല്ലുമ്പഴക്ക് വണ്ടി എത്തികഴിഞ്ഞിരിക്കുന്നു. ആളുകളുടെ തിക്കും തിരക്കും സഹിച്ചു ഞാൻ, നമ്മുടെ ആളുണ്ടോ എന്നറിവാൻ വേണ്ടി, ഓരോ വണ്ടിയിൽ എത്തിനോക്കുമ്പോൾ, വണ്ടിയിലുണ്ടായിരുന്നവർ ഞാൻ കേറാൻ ഭാവിക്കയാണെന്നു വിചാരിച്ചു, "ഇവിടെ ആളും തികഞ്ഞിരിക്കുന്നു. ഇവിടെ കേറാൻ പാടില്ല. ഇത് പ്രത്യേക മുറിയാണ്" എന്നൊക്കെ കോപത്തോടുകൂടെ പറയുന്ന വാക്കുകൾക്കൊന്നും ഉത്തരം പറയാതെ ഞാൻ എന്റെ പരിശോധന മുറക്കു നടത്തി. കുന്തം പോയാൽ കുടത്തിലും നോക്കണം എന്നു പറഞ്ഞപോലെ ഞാൻ ഇഞ്ചിൻ മുറിയിലും കൂടി നോക്കി. എന്നിട്ടും കാണേണ്ടുന്ന ആളെ കണ്ടില്ല. എല്ലാംകൂടി നമ്മുടെ

ആറം വണ്ടിയിൽനിന്നു പുറമെ വീണുപോയിരിക്കുമോ എന്നൊരു ശങ്ക എന്നെ കടന്നുപിടിച്ചു. മദിരാശിയിൽനിന്നു വന്ന ശീട്ടുകളിൽ വല്ലതും കുറവുണ്ടോ എന്നു ടിക്കററ് കലക്ടരോടു ചോദിക്കാമെന്നു വിചാരിച്ചപ്പോളാണ് എനിക്കു കാൎയ്യം തിട്ടങ്ങനെ മനസ്സിലായതു്. മദിരാശിയിൽനിന്നു വരുന്ന വണ്ടിക്കു പകരം മംഗലാപുരത്തിൽനിന്നു വരുന്ന വണ്ടിക്കാണ് ഞാൻ അബദ്ധത്തിൽ ഹാജരായതു്. ഞാൻ ഹാജരാകേണ്ടിയിരുന്ന വണ്ടി ഇരുപതു് മിനിട്ടു മുമ്പേ പോകയും കഴിഞ്ഞിരിക്കുന്നു. ആളാണെങ്കിൽ അന്നു ഞാൻ കാണാതെപോയി. അണയാണെങ്കിൽ ഒന്നു പ്ലാററ്ഫോറം ടിക്കററിന്നും പോയി. സമയമാണെങ്കിൽ കുറെ വെറുതെ പോയി. ഞാനും മെല്ലെ പോകട്ടെ എന്നു വിചാരിച്ചു വണ്ടിയുടെ അടുക്കെക്കൂടെ വരുമ്പോൾ പെണ്ണുങ്ങളുടെ മുറിയിൽ സൌന്ദൎയ്യംകൊണ്ടു പരസ്പരം പടതല്ലിക്കൊണ്ടിരിക്കുന്ന ചില യുവതികളെക്കണ്ടു എന്റെ കണ്ണിന്റെ ചിമ്മൽ നിന്നുപോയി. സത്യമായിട്ടും എന്റെ വരവ് വെറുതെയായിട്ടില്ലെന്നു എനിക്കു തോന്നി. അവരെയും നോക്കി ഞാൻ പെട്ടെന്നവിടെ നിന്നുപോയി. "കുലവെട്ടീടിന കുററിവാഴപോലെ"യൊ എന്നു ഞാൻ അറിയില്ല. ഒന്നാമത്തെ മണി മുട്ടിയപ്പോൾ, പത്തു മിനുട്ടിന്നുള്ളിൽ രണ്ടാമത്തേതും മുട്ടിക്കഴിയുമല്ലോ എന്നു വിചാരിച്ചു ഞാൻ വ്യസനിച്ചു. അപ്പഴതാ ഒരു യുവതീരത്നം ഓടിക്കൊണ്ടുവരുന്നു. രണ്ടുമൂന്നു വയസ്സായ ഒരു കുട്ടിയേയും ഉക്കലിൽ തട്ടീട്ടുണ്ട്. പെണ്ണുങ്ങളുടെ മുറി ഇതാണെന്നു ഒന്നിച്ചുണ്ടായിരുന്ന ഒരു പോൎട്ടർ കാണിച്ചുകൊടുത്തു, അതിൽ അവളുടെ ചില സാമാനങ്ങൾ വെച്ചുതുടങ്ങി. അവൾ എന്നെ

നോക്കി ഒന്നു മന്ദഹസിച്ചപ്പോൾ ഞാൻ സ്വർഗ്ഗലോകം കണ്ടുപോയി. "മൽകർണ്ണരന്ധ്രങ്ങളിലമൃതത്തിധാരാളമായ് ധാരപെയ്തു" പോലെ, "ദയവു് ചെയ്തു ഈ കുട്ടിയെ ഒന്നു പിടിക്കണം. നേരം വൈകി. രണ്ടു പെട്ടിയും കൂടി എടുപ്പിച്ചു വരാനുണ്ടു്" എന്നു അവൾ എന്നെ നോക്കിപ്പറഞ്ഞപ്പോൾ, ഞാൻ രണ്ടു കയ്യും നീട്ടി, അനർഹന്മാർ ഗവൎമ്മെണ്ടിൽനിന്നു സ്ഥാനമാനങ്ങൾ വാങ്ങുമ്പോലെ, ഞാൻ ആ കുട്ടിയേയും വാങ്ങി അവിടെ തെളിഞ്ഞു നിന്നു. ഒരു യുവതീരത്നത്തിന്നു ഇത്രത്തോളമെങ്കിലും ഉപകാരിയായിത്തീരാൻ സാധിച്ചുവല്ലോ എന്ന ഒരനല്പമായ ചാരിതാൎത്ഥ്യം എന്നെ ആനന്ദനിമഗ്നനാക്കി. ഞാൻ ആ കുട്ടിയെ ആട്ടിയും ഇളക്കിയും രസിപ്പിച്ചു. ആ കുട്ടിയുടെ ഗന്ധം മണപ്പിക്കുന്നതിൽ എനിക്കൊരു പ്രത്യേക രസം തോന്നി. ഉടനെ വരാനിടയുള്ള കുട്ടിയുടെ അമ്മ ഇതൊക്കെ കണ്ടിട്ടു എന്നെ ഇഷ്ടമായിക്കരുതട്ടെ എന്നായിരുന്നു എന്റെ തല്ക്കാലത്തെ വിചാരം. ഞാൻ നാലഞ്ചുപ്രാവശ്യം ഇടക്കിടെ തിരിഞ്ഞുനോക്കി. അവൾ ഇപ്പൊഴിപ്പൊഴ് വരും എന്നു വിചാരിച്ചുകൊണ്ടിരുന്ന ഞാൻ, രണ്ടാമത്തെ മണി മുട്ടുന്നതു കേട്ടപ്പോൾ അസാരം പരിഭ്രമിച്ചു. ഞാൻ വാതിലിന്നടുക്കെ ചെന്നുനോക്കി. അവളെ കണ്ടില്ല. അപ്പോൾ എന്നെ കളിയാക്കുന്ന മാതിരി ഒരു കൂക്കിയും ഇട്ടു വണ്ടിയും നടന്നു. അവൾക്കു വണ്ടി കിട്ടാത്തതുകൊണ്ടു എനിക്കുള്ളാലെ അല്പം സന്തോഷമുണ്ടായി. കുട്ടിയേയും ഒക്കത്തിൽ ചാർത്തിക്കൊണ്ടു ഞാൻ റെയിൽവെ സ്റ്റേഷൻ മുഴുവനും ഈ യുവതിയെ തിരഞ്ഞുനോക്കി. എന്തു യുവതി! ഏതു യുവതി!! ഇതിലും വലിയ ആശ്ചൎയ്യം നിങ്ങൾ കേട്ടിട്ടുണ്ടോ?

ആരാൻെറ കുട്ടിയേയുംകൊണ്ടു ഞാനെന്തുചെയ്യും? പെണ്ണുങ്ങൾക്കു ദ്രോഹംചെയ്യാൻ നോക്കീട്ട് ഞാൻ ഇങ്ങിനെ പററിപ്പോകുന്നതു ഒന്നാമത്തെ പ്രാവശ്യമാണ്. എൻെറ ഭാര്യയെ വിചാരിച്ചപ്പോഴാണ് എനിക്കു സഹിച്ചുകൂടാത്ത പരിഭ്രമമുണ്ടായത്. അവൾ പഠിപ്പൊന്നുമില്ലാത്ത ഒരു തരക്കാരത്തിയാണ്. എനിക്കു വേറെ ഒരുവളുണ്ടെന്നു ഒരു ശ്രുതി നാലഞ്ചു കൊല്ലമായിട്ടു അവൾ ശ്രുതിപോലെ വിശ്വസിച്ചു വന്നിരുന്നു. എന്നു മാത്രമല്ല ഇതിനെപ്പററി പലപ്രാവശ്യവും, പിണക്കവും നിലവിളിയും സ്വഭവനത്തിലേക്കു പോവാനുള്ള ഭാവവും കൂടക്കൂടെ അഭിനയിച്ചു കാണിക്കാറുമുണ്ടു. കളവായ വൎത്തമാനം കേട്ടിട്ടുകൂടി ഇത്രത്തോളം ലഹള കൂട്ടാൻ മടിക്കാത്ത നമ്മുടെ പരിഗ്രഹം, എങ്ങാൻ കിടക്കുന്ന ഒരു കുട്ടിയേയും തട്ടി ഞാൻ ചെല്ലുന്നതു കാണുമ്പോൾ എന്തു തന്നെ ചെയ്യാതിരിക്കയില്ല. ഇതിനേയുംകൊണ്ടു ഞാൻ എങ്ങിനെ വീട്ടിൽ ചെല്ലും. ഈ ദുരിതത്തെക്കൊണ്ടു ഞാൻ കുഴങ്ങിയല്ലോ. ആട്ടെ പോലീസിനെക്കണ്ടാൽ വല്ല വഴിയുമുണ്ടാകുമെന്നു വിചാരിച്ചു ഞാൻ റെയിൽവെ പോലീസിൻെറ മുറിയിൽ പ്രവേശിച്ചു. ഭാഗ്യവശാൽ ഒന്നുരണ്ടു കൺസ്റ്റബിൾമാരും സബ്ബ്ഇൻസ്പെക്ടരും അവിടെത്തന്നെ ഉണ്ടായിരുന്നു. ഞാൻ ഒരു പച്ചച്ചിരിയോടെ അടുത്തുചെന്നു, സബ്ബ്ഇൻസ്പെക്ടർക്കു വാരിവലിച്ചു ഒരു സലാം കൊടുത്തു. അയാൾ തല ഒന്നിളക്കി

സബ്ബ്ഇൻസ്പെക്ടർ:—എന്താണ് വന്നത്. വേഗം പറയൂ. എനിക്കു ജോലിതിരക്കാണ്.

ഞാൻ:—ഒരു സംശയം ചോദിപ്പാനുണ്ടായിരുന്നു.

സബ്ബ്:—സംശയം ചോദിപ്പാനോ? ഇതിന്നു മററാരെയും കണ്ടില്ലെന്നോ?

ഞാൻ:—ഇതു നിങ്ങറം തീൎക്കേണ്ടുന്ന സംശയമാണ്.

സബ്ബ്:—സംശയമില്ലല്ലോ.

ഞാൻ:—സംശയമില്ല.

സബ്ബ്:—എന്നാൽ വേഗം പറയൂ.

ഞാൻ:—എന്റേതല്ലാത്ത മുതൽ റെയിൽവെസ്റ്റേഷനിൽ നിന്നു എനിക്കു കിട്ടിയാൽ ഞാൻ ആ മുതൽ ആരുടെ വക്കൽ ഏല്പിക്കണം?

സബ്ബ്:—നിശ്ചയമായിട്ടും, താൻ പോലീസുകാരുടെ വക്കൽ ഏല്പിക്കണം.

ഞാൻ:—ഏതു പോലീസിന്റെയും വക്കൽ ഏല്പിച്ചാൽ മതിയോ?

സബ്ബ്:—പോരാ, തീവണ്ടിസ്റ്റേഷനിൽനിന്നു കിട്ടിയതു കൊണ്ടു ഞങ്ങളുടെ വക്കൽതന്നെ ഏല്പിക്കണം.

ഞാൻ:—ഏല്പിക്കാഞ്ഞാലോ?

സബ്ബ്:—ഏല്പിക്കാത്തതു കുററമായിരിക്കും.

ഞാൻ:—അപ്പോറം അതു കിട്ടിയവൎക്കു നിങ്ങളെ ഏല്പിക്കാതെ നിവൃത്തിയില്ല.

സബ്ബ്:—ഒരു നിവൃത്തിയുമില്ല.

ഞാൻ:—അങ്ങിനെ കൊണ്ടുവന്നാൽ നിങ്ങറം കൈക്കലാക്കാതെയിരിപ്പാനും നിവൃത്തിയില്ല.

സബ്ബ്:—അങ്ങിനെ ഏറെറടുപ്പാനും മററുമല്ലേ ഞങ്ങളെ ഇവിടെ വെച്ചത്?

ഞാൻ:—എന്നുവെച്ചാൽ മുതൽ നിങ്ങളെ ഏല്പിക്കേണ്ടതു എന്റെ മുറ. മുതൽ എന്നോടു ഏറ്റുവാങ്ങേണ്ടതു നിങ്ങളുടെ മുറ.

സബ്ബ്:—ശരിതന്നെ.

ഞാൻ:—ഇതിന്നു രണ്ടുപക്ഷമില്ലല്ലോ.

സബ്ബ്:—ഒരിക്കലും ഇല്ല.

ഞാൻ:—ആവൂ! വലിയ ഉപകാരം. എന്നാൽ ഇതാ, നിങ്ങളുടെ മുറ ചെയ്യിൻ. വേഗം ഏറ്റെടുക്കുവിൻ.

ഇങ്ങനെ പറഞ്ഞുകൊണ്ടു ഞാൻ ആ കുട്ടിയേയും മേശപ്പുറത്തുവെച്ചു, ക്ഷണം തിരിച്ചുനടന്നു. കുട്ടി സബ്ബ് ഇൻസ്പെക്ടരുടെ മഷിയും മറിച്ചു, മൂത്രവും വീഴ്ത്തി, കഠിനമായി നിലവിളിച്ചു തുടങ്ങിയപ്പോൾ അവിടെ ഉണ്ടായ ബഹളം ചില്ലറയല്ല. "എവിടെ ആ കഴുവേറി, ആ ഭ്രാന്തനെ പിടിച്ചുകൊണ്ടുവാ" എന്നൊക്കെ സബ്ബ് ഇൻസ്പെക്ടർ അട്ടഹസിച്ചപ്പോൾ ഒരു കൺസ്റ്റബിൾ ഓടിവന്നു എന്റെ കയ്യും പിടിച്ചു ഒരു കള്ളനെ എന്നപോലെ ഇൻസ്പെക്ടരുടെ മുമ്പിൽ കൊണ്ടുവന്നു നിർത്തി.

സബ്ബ്:—എന്താടൊ, തനിക്കു ഭ്രാന്തോ?

ഞാൻ:—എന്തായിരുന്നു സാറേ.

സബ്ബ്:—താനെന്താണ് ഒരു കുട്ടിയേയും ഇവിടെ വെച്ചു ശുമ്മാ നടന്നുകളഞ്ഞതു്?

ഞാൻ:—അതു നിങ്ങൾ പറഞ്ഞിട്ടു.

സബ്ബ്:—ഞാൻ കുട്ടിയെ ഇവിടെ ഏല്പിക്കാൻ തന്നോടു പറഞ്ഞോ?

ഞാൻ:—ഇവിടെയാണ് ഏല്പിക്കേണ്ടത് എന്നു നിങ്ങൾ പറഞ്ഞില്ലേ. ഏറ്റുവാങ്ങേണ്ടതു നിങ്ങളുടെ മുറയാണെന്നു നിങ്ങൾ തന്നെയല്ലേ പറഞ്ഞതു്?

സബ്ബ്:—എടോ താൻ അസംബന്ധം പറയേണ്ട.

ഞാൻ:—ഞാനെന്തസംബന്ധമാണ് പറഞ്ഞതു്. ഞാനുള്ളതല്ലേ പറഞ്ഞതു്?

സബ്ബ്:—താൻ വെറുതെ തല്ലിനിരക്കേണ്ട. കുട്ടിയേയും എടുത്തു തൻെറ പാട്ടിനു പോയ്ക്കോള്ളൂ.

ഞാൻ:—അസംബന്ധം പറയുന്നതു ഇപ്പോൾ ആരാണ്.

സബ്ബ്:— ആരെങ്കിലുമാകട്ടെ. നീ കുട്ടിയേയുമെടുത്തു പോയ്ക്കോ.

ഞാൻ:—പിന്നെ ഞാനിതിനെ എവിടെയാണ് കൊണ്ടുപോയേല്പിക്കേണ്ടതു?

സബ്ബ്—അതൊന്നും ഞാനറിയില്ല. താൻ തൻെറ കുട്ടിയേയും എടുത്തു നടന്നോ അതാണ് നല്ലത്.

ഞാൻ:—കുട്ടി എൻെറതായിരുന്നു എങ്കിൽ ഞാൻ നടക്കില്ലേ?

സബ്ബ്:—പിന്നെ കുട്ടിയെ തനിക്കു വീണുകിട്ടിയതാണോ? വെറുതെ ചിലക്കാതെ കുട്ടിയേയുമെടുത്തു കടന്നു പോവാനാണ് ഞാൻ പറയുന്നത്.

ഞാൻ:—ആരാൻെറ കുട്ടിയെ ഞാൻ എങ്ങിനെ എടുത്തു നടക്കും?

സബ്ബ്:—പിന്നെയും പറയുന്നത് നോക്കു. നിങ്ങൾക്കു പറഞ്ഞപോലെ കേൾക്കരുതോ?

ഞാൻ:—അല്ല സാറെ! എന്നിട്ടല്ലെ കുട്ടിയെ ഞാനിവിടെ വെച്ചത്?

സബ്ബ്:—നീ ന്യായമൊന്നും പറയേണ്ട.

ഞാൻ:—ന്യായം പറയുന്നതും തെററാണോ?

സബ്ബ്:—താൻ കുട്ടിയേയും എടുത്തു തൻെറ വഴിക്കു പോകുന്നോ ഉണ്ടോ?

ഞാൻ:—ആരാൻെറ മുതൽ സ്റ്റേഷനിൽനിന്നെനിക്കു കിട്ടിയാൽ അത് പോലീസിൽ ഏല്പിക്കേണ്ടത് എൻെറ മുറയല്ലെ? അതേറെറടുക്കേണ്ടത് നിങ്ങളുടെ മുറയല്ലെ? അതല്ലെ നിങ്ങളും പറഞ്ഞത്?

സബ്ബ്:—എന്ത് മുതലാണെടോ താൻ പറയുന്നത്?

ഞാൻ:—എനിക്കു ആരാൻെറ മുതലായിട്ട് ഇവിടുന്നു കിട്ടിയത് ഈ കുട്ടിയല്ലെ?

സബ്ബ്:—കുട്ടി ആകാശത്തിൽനിന്നു് തൻെറ കയ്യിൽ വീണതാണോ?

ഞാൻ:—ഞാൻ പ്ലാററ്ഫോറത്ത് നില്ക്കുമ്പോൾ ഒരു പെണ്ണാടിവന്നു കുട്ടിയെ ഒന്നു പിടിക്കാൻ പറഞ്ഞു. പിന്നെ പെണ്ണിനെ കണികാണാൻ കിട്ടിയില്ല.

സബ്ബ്:—അങ്ങിനെയാണെങ്കിൽ ഈ മുതൽ താൻ മേടിച്ച മുതലാണ്.

ഞാൻ:—അല്ല. എൻെറ കയ്യിൽ പിടിപ്പിച്ച മുതലാണ്.

സബ്ബ്:—താൻ മേടിക്കാതിരുന്നാൽ തൻെറ കയ്യിൽ ഒരു കുട്ടിയെ എങ്ങിനെ പിടിപ്പിക്കും?

ഞാൻ:—മേടിക്കാതെകണ്ട് കുട്ടിയെ എനിക്കു ഇട്ടുകളവാൻ പാടുണ്ടോ?

സബ്ബ്:—താൻ മേടിക്കാതിരുന്നാൽ കുട്ടിയെ ഇട്ടുകളയുന്നത് അവളായിരിക്കയില്ലെ.

ഞാൻ:—ഞാൻ ഒരു ചില്ലറ ഉപകാരം ചെയ്തതും തെററായിപ്പോയോ?

സബ്ബ്:—തെററാണെന്നു ഞാൻ പറഞ്ഞോ? കേറംകെ, താൻ ആ പെണ്ണോടു ഒരു കുട്ടിയെ മേടിച്ചതു് വാസ്തവമല്ലെ?

ഞാൻ:—അതെ.

സബ്ബ്:—അതുകൊണ്ടു് അതു് താൻ മേടിച്ച ആറംകെ തന്നെ മടക്കികൊടുത്തോളു.

ഞാൻ:—അതിന്നു തന്നെ ആളെ കാണണ്ടെ?

സബ്ബ :—കാണുന്നവരെ തിരഞ്ഞോളു.

ഞാൻ:—അതു വരെ കുട്ടിയെ ഞാൻ എവിടെ വെക്കും?

സബ്ബ :—അതു ഞങ്ങറം അറിയേണ്ടുന്ന ആവശ്യമില്ല.

ഞാൻ:—അങ്ങിനെ ഒരുക്കും പറയാം. അതുവരെ ഈ കുട്ടിയെ എനിക്കു കിട്ടിയേടത്തുതന്നെ ഇട്ടേക്കുവാനോ?

സബ്ബ്:—അതുവരെ താൻ പോററിക്കോളു.

ഞാൻ:—അതിന്നുള്ള ചിലവോ?

സബ്ബ്:—അതു കുട്ടിയെതന്ന ആളോടു മേടിച്ചോളു.

ഞാൻ:—അവളെ കണ്ടില്ലെങ്കിലോ?

സബ്ബ്:—കണ്ടുകിട്ടുന്നവരെ കുട്ടിയെ സ്വന്തമാക്കോളു. വേണമതു, കുട്ടിയുടെ രക്ഷക്കു തന്നോടൊരു ജാമ്യശീട്ടുംകൂടി വാങ്ങുകയാണ്. അതുപക്ഷെ ഞങ്ങറം ചെ

യ്യുന്നില്ല. അതുകൊണ്ടു നേരം കളയേണ്ട. ക്ഷണം എടുത്തോ. നടന്നോ. ഓരോരോ മാലയും കഴുത്തിലാക്കീട്ടു അത് ബാക്കിയുള്ളവരുടെ പിരടിക്കു വലിച്ചുകെട്ടാൻ നോക്കണ്ട. അപ്പരിപ്പ് ഇവിടെ വേവില്ല. ഒന്നുകൂടി പറഞ്ഞേക്കാം. കുട്ടിക്കു വല്ലതും വന്നുപോയാൽ താനാണുത്തരവാദി.

മററു യാതൊരു നിൎവ്വാഹവുമില്ലാതെ ഞാൻ കുട്ടിയേയും തട്ടി പുറത്തേക്കിറങ്ങി. സമയം കഴിഞ്ഞുപോയതുകൊണ്ടു പുറമെ വണ്ടിയൊന്നും കണ്ടില്ല. നേരം രണ്ടുമുട്ടുന്നതുകേട്ടു. ഇടത്തെ ഉക്കലിൽ കുട്ടിയും വലത്തെക്കയ്യിൽ നിവൎത്തിയ ഒരു കുടയുമായി ഞാൻ വീട്ടിലേക്കു നടന്നു. എനിക്കു കോടതിക്കാൎയ്യം ചില്ലറ അറിയാമായിരുന്നു. കുട്ടി ആരാന്റെ മുതലാണ്. ആരാന്റെ മുതൽ കിട്ടിയ ഉടനെ ഗവൎമ്മെണ്ടു് ഖജാനയിൽ അടക്കേണ്ടതാണ്. അതുകൊണ്ടു കുട്ടിയെ ഖജാനയിൽ അടക്കാൻ ഒരു ഇരുസാലിന്നപേക്ഷിച്ചാലോ എന്നുവെച്ചു് ഞാൻ സ്റ്റേഷനിൽ മടങ്ങിച്ചെല്ലാൻ നോക്കി. സബ്ബ്ഇൻസ്പെക്ടർ എനിക്കു യാതൊരു ഗുണവും ചെയ്യാനിടയില്ലെന്നു കരുതി ഞാൻ മടിച്ചു. ഞാൻ വണ്ടിക്കു കെട്ടിയ കാളയെപോലെ നടന്നു, വിശപ്പും ക്ഷീണവും വൎദ്ധിച്ചപ്പോൾ എനിക്കു വീടോൎമ്മവന്നു. വീടോൎമ്മവന്നപ്പോൾ അതു ഏകച്ഛത്രാധിപത്യമായി ഭരിക്കുന്ന എന്റെ പരിഗ്രഹത്തേയും ഓൎമ്മവന്നു. ഭാൎയ്യ ഇങ്ങിനെ ചെല്ലുന്ന എന്നെ കാണുമ്പോൾ എന്തു പറയും? എന്ന രീതിയും ഭ്രമവുംകൊണ്ടു കുഴങ്ങിമറിയുന്ന എന്നെ വഴിക്കൽ കാണുന്ന പരിചയക്കാരൊക്കെ "കുട്ടിയെ എവിടെക്കൊണ്ടുപോയിരുന്നു. കുട്ടിക്കു വല്ല സുഖക്കേടുമുണ്ടോ?"

എന്ന അനാവശ്യചോദ്യങ്ങളെക്കൊണ്ടു ബുദ്ധിമുട്ടിച്ചു. എന്തു ചെയ്യും? കുട്ടിയെ എനിക്കു എറിഞ്ഞു കളവാൻ തരമുണ്ടോ? ഞാൻ ദേഹത്തിലും മനസ്സിലും ഭാരമാണ്ടവനായി മെല്ലെ നടന്നു. എന്റെ ഗ്രഹചാരം മതിയായില്ലെന്നു വെച്ചിട്ടോ എന്നറിഞ്ഞില്ല എന്റെ അത്യാശ്ചര്യത്തിന്നു കുട്ടി എന്നെ അച്ഛാ, അച്ഛാ എന്നു വിളിച്ചുതുടങ്ങി. ജഗദീശ്വരാ! ഞാൻ ഞെട്ടിയ ഞെട്ടൽ എനിക്കും ദൈവത്തിന്നും അറിയാം. പെട്ടെന്നു പിടിപെട്ട കോപംകൊണ്ടു ഞാൻ അന്ധനായി. "എന്ത്" ഞാനാണോ നിന്റെ അച്ഛൻ? നീ ഇനി മേലാൽ അച്ഛൻ എന്നു എന്നെ വിളിക്കുമോ? നോക്കിക്കോ നിന്നെ എടുക്കുന്ന പണി" എന്നിങ്ങിനെ പറഞ്ഞു ഞാൻ മുഖത്തു രണ്ടു കുത്തു കൊടുത്തു. കുട്ടി എന്റെ ഉക്കിൽനിന്നു തിരിഞ്ഞിട്ടും പിരിഞ്ഞിട്ടും നിലവിളിച്ചതിന്നു വല്ല കണക്കുമുണ്ടോ? എന്റെ മുഖം മാന്തിപ്പറിച്ചും എന്റെ മുടി പിടിച്ചുവലിച്ചും പാട്ടുള്ളേടത്തോളം എന്നെച്ചവിട്ടി. വേഗമൊന്നും നിൎത്തുവാൻ ഭാവമില്ലാത്ത വിധത്തിൽ മുറവിളികൂട്ടി. ഞാൻ ഒരുവിധേന ഒരു പീടികയിൽ കേറി, ഒന്നുരണ്ടു മൈസൂർപ്പഴം വാങ്ങിക്കൊടുത്തു കുട്ടിയെ സമാധാനമാക്കി. അപ്പോൾ പീടികയിൽ എന്തോ വാങ്ങാൻവന്ന ഒരു തള്ള "നല്ലൊരു കുട്ടി! അച്ഛന്റെ കോലം തന്നെ" എന്നു പറഞ്ഞതു കേട്ടപ്പോൾ ഞാൻ ആ തള്ളയെ ഭസ്മമാകുംപടി ഒരു നോക്കുനോക്കി. എന്റെ കയ്യിൽ കുട്ടിയെ പിടിപ്പിച്ച ആ കള്ളപ്പെണ്ണിനെ ശപിച്ചുംകൊണ്ടും, ഇനിയൊക്കെ വരുമ്പോലെ വരട്ടെ എന്നു നിനച്ചുംകൊണ്ടും ഞാൻമെല്ലെ എന്റെ വീട്ടിന്റെ പടികേറി. ഏതോ ഒരു കുട്ടിയേയു

മെട്ടത്തു ഇളിഞ്ഞ മുഖത്തോടെ ഇളിഭ്യനായ ഞാൻ വരുന്നതു കണ്ടപ്പോഠം വെള്ളം വലിപ്പാൻ വേണ്ടി കിണററിൻകരയിൽ വന്ന വേലക്കാരത്തി വള്ളി ക്ഷണനം കുസിനിയിലേക്കു കതിച്ചു. "മൂപ്പത്തി, മൂപ്പരുണ്ട് ഏതോ ഒരു കുട്ടിയേയും എടുത്തു വരുന്നു" എന്നു പറഞ്ഞു. ഇതു കേട്ടപ്പോഠം എനിക്കു നെഞ്ഞിടിപ്പുണ്ടായി. ഞാൻ കോലായിൽ കേറുംമുമ്പെ തന്നെ ഭാര്യ കോലായിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. അവഠം അത്ഭുതത്തോടെ എന്നെയും കുട്ടിയേയും ഒന്നു നോക്കി. ഞാനൊന്നും മിണ്ടിയില്ല. കുററം ചെയ്ത കുട്ടി, വാലും മടക്കി നില്ക്കുമ്പോലെ ഞാനവിടെ നിന്നു.

ഭാര്യ:—ഇതേതാണൊരു കുട്ടി?

ഞാൻ:—അതൊക്കെ പിന്നെ പറയാം. നീ ഈ കുട്ടിക്കു വല്ലതും തിന്നാൻകൊടുക്കു.

ഭാര്യ:—(കോപത്തോടെ) എന്തു പറഞ്ഞിട്ട്? നാട്ടിലുള്ള കുട്ടികഠക്കൊക്കെ ഇവിടുന്നു തിന്നാൻ കൊടുക്കുന്നോ? അല്ലെങ്കിൽ അത്രയൊക്കെ മാസപ്പടി നിങ്ങഠംക്കുണ്ടായിരുന്നെങ്കിൽ വേണ്ടില്ലായിരുന്നു. എണ്ണിച്ചുട്ട അപ്പംപോലെ പത്തോ അമ്പതോ ഉറുപ്പികയുണ്ട്. താന്താങ്ങളെത്തന്നെ പുലത്താൻ കഴിയാത്ത സമയത്തു ഒരു കുട്ടിയേയും കൊണ്ടുവന്നിരിക്കുന്നു.

ഞാൻ:—ഈ സാധുക്കുട്ടിക്കു വല്ലാതെ വിശക്കുന്നു. ദയവു ചെയ്തു എന്തെങ്കിലും തിന്നാൻ കൊടുക്കു.

ഭാര്യ:—വിശക്കുന്ന സാധുക്കുട്ടികഠം ഭൂമിയിൽ എത്രയെങ്കിലുമുണ്ടു. അതിനൊക്കെ തിന്നാൻ കൊടുക്കാൻ ഞാൻ വിചാരിക്കുന്നില്ല. എന്നാലൊട്ടു കഴിയുകയുമില്ല.

ഞാൻ:—ഈയൊരു കുട്ടിയുടെ കാര്യമല്ലേ ഞാൻ പറഞ്ഞിട്ടുള്ളു.

ഭാര്യ:—എന്നോടൊരു കുട്ടിയുടെ കാര്യവും പറയേണ്ട. വകയില്ലാത്തവരെന്തിനാണ് ഓരോ മാലാകാരം തൊണ്ടുന്നതു്. എന്തിനാണൊരോന്നിനെ ഇങ്ങിനെ കൊണ്ടുവരുന്നതു്?

ഞാൻ:—കുട്ടി എൻെറ കയ്യിൽ പെട്ടുപോയതാണ്. വിവരങ്ങളൊക്കെ ഞാൻ പിന്നെ പറഞ്ഞുതരാം.

ഭാര്യ:—കുട്ടി എങ്ങിനെയാണ് ഒരാളുടെ കയ്യിൽ പെട്ടുപോകുന്നതു്? ഇതു ഞാൻ പുതുമയായിട്ടു കേൾക്കയാണ്. കളവൊന്നും പറയേണ്ട, പരമാൎത്ഥം എനിക്കിപ്പോളറിയണം. എന്നിട്ടെ കുട്ടിയെ ഞാൻ വീട്ടിൽ കേററുകയുള്ളു.

ഞാൻ:—ഇപ്പോൾതന്നെ നീ ഇങ്ങിനെ പറഞ്ഞാലൊ?

ഭാര്യ:—ഇപ്പോഴല്ലാതെ മററെപ്പോഴാണ് ഞാൻ പറയേണ്ടതു്? എനിക്കു കുട്ടിയെ കാണേണ്ട. ക്ഷണം എടുത്തുകൊണ്ടുപോയ്ക്കോളു.

ഞാൻ:—ഇവിടെയല്ലാതെ എവിടെയാണ് ഞാൻ കുട്ടിയെ വെക്കേണ്ടതു്?

ഭാര്യ:—കുണ്ടു തോട്ടിലൊ ഇടയിലൊ വലിച്ചെറിഞ്ഞോളു. എനിക്കൊന്നും അറിഞ്ഞുകൂട. മാതൻെറ കൊക്കയുംകൊണ്ടു ഇങ്ങട്ടു പോന്നിരിക്കുന്നു. എന്തു കാര്യമുണ്ടു ഒരു കുട്ടിയേയുമെടുത്തു ഇങ്ങട്ടു പോരാൻ? നിങ്ങളുടെ തറവാട്ടിൽ എത്ര കുട്ടികളുണ്ട്. അതിൽ ഒന്നിനെ എടുക്കരുതായിരുന്നില്ലേ?

ഞാൻ:—എനിക്കു തീവണ്ടിയാപ്പീസ്സിൽനിന്നു കിട്ടിയ കുട്ടിയാണ്.

ഭാര്യ:—തീവണ്ടിയാപ്പീസിലെന്താ കുട്ടികൾ വെറുതെ കിടക്കുന്നുണ്ടോ? അഥവാ അങ്ങിനെ ഉണ്ടെങ്കിൽതന്നെ ബാക്കിയുള്ളവർ ഓരോന്നിനെ ചുമന്നു വീട്ടിലേക്കു കൊണ്ടുവരേണ്ടുന്ന കാര്യമുണ്ടോ?

ഞാൻ:—നിവൃത്തിയില്ലാഞ്ഞിട്ടു കൊണ്ടുവന്നതാണ്.

ഭാര്യ:—നിവൃത്തിയില്ലാഞ്ഞിട്ടോ എന്താണ്, കുട്ടി നിങ്ങളുടെ സ്വന്തമാണോ?

ഞാൻ:—സ്വന്തമാണെങ്കിൽ തരക്കേടില്ലായിരുന്നു. ആരാന്റെ കുട്ടിയെകൊണ്ടു വരേണ്ടിവന്നതിലാണ് സങ്കടം.

ഭാര്യ:—നിങ്ങൾ മനുഷ്യന്മാരെ ഭ്രാന്തുപിടിപ്പിക്കരുതു. ആരാന്റെ കുട്ടിയെ ആരാന്റെവിടെ ഇട്ടേച്ചുകൂടെ? ഇങ്ങട്ടു പേറികൊണ്ടു വരേണ്ടുന്ന ആവശ്യമുണ്ടോ?

ഞാൻ:—വാസ്തവം കേട്ടാൽ നീ ഞെട്ടിപ്പോകും.

ഭാര്യ:—ഇത്രത്തോളം കേട്ടിട്ടുതന്നെ ഞെട്ടിപ്പോകുന്നുണ്ടു. വാസ്തവമെന്താണെന്നു ദൈവം മാത്രമറിയും.

ഞാൻ:— എന്തുചെയ്യും. ഒരു കള്ളപെണ്ണ് എന്നെ പററിച്ചതാണ്.

ഭാര്യ:—അതു തന്നെ. അങ്ങിനെ പറയിൻ. ഇതിന്റെ ഉള്ളിൽ ഒരു പെണ്ണുണ്ടായിരിക്കുമെന്നു ഞാൻ ആദ്യം തന്നെ ഊഹിച്ചിരുന്നു. കാലം നീളം ചെന്നാൽ നേർ താനേ അറിയാം. ഇത്രനാളും ഞാൻ പറയു

മ്പോഴൊക്കെ കളവു, കളവു, എന്നു നിലവിളിച്ചു കാലം കഴിച്ചു. ഇപ്പുഴിതാ കള്ളി ഓരോന്നു പുറത്തു വരുന്നു. അവിടുന്നും ഇവിടുന്നും ചുമന്നു കൊണ്ടയിട്ടുവാൻ ഇനിയും പെരുത്തു ബാക്കിയുണ്ടോ? എല്ലാററിനേയും തെളിച്ചു ഇവിടെ കൊണ്ടാക്കിക്കൊൾവിൻ. എനിക്കിതൊന്നും കാണേണ്ട. ഞാൻ ഇന്നു തന്നെ പോയ്ക്കോളാം. എന്നോടൊക്കൊണ്ടാക്കും അലമ്പു വേണ്ട.

SAHITHYA VIL… AYATHI… QUILON. SPORTS CLUB

ഞാൻ:—കാര്യം മുഴുവൻ കേൾക്കുംമുമ്പെ ഇങ്ങിനെയൊക്കെ പറഞ്ഞുതുടങ്ങിയാലൊ?

ഭാര്യ:—ഇനിയെന്തു കേൾക്കാനാണുള്ളതു്? വാസ്തവമല്ലെ ഇപ്പോൾ കേട്ടതു്? താന്താങ്ങളുടെ കുട്ടികളെ പുലർത്തേണ്ടതു താന്താങ്ങളല്ലെ? പിന്നെ പെണ്ണെന്തു പററിക്കാനാണു്. പെണ്ണു പററിച്ചതാണുപോലും. ലജ്ജയില്ലല്ലോ ഇങ്ങിനെ പറവാൻ?

ഞാൻ:—വെറുതെ ഓരോന്നു പറഞ്ഞിട്ടെന്താണു് ഫലം?

ഭാര്യ:—വെറുതെയാണോ ഞാൻ പറയുന്നതു്? കാര്യമുണ്ടായിട്ടല്ലെ ഞാൻ പറയുന്നതു? കുട്ടിയെ എന്റെ മുമ്പിലിട്ടുകൊണ്ടു ഞാൻ പറയുന്നതു വെറുതെയെന്നു വരുത്തിയാൽ വരുമോ? വെറുതെപോലും. ഇതുകൊണ്ടായോ? ഇനി നാട്ടുകാർ എന്തൊക്കെ പറഞ്ഞുതുടങ്ങും. അതും വെറുതെയായിരിക്കുമോ? എനിക്കൊരിക്കലും ഒരു ശരണമുണ്ടാകുമോ? അയൽവക്കക്കാരൊക്കെ ചിരിക്കുന്നതും കണ്ടിട്ടു ഇവിടെ ആരാണിരിക്കാൻ പോകുന്നതു? എന്നെക്കൊണ്ടു കഴിയില്ലെന്നു

ഞാൻ ഇപ്പോഠംതന്നെ പറഞ്ഞുതരാം. എനിക്കി വിടെ ഒരു നിമിഷംപോലും നില്പാനിഷ്ടമില്ല. പററി ച്ച പെണ്ണിനെതന്നെ ഇങ്ങട്ടു കൂട്ടിക്കൊണ്ടുവന്നോളൂ. ഞാനെവിടന്നെങ്കിലും കയ്യും കണ്ണീരുമായിട്ടു കാലം കഴിച്ചോളാം. ബാക്കിയുള്ളവരെങ്കിലും സുഖിച്ചിരി ക്കട്ടെ. എനിക്കു ദൈവം ഇങ്ങിനെയായിരിക്കും കല്പിച്ചതു്.

ഞാൻ:—നിന്നോടാരെങ്കിലും പോവാൻ പറഞ്ഞോ?

ഭാര്യ:—എന്താണ് പറഞ്ഞതു. ഞാൻ ഒന്നുംകൂടി കേഠം ക്കട്ടെ. പോവാനുള്ള വഴിയും വലിച്ചിട്ടിട്ടു നിന്നോടാ രെങ്കിലും പോവാൻ പറഞ്ഞോ എന്നോ? ഈ നി ലയിൽ ഉളുപ്പുള്ളവരാരോടെങ്കിലും പോവാനു പറ യണോ? ഇതുംകണ്ടുകൊണ്ടു ഏതുപെണ്ണാണ് നിങ്ങ ളുടെ ഒന്നിച്ചിരിക്കുന്നതു? അതല്ലെ കാണേണ്ടതു്. പിന്നെയല്ലെ ഞാനിരിക്കുന്നതു്? അല്ലെങ്കിൽ വല്ല സ്വത്തും തന്നിട്ടു്, അതു വിചാരിച്ചിട്ടിവിടെ ഇരി ക്കാനോ. കല്യാണം കഴിഞ്ഞിട്ടു പത്തുപതിനഞ്ചു കൊല്ലമായി. അങ്ങിനെയല്ലെ, ഒരു രണ്ടുകാശിന്റെ മുതൽ തരിക. അതൊന്നും ആശിച്ചിട്ടല്ല ഞാൻ പറയുന്നതു യോഗമില്ലാത്തതിന്നു ക്ലേശിച്ചിട്ടു ഫല മില്ല. കൂടാളികല്യാണിക്കതാ ഒരു മാളിക പണി യുന്നു. അല്ലെങ്കിൽ മംഗലം കഴിഞ്ഞിട്ടു കൊല്ലം മൂന്നു കഴിഞ്ഞിട്ടില്ല. യോഗമുള്ളവക്കൊക്കെ കിട്ടും. ഞാൻ വന്നപോലെ തന്നെ പോയ്ക്കോളാം. ഞാൻ എന്തു ജോലിയെടുത്തിട്ടെങ്കിലും എന്റെ നാഠം കഴിഞ്ഞോളാം.

ഇങ്ങിനെ പറഞ്ഞു എന്റെ ഭാൎയ്യ കരയുവാൻ തുടങ്ങി. ഇടിവെട്ടിയതിൽപിന്നെ മഴ പെയ്യുന്നതു സാധാരണയാണെന്നു പണ്ടൊരു പണ്ഡിതൻ പറഞ്ഞതാണ് അപ്പോൾ എനിക്കോൎമ്മ വന്നതു കരയുന്നതിന്നിടക്കും ഓരോന്നു പറയുന്നുണ്ടു്. "ഇക്കണ്ണുകൊണ്ടു ഇനിയും എന്തൊക്കെയാണീശ്വരാ ഞാൻ കാണേണ്ടതു? അഞ്ചുകൊല്ലം മുമ്പേ പിടിച്ച പനിയിൽ മരിച്ചുപോയിരുന്നു എങ്കിൽ എത്ര നന്നായിരുന്നു. ഭാഗ്യം കെട്ടതിനെയല്ലെ ഇങ്ങിനെ നീട്ടി നിൎത്തുകയുള്ളു? ഇവരിങ്ങിനെ കരുതിക്കൂട്ടിച്ചതിച്ചാൽ പെണ്ണായ ഞാനെന്തുചെയ്യും? എനിക്കു കിട്ടിപ്പോയതു് ഒരു കുരങ്ങനെയാണെന്നു വിവാഹദിവസം എന്റെ വലിയമ്മ പറഞ്ഞിരുന്നു. കുരങ്ങനായാലും വേണ്ടില്ലായിരുന്നു ഒരു പൈത്താനായിപ്പോയതല്ലെ സഹിച്ചുകൂടാത്തതു്." ഇങ്ങിനെ നിരപരാധിയായ എന്നെക്കൊണ്ടു ഓരോന്നു് പ്രശംസിച്ചു തുടങ്ങിയപ്പോൾ ബഹളമൊക്കെ അവസാനിക്കട്ടെ എന്നു ഞാനും വിചാരിച്ചു. ഒരക്ഷരവുംമിണ്ടാതെ കോലായിൽക്കൂടെ അങ്ങട്ടും ഇങ്ങട്ടും നടന്നു കാലംകഴിച്ചു. ഒടുവിൽ മഴ പെയ്തു തോൎന്നപോലെ ഒരു ശാന്തത വന്നെന്നു കണ്ടപ്പോൾ ഞാൻ ഉണ്ടായ കഥയെല്ലാം പറഞ്ഞു. എന്തു തന്നെയായിട്ടും എന്റെ കഷ്ടകാലത്തിന്നു ഞാൻ പറഞ്ഞതിൽ എന്റെ ഭാൎയ്യക്കു വിശ്വാസം ജനിച്ചില്ല.

ഭാൎയ്യ:—എന്തൊക്കെയാണ് നിങ്ങൾ പറയുന്നതു ബഹുജനങ്ങളുടെ ഇടയിൽവെച്ചു ഒരു സ്ത്രീ നിങ്ങളുടെ കയ്യിൽ ഒരു കുട്ടിയേയും പിടിപ്പിച്ചു ഓടിക്കളഞ്ഞെന്നൊ? ഇതൊക്കെ വിശ്വസിപ്പാനാരാണ് നില്ക്കുന്നതു്? കഥകളിലുംകൂടി എഴുതാൻ മടിക്കേണ്ടുന്ന

സംഗതികരം വിശ്വസിപ്പാൻ തക്കവണ്ണം എന്നേപ്പോലെയൊരു പൊണ്ണത്തടിയെ നിങ്ങൾക്കു കിട്ടിയതും വളരെ നന്നായി. എന്തു പറഞ്ഞാലും വിശ്വസിക്കുമല്ലോ.

ഞാൻ:—പരമാത്ഥം പറഞ്ഞാൽ വിശ്വസിക്കുന്നതിലെന്താണബദ്ധം?

ഭാര്യ:—കളവുപറഞ്ഞാൽ വിശ്വസിക്കാതിരിക്കുന്നതിലെന്താണബദ്ധം?

ഞാൻ:—അതിന്നു കളവാരെങ്കിലും പറഞ്ഞോ?

ഭാര്യ:—നേരാരെങ്കിലും പറയണ്ടേ?

ഞാൻ:—പിന്നെ കുട്ടിയെ എനിക്കെങ്ങിനെ കിട്ടിയതെന്നാണ് നീ വിചാരിക്കുന്നതു്?

ഭാര്യ—പറഞ്ഞാലറിയാമെന്നല്ലാതെ ഞാൻ വിചാരിക്കുന്നതുകൊണ്ടെന്താണ് ഫലം?

ഞാൻ:—പറഞ്ഞതു നീ കേട്ടില്ലേ?

ഭാര്യ:—കേട്ടതു നിങ്ങരം കണ്ടില്ലേ?

ഞാൻ:—കായ്യം നീ നല്ലവണ്ണം മനസ്സിലാക്കാഞ്ഞിട്ടാണ്. ഉണ്ടായപ്രകാരം നിണക്കു വിവരിച്ചു തന്നാൽ ഞാനല്ല ആരും തന്നെ പററിപ്പോകുമെന്നു നിണക്കുതന്നെ ബോദ്ധ്യം വരും!

ഭാര്യ:—എന്തൊക്കെ നിങ്ങരം പറയുന്നു.

ഞാൻ:—നീ ശ്രദ്ധവെച്ചു കേരംക്കുമെങ്കിൽ ഞാൻ ഉണ്ടായതെന്തെന്നു കാണിച്ചുതരാം. ഇതാ ഈ ചുമര് തീ

വണ്ടിയാണെന്നു വിചാരിക്കുക. ഈ വാതിൽ പെണ്ണുങ്ങളുടെ മുറിയുടെ വാതിലാണെന്നും വിചാരിക്കുക. ഞാൻ ഇങ്ങിനെ ഇവിടെ നില്ക്കുകയായിരുന്നു. പിന്നെ എന്നെ പററിച്ച ആ കള്ളക്കലട നീയാണെന്നും വിചാരിക്കുക.

ഭാര്യ:—എന്താണ് പറഞ്ഞത്. ഞാൻ കള്ളക്കലടയാണെന്നോ? നിങ്ങളുടെ ഒന്നിച്ചു വന്നിട്ട അങ്ങിനെ ഒരു പുതിയ അപരാധവും ഞാൻ കേൾക്കേണ്ടിവന്നു. കലടയാണെന്നറിഞ്ഞിട്ട പിന്നെ ഇതുവരെ എന്നെ പൊറുപ്പിക്കാനാരു പറഞ്ഞു? ഒരാളെ കണ്ടുകൂടെങ്കിൽ അയാൾക്കു വേണ്ടാത്ത അപരാധമൊക്കെ ഉണ്ടാക്കിത്തീക്കണൊ? എൻെറ ഉള്ളവരാരെങ്കിലും കേൾക്കെയായിരുന്നു എങ്കിൽ നിങ്ങൾക്കീ വാക്കു പറവാനൊക്കുമോ? ഓരോന്നിനേയും പേറിക്കൊണ്ടു പോരുമ്പോൾ കലടയാരാണെന്നു തപ്പിപ്പോകുന്നോ? ഒരീശ്വരനില്ലെ ഇതൊക്കെ കേൾക്കുന്നു? അദ്ദേഹത്തിൻെറ കണ്ണുപൊത്താൻ സാധിക്കില്ലല്ലോ. മററാരേയും പേടിയില്ലെങ്കിൽ ഈശ്വരനെയെങ്കിലും പേടിവേണ്ടെ? വായിൽ തോന്നിയതൊക്കെ ഓരോരുത്തരെക്കൊണ്ടു പറയുമ്പോൾ ആരാണു സഹിക്കുക?

ഞാൻ:—നീ കലടയാണെന്നു വല്ലവരും പറഞ്ഞോ? വിചാരിക്കുക എന്നല്ലെ ഞാൻ പറഞ്ഞത്?

ഭാര്യ:—എന്തിനാണ് ഓരോരുത്തരെക്കൊണ്ടു ഇല്ലാത്തതു വിചാരിക്കുന്നതു? ഉള്ളതൊന്നും വിചാരിച്ചാൽ പോരെ? അവിടെയും എന്തിനാണൊരു കൊക്കു? അല്ലെ

ങ്കിൽ ഇങ്ങിനെ വിചാരിക്കാൻ ഞാൻ വല്ല ഹേതു വും ഉണ്ടാക്കിയിരുന്നു എങ്കിൽ വേണ്ടില്ല. കലടപോലും. ഇനിയും എന്തൊക്കെ ഞാൻ ഈ ചെവികൊണ്ടു കേൾക്കണംപോലും. എൻെറ വക്കൽ എന്തു് കലടത്വമാണ് നിങ്ങൾ കണ്ടതു്? അതല്ല ഒന്നു കേൾക്കേണ്ടതു. വെറുതെ എന്തിന്നു നാവിൻെറ ഉള്ളപ്പു കെടുത്തുന്നു?

ഇങ്ങിനെ പറഞ്ഞു ഭാൎയ്യ രണ്ടാമതും കരച്ചിലിന്നു വട്ടം കൂട്ടിയപ്പോൾ അന്നു അവളോടൊന്നും പറയാതെ തന്നെ ഞാൻ കഴിച്ചു.

ദിവസം പതിനഞ്ചു കഴിഞ്ഞു, ഭാൎയ്യക്കു എൻെറ കഥയിൽ വലിയ വിശ്വാസം വീണിട്ടില്ലെങ്കിലും കുട്ടി നിരപരാധിയായതുകൊണ്ടു അതിനോടൊന്നും വിരോധം കാണിച്ചില്ല. തുമ്പില്ലാത്ത പോലീസ് ഈ കാൎയ്യത്തിൽ വല്ല തുമ്പും ഉണ്ടാക്കാൻ ശ്രമിച്ചോ എന്നു ഞാനറിയില്ല. ആരാൻെറ കുട്ടിയെ പോററുന്നതിൽ എനിക്കും ഒരു കുണ്ഠിതമുണ്ടായി. അങ്ങിനെ ഇരിക്കുമ്പോൾ ഒരു ദിവസം ഞാൻ ഒരു കസേലമേൽ ഇരുന്നു, സന്താനമില്ലാത്ത ചിലൎക്കു ഈ കുട്ടിയെ പോററുവാൻ ഏല്പിച്ചാൽ നന്നായിരുന്നു എന്നു സംഗതിയെപ്പററി ആലോചിക്കുമ്പോൾ പടിയും കടന്നു ഒരു തപ്പാൽശിപായി ഒരു രജിസ്തർകത്തും കൊണ്ടുവന്നു. ഞാനൊന്നു വല്ലാതായി. എനിക്കാരാണ് രജിസ്തർ കത്തയക്കാനുള്ളതു്? ഞാൻ രശീതിയിൽ ഒപ്പുമിട്ടു കത്തു പൊളിച്ചു. കത്തു വായിച്ചു നോക്കിയപ്പോൾ ഞാൻ വിഢത്തു പോയി. കത്തു താഴെ എഴുതിയപ്രകാരം ആയിരുന്നു.

ചാലപ്പുറം 13—
കോഴിക്കോട്.

കോട്ടയം താലൂക്ക് നഗരം അംശം തലശ്ശേരിയിൽ പാക്കം പൂന്താണിച്ചന്തൻ മകൾ കല്യാണിക്കുവേണ്ടി ഹൈക്കോട്ടുവക്കീൽ ചെഞ്ചേരി രാമൻനായർ ബി. എ., ബി.എൽ. എഴുതി അറിയിക്കുന്നതു. മേല്പറഞ്ഞ കല്യാണിയിൽ നിങ്ങൾക്കു ഒരു പുത്രൻ ജനിച്ചിട്ടുണ്ടെന്നും, ആ പുത്രന്റെ ചിലവിന്റെ കാൎയ്യത്തെപ്പററി നിങ്ങളോടു സംസാരിച്ചതിൽ നിങ്ങൾ മേപ്പടി കല്യാണിയെ അനാവശ്യമായി ശകാരിച്ചു എന്നും, പോരാഞ്ഞിട്ടു മേപ്പടി കല്യാണി അറിയാതെ നിങ്ങൾ ഒരു ദിവസം അവളുടെ വീട്ടിൽ ചെന്നു ആ കുട്ടിയെ എടുത്തുകൊണ്ടുപോയിട്ടുണ്ടെന്നും ആ കുട്ടി ഇപ്പോഴും നിങ്ങളുടെ കൈവശത്തിലിരുപ്പുണ്ടെന്നും മററും സംഗതികൾ നിങ്ങൾ നല്ലവണ്ണം അറിഞ്ഞിരിക്കുന്നതാണല്ലൊ. കുട്ടിയുടെ ന്യായമായ രക്ഷിതാവു് മേപ്പടി കല്യാണിയായിരിക്കകൊണ്ടു കുട്ടിക്കു കീഴ്ക്കൂടെ കിട്ടേണ്ടതായ ചിലവ് 300 ക യോടെ കുട്ടിയെ തള്ളയായ കല്യാണിക്കു തന്നെ മടക്കിക്കൊടുക്കേണ്ടതാണെന്നും മാസത്തിൽ 25-ക പ്രകാരം കുട്ടിയുടെ മേലാൽ ചിലവിന്നു വേണ്ടുന്ന ഉറപ്പു തരേണ്ടതാണെന്നും നിങ്ങളെ ഇതിനാൽ അറിയിച്ചിരിക്കുന്നു. ഈ കത്തുകിട്ടി മൂന്നുദിവസത്തിന്നുള്ളിൽ അറിയിച്ച പ്രകാരം ചെയ്യാതിരുന്നാൽ നിങ്ങളുടെ മേൽ സിവിലായും ക്രിമിനാലായും വ്യവഹാരം കൊടുക്കുന്നതാണെന്നും ആ കാൎയ്യത്തിൽ നേരിടുന്ന എല്ലാവക ചിലവുകൾക്കും നിങ്ങൾ ഉത്തരവാദിയായിരിക്കുന്നതാണെന്നും കൂടി നിങ്ങളെ അറിയിച്ചിരിക്കുന്നു.

ഒപ്പ്—സി. രാമൻനായർ.

"അല്ലാ ഇതെന്തു കഥ? അരിയും തിന്നു ആശാരിച്ചിയേയും കടിച്ചു പിന്നേയും നായ മുന്നോട്ടോ? ഞാനെന്തു ചന്തനെ അറിഞ്ഞു ഞാനെന്തു കല്യാണിയെ അറിഞ്ഞു? എല്ലാററിലും വൈഷമ്യം. ഇതൊക്കെ എൻെറ ഭാൎയ്യ അറിയേണ്ടിവരുന്നതാണ്. അവറം എന്തു വിചാരിക്കും? എങ്ങാൻ കിടക്കുന്ന ഒരു പെണ്ണിന്നു ഉപകാരം ചെയ്യാൻ ഭാവിച്ചിട്ടു എനിക്കു കിട്ടിയ കൂലിയോ ഇതു?" എന്നൊക്കെ വിചാരിച്ചിരിക്കുമ്പോറം ഭാൎയ്യ എൻെറ അടുത്തുവന്നു "ആരുടേതായിരുന്നു നിങ്ങറംക്കൊരെഴുത്തു കൊണ്ടുവന്നു തന്നതു? എൻെറ അമ്മയുടെ കത്തായിരിക്കുമോ? കുറെ നാളായി നാട്ടിൽനിന്നു കത്തു വന്നിട്ടു. വലിയമ്മയുടെ സുഖക്കേടിനെപററി വല്ല വിവരവും ഉണ്ടോ?" എന്നൊക്കെ ചോദിക്കാൻ തുടങ്ങി. ഞാൻ എഴുത്തിൻെറ വിവരം പറഞ്ഞുകൊടുത്തപ്പോറം ഭാൎയ്യയുടെ മുഖം ലജ്ജകൊണ്ടും കോപംകൊണ്ടും ചുവന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ.

ഭാൎയ്യ:—ഒന്നുമില്ല ഒന്നുമില്ല എന്നു പറഞ്ഞിട്ടു കാൎയ്യം ഈ നിലയിൽ എത്തി. ഇരുപത്തഞ്ചു അവറംക്കു കൊടുത്താൽ ബാക്കിയുള്ളവർ എന്തുകൊണ്ടാണ് കഴിയുന്നതു? അല്ലെങ്കിൽതന്നെ ഇവിടെ കടത്തോടു കടമാണ്. ഇതുവരെ ഈ മാനക്കേടു ചുററുവട്ടക്കാരെ അറിഞ്ഞിട്ടുള്ളു. ഇനി കോടതിയിലും കൂടെ എത്തിയാൽ പിന്നെ ലോകം മുഴുവനും പരക്കും. ഈ അപമാനവും സഹിച്ചു ജീവിച്ചിരിക്കുന്നതിനേക്കാറം ഞാൻ പറയുന്നതാണ് നല്ലത്. കളവു പറഞ്ഞിട്ടൊന്നും ഇനിക്കാൎയ്യമില്ല. കുററമൊ ചെയ്തുകഴിഞ്ഞു.

ഇനി വല്ലതും കൊടുത്തിട്ടു അവളുമായി രാജിയാകു
ന്നതാണ് വെടിപ്പ്

ഞാൻ:—നീയെന്താക്ഷെപമാണ് പറയുന്നതു. എന്തു കൊ
ടുപ്പാൻ, ആൎക്കു കൊടുപ്പാൻ വല്ലവരും വല്ല കളവും
കെട്ടിയുണ്ടാക്കി പണം പിടുങ്ങാൻ നോക്കിയാൽ
ഞാൻ സമ്മതിക്കുമോ? ഇങ്ങിനെയായാൽ എന്നെ
പ്പോലെയുള്ളവർ ലോകത്തിൽ എങ്ങിനെ പൊ
റുക്കും?

ഭാൎയ്യ:—മതി. മതി. എനിക്കു കേൾക്കണ്ട. ഇതൊക്കെ
കുട്ടി ജനിക്കുംമുമ്പെ ആലോചിക്കേണ്ടതായിരുന്നു.
അമ്മാതിരിക്കാൎയ്യമൊന്നും ഇനിപ്പറയേണ്ട. കോടതി
നിർബ്ബന്ധിച്ചു കൊടുപ്പിക്കുന്നതിനേക്കാൾ നിങ്ങൾ
സ്വമേധയായി വല്ലതും കൊടുത്തുകളയുന്നതാണു്
നല്ലതു.

ഞാൻ:—എന്റെ കഴുത്തറുത്താലും ഞാൻ അറിഞ്ഞുകൊ
ണ്ടു ഒരു കാശുപോലും കൊടുക്കില്ല. കോടതിയെങ്ങി
നെയാണ് ഇല്ലാത്ത കാൎയ്യത്തിൽ നിൎബ്ബന്ധിക്കുക?

ഭാൎയ്യ:—ഇല്ലാത്ത കാൎയ്യമാണെങ്കിലല്ലേ?

ഞാൻ:—നീയുംകൂടി ഉള്ളതാണെന്നു വിചാരിക്കുന്നതാണ്
എനിക്കു സങ്കടം.

ഭാൎയ്യ:—എന്റെ വിശ്വാസം . എന്തെങ്കിലുമാകട്ടെ കാൎയ്യം
ഉള്ളതൊ അല്ലയൊ എന്നു നോക്കാനല്ല കോടതി.
തെളിവുണ്ടോ എന്നു മാത്രമെ കോടതി നോക്കുകയു
ള്ളു എന്നു നിങ്ങൾ തന്നെയല്ലേ പറഞ്ഞതു്?

ഞാൻ:—അതു കാൎയ്യം തന്നെയാണ്. ഇരിക്കട്ടെ! തെളി
വുണ്ടായി വിധിക്കട്ടെ. എന്നിട്ടു പറയാം.

ഭാര്യ:—എന്നിട്ടെന്തു പറവാനാണ്? പണം വേഗം കൊടുക്കയല്ലാതെ മറെറന്തു ഗതിയാണു്?

ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കെ ഹൈക്കോട്ട് വക്കീൽ ചെറുഞ്ചേരി രാമൻനായർ കേറിവരുന്നതുകണ്ടു ഭാര്യ ഉള്ളിലേക്കു പോയി.

വക്കീൽ:—എന്താ സാറെ?

ഞാൻ:—എന്താ വിശേഷിച്ച്?

വക്കീൽ:—അയച്ച രജിസ്റ്റർകത്ത് കിട്ടിയില്ലെ?

ഞാൻ:—കിട്ടി.

വക്കീൽ:—എന്താ മറുവടിയൊന്നും അയക്കാഞ്ഞത്?

ഞാൻ:—വല്ലവരും വല്ല തോന്നിവാസവും എഴുതിയയച്ചാൽ അതിനൊക്കെ മറുവടി അയപ്പാൻ ബാക്കിയുള്ളവർ ഒരുങ്ങിനിന്നിട്ടുണ്ടോ?

വക്കീൽ:—അസ്സലായി. അപ്പോൾ കാര്യം നിഷേധിപ്പാനാണോ ഭാവം?

ഞാൻ:—നിഷേധിക്കേണ്ട കാര്യം നിഷേധിക്കാതെ കഴിയുമോ?

വക്കീൽ:—അല്ല സാറെ! വല്ലതും ഒന്നുമില്ലാതെ ഒരു സ്ത്രീ ഇങ്ങിനെ ഒരു അന്യായത്തിന്നു പുറപ്പെടുമോ? നിങ്ങൾ കേവലം നിഷേധിച്ചാൽ കാര്യം വെടിപ്പാകുമോ?

ഞാൻ:—വല്ലതും ഒന്നും ഇല്ല എന്നു ആർ പറഞ്ഞു? കള്ള അന്യായത്തിൽ ജയം കിട്ടിപ്പോയാൽ അവർക്കു വല്ലതും അല്പം കിട്ടാതെയിരിക്കുമോ?

വക്കീൽ:—അയ്യോ. ശാന്തം പാപം ശാന്തം പാപം അങ്ങിനെ പറയരുതു് സാറെ. സകലവും തെളിയിക്കാൻ സാക്ഷികളുണ്ടു്.

ഞാൻ:—മുക്കാൽ പൈസക്കു് പത്തുകിട്ടുന്ന സാക്ഷികളുടെ കാൎയ്യം പറഞ്ഞിട്ടു ഫലമില്ല.

വക്കീൽ:—അങ്ങിനെ പറയരുതു. ഇവരൊക്കെ മൎയ്യാദക്കാരാണു്. ഇവരുടെ സാക്ഷി ആരും വിലവെക്കും.

ഞാൻ:—സാക്ഷിപറക എന്നതിൻെറ അൎത്ഥം കോടതിയിലെ കൂട്ടിന്മേൽ കേറി സത്യംചെയ്തു കളവു പറക എന്നാണ്.

വക്കീൽ:—അതെന്തെങ്കിലുമാകട്ടെ. ഞാനൊരു കാൎയ്യം പറയട്ടെ.

ഞാൻ:—ഒന്നല്ല. നൂറായിരം പറഞ്ഞോളൂ.

വക്കീൽ:—നിങ്ങൾ ഒരു മാനമൎയ്യാദയുള്ള മനുഷ്യനാണു്. അതുകൊണ്ടാണു് ഞാൻ പറയുന്നതു. നിങ്ങളുടെ ഭണ്ടപ്പു കോടതിയിൽ റിക്കാൎട്ടാക്കുന്നതിനു പകരം കാൎയ്യം ഒത്തുതീക്കുന്നതാണു് നല്ലത്.

ഞാൻ:—എൻെറ ഭണ്ടപ്പു റിക്കാൎട്ടാക്കിയാൽ കോടതിയുടെ ഭണ്ടപ്പാണു് റിക്കാൎട്ടായിപ്പോകുന്നതു.

വക്കീൽ:—അതു പറഞ്ഞിട്ടെന്തു ഫലം. അതാരു് വിശ്വസിക്കും? പോരാഞ്ഞിട്ടു കുട്ടി നിങ്ങളുടെ തൽസ്വരൂപമാണ്. ഒഴികഴിവൊന്നും കോടതി വിശ്വസിക്കുകയില്ല. എന്തുകൊണ്ടു നോക്കിയാലും കാൎയ്യം രാജിയാകുന്നതാണ് നല്ലതു.

ഞാൻ:—എങ്ങിനെ രാജിയാവാനാണ് നിങ്ങൾ പറയു ന്നതു?

വക്കീൽ:—അഞ്ഞൂറുറുപ്പിക കൊടുത്താൽ അവർ എല്ലാ ററിന്നും വഴിപ്പെടും.

ഞാൻ:—അഞ്ഞൂറു ചവിട്ടുകൊടുത്താൽ അവർ എല്ലാ പരമാൎത്ഥവും പറയും.

വക്കീൽ:—എനിക്കു പറവാനുള്ളതൊക്കെ ഞാൻ പറ ഞ്ഞു. ഇനി നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തോളു.

* * * * *

നാളുകൾ കുറെ കഴിഞ്ഞു. വ്യവഹാരത്തിന്റെ നോ ട്ടീസ് കിട്ടീട്ടു നാലഞ്ചുദിവസമായി. എന്റെ കയ്യിൽ ഒരു കുട്ടിയേയും പിടിപ്പിച്ചു, ആ കുട്ടിയുടെ അച്ഛൻ ഞാനാ ണെന്നും വരുത്തി, അതിന്റെ ചിലവിലേക്കു ഒരു നമ്പർ കൊണ്ടുവരാൻ തക്കവണ്ണം ഇത്ര തികഞ്ഞപെണ്ണു് ആരാ ണെന്നു ഞാൻ ആശ്ചൎയ്യപ്പെട്ടു. എന്റെ മോചനത്തിന്നു ഞാൻ എന്തെല്ലാമേൎപ്പാടാണ് ചെയ്യേണ്ടതു? ഞാൻ തീവ ണ്ടിയാപ്പീസിൽചെന്നു അന്നത്തെ പോൎട്ടരോടു എന്റെ ഭാഗം സാക്ഷിപറവാനാവശ്യപ്പെട്ടപ്പോൾ അവന്നു യാ തൊന്നും ഓൎമ്മയില്ലെന്നു പറഞ്ഞു. ഞനൊരഞ്ചുറുപ്പിക നോട്ടെടുത്തു കയ്യിൽ പിടിച്ചു അവന്നു ഓൎമ്മവരുത്താൻ നോക്കി. അവന്നു അതിന്മേലും നോട്ടമുണ്ടായില്ല. ഞാൻ പോലീസുമുറിയിൽ കടന്നുചെന്നു അവൎക്കും വല്ല ഓൎമ്മ ഉണ്ടോ എന്നു പരിശോധിക്കാനുറച്ചു. ഞാൻ എവിടുന്നു വന്നതാണെന്നു പോലീസുകാരും അറിയില്ലപോലും. ഞാൻ കോഴിക്കോട്ടുതന്നെയായിരുന്നു എന്നു നല്ലവണ്ണം അറി

ഞ്ഞിരുന്നതു എൻെറ ഭാൎയ്യ മാത്രമാണു്. അവളെ സാക്ഷി കൊടുത്തിട്ടെന്താണു് ഫലം? എങ്ങിനെയായാലും എനിക്കെതിരായിട്ടു അവൾ സാക്ഷി പറയുമോ എന്നു കോടതിക്കു തോന്നും. അതുകൊണ്ടു അവളുടെ സാക്ഷി അത്ര ബലവെക്കയില്ല. എനിക്കാകപ്പാടെ ദൈവംതന്നെ സാക്ഷി. അല്ലല്ല. എന്നോടൊരുകാൎയ്യം മറന്നുപോയി. പാറവക്കീലു അനന്തൻ എന്നൊരാളുണ്ടു്. അദ്ദേഹത്തിനെ വിളിക്കുന്നതു വക്കീലെന്നാണെങ്കിലും ജോലി വെറും സാക്ഷിനിൎമ്മാണമാണു്. അദ്ദേഹവുമായാലോചിച്ചാൽ എനിക്കു പത്തൊ ഇരുപതൊ സാക്ഷി ഒരു പ്രയാസമില്ലാതെ കിട്ടും. അതു ഒടുവിലത്തെ സഹായോപായമായിക്കരുതാമെന്നു ഞാൻ കണക്കാക്കി. എന്നാൽ പൂന്താണിക്കല്യാണിയുടെ സാക്ഷികളാരായിരിക്കും? ആ കള്ളന്മാർ എത്രവിസ്താരത്തിൽ പൊളിഞ്ഞാൽ അവളുടെ വ്യവഹാരത്തിൽ പൊളിയില്ലേ? നിശ്ചയമായും നിലത്തുവീണ തമ്പളോർപോലെ പൊളിയും. വെറും കഷ്ണങ്ങളായ്പ്പോകും. ഇങ്ങിനെ ഓരോന്നു വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ എൻെറ പടിയും കേറി എത്രയോ സുന്ദരിയായ ഒരു യുവതി വരുന്നതുകണ്ടു ഞാനന്ധാളിച്ചു. പുതുതായ വല്ല കൊസ്രാകൊള്ളിയുണ്ടാക്കാനായിരിക്കുമോ എന്നു വിചാരിച്ചു എനിക്കു കോപംവന്നു. എങ്കിലും അവളുടെ മുഖപ്രസന്നത കണ്ടപ്പോൾ ഞാനൊന്നു തെളിഞ്ഞു. അവൾ മെല്ലെ മുററത്തുവന്നു എന്നെ ഒന്നു നോക്കി മെല്ലെ കോലായിൽ കേറി. ആരാണെന്നൊന്നും തിരിയാതെ, ഞാൻ ഒരു പുരുഷൻെറ മൎയ്യാദമാത്രം വിചാരിച്ചു ഭാൎയ്യയെ വിളിച്ചു അവളെ അകത്തു കൂട്ടിക്കൊണ്ടുപോവാൻ പറഞ്ഞു. ഭാൎയ്യ പുറമെവന്നു നോക്കിയ

ള്പ്പോൾ വന്നതു പൂന്താണിക്കല്ല്യാണിയാകുമെന്നൂഹിച്ച ശിവശിവ എന്തു സാഹസമാണ് അവൾ ചെയ്തതു്? "കണ്ട തേവടിശ്ശികളെ ഒന്നും അകത്തേക്കു കേററാൻ ഞാനൊരുക്കമില്ല. ഓരോരോ തേവിടിശ്ശികൾ അവരവരുടെ വീട്ടിൽ ഇരുന്നു കൂത്താട്ടുകയല്ലാതെ ആണുങ്ങളുടെ വീട്ടിൽ കടന്നു ചെല്ലുവാനും കച്ചകെട്ടിത്തുടങ്ങിയൊ? നിങ്ങളോടൊരു കാര്യം പറയാം. അകത്തെങ്ങാൻ ഇവളെക്കൊണ്ടു കാൽവെപ്പിച്ചിട്ടുണ്ടെങ്കിൽ ഞാൻ ചൂലെടുത്തു തല്ലാതിരിക്കില്ല. അങ്ങലൂക്കാവിലെ പൊൻമുടിയാണെ നേര് ഞാൻ അതിന്നു മടിക്കുന്നവളല്ല" ഇങ്ങിനെ പറഞ്ഞു നരി നോക്കുമ്പോലെ എന്നെ ഒന്നു നോക്കി അകത്തേക്കുതന്നെ പോയി, ഞാൻ വഷളായി.

ഞാൻ:—(വന്നവളോട്) അവൾ ആളറിയാതെ തെററിദ്ധരിച്ചു പറഞ്ഞതാണ്. അതുകൊണ്ടു വിഷാദിക്കേണ്ട.

സ്ത്രീ:—ഞാൻ ആദ്യം അന്ധാളിച്ചുപോയി. പിന്നെ അവരുദ്ദേശിച്ചിരുന്ന സ്ത്രീ ഞാനായിരിക്കയില്ല എന്നു എനിക്കു ബോധ്യമായി.

ഞാൻ ഒരു കസേല ചൂണ്ടിക്കാണിച്ചു അവളോടിരിക്കാൻ പറഞ്ഞപ്പോൾ "വേണ്ട ഞാൻ നിന്നുകൊള്ളാം" എന്നു പറഞ്ഞു അവൾ അവിടെ നിന്നു.

ഞാൻ:—ഇവിടെ വരാൻ വിശേഷിച്ചു വല്ല സംഗതിയുമുണ്ടൊ?

സ്ത്രീ:—ഉണ്ട്. നിങ്ങൾ തന്നേയല്ലെ കവിരാജരാജരാജമകുടാലങ്കാരഗോമേദകരത്നം എന്നു പറയുന്ന ആൾ.

ഞാൻ:—അതെ. എന്നെ അങ്ങിനെയാണ് ജനങ്ങൾ വിളിക്കാറു്.

സ്ത്രീ:—നിങ്ങളുടെ വശം ഒരു കുട്ടി പെട്ടുപോയി എന്നു "കേരളമോഹിനി"യിൽ ഒരു വൎത്തമാനം വായിച്ചതായി ചിലർ എന്നോടു പറകയുണ്ടായി. അതു നേരാണോ?

ഞാൻ:—അതെ.

സ്ത്രീ:—കുട്ടിയെ എനിക്കൊന്നു കാണാമോ?

ഞാൻ:—നീ പൂന്താണിക്കല്യാണിയല്ലല്ലൊ?

സ്ത്രീ:—അല്ല. എന്താണ് ചോദിച്ചതു?

ഞാൻ:—അവളുടേതാണുപോലും കുട്ടി. കുട്ടിയെ മടക്കികൊടുപ്പാനും മററുമായി അവൾ എന്റെ പേരിൽ വ്യവഹാരം ബോധിപ്പിച്ചിട്ടുണ്ട്. അങ്ങിനെയിരിക്കെ നിനക്കെന്തിനാണ് കുട്ടിയെ കാണേണ്ടുന്ന ആവശ്യം? നീയെന്താണ് അവളുടെ ചാൎച്ചക്കാരിയാണോ?

സ്ത്രീ:—അല്ല.

ഞാൻ:—പിന്നെ ആരാന്റെ കുട്ടിയെ കാണ്മാൻ നീ ഇത്ര അദ്ധ്വാനിച്ചിവിടെ എന്തിന്നു വന്നു?

സ്ത്രീ:—വരാൻ കാരണമുണ്ട്. എന്റെ കുട്ടിയെ ഗുരുവായൂരിൽ കൊണ്ടുപോയി, ഒരു നേൎച്ച ഒപ്പിക്കാൻ അതിന്റെ അച്ഛൻ കൊണ്ടുപോയിരുന്നു. മാസം ഒന്നു കഴിഞ്ഞിട്ടുകൂടി കുട്ടിയേയും അച്ഛനേയും കാണുന്നില്ല. അപ്പോഴാണ് നിങ്ങൾക്കൊരു കുട്ടിയെ കിട്ടീട്ടുണ്ടെന്നു

കേരളമോഹിനിയിൽ കണ്ടത്തു. കുട്ടി എന്റെതായി രിക്കുമോ എന്നു നോക്കാൻവേണ്ടി വന്നതാണ്.

ഞാൻ:—ഹി അതൊന്നുമല്ല. അതിനൊന്നുമിടയില്ല. കുട്ടിയെ എന്റെ കയ്യിൽ തന്നതു ഒരു സ്ത്രീയാണ്. അതുകൊണ്ടു എനിക്കു കിട്ടിയ കുട്ടി നിന്റെ കുട്ടിയായിരിപ്പാൻ ഇടയില്ല.

സ്ത്രീ:—എന്നാൽ ഞാൻ വെറുതെ വന്നു എന്നു തോന്നുന്നു.

ഞാൻ:—സംശയമുണ്ടോ? അച്ഛൻ കൊണ്ടുപോയ കുട്ടിയെപ്പററി ഇത്രയൊക്കെ പരിഭ്രമിപ്പാനുണ്ടോ?

സ്ത്രീ:—ഇത്രയൊക്കെ താമസമുണ്ടായിരുന്നു എങ്കിൽ എനിക്കു എഴുത്തുണ്ടാകയില്ലേ?

ഞാൻ:—എഴുത്തൊന്നും കിട്ടിയില്ല എന്നും വരും. അതുകൊണ്ടൊന്നും പരിഭ്രമിപ്പാനില്ല.

സ്ത്രീ:—ഏതായാലും ഞാൻ പണവും ചിലവാക്കി ഇത്രത്തോളം വന്നു. കുട്ടിയെ ഒന്നു കണ്ടിട്ടു മടങ്ങിയാൽ കൊള്ളാമെന്നു വിചാരിക്കുന്നു.

"അതിനെന്തു വിരോധം" എന്നും പറഞ്ഞു ഞാൻ അകത്തുപോയി കുട്ടിയേയും എടുത്തു പുറമെ വന്നു. സ്ത്രീയെ കണ്ട ഉടനെ എന്റെ ആശ്ചര്യത്തിന്നു കുട്ടി അമ്മെ എന്നു വിളിച്ചുകൊണ്ടു എന്റെ കയ്യിൽനിന്നു സ്ത്രീയുടെ കയ്യിൽ വീണു. കുട്ടിയുടെ പരമാനന്ദവും തൃപ്തിയും പററിപ്പിടിക്കലും ഒന്നു കാണേണ്ടതായിരുന്നു. സത്യമായിട്ടും ഞാനവിടെ തരിച്ചു നിന്നുപോയി. എന്റെ ഹൃദയത്തിൽ തിങ്ങി വിങ്ങിയ സന്തോഷം ഇത്രയാണെന്നു പറവാൻ

വയ്യാതായി. കുട്ടി അമ്മയേയും അമ്മ കുട്ടിയേയും കുറെ നേരത്തോളം ചുംബിക്കുന്ന രസംകണ്ടു ഞാൻ നോക്കി നിന്നുപോയി. എന്റെ സഹായത്തിന്നു ഇവളെ ഈശ്വരൻതന്നെ അയച്ചതായിരിക്കും എന്ന ഒരു വിശ്വാസം എനിക്കു ഉള്ളിലുറച്ചു. കുട്ടിയേയുംകൊണ്ടു ഇന്ദിര (അതായിരുന്നു അവളുടെ പേർ) അന്നുതന്നെ പോവാനനുവാദം ചോദിച്ചു. നല്ലകാര്യം എന്റെ സാക്ഷിയെ അത്രവേഗം വിട്ടുകളവാനോ? എനിക്കു തല്ക്കാലം ഒരു നേരമ്പോക്കാണുണ്ടായതു്.

ഞാൻ:—കുട്ടിക്കു അവകാശികൾ വേറെയും ഉണ്ടു്. ഒരുത്തി എന്റെയും അവളുടേതുമാണെന്നു പറയുന്നു. കുട്ടി നിന്റേതാണെന്നു നീയും പറയുന്നു. അപ്പോൾ കുട്ടിക്കു മൂന്നവകാശികൾ ഉണ്ടു്. ആരും വിട്ടുകൊടുക്കയില്ലെങ്കിൽ നിണക്കു ഭാഗത്തിന്നു് ഒരു വ്യവഹാരം ബോധിപ്പിക്കേണ്ടിവരും മൂന്നിൽ ഒരോഹരിക്കെ നിണക്കവകാശമുള്ളൂ.

ഇന്ദിര:—(ചിരിച്ചുകൊണ്ടു) ബാക്കിയുള്ളവരുടെ ഓഹരിയും ഞാൻ തീർ വാങ്ങിക്കോളും.

ഞാൻ:—അതു തന്നാലല്ലേ മേടിച്ചുകൂടു?

ഇന്ദി:—തമാശയൊക്കെ പോട്ടെ. എന്നെ ഇന്നുതന്നെ വിട്ടയക്കണം.

ഞാൻ:—ഒരിക്കലും പാടില്ല.

ഇന്ദിര:—എന്തുകൊണ്ടു്?

ഞാൻ:—കുട്ടി, നാളെ കോടതിയിൽ ഫയലാക്കേണ്ടുന്ന "എ" എന്ന രേഖയല്ലേ?

ഇന്ദിര:—കുട്ടിയെ രേഖയാക്കി ഫയലാക്കുകയോ. അതെ ങ്ങിനെയാണ്?

ഞാൻ:—അതെളുപ്പത്തിൽ കഴിയും. പശുകുത്തുമ്പോലെ കോടതിക്കാൎക്കു ഒരു നീലനിറത്തിലുള്ള കുത്തലുണ്ട്. അതു ഒരുതരം മുദ്രയാണ്. മുദ്ര കുത്തികഴിഞ്ഞാൽ ജഡ്ജി അതിന്മേൽ ഒരു ഒപ്പിടും.

ഇന്ദി:—കുട്ടിയുടെ ഏതുഭാഗത്താണ് മുദ്ര കുത്തുക?

ഞാൻ:—ചെള്ളക്കോ, പുറത്തോ, നെഞ്ഞത്തോ എവിടെ യെങ്കിലുമാവാം.

ഇന്ദിര:—എന്തുകൊണ്ടാണ് ജഡ്ജി ഒപ്പിടുക?

ഞാൻ:—സൂചിപോലെ കൂൎത്ത ഒരു പേനകൊണ്ട്. പക്ഷെ മുദ്രയിന്മേൽ നീണ്ട ഒപ്പൊന്നും ഇടാറില്ല. ഈ ഒപ്പ് നമ്മുടെ മുണ്ടിൻെറ തലക്കു ദോവികൾ ഇടുന്ന അട യാളംപോലെ ഇരിക്കും.

ഇന്ദിര:—മുദ്രകുത്തുമ്പോൾ കുട്ടിക്കു വേദന ഉണ്ടാകുമോ?

ഞാൻ:—പിന്നെ കുത്തുമ്പോൾ വേദന ഉണ്ടാകയില്ലേ?

ഇന്ദിര:—അയ്യോ, എന്താണിതിനൊരു നിവൃത്തി?

ഞാൻ:—വിഷാദിക്കേണ്ട. വേദനയില്ലാതെ കുത്താനുള്ള ഏൎപ്പാടുകളൊക്കെ നമുക്കു ചെയ്യണം.

ഇന്ദിര:—കോടതിയിൽ കുട്ടിയെ കൊണ്ടുപോയാൽ അന്നു തന്നെ വീട്ടിലേക്കു മടക്കിക്കൊണ്ടു വരാമോ?

ഞാൻ:—തോന്നുന്നില്ല. എന്നാൽ രേഖ മടക്കിക്കിട്ടാനു ള്ള ഹരജി കൊടുത്താൽ ഒരു സമയം മടക്കിക്കിട്ടു മായിരിക്കും.

ഇന്ദിര:—അല്ലെങ്കിലൊ?

ഞാൻ:—അല്ലെങ്കിൽ കുറേകാലം വെച്ചതിൽ പിന്നെ തിയ്യിലിട്ടു ചുട്ടുകളയും.

ഇന്ദിര:—ഹ്ഹ. കോടതിക്കാരെന്തു രാക്ഷസന്മാരാണ്.

ഞാൻ:—ഒരിക്കൽ പറഞ്ഞാൽ മതിയൊ?

ഇന്ദിര:—നിങ്ങൾ മടക്കിക്കിട്ടാനുള്ള ഹരജി നാളെതന്നെ കൊടുക്കണേ.

ഞാൻ:—അതാണ് ഞാൻ പറയുന്നതു. എൻെറ സാക്ഷിയായി നീയുംകൂടി വന്നാൽ നമുക്കു എല്ലാററിന്നും വഴി കാണാം.

ഇന്ദിര:—സാക്ഷിയായിട്ടു വന്നാൽ എന്നോടെന്താണ് ചോദിക്കുക?

ഞാൻ:—കുട്ടിയാരുടേതാണെന്നു.

ഇന്ദിര:—അത്രയല്ലെ ഉള്ളൂ.

ഞാൻ:—അത്രമാത്രം നീ പറഞ്ഞാൽമതി.

ഇന്ദിര:—അതു ഞാൻ പറയാതിരിക്കുമോ? എൻെറ കുട്ടിയെ ആരാൻെറ കുട്ടിയാണെന്നു ഞാൻ പറയുമോ?

ഞാൻ:—നിൻെറ കുട്ടി ആരാൻെറ കുട്ടിയല്ലാതെ മററാരാണ്?

ഇന്ദിര:—നിങ്ങളെന്താണെന്നെ തമാശയാക്കുന്നതു?

ഞാൻ:—ഇഷ്ടത്തി! കുട്ടിക്കു അമ്മയേ ഉണ്ടാകയുള്ളു അച്ഛനുംകൂടി വേണ്ടെ?

ഇന്ദിര:—ഓഹൊ. അതാണ്ട് പറഞ്ഞതല്ലേ?

ഞാൻ:—അതുതന്നെ.

അന്നു തുക്കിടികച്ചേരിയിൽ ആൾ നിറഞ്ഞിരുന്നു. ആവശ്യമുള്ളപ്പോൾ വിളിക്കാൻ തക്കവണ്ണം ഞാൻ ഇന്ദിരയേയും കുട്ടിയേയും കോടതിയിൽ ഒരു മുറിയിൽ ഇരുത്തി. കോടതിയിൽ എത്തിയപ്പോൾ കല്യാണിക്കാരെല്ലാമായിരിക്കും സാക്ഷികൾ എന്നു ഞാൻ ആശ്ചര്യപ്പെട്ടു. എന്റെ പേരിൽ കേവലം കൃത്രിമമായി കെട്ടിയുണ്ടാക്കിയ ഈ കാര്യത്തിൽ ആരെങ്കിലും സാക്ഷിപറവാൻ ഉണ്ടായിരിക്കുമോ എന്നു ഞാൻ സംശയിച്ചിരുന്നു. എന്നാൽ ലോകം ഞാൻ ഇനിയും അറിവാൻ പോകുന്നേ ഉള്ളു. "കല്യാണി എന്റെ പീടികയുടെ അടുക്കേയാണ് പാക്കുന്നതു. ഇദ്ദേഹം (ഞാൻ) നാലഞ്ചു കൊല്ലമായിട്ടു അവളെ ഭാൎയ്യയെപോലെ വിചാരിച്ചു വന്നിരുന്നു. കുട്ടി ഇദ്ദേഹത്തിന്നു ജനിച്ചതാണ്. ഒരു ദിവസം ചിലവിന്റെ കാൎയ്യത്തിൽ കല്യാണി ചിലതൊക്കെ നിഷ്കൎഷിച്ചു പറഞ്ഞു. ഇദ്ദേഹം അവളെ വല്ലാതെ ശകാരിച്ചു. തല്ലാനോങ്ങിയപ്പോൾ നിലവിളികേട്ടു ഞാൻ ഓടിച്ചെന്നു ഇദ്ദേഹത്തെ പിടിച്ചുവെച്ചു. ഒരു ദിവസം ഇദ്ദേഹം കല്യാണിയുടെ വീട്ടിൽചെന്നു ഇദ്ദേഹത്തിന്റെ കുട്ടിയേയും തട്ടിപ്പോകുന്നതു കണ്ടു. അപ്പോൾ തെക്കോട്ടേക്കുള്ള മെയിൽ വണ്ടി വരാറായിരിക്കുന്നു." എന്നും മററും ഒന്നാം സാക്ഷി പുല്ലാഞ്ഞി മാധവൻ പറയുന്നതു കേട്ടപ്പോൾ ഞാൻ സത്യമായിട്ടും ഞെട്ടിപ്പോയി. എനിക്കവന്റെ ചെകിടത്തടിക്കാൻ തോന്നി. ഇവൻ എന്തു വിചാരിച്ചു? കളവും പറഞ്ഞു പോയ്ക്കളയാമെന്നോ? ഇവനെന്നേ എന്തറിഞ്ഞു? കോടതി എന്റെ തറവാടാണെന്നു ഇവൻ മനസ്സിലാ

SAHITYA VILASINI LIBRARY

ക്കിയോ? പ്രസിദ്ധ വക്കീൽമാരായ പുല്ലാഞ്ഞി മൂഖ്യരും തെമ്മാടിത്തിട്ടതിപ്പയ്യരും എതൃവിസ്താരം ചെയ്യുന്നതു നിത്യവും കേൾക്കുന്നവനാണ് ഞാൻ. സാക്ഷിയെ പെട്ടെന്നു പരിഭ്രമിപ്പിച്ചു പിന്നീടു പൊളിക്കുകയാണ് ഇവരുടെ വിദ്യ. ആ വിദ്യ ഞാനും ഒന്നു പ്രയോഗിക്കട്ടെ എന്നു കരുതി ഞാൻ എതൃവിസ്താരത്തിന്നൊരുമ്പെട്ടു.

ഞാൻ:—നീ എന്നെ എത്ര പ്രാവശ്യം കണ്ടിട്ടുണ്ട്.

സാക്ഷി:—പല പ്രാവശ്യവും കണ്ടിട്ടുണ്ട്.

ഞാൻ:—നീ ഞാൻ ചിരിക്കുന്നതു കണ്ടിട്ടുണ്ടോ?

സാക്ഷി:—കണ്ടിട്ടുണ്ട്.

ഞാൻ:—ആട്ടെ. എനിക്കെത്ര പല്ലുണ്ട്? ഇത്രയൊക്കെ പറഞ്ഞ നിണക്കു അതിന്റെ നിശ്ചയം വേണ്ടേ? കിടന്നു മിഴിക്കാതെ വേഗം പറയൂ?

സാക്ഷി:—ഞാൻ നിങ്ങളുടെ ദന്തവൈദ്യനായി വന്നിട്ടില്ല.

ഞാൻ:—ചോദിച്ചതിന്നു സമാധാനം പറഞ്ഞാൽ മതി.

സാക്ഷി—ചോദിക്കാത്തതിന്നു സമാധാനം ഞാൻ പറഞ്ഞിട്ടില്ല.

ഞാൻ:—ആട്ടെ. അതും നിശ്ചയമില്ല. എന്നെ വളരെ പരിചയമുള്ള ആളല്ലേ? ഒന്നുംകൂടി ചോദിക്കട്ടെ. എന്റെ ദേഹത്തിന്മേൽ എത്ര കരുവാരകളുണ്ട്?

സാക്ഷി:—ഞാൻ നിങ്ങളെ ഉടുപ്പഴിച്ചു കണ്ടിട്ടില്ല.

ഞാൻ:—ഇതു കോടതിയാണെന്നു മനസ്സിലാക്കണം.

സാക്ഷി:—അതു ഞാൻ മനസ്സിലാക്കിയിരിക്കുന്നു.

ഇവൻ ഒരു വീരനാണെന്നു വിചാരിച്ചു ഞാൻ പിന്നെ എതുചോദ്യമൊന്നും ചോദിച്ചില്ല. ഉടനെതന്നെ അന്യായം രണ്ടാംസാക്ഷി കൂട്ടിന്മേൽ കേറി. "ഇദ്ദേഹം ഒരു ദിവസം ഒരു കുട്ടിയേയും തട്ടി വണ്ടിത്താവളത്തു വന്നു. എന്റെ ജട്ക്കക്കു കൂലിക്കു പിടിച്ചു. ഞാനായിരുന്നു ഇവരെ തലശ്ശേരി പുകവണ്ടി ആപ്പീസ്സിൽ കൊണ്ടുപോയതു" എന്നു ഒരു വണ്ടിക്കാരനു കണ്ടാരനും കയ്യിത്തു കൊടുത്തു.

ഞാൻ:—നീ പുകവണ്ടിയിൽ, കൊണ്ടുപോയ എല്ലാവരുടെ പേരും വിവരവും നിണക്കു നിശ്ചയമുണ്ടോ?

സാക്ഷി:—ഇല്ല.

ഞാൻ:—പിന്നെ എന്നെമാത്രം എങ്ങിനെ ഓൎമ്മവെച്ചു?

സാക്ഷി:—നിങ്ങളെ ഞാൻ നല്ലവണ്ണം അറിയുന്ന ആളാകകൊണ്ട്.

ഞാൻ:—എന്നെ എവിടുന്നാണ്‌ നിന്റെ അറിവ്.

സാക്ഷി:—എത്രയോ പ്രാവശ്യം തലശ്ശേരിയാപ്പീസ്സിൽ നിന്നു ഈ നില്ക്കുന്ന കല്യാണിയുടെ വീട്ടിൽ ഞാൻ നിങ്ങളെ കൊണ്ടുപോയിട്ടുണ്ട്.

ഇവന്റെ കാൎയ്യത്തിലും ഞാൻ തോററു. എന്റെ എതുവിസ്താരംകൊണ്ടു അന്യായക്കാരിക്കു ഗുണമാണ്‌ കിട്ടുന്നതു. ഞാൻ അന്നു കോഴിക്കോട്ടാപ്പീസ്സിൽ ഇറങ്ങിയപ്പോഠം ആരാന്റെ മുതലിനെപ്പററി എന്തോ ഇൻസ്പക്ടരുമായി ആലോചിച്ചിട്ടുണ്ടായിരുന്നു എന്നു ഞാൻ അന്നു കണ്ടിരുന്ന പോലീസുകാരനും തെളിയിച്ചു.

ഞാൻ:—ആരാന്റെ മുതൽ എന്നു ഞാൻ പറഞ്ഞതു ഈ കുട്ടിയെപ്പററിയല്ലേ?

സാക്ഷി:—അല്ല.

ഞാൻ:—പിന്നെ എന്തു മുതൽകൊണ്ടായിരുന്നു?

സാക്ഷി:—മുതലൊന്നുമില്ല. വല്ല മുതലും കിട്ടിയാൽ എന്തുവേണം എന്ന ഒരു സംശയംമാത്രം ചോദിച്ചതേ ഉള്ളു.

ഞാൻ:—നിങ്ങൾ ഇതിന്നു സത്യം ചെയ്യാമോ?

സാക്ഷി:—സത്യം ചെയ്തിട്ടുതന്നെയാണ് ഞാൻ ബോധിപ്പിക്കുന്നതു.

പിന്നെ വന്ന സാക്ഷിയെ കണ്ടപ്പോഴാണ് ഞാൻ വല്ലാതായ്പ്പോയതു്. അവൻ മററാരുമല്ല ഞാൻ സാക്ഷി പറവാൻ ക്ഷണിച്ചിരുന്ന പോർട്ടരായിരുന്നു. "ഞാൻ കോഴിക്കോട്ടാപ്പീസ് പ്ലാട്ട്ഫോറത്തിൽ നില്ക്കുമ്പോൾ ഇദ്ദേഹം ഒരു കുട്ടിയേയും തട്ടി തെക്കോട്ടുപോകുന്ന മെയിൽ വണ്ടിയിൽനിന്നിറങ്ങുന്നതു കണ്ടു. ഞാനാണ് ഇദ്ദേഹത്തിന്റെ പെട്ടി എടുത്തതും ഒരു ജട്കാവണ്ടി ഏല്പിച്ചുകൊടുത്തതും." പിന്നത്തെ സാക്ഷി എന്നേയും കുട്ടിയേയും വീട്ടിലേക്കു കൊണ്ടുപോയ ജട്കക്കാരനായിരുന്നു. എന്നോ ഇത്ര നല്ലവണ്ണം ഓർമ്മിക്കാൻ സംഗതിയെന്തായിരുന്നു എന്നു ഞാൻ ചോദിച്ചപ്പോൾ അവൻ ബോധിപ്പിച്ച സമാധാനം ഇങ്ങിനെയായിരുന്നു.

സാക്ഷി:—നിങ്ങളെ ഞാൻ ഓർമ്മിക്കാനോ? നിങ്ങളെ ഞാൻ ആയുസ്സുള്ളന്നോളം മറക്കുമോ? നിങ്ങൾ കൂ

ലിതരുമ്പോൾ ഒരു എട്ടുകൂടാത്ത കാലുറപ്പിക്കയും എ
ന്റെ കയ്യിലാക്കി നടന്നുകളഞ്ഞു. പീടികയിൽ
നിന്നു മാറാൻ നോക്കിയപ്പോഴാണ് എനിക്കു കള്ളി
മനസ്സിലായത്. ഞാൻ ഏറിയ ഇടയും ചവിട്ടിക്ക
രട്ടി നിങ്ങളുടെ വീട്ടിൽ വന്നു അതു മാററി.

ഞാൻ:—എന്തിനാടോ കളവുപറയുന്നതു?

സാക്ഷി:—കളവോ? ഞാൻ ഓമ്മയുണ്ടാക്കിത്തരട്ടെ. ഞാൻ
വരുമ്പോൾ നിങ്ങൾ വേലക്കാരത്തി വള്ളിയോടു
കൊഞ്ചി എന്നോ കണ്ണിട്ടോ എന്നോ മറെറാ പറ
ഞ്ഞു നിങ്ങളുടെ ഭായ്യ നിങ്ങളോടു ഉറക്കെ പിണങ്ങു
കയായിരുന്നു. ഞാൻ കുറേനേരം ഇടയിൽനിന്നു ഇ
തൊക്കെ കേട്ടു. പിന്നെ ഞാൻ കേറിവന്നപ്പോഴാ
ണ് പിണക്കം നിത്തിയത്.

ഞാൻ വല്ലാതെ കുഴങ്ങി. എത്രവിസ്താരംകൊണ്ടോ
ന്നും സാക്ഷികൾ പൊളിയാത്തതുകൊണ്ടു എന്റെ കുററം
സ്ഥാപിച്ചപോലെയായി. അന്യായം സ്പഷ്ടമായിത്തെളി
യുന്നുണ്ടു എന്നു വക്കീലും വാദിച്ചു. സാക്ഷികൾ പറഞ്ഞ
തൊക്കെ ശുദ്ധമേ കളവാണെന്നു ഞാൻ വാദിച്ചപ്പോൾ
കോടതിയിലുണ്ടായിരുന്ന എല്ലാവരും ചിരിച്ചു.

ജഡ്ജി:—(എന്നെ നോക്കി.) നീ എന്തു പറയുന്നു?

ഞാൻ:—ഞാനെന്തു പറവാനാണ്? ഇവരൊക്കെ ഇങ്ങി
നെ കളവുപറഞ്ഞാൽ?

ജഡ്ജി:—അപ്പോൾ ഈ കല്യാണിയെ താൻ കണ്ടിട്ടേ
ഇല്ലേ.

ഞാൻ:—ഒരു ദിവസം തീവണ്ടിസ്റ്റേഷനിൽ കണ്ടതിൽ പിന്നെ ഇന്നു കണ്ടു.

ജഡ്ജി:—കുട്ടിയാരുടെതാണ്.

ഞാൻ:—എൻേറതല്ല. അത്രയെ എനിക്കു പറവാൻ സാധിക്കയുള്ളു.

കുട്ടിയെ എനിക്കെങ്ങിനെ കിട്ടിയെന്നു ഞാൻ വിവരിച്ചു പറഞ്ഞപ്പോൾ കേട്ടുനിന്ന ആളുകൾ ആസകലം ചിരിച്ചു. എനിക്കു മാത്രം ചിരിവന്നില്ല.

ജഡ്ജി:—ഇങ്ങിനെ ഒന്നും പറഞ്ഞാൽ പോര. കുട്ടി തൻേറതല്ലെന്നു തെളിയിക്കണം.

ഞാൻ:—കുട്ടി എൻേറതല്ലെന്നു കുട്ടിയുടെ അമ്മ തെളിയിക്കയല്ലാതെ ഞാനെങ്ങിനെ തെളിയിക്കും.

ജഡ്ജി:—അമ്മയല്ലെ പറയുന്നു. കുട്ടി തൻേറതാണെന്നു.

ഞാൻ:—എല്ലാരും കളവു പറഞ്ഞാൽ ഞാനെന്തുചെയ്യും.

ജഡ്ജി:-അന്യായക്കാരി പറയുന്നതു കളവാണെന്നു നിങ്ങൾ തെളിയിക്കണം.

ഞാൻ:—വിരോധമില്ല. അങ്ങിനെ ചെയ്യാം.

എൻേറ സമാധാനം കേട്ടപ്പോൾ അന്യായവക്കീലും മററും ചിരിച്ചുതുടങ്ങി. ഞാൻ ഒരു പുല്ലും കൂസലാക്കിയില്ല. ഞാൻ ഇന്ദിരയേയും കുട്ടിയേയും വിളിച്ചുകൊണ്ടു വരാൻ ആളെ അയച്ചു. ഇന്ദിരയെ കണ്ടപ്പോൾ എന്തോ എന്നറിഞ്ഞില്ല അന്യായക്കാരി കല്യാണിയുടെ കോലം വല്ലാതെ ഒന്നു മാറി. അവളുടെ മുഖം വാടി. അവൾ ഒരേടത്തിരുന്നു

പോയി. ഇന്ദിരയോടു ഞാൻ കുട്ടിയെ വാങ്ങിയപ്പോൾ അവൾ കൂട്ടിൽ കേറി സത്യവും ചെയ്തു.

ഞാൻ:—എന്റെ കയ്യിലുള്ള കുട്ടി ആരുടേതാണ്.

ഇന്ദിര:—എന്റെ കുട്ടിയാണ്.

ഇതു കേട്ടപ്പോൾ കോടതി ആകപ്പാടെ ഒന്നു നടുങ്ങി. കോടതിയിലുണ്ടായിരുന്നവരൊക്കെ കണ്ണുമിഴിച്ചു തുടങ്ങി. രാമൻനായര് വക്കീലിന്റെ മുഖത്തുണ്ടായിരുന്ന പ്രസാദവും അസ്തമിച്ചു. ഞാൻ പ്രസന്ന വദനനായി. മിസ്റ്റർ രാമൻനായർ എത്രവിസ്താരത്തിന്നെഴുനേററുനിന്നു.

വക്കീൽ:—ഈ നില്ക്കുന്ന അന്യായക്കാരിയെ അറിയുമോ?

ഇന്ദിര:—നല്ലവണ്ണം അറിയും.

വക്കീൽ:—ഈ കുട്ടി അന്യായക്കാരിയുടെതല്ലെന്നു നീ പറയുന്നൊ.

ഇന്ദിര:—അങ്ങിനെ പറയുന്നില്ല.

വക്കീൽ:—അപ്പോൾ കുട്ടി അന്യായക്കാറിയുടേത് തന്നെയാണ്. അല്ലെ.

ഇന്ദിര:—അതെ.

ഇതു കേട്ടപ്പോൾ എന്റെ ധൈര്യം സകലം അസ്തമിച്ചു. ഇവളും എന്നെ കല്പിച്ചുകൂട്ടി പററിക്കാൻ ഒരുമ്പെട്ടു വന്നവളായിരിക്കുമോ എന്നു ഞാൻ വിസ്മയിച്ചു. എന്റെ സാക്ഷി തന്നെ എനിക്കെതിരായാൽ പിന്നെ ഞാനെന്തിന്ന്കൊള്ളും.

വക്കീൽ:—കുറച്ചുമുമ്പെ കുട്ടി നിന്റെതാണെന്നു പറഞ്ഞതു കളവാണ് അല്ലെ.

ഇന്ദിര:—അല്ല.

വക്കീൽ:—പരിഭ്രമിക്കണ്ട. കുട്ടി, ഈ നില്ക്കുന്ന കല്യാണി യുടെതോ അല്ല നിന്റെറതൊ. ആലോചിച്ചിട്ടു പറഞ്ഞാൽ മതി. ഭ്രമിച്ചുപോയിട്ടു എന്തെങ്കിലും പറയേണ്ട.

ഇന്ദിര:—ഞങ്ങറം രണ്ടാളുടേതും.

വക്കീൽ:—ഒരു പെണ്ണു രണ്ടു കുട്ടിയെ പ്രസവിക്കുമ്പോലെ രണ്ടു പെണ്ണുകൂടി ഒരു കുട്ടിയെ പ്രസവിക്കുമോ.

ഇന്ദിര:—രണ്ടു പെണ്ണുങ്ങറംകൂടി ഒരു കുട്ടിയെ പ്രസവിക്കുമെന്നു ഞാൻ പറയുന്നില്ല.

വക്കീൽ:—നീയല്ലേ പറഞ്ഞതു കുട്ടി കല്യാണിയുടേതും നിന്റേതുമാണെന്നു.

ഇന്ദിര:—ഞാൻ അതുതന്നെയേ പറഞ്ഞിട്ടുള്ളു.

വക്കീൽ:—അപ്പോറം കുട്ടിക്കു രണ്ടമ്മമാരുണ്ടോ.

ഇന്ദിര:—ഇല്ല.

വക്കീൽ:—അമ്മ ഒന്നേ ഉള്ളു. അല്ലേ.

ഇന്ദിര:—അതേ.

വക്കീൽ:—ആ അമ്മ ആരാണ്?

ഇന്ദിര:—അതു ഞാൻ.

വക്കീൽ:—അപ്പോറം കല്യാണി കുട്ടിയുടെ അമ്മയല്ല.

ഇന്ദിര:—അല്ല.

വക്കീൽ:—പിന്നെ കുട്ടി കല്യാണിയുടെതാണെന്നു നീയെന്തിനു പറഞ്ഞു.

ഇന്ദിര:—അതു അങ്ങിനെ ആയിട്ടുതന്നെ.

വക്കീൽ:—നീയെന്താണസംബന്ധം പറയുന്നതു്.

ഇന്ദിര:—ഞാനൊന്നും അസംബന്ധം പറഞ്ഞിട്ടില്ല.

വക്കീൽ:-കല്യാണിയും കുട്ടിയുമായി വല്ല ബന്ധവുമുണ്ടോ

ഇന്ദിര:—ഉണ്ടു്.

വക്കീൽ:—അതെങ്ങിനെ.

ഇന്ദിര:—കല്യാണി കുട്ടിയുടെ അച്ഛനാകകൊണ്ടു.

വക്കീൽ:—കല്യാണി പെണ്ണല്ലെ.

ഇന്ദിര:—അല്ല. എന്റെ ഭർത്താവു് പൂമുക്കൽ മന്ദൻ എന്ന കെ. സി. യാണ്. ഇപ്പോൾ ചോദിച്ചാൽ അവർ സമ്മതിക്കും.

ഇതു കേട്ടപ്പോൾ കോടതി "ശ്ശൂ" എന്ന ഒരു ആശ്ചര്യസൂചകമായ ശബ്ദംകൊണ്ടു മുഴങ്ങി.

വക്കീൽ:—അയാൾ ഇങ്ങിനെ ചെയ്തതെന്തിനായിരിക്കും.

ഇന്ദിര:—പണം പററിക്കാൻ വേണ്ടി മാത്രം എന്നാണ് എനിക്കു തോന്നുന്നതു്. ബാക്കിയൊക്കെ അയാൾ പറയട്ടെ.

ഞാൻ:—ഹേ. വേണ്ട. ബാക്കിയുള്ളതൊക്കെ ഞാൻ പറഞ്ഞു കൊടുക്കാം. അന്യായം കൊടുത്താൽ കുട്ടിയെ ഉപായത്തിൽ പിടിപ്പിച്ചു ആളിൽനിന്നു പത്തഞ്ഞൂറുറുപ്പിക തട്ടിപ്പറിക്കാമെന്നു ഇവൻ ഊഹിച്ചു. അതായിരുന്നു റജിസ്റ്റർനോട്ടീസയച്ചതിന്നുശേഷം രാജി സംസാരിക്കാൻ എന്റെ അടുക്കെ വക്കീലിനെ

അയച്ചതും ഞാൻ കൂട്ടാക്കിയില്ല. അപ്പോൾ അന്യായം കൊടുക്കാതെ നിവൃത്തിയില്ലാതായി. അന്യായം കൊടുത്തതിൽപിന്നെ എന്നോടു കുട്ടിയെ ആവശ്യപ്പെട്ടാൽ കള്ള അന്യായം കൊടുത്തതിന്നു ഞാൻ തിരിച്ചടിക്കും എന്നു ഇവന്നു ബോദ്ധ്യവുമായി. അപ്പോൾ വരുമ്പോലെ വരട്ടെ എന്നുവെച്ചു അന്യായം നടത്തി. കുട്ടിയെ എങ്ങിനെയായാലും മടക്കിക്കിട്ടാതിരിക്കില്ലല്ലൊ. അങ്ങിനെ ഒഴിയാമെന്നായിരുന്നു വിചാരിച്ചിരുന്നതു. അതും സാധിച്ചില്ല. അന്യനെ പററിക്കാൻ നോക്കുമ്പോൾ ചിലസമയം താന്താങ്ങൾ തന്നെയാണ് പററിപ്പോകുന്നതു.

ഇങ്ങിനെ ഒക്കെ ഞാൻ പറഞ്ഞപ്പോൾ എന്റെ ശിരസ്സിൽ ദേവന്മാർ പുഷ്പവൃഷ്ടി ചെയ്യാത്തതെന്താണെന്നും എനിക്കിന്നും മനസ്സിലായിട്ടില്ല.

# ഞാനും എന്റെ പേടിയും.

ഓരോരുത്തൎക്ക് ഓരോതരം പേടിയാണ്. പാമ്പിനെ കാണുമ്പോൾ കൂസലില്ലാത്ത ചിലർ, പുഴുവെ കാണുമ്പോൾ പേടിച്ചു പായുന്നതു ഞാൻ കണ്ടിട്ടുണ്ടു്. കുളത്തിൽചാടി മരിച്ചുകളവാനൊരുമ്പെട്ട ഒരുവൻ നീർക്കോലിയെക്കണ്ടു മടങ്ങിപ്പോന്നതും യഥാൎത്ഥത്തിലുണ്ടായ ഒരു കാൎയ്യമാണത്രെ. കൂറയെക്കാണുമ്പോൾ പുതച്ചു മുണ്ടു കൈകളൊക്കി കൊടിക്കൂറപോലെ ചുഴററിക്കൊണ്ടു പേടിച്ചുവിറയ്ക്കുന്ന പെണ്ണുങ്ങളും നമ്മുടെ ഇടയിൽ ഉണ്ടു. വണ്ടിനെക്കാണുമ്പോൾ കുതിച്ചു മണ്ടുന്ന വണ്ടാർകുഴലിമാരും കേവലമില്ലെന്നില്ല. വീട്ടുകളുടെ ചുമരിന്മേലും മനുഷ്യരുടെ ദേഹത്തിന്മേലും, വല്ലവിധത്തിലും പററിക്കേറി പ്രതിഫലേച്ഛകൂടാതെ മന്ദഗതിയായി മേലോട്ടിഴയുന്ന, കണക്കിലേറെക്കാലുള്ള ഒരു സാധുച്ചട്ടനേയും വളരെ ആളുകൾക്കു പേടിയാണ്. ഇടിമുഴക്കം കേൾക്കുമ്പോൾ പടിഞ്ഞാററയിൽ അടച്ചു പൂട്ടിക്കിടന്നു "നമശ്ശിവായ" എന്നു പാരായണം ചെയ്തുകൂട്ടുന്ന ചില പുരുഷകേസരികളേയും ഞാൻ അറിയും. ചുണ്ടെലിയെ കാണുമ്പോൾ ചുണ്ടും ചുളിച്ചു അടുത്തുള്ള മേശമേലോ കസേരമേലോ പാഞ്ഞുകേറി ഉരളിന്മേൽ കേറിയ ഉഗ്രവേഷംപോലെ, തിരിഞ്ഞു കളിക്കുന്ന തരുണീമണികളും എനിക്കു രസം പിടിപ്പിച്ചിട്ടുണ്ടു. ഒരിക്കൽ മരിക്കണമല്ലൊ എന്നു വിചാരിച്ചു മരണത്തിന്റെ ഒരു ചില്ലറപ്പകർപ്പായ ഉറക്കവും വെടിഞ്ഞു വേണ്ടതില

ധികം "വേശാറാകുന്നവരെയും" എത്രയെങ്കിലും കാണാം. ചിലൎക്കു ദൈവത്തെ വളരെ ഭയമാണെങ്കിൽ ചിലൎക്കു പിശാചിനെ അതിലും ഭയമാണ്. ചിലൎക്കു കവിതാമില്ലാത്ത ശ്ലോകങ്ങളെ ഭയമാണെങ്കിൽ മററു ചിലൎക്കു സംസ്കൃതപരിജ്ഞാനംകൊണ്ടു മാത്രം സൎവ്വജ്ഞന്മാരായിപ്പോയി എന്നു നടിക്കുന്ന ചില വമ്പന്മാരെയാണ് ഭയം. മൎയ്യാദയെ ഭയപ്പെടുന്ന ചില ഖലന്മാരുണ്ടെങ്കിൽ അപമാനത്തെ ഭയപ്പെടുന്ന ചില ബുധന്മാരും ഉണ്ടു. ഇങ്ങിനെ ഓരോരുത്തൎക്കു വെവ്വേറെ മുഖഛായ ഉള്ളപോലെതന്നെ വെവ്വേറെ പേടിയും കാരണവും ഒത്തുമായിട്ടുണ്ടു്. ഇക്കൂട്ടത്തിൽ ഈ ഒന്നിനും കൊള്ളാത്ത എനിക്കും ഒരു തരം പേടി കല്പിച്ചുതരുവാൻ നമ്മുടെ ജഗദീശ്വരൻ ഓൎമ്മ വിട്ടുപോയിട്ടില്ല മററുള്ളവരെപ്പോലെതന്നെ ഞാനും ഒരുവക പേടിക്കു വശംവദനാണ്. എന്താണെന്റെ പേടിയെന്നു പുറത്തു പറവാനുംകൂടി പേടിയാകുന്നു. നിങ്ങളാരും ചിരിക്കില്ലെങ്കിൽ ഞാൻ വാസ്തവം പറഞ്ഞുതരാം. എനിക്കു പെണ്ണുങ്ങളെയാണ് വലിയ പേടി. ഭാൎയ്യയുടെ അമ്മയെ പേടിയില്ലാത്ത ആണുങ്ങൾ ഉണ്ടാകാൻ പാടില്ലെങ്കിലും എനിക്കു എല്ലാ പെണ്ണുങ്ങളെയും ഒരുപോലെ വലിയ പേടിയാണ്. ബാലിക്കു ഋശ്യമൂകാചലത്തെക്കൂടി ഇത്ര പേടി കാണുകയില്ല. രാവണനും നളകൂബരന്റെ ഭാൎയ്യയെപ്പോലും ഇത്ര പേടിയുണ്ടായിരുന്നോ എന്നു സംശയമാണ്. പഞ്ചമനവനു അഃദ്രൂഥത്തിന്റെ ദിവാൻ വലിയ കാരണവരെക്കൂടി ഇങ്ങിനെ ഒരു പേടി ഉണ്ടായിക്കാണുകയില്ല. എന്റെ പേടി കണക്കില്ലാത്ത പേടിയാണെങ്കിലും കാരണമില്ലാത്ത പേടിയല്ല. മോടി കാണുമ്പോൾ പേടി പിടി

പെട്ടന്നതു ഒരു ഉണ്ടാവാനിടയുള്ള കാൎയ്യമോ എന്നു നിങ്ങളാരും ശങ്കിക്കരുതു. പൊന്നുകണ്ടു പേടിച്ചുപോയിട്ടു പണ്ടു പാക്കനാർ പറഞ്ഞതു ഓൎമ്മയില്ലേ! പൊന്നുപോലെയല്ലേ പെണ്ണു്! പെണ്ണുപോലെയല്ലേ പൊന്നു! പെണ്ണും പൊന്നും, പാലും വെള്ളവുംപോലെ ഇടകലൎന്നിട്ടല്ലാതെ ഓരോന്നായി വിചാരിച്ചുപോരാൻ എന്റെ മനസ്സിന്നു സാധിക്കുന്നില്ല. മധുരം മറന്നിട്ടു പഞ്ചസാരയെ എങ്ങിനെ വിചാരിക്കും. കോകിലത്തെ മറന്നിട്ടു വസന്തത്തെ എങ്ങിനെ വിചാരിക്കും. തുഞ്ചനെ മറന്നിട്ടു കിളിപ്പാട്ടു് എങ്ങിനെ വിചാരിക്കും. വെള്ളത്തെ മറന്നിട്ടു പാലിനെ എങ്ങിനെ വിചാരിക്കും. പാലിൽ എത്രയെങ്കിലും വെള്ളം ചേൎക്കുന്നതിന്നു പാൽക്കാരും പെണ്ണിൽ എത്രയെങ്കിലും പൊന്നു ചേൎക്കുന്നതിന്നു പണക്കാരും മടിയ്ക്കാറില്ല. മടുപ്പും കാണിക്കാറില്ല. ഇതാണു് വലിയ സൊല്ല. പൊന്നോടുകൂടി പെണ്ണെക്കാണുമ്പോൾ, സോഡയോടുകൂടി വിസ്കി കാണുമ്പോലെ ചിലൎക്കു ഉന്മേഷവും, കല്ലോടുകൂടിപ്പാമ്പിനെ കാണുമ്പോലെ എനിക്കു പേടിയും പൊങ്ങിപ്പോകുന്നു. പെണ്ണിന്റെ തലയും മുലയും അഴകുള്ള സാധനങ്ങളാണെങ്കിൽ പാമ്പിന്റെ വരയും കുറിയും അഴകില്ലാത്ത സാധനങ്ങളല്ല. തോൽപുറമേയാണെങ്കിലുംകൂടി ഈ രണ്ടുതരം അഴകും അഴകല്ലാതെ മറ്റൊന്നുമല്ല. ഈ രണ്ടിലും കാരണത്തിൽ വലിയ വ്യത്യാസം ഉണ്ടെങ്കിലും കാൎയ്യത്തിൽ ഒന്നും കാണുകയില്ലതാനും. പേടി പേടിയായിത്തന്നെ നില്ക്കുന്നു. അഴകു കാണുമ്പോൾ എനിക്കു പേടി തോന്നുന്നതു മറ്റൊന്നുകൊണ്ടുമല്ല. അഴകുള്ളവളോടു, അണ്ടല്ലൂൎക്കാവിലെ പൊന്മുടിയാണേ നേരു, എനിക്കു അളവി

ല്ലാത്ത സ്നേഹമാണ്. പനിമൂത്തു സന്നിയാകുമ്പോലെ, സ്നേഹം മൂത്തു ഭ്രമമാകുന്നു. "ഷോപ്പ്" മൂത്തു "വെള്ള"യാകുമ്പോലെ, ഭ്രമം മൂത്തു ചാപല്യമുണ്ടാകുന്നു. വാക്കു മൂത്തു തല്ലാകുമ്പോലെ, ചാപല്യം മൂത്തു ശുദ്ധാവഷളത്വമാകുന്ന മുഴുത്ത ഭ്രാന്തിൽ ചെന്നു ചാടുന്നു. സ്നേഹത്തിൽനിന്നു പുറപ്പെട്ടു വഷളത്വത്തിൽ ചെന്നു ചാടുന്നതു എനിക്കൊരു സാധാരണസംഭവമായിരിക്കുന്നു. പിന്നെ പെണ്ണുങ്ങളെ എങ്ങിനെ പേടിക്കാതെയിരിക്കുന്നു. മാനത്തെ ഭയപ്പെടേണ്ടവർ മാനിനിയെ ഭയപ്പെടേണ്ടയോ! എന്റെ അനുഭവമല്ലേ ഞാൻ പറയേണ്ടതു. ഒന്നുരണ്ടിടത്തിൽനിന്നു പെണ്ണിനെക്കൊണ്ടു ഞാൻ രക്ഷയില്ലാതെ ഉഴന്നുപോയിട്ടുണ്ടു. രണ്ടുമൂന്നേടത്തിൽനിന്നു പെണ്ണിനെക്കൊണ്ടു ഞാൻ, ഉഴന്നുപോകാതെ രക്ഷപ്പെട്ടുപോയിട്ടുണ്ടു. രണ്ടു നിലയിലും പേടി പണ്ടത്തേതിലും വർദ്ധിച്ചു. സ്വതവേതന്നെ പേടിയുള്ളവനായ ഞാൻ ഇപ്പോൾ ഒരു പേടിക്കുടലനായിത്തീർന്നിരിക്കുന്നു* "മന്ദപ്പനും" അവന്റെ ചെമ്മരത്തിയും എന്നപോലെ ഞാനും എന്റെ പേടിയും വേർപിരയാതെ നടക്കലായി. പെണ്ണു് എന്നു കേൾക്കുമ്പോൾതന്നെ, പേടികൊണ്ടു ഞാൻ ശ്ലമ്പുകെട്ടു തളർന്നുപോകുന്നു. പെണ്ണിനെയെങ്ങാൻ കണ്ടുമുട്ടിയാലോ നാണംകൊണ്ടൊരു നാണിയായിപ്പോകയും ചെയ്യുന്നു. അതുകൊണ്ടു പെണ്ണിനെ കാണുമ്പോഴൊക്കെ വല്ല പ്രകാരത്തിലും ഒഴിഞ്ഞുകളകയാണ് എന്റെ പതിവ്. ഈ സമ്പ്രദായം അറിഞ്ഞിട്ടോ എന്നറിഞ്ഞില്ല ആ സരസകൾ എന്നെ കാണുമ്പോഴൊന്നും വെറുതെ വിടുക പതിവില്ല ഓന്തിനേക്കണ്ടാൽ കല്ലെടുത്തെ

---

*കാവുകളിൽ കെട്ടിയാടുന്ന ദേവത.

റിവാൻ തോന്നിപ്പോകുന്ന കുട്ടികളെപ്പോലെ അവർ ചില തകരാറുകൾക്ക കുരുക്കെട്ടാതിരിക്കാറില്ല. ഒന്നുമില്ലെങ്കിൽ ഒരു നോട്ടംകൊണ്ടു നടുക്കുകയോ ഒരു പുഞ്ചിരികൊണ്ടു മിരട്ടുകയോ ചെയ്യാതിരിക്കയില്ല. "ഇടത്തരം" പെണ്ണുങ്ങളാകുമ്പോൾ ഈ മാതിരി പ്രയോഗങ്ങൾ പ്രയാസപ്പെട്ടു സഹിച്ചുകളയാമെങ്കിലും, സുന്ദരാംഗികളാകുമ്പോൾ സൂക്ഷ്മം പറയേണമെങ്കിൽ ഞാൻ കണക്കിലേറെ കുഴങ്ങിപ്പോകുന്നു. സായംകാലത്തെ ചന്ദ്രനെപ്പോലെ ദൂരെനിന്നു ഒരു പെണ്ണിന്റെ മുഖം പ്രത്യക്ഷമാകുമ്പോൾ ഞാൻ ഭയംകൊണ്ടു അർജ്ജുനന്റെ പത്തുപേരുകളും നൂറു തവണ ചൊല്ലിക്കൂട്ടിത്തുടങ്ങുന്നു. എന്നിട്ടും ഫലമില്ലെങ്കിൽ ശ്രീരാമകൃഷ്ണപരമഹംസന്റെ മുഖമോ, സ്വാമി വിവേകാനന്ദന്റെ വേദാന്തതത്വങ്ങളോ നിരൂപിച്ചു, സന്ദർഭം മാററാൻ പരിശ്രമിക്കുന്നു. എന്നിട്ടുകൂടി, മനസ്സിലും മിഴിയിലും മുഴച്ചു നിൽക്കുന്നതു പെണ്ണിന്റെ പോർമുഖം തന്നേയാണെങ്കിൽ, "മുഖം ശ്ലേഷ്മാകാരം"—"സ്തനൌമാംസഗ്രന്ഥി"—"സ്രവന്മൂത്രക്ലിന്നം......" ഇങ്ങിനെ കണ്ട ഭർത്തൃഹരിയുടെ മന്ത്രാക്ഷരങ്ങൾ ഉച്ചരിച്ചുംകൊണ്ടു, വരുന്നതു വരട്ടെ എന്ന ഭാവത്തിൽ മുന്നോട്ടു നടക്കും. കണ്ണുംപൂട്ടി ജപിച്ചുംകൊണ്ടു നടന്നുകളഞ്ഞാൽക്കൂടി ഇവരുടെ അടുത്തെത്തുമ്പോൾ ആരും എന്നെ വെറുതെ വിട്ടുകളയാറില്ല. ബാലകളാകുമ്പോൾ എന്നെ പരിഹസിക്കുന്നില്ലെങ്കിൽ, എന്റെ മേൽ ഒരു പരിഹാസനോട്ടമെങ്കിലും വെക്കുന്നുണ്ടാകും. യുവതികളാകുമ്പോൾ പരിഹാസത്തിനു ഒരുമ്പെട്ടുമെന്നു മാത്രമല്ല പരിഹാസത്തിന്നു തീക്ഷ്ണത തെല്ലുകൂടി വന്നുകൂടും. വിദ്യാർത്ഥിനികളാകുമ്പോൾ പരിഹാസാ

ത്തുത്തിയും അതിക്രമിച്ചു, ശകാരത്തിൽ കടന്നു, കുളത്തിൽ ഇറങ്ങിയ നക്രംപോലെ, വെള്ളം കലക്കിമറിയ്ക്കുന്നുണ്ടാകും. മേയുവാൻ പോകുന്ന സാധു നാല്ക്കാലി, കണ്ടവരോടൊക്കെ ഏറ്റും തല്ലും വാരിക്കെട്ടി മിണ്ടാതെ കടന്നു പോകുമ്പോലെ ഞാനും എന്റെ പേടിയും, ഗാന്ധിയും അയാളുടെ ത്യാഗവും എന്നപോലെ ഒരിക്കലും വേർപിരിയാതെ നടന്നുകൊൾകയും ചെയ്യും.

ഏതെല്ലാം മൂലയിൽനിന്നാണു് ഞാൻ വഷളാകുന്നതു. എന്തെല്ലാം വിധത്തിലാണു് എനിക്കു ദ്രോഹംനേരിടുന്നതു. കത്തുകളാണെങ്കിൽ മലയാം കലക്കൾതന്നെ ഇത്രയധികം കിട്ടാറില്ല. ഒന്നു ഭ്രലോകരംഭയുടേതാണെങ്കിൽ മറേറതു ചിത്രലേഖയുടേതായിരിക്കും. ഒന്നു "കോപ്പാട്ടു കമ്മിണിയുടേതാണെങ്കിൽ മറേറതു "പുഴയാട്ടു പാറു"വിൻേറതായിരിക്കും. പുത്തൻപറമ്പിൻെറ ഈശാനഃകരണിൽ നില്ക്കുന്ന ഒരു പാരിജാതച്ചെടിയുടെ കൊമ്പും പിടിച്ചു ഇന്നദ്ദിവസം ഇത്ര മണിക്കു കാത്തുനില്ക്കുന്നുണ്ടാകും എന്നും, അന്നു ആളെ മനസ്സിലാക്കാമെന്നും, ശേഷമൊക്കെ ദീനദയാലുവായ എന്റെ കൈയിൽ കിടക്കുന്നു എന്നും ഭ്രലോകരംഭ അറിയിച്ചിട്ടുണ്ടാകും. വയസ്സു കുറെ ജാസ്തിയായിട്ടുണ്ടെങ്കിലും പ്രായം ഒട്ടും മതിക്കില്ലെന്നും, യൌവനത്തിന്നു ഹാനിയില്ലെന്നും, പാചകവൃത്തിയിൽ നളൻതന്നെ, തനിക്കു താണ പടിയിലാണെന്നും, ശിശുപരിപാലനശാസ്ത്രത്തിൽ ഒന്നാംക്ലാസ്സായി ജയിച്ചിട്ടുണ്ടെന്നും, ഒരു വീട്ടിന്നു തന്നെപ്പോലെയുള്ളവളാണു് അലങ്കാരമെന്നും മററുമായിരിക്കും പത്തനംഗരൻെറ പത്തനമെന്നു പറയാവുന്ന നമ്മുടെ ചിത്രലേഖയുടെ ലേഖനം. നിങ്ങൾ എന്നെ

കല്യാണം കഴിച്ചിരിക്കുന്നു എന്നും, നമുക്കു ഒന്നുരണ്ടു കുട്ടി പിറന്നിട്ടുണ്ടെന്നും, ഒരു കുട്ടിക്കു സുഖക്കേടായപ്പോൾ നമ്മൾ രണ്ടാളും ഏകാസനത്തിൽ ഇരുന്നു ഉറക്കെ കരഞ്ഞിട്ടുണ്ടെന്നും, കരച്ചിൽ കേട്ടു എന്റെ ഉറക്കം ഉണൎന്നു സ്വപ്നമാണെന്നറിഞ്ഞു ഖേദിച്ചുപോയെന്നും, അതുകൊണ്ടു വിധിവിഹിതം ലംഘനം ചെയ്വാൻ ശ്രമിക്കാതെ വേണ്ടതു പ്രവൃത്തിച്ചുകൊള്ളേണ്ടതാണെന്നും മറെറാരു മാതംഗഗാമിനി എഴുതി അറിയിച്ചിട്ടുണ്ടാകും. "ആയിരം പതിവ്രതകൾ ചത്തു ഒരുവളായിപ്പിറന്നവളായിരിക്കകൊണ്ടു ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ ഞാനപേക്ഷിച്ച കാൎയ്യം നിറവേററാതെ പോയാൽ നിങ്ങൾക്കു എന്തെങ്കിലും ഒരു അത്യാപത്തു നേരിടാനിടയുണ്ട്" എന്നും മററും പറഞ്ഞു ഭയപ്പെടുത്തിക്കൊണ്ടാകും മറെറാരു ഭാസുരാംഗിയുടെ പുറപ്പാട്. ഇങ്ങിനെ കത്തുകൾ അൎജ്ജുനന്റെ വില്ലിൽനിന്നു പുറപ്പെടുന്ന അമ്പുകളേക്കാളും, യുവതികളുടെ നാവിൽനിന്നു പുറപ്പെടുന്ന ശകാരങ്ങളെക്കാളും, കയ്യും കണക്കുമില്ലാതെ, കാൎയ്യവും കാരണവുമില്ലാതെ എന്നെ ദ്രോഹിച്ചു തുടങ്ങിയപ്പോൾ ഞാൻ എനിക്കു വരുന്ന കത്തുകളൊക്കെ പൊളിക്കാതെ മടക്കിത്തുടങ്ങി. ഇങ്ങിനെ മടക്കിക്കളഞ്ഞ കത്തുകളുടെക്കൂട്ടത്തിൽ എന്റെ കാരണവൎക്കു കഠിനസുഖക്കേടാണ്—ക്ഷണം പുറപ്പെടണം—എന്നു തറവാട്ടിൽനിന്നു അടിയന്തിരമായയച്ച ഒരു കത്തും എന്റെ കഷ്ടകാലത്തിന്നു പെട്ടുപോയി. എന്തിന്നു പറയുന്നു—കാരണവർ കാലധൎമ്മം പ്രാപിച്ച വിവരം രണ്ടുദിവസം കഴിഞ്ഞിട്ടു ഒരുദൂതൻ വന്നറിയിച്ചപ്പോഴേ എന്റെ സാഹസം എനിക്കു മനസ്സിലായുള്ളു. തറവാട്ടിൽ ചെന്നു നോക്കിയ

പ്പോൾ, കാരണവരുടെ പെട്ടിയിൽ കണ്ടിരുന്ന, ആറായിരത്തിമുന്നൂററിത്തൊണ്ണൂററേഴുറുപ്പിക പതിനൊന്നണ അഞ്ചു പയ്യും, കാരണവരുടെ പെട്ടിയിൽ കാണാതിരുന്ന എൻെറ ഒരു ചെറിയ ചെപ്പുത്തോണ്ടിയും കൈക്കലാക്കി അമ്മായി മൂന്നു കടവും കടന്നു തൻെറ ഭവനത്തിൻെറ പടിഞ്ഞാററയിൽ രക്ഷപ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. ആ ചെപ്പുത്തോണ്ടിയോ, ഒരു സാധാരണ ചെപ്പുത്തോണ്ടിയാണെന്നു വിചാരിച്ചുകൂടാ. അടിയന്തിരത്തിന്നു പോവാൻ വേണ്ടിയാണെന്നു പറഞ്ഞുകൊണ്ടു എന്നോടു ഇരവു വാങ്ങിക്കൊണ്ടുപോയ ഒരു ജോടു വൈരക്കമ്മൽ കാണാതെ പോയെന്നു പിറേറ ദിവസം കരഞ്ഞുകൊണ്ടെന്നെ അറിയിച്ച വെള്ളിയൻ കല്യാണിയോടു "സാരമില്ല, ആ നഷ്ടം ഞാൻ സഹിച്ചോളാം" എന്നു പറഞ്ഞു അവളെ സമാധാനപ്പെടുത്തിയപ്പോൾ, എൻെറ ഔദാര്യത്തിൻെറ സ്മാരകമായി അവൾ പകരം തന്ന ഒരു സദ്വസ്തുവായിരിക്കകൊണ്ടു ഞാൻ വളരെ വിലമതിച്ചു സൂക്ഷിച്ചുവെച്ച ഒന്നുതന്നെയായിരുന്നു, എൻെറ മുമ്പിൽവന്നു കരഞ്ഞപ്പോൾ കണ്ണുനീർത്തുള്ളികളായ എത്ര വിലയേറിയ മുത്തുകളാണു് അവൾക്കു നഷ്ടം വന്നുപോയതെന്ന സങ്കടവിചാരം ആ ചെപ്പുത്തോണ്ടി കാണുമ്പോളൊക്കെ എന്നിൽ അങ്കുരിച്ചുകൊണ്ടിരുന്നിരുന്നു. അതാണു് ആ ചെപ്പുത്തോണ്ടി പോയതിൽ എനിക്കു ഇത്ര വലിയ സങ്കടം.

ആ ധനകാര്യത്തിൻെറ ഇടയിൽ ചേനക്കാര്യം അവിടെ നില്ക്കട്ടെ. പെണ്ണുങ്ങളുടെ ദ്രോഹം ദുർവ്വാസാവിൻെറ കോപംപോലെയും ദുര്യോധനൻെറ ലോഭംപോലെയും അനന്നു വർദ്ധിച്ചു. എന്തിനു പറയുന്നു, ക്രമേണ എനിക്കു

നാട്ടിൽക്കൂടെ നല്ലവണ്ണം നടക്കാൻകൂടി കഴിയാത്ത മട്ടിലായി. എവിടെത്തിരിഞ്ഞാലും പെണ്ണുങ്ങളുടെ പരിഹാസംതന്നെ. ഏതുനേരത്തും എനിക്കു ശല്യംതന്നെ. കത്തുകളാകുമ്പോൾ എന്റെ വീട്ടിൽ ഒരെടത്തിരുന്നു ദ്രോഹം സ്വന്തമായി സഹിച്ചാൽ മതിയായിരുന്നു. കത്തുകൾ പൊളിക്കാതെ മടക്കുകയാണെന്ന വിവരം (തപാൽശിപായിയുടെ മുഖേനയായിരിക്കാൻ ഒരിക്കലും പാടില്ല. വീട്ടിലെ വേലക്കാരത്തി കാളിയുടെ മുഖേന ആയിരിക്കാനെ തരമുള്ളു.) കേട്ടറിവായപ്പോൾ മേലാൽ മുദ്രവിലയെങ്കിലും ചുരുങ്ങിക്കിട്ടിയല്ലോ എന്നു തൃപ്തിപ്പെട്ടു, കത്തെഴുതാറുള്ളവരും എഴുതാത്തവരും ഒരുപോലെ നേരിട്ടുവന്നു എന്നെ നിർഭയം പരിഹസിക്കാൻ തുടങ്ങി. ഇടവഴിയിൽക്കൂടെ നടക്കുകയാണെങ്കിൽ തങ്കമായ ഒരു മങ്ക ബാക്കിയുള്ളവരെ വിളിച്ചുവരുത്തി എന്നെ ചൂണ്ടിക്കാണിച്ചു ചിരിക്കുന്നുണ്ടാകും. വേറെ ഒരേടത്തു നോക്കുമ്പോൾ കണ്ണു പതിഞ്ഞുപോയതു ഒരു തരുണിയുടെ മുഖാരവിന്ദത്തിലാണെങ്കിൽ അവൾ സ്പഷ്ടമായി എന്നെ മാടിവിളിച്ചു ചിരിച്ചുകൊണ്ടു ഓടിക്കളയുന്നുണ്ടാകും. മറ്റൊരേടത്തു തിരിയുമ്പോൾ "നിങ്ങൾ ഈ കുട്ടിയെ കല്യാണം കഴിച്ചോളൂ" എന്നു പറഞ്ഞു കൊണ്ടു സരളശീലകളായ ചില സരസകൾ ലജ്ജകൊണ്ടു രക്താനനയായ ഒരു പെൺകിടാവിനെ എന്റെ ദൃഷ്ടിയിൽ പെടത്തക്കവണ്ണം മുന്നോട്ടു തള്ളിവിടുന്നുണ്ടാകും. അവിടുന്നു തലയും താഴ്ത്തി ഇടത്തോട്ടു തിരിയുമ്പോൾ നിങ്ങൾക്കു പറ്റിയ പെണ്ണു ഇവരാണെന്നു പറഞ്ഞുകൊണ്ടു, ഒരു പ്രൗഢ കോലായിൽനിന്നു ചാണകം തേക്കുന്ന ചുളിഞ്ഞുമുളിഞ്ഞ ഒരു മുത്തിത്തള്ളയെ ചൂണ്ടിക്കാണിച്ചു പുറ

മുള്ളവർ ചിരിക്കുന്നതു കൂടാതെ എത്രയോ ഗൌരവഭാവത്തോടെ എന്നെ നോക്കുന്നുണ്ടാകും. കാൎയ്യവശാൽ വല്ല വീട്ടിലും കേറാനുണ്ടെങ്കിൽ ചായ കൊണ്ടുതരുന്നതു ഒരു പരിഹാസച്ചിരിയും പുറത്തിറക്കിക്കൊണ്ടു കല്യാണം കഴിയാത്ത ഒരു യുവതിയായിരിക്കും. "പെണ്ണുകാണാൻപോകയാണെങ്കിൽ ഈ വീട്ടിൽ വന്നുകൊൾവിൻ" എന്നു പെണ്ണിനെ കാണാതെ കഴിക്കാൻ വിചാരിക്കുന്ന എന്നെ പലരും നിൎദ്ദാക്ഷിണ്യം ക്ഷണിക്കുന്നുണ്ടായിരിക്കും. "പെണ്ണുള്ളേടത്തു ഈ കണ്ണികാണാൻ കൊള്ളാത്ത പണ്ടത്തെകയററരുതു" എന്നു കതിരകളെപ്പോലെ മൂത്തിന്നു ഒരു ഡസൻ വിവാഹം കഴിയാത്ത കന്യകകളുടെ വല്യമ്മ എന്നെ ശകാരിക്കുകയും ശപിക്കുകയും ചെയ്യുന്നുണ്ടാകും. താതനാരെന്നറിയാതെ പുറത്തിറങ്ങിയ കുട്ടികളേക്കൊണ്ടും താതൻ മരിച്ചുപോയ കുട്ടികളേക്കൊണ്ടും അവററയുടെ തള്ളമാർ എന്നെ "അച്ഛാ" എന്നു വിളിപ്പിച്ചു വിനോദിക്കുന്നുണ്ടാകും. "ഈ ഗ്രഹം ഒരു പെണ്ണാണെന്നു തോന്നുന്നു. പിന്നെ എന്തിനാണ് ഈ ആണിന്റെ വേഷത്തിൽ നടക്കുന്നതു. ഈ പാവത്തിന്നു വല്ലഭത്താവിനെയും സ്വീകരിച്ചു മനുഷ്യന്റെ കോലത്തിൽ നടക്കരുതോ" എന്നായിരുന്നു ഞാൻ കേറുമ്പോൾ ഒരു തരുണി അവളുടെ സഖിയോടു പറഞ്ഞതു. മറെറാരവസരത്തിൽ ഞാനൊരിടയിൽകൂടെ നടക്കുമ്പോൾ എന്റെ പിന്നിൽനിന്നു നടന്ന സംഭാഷണം ഇങ്ങനെയായിരുന്നു.

"ഈ ഗ്രഹത്തിന്നു പെണ്ണുങ്ങളെ കണ്ടുകൂടാ" എന്നൊരുവൾ പറഞ്ഞതിന്നു "എന്നാൽ പെണ്ണില്ലാത്ത രാജ്യത്തിൽ ചെന്നോട്ടെ" എന്നു മററവളും "പെണ്ണില്ലാത്ത

രാജ്യമേതാണെന്നു" ആദ്യം പറഞ്ഞവളും "വിശ്വാമിത്ര മഹർഷിയെക്കൊണ്ടു ഒരു പുതിയ രാജ്യം ഇദ്ദേഹത്തിന്നു നിർമ്മിച്ചുകൊടുക്കാൻ ഞാൻ ശ്രമിക്കാം" എന്നു രണ്ടാമത്തെ ഉത്തരംകേട്ടവളും, "ഇത്രയൊക്കെ നീ പ്രയാസപ്പെട്ടിട്ടു അവിടെ ഇദ്ദേഹം പോന്നില്ലെങ്കിലോ" എന്നു ഒന്നാമത്തെ സംശയഗ്രസ്തയും "എന്നാൽ ആ മഹർഷി കോപിച്ചിട്ടു ഇദ്ദേഹത്തെ ഒരു പെണ്ണാക്കട്ടെ" എന്നു രണ്ടാമത്തെ വരദാനിയും "ഇപ്പോൾതന്നെ ഇയാൾ ഒരു പെണ്ണല്ലെന്നു ആർ കണ്ടു. നേരറിയാതെ വിടരുതു" എന്നു ഒന്നാമയും "ശരിയാണ് പറഞ്ഞതു്" എന്നു രണ്ടാമയും അഭിപ്രായപ്പെട്ടതോടുകൂടി ഒന്നിന്നും മടിക്കാത്ത ഈ രണ്ടു യുവതികളും, സർവ്വത്തിന്നും, സന്നദ്ധകളായ ഈ രണ്ടു വിദ്യാർത്ഥിനികളും എന്നെ തടുത്തുവെച്ചു മുന്നോട്ടു കാലടി വെപ്പാൻ സമ്മതിക്കാതെ പിടിച്ചുനിറുത്തി നാരായണ! നാരായണ!! എനിക്കു പേടിയും രോമാഞ്ചവും ഏകകാലത്തിൽ ജനിച്ചുപോയി. ഇനി എന്തൊക്കെയാണ് ഇവർ ചെയ്വാൻ ഭാവിക്കുന്നതെന്നോർത്തു ഞാൻ നെഞ്ഞിടിപ്പോടെ നില്ക്കുമ്പോൾ മറെറാരു വൃദ്ധ അങ്ങിനെ വരുന്നതുകണ്ടു എനിക്കു അല്പം അടക്കമുണ്ടായി. അവരെ കണ്ടപ്പോൾ യുവതികൾ രണ്ടും തിരിഞ്ഞുനിന്നു അവരുടെ നെഞ്ഞത്തു തൊട്ടുകൊണ്ടു "ഇതാ നോക്കൂ, ഈ മര്യാദകെട്ടവനേക്കൊണ്ടു ഞങ്ങൾ പെൺകുട്ടികൾക്കു സൈര്യംപോലെ വഴിനടക്കാൻകൂടി സാധിക്കുന്നില്ല. ഞങ്ങളെ ബലമായി തടഞ്ഞുനിറുത്തി എന്തൊക്കെയോ തോന്നിയവാസങ്ങൾ സംസാരിക്കുന്നു" എന്നും പറഞ്ഞു അവർ അവരുടെ പാട്ടിന്നു പോയി. യദൃച്ഛയാ വന്ന വൃദ്ധ എന്നെ ശകാരിച്ചുവിട്ടതിന്നു ഒരു

അതിരും അളവും ഉണ്ടായിരുന്നില്ല. എന്റെ പത്തുതലമുറ മുമ്പേ മരിച്ചു മണ്ണായിപ്പോയ പൂർവ്വപിതാക്കന്മാർക്കുപോലും ആ തള്ള സൈര്യം കൊടുത്തില്ല. ഞാൻ നിർദ്ദോഷിയാണെന്നും പെൺകുട്ടികൾ എന്നെ ചതിച്ചതാണെന്നും ആ വൃദ്ധയുടെ കാലുംപിടിച്ചു ബോധിപ്പിച്ചെങ്കിലും, ഞാൻ താഴുന്നേടത്തോളം വൃദ്ധയുടെ പരാക്രമം പൊന്തിത്തുടങ്ങിയതേയുള്ളു. ഞാനും എന്റെ പേടിയും തീയും അതിന്റെ പുകയും എന്നപോലെ കൂട്ടുകൊണ്ടൊന്നുണർന്നപ്പോൾ വൃദ്ധയാണു് നേരെ മുന്നിൽ നിൽക്കുന്നതെന്നു കണ്ടു, പേടിക്കു പിന്നെയും പാരുഷ്യത്തേക്കാൾ ശക്തി വർദ്ധിച്ചു. ഞാൻ തല്ലുകിട്ടിയ പൂച്ചയേപ്പോലെ ഇളിഭ്യനായി ശബ്ദമില്ലാതെ ഒരേടത്തൊതുങ്ങി. ഇങ്ങിനെ ഞാനും എന്റെ പേടിയും, മീനും അതിന്റെ കുഞ്ഞുങ്ങളും എന്നെപോലെ ഒതുങ്ങിക്കളഞ്ഞതുകൊണ്ടു വൃദ്ധയുടെ തല്ലും മാന്തും ചവിട്ടും കുത്തും കിട്ടാതെ ഒഴിഞ്ഞു എന്നുമാത്രം പറയാം. പെണ്ണുങ്ങൾ ഇങ്ങനെയൊക്കെ കാട്ടിക്കൂട്ടിയാൽ ഞാൻ എന്തു ചെയ്യും. അബലകൾ എന്ന നാമവും ധരിച്ചു ഈ യക്ഷികൾ രാത്രി നടക്കാത്ത പുരുഷന്മാരെയും വന്നു ബാധിച്ചാൽ ഈയുള്ളവർക്കു ഗതിയെന്തു? പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മാവിനുമാവതല്ലെന്നു പണ്ടുള്ള കാരണവന്മാർ പറഞ്ഞതു സ്വർണ്ണലിപിയിൽ എഴുതി പ്രസിദ്ധപ്പെടുത്തേണ്ടുന്ന ഒരു പ്രമാണമാണെന്നു എനിക്കു തോന്നി. ഞാനും എന്റെ പേടിയും കയറും ഒരു കൊമ്പും നോക്കി ഒരു ആലോചന കഴിച്ചു. ആത്മഹത്യചെയ്യുന്നവർക്കു നരകമാണെന്നറിഞ്ഞതുകൊണ്ടും ഇനിയും ഇവിടെ കഴിച്ചുകൂട്ടുന്നതു പ്രയാസമാണെന്നു കരുതിയതുകൊണ്ടും പദാർത്ഥവും അതിന്റെ

നിഴലും എന്നപോലെ ബന്ധിച്ചുപോയ ഞാനും എന്റെ പേടിയും അന്നുതന്നെ രാജ്യംവിട്ടു.

ക്രൂനിയും അവന്റെ ചികിത്സയും എന്നപോലെ ഞാനും എന്റെ പേടിയും മറെറാരേടത്തെത്തി. ഞാൻ എത്തിച്ചേൎന്ന വെമ്പല്ലൂർ എന്ന ദിക്ക കേരളത്തിൽ കേളികേട്ട ഒരു ദിക്കായിരുന്നു. ഇവിട്ടത്തെ സുഖകരമായ ശീതോഷ്ണസ്ഥിതിയും സുമുഖികളായ പെൺപിള്ളകളും എനിയ്ക്ക ഏററവും ഉല്ലാസകരങ്ങളായിത്തീൎന്നു. ഞാൻ ഒരു പറമ്പിന്റെ മദ്ധ്യത്തിൽ നിന്നിരുന്ന ഒരു ചെറിയ ബംഗ്ലാവു ക്രൂലിയ്ക്ക വാങ്ങി അവിടെ താമസിച്ചു. ഇവിടെയുള്ളവക്കൊന്നും കാമ്പും അതിന്റെ കൂമ്പും എന്നപോലെ ഉള്ള ഞാനും എന്റെ പേടിയും തമ്മിലുള്ള കൂട്ടുകെട്ടിനെപ്പററി അറിവില്ലാത്തതുകൊണ്ടും ഇവിട്ടത്തുകാരാരും എന്നെ പരിഹസിക്കാൻ പുറപ്പെടാത്തതുകൊണ്ടും പാമ്പും അതിന്റെ പോട്ടും എന്നപോലെ ഞാനും എന്റെ പേടിയും ചിലപ്പോളൊക്കെ അകന്നു തുടങ്ങി. എന്നു മാത്രമല്ല ഞാൻ പെണ്ണുങ്ങളെ കൌതുകത്തോടുകൂടെ കടാക്ഷിക്കാനും തരമുള്ളപ്പോൾ അവരോടു ഓരോന്നു മന്ദഹസിക്കാനും തക്കവണ്ണം ധീരനായിത്തുടങ്ങി. എനിക്ക ഒരു പുതിയ ചൈതന്യംവെച്ചു. എന്റെ വീട്ടിന്റെ കിഴക്കെ ഭാഗത്തുള്ള ഒരു ഊടുവഴിയിൽക്കൂടെയാണു് വടക്കോട്ടുള്ള പുഴക്കടവിലേക്ക പെണ്ണുങ്ങൾ കുളിക്കാൻ പോകുന്നതു്. രാവിലെ ഒരു ചുരുട്ടും വലിച്ചു ചാരുകസേലമേൽ കിടന്നാൽ സിനിമയുടെ രംഗത്തിൽ എന്നപോലെ ഉദിച്ചും അസ്തമിച്ചും കളിയ്ക്കുന്ന സ്ത്രീമുഖപത്മങ്ങളേക്കണ്ടു രസിപ്പാൻ എനിയ്ക്ക വേണ്ടുവോളം സൌകൎയ്യവും അവസരവും ഉണ്ടായിരുന്നു.

"അദർശനേ ദർശനമാത്രകാമാ-ദൃഷ്ട്വാ പരിഷ്വംഗരസൈകലോലാ" എന്നു പറഞ്ഞതുപോലെ പടിവാതിലിൻെറ അടുത്തു ചെന്നു നിന്നാൽ തെല്ലുകൂടി സ്പഷ്ടമായി കാണുവാനുള്ള ഭാഗ്യവും സിദ്ധിക്കുകയില്ലേ എന്നു വിചാരിച്ചു ഞാനും എൻെറ പേടിയും അല്പം അതിൻെറ ചുമട്ടം എന്നപോലെ ഇരിഞ്ഞിരിഞ്ഞവിടെച്ചെന്നു നാഴികക്കല്ലുപോലെ ഒരു ദിക്കിൽ സ്ഥാനമുറപ്പിച്ചുനിന്നു. എൻെറ പറമ്പിൻെറ നേരെ തെക്കേതിൽ പാക്കുന്ന രണ്ടു പെണ്ണുങ്ങളാണ് കൂടക്കൂടെ ദൃഷ്ടിയിൽപെട്ടു മുഖപരിചയംകൊണ്ടു എനിക്കു ഏറ്റവും അറിവായി വന്ന കൂട്ടർ. അവർ രണ്ടും കിഴക്കും പടിഞ്ഞാറുംപോലെ തിന്മയും നന്മയുംപോലെ രണ്ടു വിപരീതമട്ടിൽ സൃഷ്ടിക്കപ്പെട്ട സത്വങ്ങളായിരുന്നു. ഒന്നിനേ സൃഷ്ടിച്ചതു കാലനാണെങ്കിൽ മറേറതിനെ സൃഷ്ടിച്ചതു മാരനാണ്. ഒന്നു കെട്ട മത്സ്യത്തിൻെറ ദുർഗ്ഗന്ധംപോലെയാണെങ്കിൽ, മറേറതു വിരിഞ്ഞ പൂത്താലിയുടെ സൌരഭ്യംപോലെയാണ്. രാത്രിയും പകലുംപോലെ, രാക്ഷസിയും ദേവസ്ത്രീയുംപോലെ, എരുമയും മാൻപേടയുംപോലെ, കരിങ്കല്ലും മാണിക്യമണിയുംപോലെ, കാക്കയും ഹംസിയുംപോലെ, ഞാനും എൻെറ പേടിയുംപോലെ ഈ രണ്ടു പെണ്ണുങ്ങളും ഒന്നിച്ചു നടക്കുന്നതു താരതമ്യംകൊണ്ടു ഒരുവളുടെ വൈരൂപ്യം ഭയങ്കരമാക്കാനും മററവളുടെ സൌഭാഗ്യം ഹൃദയംഗമമാക്കാനും വേണ്ടിയോ എന്നു തോന്നിപ്പോകും. ഒന്നാമത്തേ അവൾക്കു പ്രായം നാല്പതിൽ ഒട്ടും കുറയുകയില്ല, നിറം ശ്രീകൃഷ്ണഭഗവാൻെറ നിറത്തേക്കാൾ എത്രയോ കട്ടികൂടിയതാണ്. ദേഹം അത്യന്തം സ്ഥൂലിച്ചിട്ടുമാണ്. ഇടക്കിടെ വെള്ളിക്കമ്പികൾപോലെ

ഇരിക്കുന്ന ഇഴകളോടുകൂടിയ നീളമില്ലാത്ത ചികരിമുടി, കാട്ടിരോമം ചെമ്പരി മുതലായവയുടെ സഹായംകൊണ്ടു ഗർഭിണിയുടെ പള്ളപോലെ വേണ്ടതിലധികം വണ്ണംവെപ്പിച്ച മൂർദ്ധാവിനു കുത്തനേ നില്ക്കുംപടി ഇടിവീഴാതിരിപ്പാനുള്ള യന്ത്രക്കോപ്പോ എന്നു തോന്നുമാറു, കെട്ടിനിറുത്തിയതു കണ്ടാൽ തലയിൽ എന്തോ ഒരുതരം ഭാരംവെച്ചതാണെന്നു വിചാരിച്ചു ആളും പേടിച്ചുപോകും. കണ്ണുകൾ വെള്ളയ്ക്കാപോലെ തുറിച്ചുനില്ക്കുന്നതു കാണുമ്പോൾ അവററ സ്ഥാനങ്ങളിൽനിന്നു ഇപ്പഴിപ്പഴ് ഉതിരിത്താഴെ വീണുപോവാനിടയുണ്ടെന്നു തോന്നിപ്പോകും. മൂക്കു അടിച്ചു പരത്തിയപോലെ പരന്നിട്ടാണ്. കാതിൽ ഓരോ തളയോളം പോരുന്ന ഈയ്യോലയും, ചേരട്ടയേപ്പോലെ ചുരുണ്ടുകിടക്കുന്നുണ്ടു. മുമ്പല്ലുകൾ ചിറിപൂട്ടാനനുവദിക്കാത്ത വിധത്തിൽ നൊണ്ണിന്നു കുത്തനേ പന്നിയുടെ തേററപോലെ എറിച്ചുനില്ക്കുന്നു. കയ്യിൻെറയും കാലിൻെറയും മുട്ടിന്മേലും തൂണിക്കുത്തു തട്ടുന്ന ഉദരത്തിന്മേലും, ആനത്തോലുപോലെ തടിച്ചു കറുത്ത ചൊറിയുടെ പാടുകളും ഉണ്ടായിരുന്നു. ഈ വക കാന്തികളോടുകൂടി നാളികേരംപോലെയുള്ള കഴുത്തിലെ മുഴയും, നാഭിവരെ തൂങ്ങിക്കിടക്കുന്ന ഒഴിഞ്ഞ സഞ്ചിപോലെയുള്ള ചുളിഞ്ഞ സ്തനങ്ങളും, അരിനിറച്ച ചാക്കുപോലെ വീർത്ത ഉദരവും, ചക്കിൻകുററിപോലെ തടിച്ചു പരുപരുത്ത വലത്തെ പെരിങ്കാലും കൂട്ടിച്ചേർത്താൽ ഈ ഭയങ്കരിയുടെ കോലം ഏകദേശം മനസ്സിലാക്കാവുന്നതാണ്. ഈ താടകയെ കണ്ടാൽ സത്യമായിട്ടും വിഷൂചിക ബാധിക്കാതെയും ഛർദ്ദി തുടങ്ങിപ്പോവും. എന്നാൽ മററവളോ ആദ്യം പറഞ്ഞവളുടെ വൈരൂപ്യ

തിന്റെ ഒരു പരിഹാരമോ എന്നു തോന്നിപ്പോകുന്ന ഒരു ഇന്ദുലേഖതന്നെയായിരുന്നു. കൃശമായ ദേഹത്തിന്മേൽ മുഴച്ചുനില്ക്കുന്ന സ്തനങ്ങളുടേയും നിതംബത്തിന്റേയും വലിപ്പവും, ചുണ്ടിന്റെ തുടുപ്പും, പല്ലിന്റെ വെണ്മയും, പുരികത്തിന്റെ മൂററം, മുടിയുടെ നീളവും, മുഖത്തിന്റെ സന്തതമന്ദസ്മിതസ്വഭാവവും അവളെ എത്രയോ ആനന്ദസ്വരൂപിണിയാക്കിത്തീർക്കുന്നുണ്ടു. വയസ്സു പതിനെട്ടിൽ കാലെടുത്തുവെച്ചോ എന്നു സംശയമാണ്. മുൻവിവരിച്ച കാളരാത്രിയുടെ വഴിയേ നടക്കുന്നതു ഈ നിസ്തുലയ്ക്കു കണ്ണുകൊള്ളാതിരിപ്പാൻ വേണ്ടിയായിരിക്കുമെന്നേ ബാക്കിയുള്ളവർ കരുതാനിടയുള്ളു. ഈ ജഗന്മോഹിനിയെ കണ്ടപ്പോൾ ഞാനും എന്റെ പേടിയും വെളിച്ചപ്പാടും അവന്റെ വാളും എന്നപോലെ ഭ്രമംകൊണ്ടു വിറക്കാൻ തുടങ്ങി, അന്വേഷിച്ചുനോക്കിയപ്പോൾ ആദ്യം പറഞ്ഞ വൈരൂപ്യത്തിന്റെ കൂമ്പാരവും, പിന്നീടുപറഞ്ഞ ഉപമാനത്തിന്റെ സ്വരൂപണവും, ജ്യേഷ്ഠയും ലക്ഷ്മിയും എന്നപോലെ, ജ്യേഷ്ഠത്തിയും അനുജത്തിയുമാണെന്നറിഞ്ഞു ഞാനും എന്റെ പേടിയും, ആനയും അതിന്റെ അങ്കുശവും എന്നപോലെ സ്വരച്ചേർച്ചയില്ലാതെ നിന്നുപോയി. ഒന്നാമത്തെ മഹർഷിയുടെ പേർ വള്ളി എന്നും രണ്ടാമത്തെ മംഗളയുടെ പേർ ലക്ഷ്മിക്കുട്ടി എന്നും ആയിരുന്നു.

പുളിക്കൽ പുള്ളിക്കൽ ഗോപാലൻനായർ ഒരു നല്ല ജന്മിയാണു. ഒന്നാന്തരം കിരിയത്തിൽ നായരുമാണ്. അദ്ദേഹത്തിന്റെ ആദ്യത്തെ ഭാര്യ മരിച്ചിട്ടു കൊല്ലം ഇരുപതു കഴിഞ്ഞെങ്കിലും രണ്ടാമത്തെ വിവാഹം കഴിക്കാൻ തക്കവണ്ണം ഈ മഹാനെ പ്രേരിപ്പിച്ചതു ലക്ഷ്മിക്കുട്ടിയുടെ മനോ

ഹരമായ രൂപലാവണ്യം ഒന്നു മാത്രമാണ്. ലക്ഷ്മിക്കുട്ടി ശൂദ്രജാതിയാകകൊണ്ടും തറവാട്ടിൽ ക്ഷേമമോടെ കഴിവാൻ വകയില്ലാത്തവളാകകൊണ്ടും ഭാരമായി അമ്പതു വയസ്സു മാത്രമുണ്ടായിരുന്ന ഗോപാലൻ നായർ ആക്കും "അലൌസരവും" അലട്ടും വേണ്ടെന്നുവെച്ചു ഞാൻ താമസിക്കുന്നതിൻെറ തൊട്ടു തെക്കേതിലുള്ള തൻെറ പൂമാല എന്ന കുളപ്പുരയിൽ ആ സുഭ്രൂവേക്കൊണ്ടുവന്നു താമസിപ്പിച്ചതാണ്. ചുററുമുള്ള യുവാക്കന്മാരുടെ അക്ഷിപാതങ്ങൾക്കു കേന്ദ്രമായിത്തീരാനിടയുള്ള കുട്ടി, സ്വകാര്യമാകുന്നതു ശരിയല്ലെന്നറിഞ്ഞിട്ടു, ലക്ഷ്മിക്കുട്ടിയുടെ അമ്മയുടെ ആദ്യത്തെ സംബന്ധക്കാരനായ ആനപ്പട്ടരിൽ ജനിച്ച ആ ഗംഭീരാക്ഷിവള്ളിയേയും വരുത്തി, "നിധി കാക്കുന്ന ഭൂതം കണക്കെ" ഒന്നിച്ചു താമസിപ്പിച്ചതാണ്. ജോലിത്തിരക്കുകൊണ്ടു ഗോപാലൻനായക്കു എല്ലാ ദിവസവും പൂമാലക്കുളത്തിൽ താമസിക്കാൻ സാധിക്കാറില്ല. മുക്കാലും ദിവസങ്ങൾ അദ്ദേഹം വേറെയായിരിക്കും താമസം. പ്രകൃത്യാ കോപിഷ്ഠനും പരിഷ്കാരബാധയില്ലാത്ത ആളുമാണെങ്കിലും അദ്ദേഹത്തിനു ലക്ഷ്മിക്കുട്ടിയെ വളരെ പ്രേമവും വിശ്വാസവുമാണ്. എന്നാൽ പതിനേഴു വയസ്സിലെ പ്രകടിപ്പുകളും കോപ്പുകളും ആടലും ആഡംബരങ്ങളും പരിപൂത്തിയായി തെളിഞ്ഞു വിളങ്ങുന്ന നമ്മുടെ ലക്ഷ്മിക്കുട്ടി, ബാക്കിയുള്ളവർ നാക്കെടുക്കാതെ നാളുതോറും പ്രസംഗിച്ചാലും അമ്പതു വയസ്സു കഴിഞ്ഞു ഒരാളെക്കൊണ്ടു തൃപ്തിപ്പെട്ടു പതിവ്രതാധർമ്മം പരിപാലിക്കുമോ എന്നാണ് ഞാനും എൻെറ പേടിയും, മാരീചനും അവൻെറ മായയും എന്നുപോലെ പരിശോധിക്കാൻ ഒരുമ്പെട്ടു നോക്കുന്നതു്.

ലക്ഷ്മീദേവിയേക്കാൾ ലക്ഷണം തികഞ്ഞ ലക്ഷ്മിക്കുട്ടിയിൽ ബാക്കിയുള്ളവർ വിചാരിക്കും പോലെ വലിയ ചാപല്യമൊന്നും കാണാറില്ലെങ്കിലും മൂരാട്ടിൽ ശങ്കരമേനോൻ എന്ന സോമാരിയായ ഒരു ചെറുപ്പക്കാരൻ—മുടിയും നീട്ടി, കുടുമയും വെട്ടി, മേൽമീശയും വെച്ചു്, ഒരവസ്ഥക്കാരൻ—ഷട്ടും വേഷ്ടിയും ധരിച്ചേ പുറത്തിറങ്ങുകയുള്ളു എന്ന പിടിത്തക്കാരൻ—പൂമാലകളെത്തിൽ ഒരാദ്യവസാനക്കാരനാണെന്ന ഒരു ശ്രുതി കേവലം ഇല്ലാത്തതുമല്ല. ഞാൻ തന്നെ അദ്ദേഹത്തെ പല പ്രാവശ്യവും അവിടെ പോകുന്നതു കണ്ടിട്ടുണ്ടു്. ആ സമയത്തും അദ്ദേഹം അവിടെ ചെല്ലാറുണ്ടോ എന്നു ഞാൻ അറിയില്ല. ലക്ഷ്മി, ചപലയാണെന്നു വന്നാൽ തന്നെ ആശ്ചര്യപ്പെടാനുമില്ല. അതൊക്കെ ആലോചിക്കേണ്ടുന്ന കാര്യം എനിക്കും ഇല്ല. ഞാൻ താമസിക്കുന്ന വീടു ഗോപാലൻനായരോടു വാടകക്കു മേടിച്ചതു കൊണ്ടായിരിക്കുമോ എന്നറിയുന്നില്ല ലക്ഷ്മിക്കുട്ടി എന്നെ കാണുമ്പോളൊക്കെ ഒരു കളുവായ കടാക്ഷംകൊണ്ടും ഒരു മനോജ്ഞമായ മന്ദഹാസംകൊണ്ടും സരസമായി സല്ക്കരിച്ചു വിട്ടേക്കുന്നതു്. ആ സമയത്തൊക്കെ ഞാനും എന്റെ പേടിയും കടലും അതിന്റെ തിരയും എന്നപോലെ കെട്ടി മറിഞ്ഞു പോകാറുണ്ടു. ഇങ്ങിനെ കൂടക്കൂടെ കണ്ടുമുട്ടിത്തുടങ്ങിയപ്പോൾ പരിചയം വർദ്ധിക്കുകയും പേടി പിൻവാങ്ങുകയും ലക്ഷ്മിക്കുട്ടിയുടെ മന്ദഹാസം മടക്കിക്കൊടുക്കാൻ തക്കവണ്ണം ഞാൻ ധൈര്യപ്പെടുകയും കൂടിചെയ്തു. എന്തൊരു സഹിക്കവയ്യാത്ത പുഞ്ചിരിയാണ് ലക്ഷ്മിക്കുട്ടിയുടെ പുഞ്ചിരി. എന്തൊരു സ്മരിക്കവയ്യാത്ത കൌതുകമാണ് അതെനിക്കുണ്ടാക്കിത്തീക്കുന്നതു. ഒരു ദിവസമെങ്കിലും ആ

മനോഹരമന്ദഹാസം കാണാതിരുന്നാൽ എനിക്കു എന്തോ ഒന്നു മറന്നുപോയപോലെ ഉള്ള ഒരസ്വാധീനത വന്നുചേരുന്നു. മുഖം വീൎപ്പിച്ചു നടക്കുന്ന ആ അസത്തു വള്ളിയെ കണ്ടിട്ടു വെറുപ്പു പിടിപെടും. ക്ഷണത്തിൽതന്നേ മറേറ ശോണാധരിയുടെ മന്ദസ്മിതാഞ്ചിതമായ വദനപത്മം എന്തൊരാശ്വാസമാണ് തനിയേതന്നേ തരുന്നതു. കഷായം കുടിച്ചാൽ അതിൻെറ കയ്പുരസം ശമിക്കാൻ പഞ്ചസാര വായിലിടുന്നതുപോലെ വള്ളിയേക്കണ്ടു വെറുത്തുപോയവൎക്കു ലക്ഷ്മിക്കുട്ടിയെ നോക്കി വെറുപ്പു തീൎക്കാം. എത്ര പ്രാവശ്യമാണ് ലക്ഷ്മിക്കുട്ടിയോടു ലോഹ്യം പറവാൻ തന്നത്താനറിയാതെ ഓങ്ങിപ്പോയ ഞാൻ ആ വരാഹിവള്ളിയേക്കണ്ടു ഭയപ്പെട്ടു പിൻവാങ്ങിയതു. എത്ര തവണയാണ് ആ അന്ധകാരാവരണം കൂടാതെ ഈ പ്രഭാപൂരത്തെ മാത്രം കാണ്മാൻ ഞാൻ കാക്കുകയും കൊതിക്കുകയും ചെയ്തതു. എത്രതെല്ലാം അമ്പലങ്ങളാണ് എൻെറ വഴിപാടുകൾകൊണ്ടു നിറഞ്ഞുപോയതു. എന്തെല്ലാം സൂത്രങ്ങളാണ് എൻെറ മനസ്സിൽ ഉല്പാദിച്ചു കഴിഞ്ഞതു. പുതുക്കിപ്പറഞ്ഞാൽ നിലാവും അതിൻെറ കലയും എന്നപോലെ ശോഭിച്ചു. അന്നതാണെങ്കിലും കൂടി ഞാനും എൻെറ പേടിയും ക്ഷണകാലംകൊണ്ടു ഒഴുക്കും അതിൻെറ അഴുക്കും എന്നപോലെ കലങ്ങിമറിഞ്ഞുപോയിരിക്കുന്നു.

ദൃഢമായി മനസ്സുകൊണ്ടാലോചിക്കുന്ന കാൎയ്യം വന്നുഭവിക്കാതിരിക്കില്ലെന്ന ന്യായത്തെ ഉദാഹരിക്കുംവണ്ണം നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ ലക്ഷ്മിക്കുട്ടി എൻെറ പടിവാതിലിൻെറ അടുക്കെ, ഒററക്കു വന്നുനില്ക്കുന്നതു കണ്ടു ഞാൻ ആനന്ദമത്തനായി അങ്ങട്ടു നടന്നു. എന്നെ

കണ്ടപ്പോൾ ആ മുഖപത്മത്തിൽ സ്ഫുരിച്ച മന്ദഹാസം ഒന്നുതന്നെ; എന്റെ ജന്മം സഫലമാക്കിപ്പാനെന്നു, ഞാൻ കാരണത്തോടുകൂടെ കരുതേണ്ടിവന്നു. കണ്ടു പരിചയം ധാരാളമുണ്ടായിരുന്നതുകൊണ്ടു സംസാരിപ്പാൻ മറെറാരു പരിചയത്തിന്റെ സഹായവും വേണ്ടിവന്നില്ല. ലക്ഷ്മിക്കുട്ടിയും ഞാനും പലലോഹ്യങ്ങളും പറഞ്ഞതിൽ പിന്നെ, അവളുടെ വീട്ടിൽ ചെല്ലാത്തതിനെപ്പററി അവൾ എന്റെ മേൽ മനോഹരമാകുംവണ്ണം ഒരു കുററം ചുമത്തി. ലക്ഷ്മിക്കുട്ടിയുടെ നേരെയുള്ള ബഹുമാനംകൊണ്ടും വള്ളിയുടെ നേരെയുള്ള അറപ്പുകൊണ്ടും, വീട്ടിൽ ചെല്ലുന്ന കാര്യം വേണ്ടെന്നു വെച്ചെങ്കിലും, ഒരൊററ ദിവസമൊഴിയാതെ ഞാനും ലക്ഷ്മിക്കുട്ടിയും കണ്ടു സംസാരിക്കുന്ന പതിവു ഒന്നുകൊണ്ടും വേണ്ടെന്നു വെക്കാനുള്ള ധൈര്യം എനിക്കുണ്ടായിരുന്നില്ല. ഞങ്ങളുടെ സ്നേഹം തിരുവാതിര ഞാററുവേലയിലെ വെള്ളംപോലെ വൎദ്ധിച്ചു. ഈ സ്ത്രീരത്നത്തോടു ഒന്നുരണ്ടു നിമിഷം സംസാരിക്കുന്നതുതന്നെ, എനിക്കു ആറു മാസം സൂപ്പുകുടിച്ച ഫലവും ആറാണ്ട് ആലുവായിൽ കുളിച്ച സുഖവും ഉണ്ടാക്കുന്നു. പിന്നെ ഞാൻ ഇവളെ വിട്ടൊഴിവാൻ എങ്ങിനെ ശക്തനാകും. സ്വപ്നത്തിലുംകൂടി ഇവളെ കാണുന്നതു ഒരു അനുഭവയോഗ്യമായ അവസ്ഥയായിട്ടല്ലേ എന്റെ ആനന്ദം എന്നെ അറിയിക്കുന്നതു. ഹൃദയം തുറന്നു എന്തും സംസാരിക്കുവാൻ ഞങ്ങൾക്കു മടി ഉണ്ടായിരുന്നില്ല. വീടു തന്റേതാകുമ്പോൾ ബാക്കിയുള്ളവരെ ആരെയും ഭയപ്പെടേണ്ടുന്ന ആവശ്യമില്ലെന്നും, പിന്നെ സംബന്ധം കഴിഞ്ഞ <u>തന്നെപ്പററി അപരാധം പറഞ്ഞാൽ തനിക്കു വലിയ</u>

കേടൊന്നും നേരിടാനില്ലെന്നും, ഞാൻ നിശ്ചയമായിട്ടും അങ്ങട്ടു ചെല്ലേണമെന്നും ചെല്ലേണ്ടുന്നതും ഛായ കുടിക്കേണ്ടുന്നതും അയൽവക്കക്കാരുടെ മുറയാണെന്നും, ആ ശാതോദരി ഓൎമ്മപ്പെടുത്തിയപ്പോൾ, ഞാനും എന്റെ പേടിയും വെളിയിലയും അതിലെ വെള്ളവും എന്നപോലെ, കൂട്ടുകെട്ടു കുറവായിത്തുടങ്ങി. ഇങ്ങിനെ നിഷ്കൎഷിച്ചപ്പോൾ ഈ സുന്ദരിക്കു ഒരു സമയം എന്റെ നേരെ അനുരാഗം വീണുപോയോ എന്നു ശങ്കിച്ചു ഞാൻ തെക്കേ അകത്തു ചെന്നു ചുമരിന്മേൽ തൂക്കിയ ഒരു കണ്ണാടി എടുത്തു, എന്റെ മുഖം ഒന്നു പരിശോധിച്ചു. കണ്ണു് ഒരു കോലാഴത്തിൽ കിടക്കുന്നു, കവിൾ പാട്ടുള്ളേടത്തോളം ഒട്ടിയിരിക്കുന്നു, നരയും ജരയും ഞാനോ നീയോ എന്നു മത്സരിക്കുകയും ചെയ്യുന്നു. പല്ലു് ഒന്നുരണ്ടു എന്നെ വെടിയുകയും ചെയ്തിരിക്കുന്നു. പോരെ. അഞ്ചാറു ദിവസംകൊണ്ടൊന്നും ഒരുവൻ സുന്ദരനായിപ്പോകയില്ലെന്ന ഇച്ഛാഭംഗത്തോടെ ഞാൻ കണ്ണാടി അവിടെത്തന്നെ തൂക്കി. എങ്കിലും എന്റെ മനോദൎപ്പണത്തിൽ സാക്ഷാൽ ലക്ഷ്മീസ്വരൂപം മാത്രം പ്രതിബിംബിച്ചു. എന്റെ സ്നേഹം ഒരു ദുരാലോചനയോ ദുഷ്ടവിചാരമോ കേവലം ഇല്ലാത്ത ഒരു നിഷ്കളങ്കപ്രണയം മാത്രമായിരുന്നു. ഒരു ഭക്തന്നു ഈശ്വരിയോടുള്ള സ്നേഹം പോലെയും, ഒരു പ്രകൃതിശാസ്ത്രജ്ഞന്നു, പുഷ്പത്തോടുള്ള സ്നേഹം പോലെയും, ഫലേച്ഛ കൂടാത്ത ഒരു പരിശുദ്ധസ്നേഹം മാത്രമായിരുന്നു. ഇങ്ങിനെ ഇരിക്കുമ്പോൾ ഒരു രാത്രി ആരോ ലക്ഷ്മിക്കുട്ടിയുടെ വീട്ടിന്റെ വടക്കേ വാതിലും കടന്നു പാഞ്ഞുപോയെന്നും, അയാൾ ശങ്കരമേനോനാണെന്നു സംശയിച്ചിട്ടുണ്ടെന്നും അന്നു തുടങ്ങി

ഗോപാലൻനായൎക്കു ലക്ഷ്മിക്കുട്ടിയെ വിശ്വാസമില്ലാതെ യായെന്നും ഒരു ജനശ്രുതികേട്ടു എനിക്കു കലശലായ വ്യസനം ജനിച്ചു. ആ മഹാലക്ഷ്മിക്കു അലോഹ്യത്തിന്നു വഴി ഉണ്ടാക്കിത്തീൎത്ത ശങ്കരമേനോനെ എനിക്കു തറിച്ചു കളയാമെന്നു തോന്നി. അവളുടെ മുഖമാകുന്ന ശ്രീരംഗത്തിൽ അല്പമെങ്കിലും വാട്ടം വെപ്പിച്ച ആ അധമനെ കുതിരച്ചുമ്മട്ടുകൊണ്ടു വീക്കേണ്ടതാണെന്നെനിക്കു തോന്നി. ലക്ഷ്മിക്കുട്ടിക്കുവേണ്ടി മരിച്ചുകളവാനുംകൂടി ഞാൻ സൎവ്വദാ സന്നദ്ധനായിരുന്നു. എനിക്കു ആ കോമളയോടു അത്ര അധികം പ്രേമം ജനിച്ചുപോയി. എന്റെ പ്രണയം മുഴുവനും ആ പ്രതിമയിൽ പ്രതിഷ്ഠിച്ചുപോയി. ഞാൻ ആ ഈശ്വരിയെ മനസ്സുകൊണ്ടാരാധിച്ചുപോയി. ഞാൻ ആ പ്രസന്നയുടെ വെറും ഒരടിമയായിപ്പോയി. ഞാൻ എല്ലാംകൊണ്ടും പരാജിതനായിപ്പോയി. ഞാനും എന്റെ പേടിയും കാമിയും അവന്റെ നാണവും എന്നപോലെ അത്യന്തം അകന്നുപോയി.

ഇങ്ങിനെ ഒരവസരത്തിലാണു്, ലക്ഷ്മിക്കുട്ടി അല്പം മനോവ്യസനത്തോടെ വന്നു കണ്ടിട്ടു ഞാൻ നട്ടങ്ങിപ്പോയതു. ഈ മൌഢ്യത്തിന്നു കാരണമെന്തെന്നു ഞാൻ നെഞ്ചിടിപ്പോടെ ലക്ഷ്മിക്കുട്ടിയോടു ചോദിച്ചു. "അതു നിങ്ങളോടു പറവാൻ തന്നെയാണു് ഞാൻ ഇപ്പോൾ വന്നതു. എനിക്കൊരാപത്തു വരാൻ ഇടയുണ്ടു. അതുപോക്കാൻ നിങ്ങൾ വിചാരിച്ചാലേ സാധിക്കയുള്ളു. അതെന്തെന്നു ഞാൻ ഇപ്പോൾ പറയുന്നില്ല. നിങ്ങൾ എന്നെ വിശ്വസിച്ചിട്ടു് ഒരു കാൎയ്യം ചെയ്യേണ്ടതുണ്ടു. വലിയ പ്രയാസമുള്ള കാൎയ്യമൊന്നും ഞാൻ നിങ്ങളോടു ആവശ്യപ്പെടുന്നില്ല. നിങ്ങൾ ഇന്നു

രാത്രി പത്തുമണിക്കു വീട്ടിന്റെ വടക്കെ വാതിൽ വഴിയായി അടുക്കളയിൽ കടന്നു അതിലെ വടക്കേ അകത്തേ കട്ടിലിന്മേൽ ചെന്നിരുന്നാൽ മതി. ആപത്തിന്നിടയുണ്ടെന്നു തോന്നിയാൽ നിങ്ങളെ ഞാൻ വിളിച്ചുകൊള്ളാം. നിങ്ങൾക്കു എന്നോടുള്ള സ്നേഹംകൊണ്ടും എനിക്കു നിങ്ങളോടുള്ള സ്നേഹംകൊണ്ടും മാത്രമാണ് ഞാൻ നിങ്ങളോടു ഇത്രത്തോളം ഒരുപകാരം ചെയ്വാനപേക്ഷിക്കുന്നതു. എന്നാലൊരു കാൎയ്യം മാത്രമുണ്ട്. ഞാൻ നിങ്ങളോടു വരാൻ പറഞ്ഞ വിവരം കഴുത്തറുത്താലും പുറത്തുപറകയില്ലെന്നു ഒരു സത്യവുംകൂടി ചെയ്യണം. എന്നാലേ എനിക്കു മനസ്സിന്നു സമാധാനമുണ്ടാകയുള്ളു." ഇതൊക്കെ കേട്ടപ്പോൾ ഞാൻ പിന്നെയും ഒന്നു കാൎയ്യമായും കലശലായും നടുങ്ങി. തീയും അതിന്റെ ധാരണയും എന്നപോലെ, ഞാനും എന്റെ പേടിയും ഒന്നു ആലോചനയിൽ മുഴുകി. "രഹസ്യക്കാരന്റെ മട്ടിൽ നല്ലപേർ നിലനിറുത്തേണ്ടുന്ന നിന്റെ വീട്ടിൽ വരാൻ എനിക്കു ഒരിക്കലും മനസ്സു വരുന്നില്ല. നിനക്കു ഇല്ലാത്ത അപരാധങ്ങൾ ഉണ്ടാക്കിത്തീൎക്കുന്നതു അത്ര വെടിപ്പല്ല. ഇനി അഥവാ നിന്റെ വീട്ടിൽ വരാൻ ഞാൻ ഇഷ്ടപ്പെട്ടാലും നിന്റെ ജ്യേഷ്ഠത്തി വള്ളിയുള്ള കാലത്തോളം എനിക്കു ധൈൎയ്യമുറയ്ക്കുയില്ല. ലോകാപവാദം ആരും ഭയപ്പെടേണം." എന്നിങ്ങിനെ ഞാൻ ഉറപ്പിച്ചു ഉത്തരം പറഞ്ഞപ്പോൾ "ജ്യേഷ്ഠത്തി അറിയാതെ നിങ്ങൾക്കു വന്നുപോരാം. ഒരു അബലയുടെ അപേക്ഷ അത്രവേഗം നിഷ്കാസിക്കുന്നതു പുരുഷധൎമ്മമല്ല." എന്നു പറഞ്ഞു ആ മോഹിനി പിന്നെയും എന്നെ നിൎബ്ബന്ധിച്ചു. ഞാൻ വേണ്ടതിലധികം അന്ധാളിച്ചു. എന്റെ സദ്ബു

ഡി എന്നെ വെടിഞ്ഞില്ല. വജ്ജ്യങ്ങളായിട്ടുള്ള കമ്മങ്ങൾ ചെയ്യാൻ ഞാൻ ഒരിക്കലും ഒരുക്കമില്ലെന്നു ഖണ്ഡിച്ചു പറഞ്ഞപ്പോൾ "നിങ്ങളെ മാത്രമേ ഞാൻ ഒരു സഹായമായി കരുതിയിരുന്നുള്ളു. നിങ്ങളുംകൂടി എന്നെ വെറുക്കുന്നുണ്ടെങ്കിൽ എനിക്കു ജീവിതത്തിൽ ആശയില്ല. നിങ്ങളുടെ സ്നേഹത്തിൽ എനിക്കത്ര വിശ്വാസമുണ്ടായിരുന്നു. എനിക്കു നേരിടുവാനിടയുള്ള ഈ ആപത്തിൽ നിങ്ങളുംകൂടി എന്നെ വെടിയുകയാണെങ്കിൽ വരുന്നതൊക്കെ സഹിക്കുവാനേ ഈ പാവപ്പെട്ടവൾക്കു നിവൃത്തിയുള്ളു." എന്നും മററും പറഞ്ഞു നിലവുംനോക്കി ലക്ഷ്മിക്കുട്ടി എക്കിട്ടയിട്ടു കരയുവാൻ തുടങ്ങി. അവളുടെ കണ്ണുനീർ കണ്ടാൽ ഏതു പുരുഷൻ അടങ്ങിക്കൂടും. അവളുടെ എക്കിട്ട കേട്ടാൽ ഏതു പുരുഷൻ ശിശുപാലനെപ്പോലെ പാടാതിരിക്കും. അവൾക്കു എന്താപത്താണ് നേരിടാനിടയുള്ളതു. ഇവളെ ഒരാൾ തൊടുമോ? "ഞാനൊരുപുരുഷനിന്നായുധത്തോടുകൂടി പ്രാണനോടിരിക്കുമ്പോളായതു ഭവിക്കുമോ" എന്നു ഉറപ്പോടുകൂടിയും "വധ്യനേ ഞാനുമവധ്യനാക്കീടുവാൻ-വധ്യനാക്കീടുവാൻ നൂനമവധ്യനെ" എന്നു മദത്തോടുകൂടിയും ഞാൻ എന്റെ നെഞ്ഞത്തു കയ്യുംവെച്ച് അവൾ കല്പിക്കുംപ്രകാരം ആചരിക്കാമെന്നു നാളീകലോചനന്റെ പാദം പിടിച്ചു ഒരു സത്യം ചെയ്തു് അവളെ ആശ്വാസിപ്പിച്ചു ധൈയ്യപ്പെടുത്തി മടക്കി അയച്ചു.

വൈകുന്നേരമായപ്പോൾതന്നെ "നിന്നുടെ—സത്യവും പാരം കടുത്തതെടോ ഫല്ഗുന" എന്നു മനസ്സു എന്നെ ശകാരിച്ചു തുടങ്ങിയിരിക്കുന്നു. ആപത്തെന്താണെന്നറിയാതെകണ്ടല്ലേ ഞാനവളോടു സത്യംചെയ്തുപോയതു. അവൾ

വിളിച്ചിട്ടു പോയതാണെന്നു പറവാനുംകൂടി വയ്യാത്ത വണ്ണം എന്റെ നാവും കെട്ടിക്കളഞ്ഞിട്ടില്ലേ? വരുന്നതു വരട്ടെ എന്നു വിചാരിച്ചു, ഞാൻ എന്റെ വലിയ ശികാർ കത്തി എടുത്തു വജ്രംപോലെ മൂർച്ചവരുത്തി. അതിന്റെ ഉളിച്ചിൽ കണ്ടപ്പോൾ എനിക്കു സാരം ധൈര്യമുണ്ടായെങ്കിലും രാത്രിയാം രാക്ഷസി അതിക്രമിക്കുന്തോറും, എന്റെ പരാക്രമം ദ്രവിക്കുവാൻ തുടങ്ങി. എന്റെ കത്തി നിരായുധനാണെങ്കിൽ, എന്റെ ശത്രുവിനു ഒരായുധസമ്പാദനമാർഗ്ഗമാകുന്ന ഉപകാരം ഉണ്ടാക്കിത്തീർക്കാൻ മതിയെന്നല്ലാതെ അതിനെക്കൊണ്ടു വല്ലതും എനിക്കുപകരിക്കുന്നതു കുറെ അമാന്തത്തിലാണെന്നു എനിക്കുതന്നെ തോന്നി. ഇതൊന്നും പോരാഞ്ഞിട്ടു മേലാലത്തെ അനർത്ഥസൂചകമെന്നപോലെ, കൂട്ടക്കുറുക്കന്മാരുടെ പുറപ്പെട്ടുകൊണ്ടിരുന്നതിന്റെ ചിനച്ചശബ്ദം കേട്ടപ്പോൾ, ഞാനും എന്റെ പേടിയും കേട്ടും അതിന്റെ പാട്ടും എന്നപോലെ പ്രത്യക്ഷവൈരൂപ്യത്തിൽ മുഴുച്ചുനിന്നു. നേരം പത്തായി. പുറപ്പെടാൻ മുഹൂർത്തവുമായി. എത്രതന്നെ പേടിയുണ്ടായിരുന്നാൽകൂടി ആപത്തുണ്ടെന്നറിയുമ്പോൾ പുരുഷന്മാരുടെ ഹൃദയത്തിൽ ഉദിച്ചുപൊങ്ങാറുള്ള കൌതുകം എന്നെയും വെടിഞ്ഞില്ല "ഇത്ഥംപറഞ്ഞു ഗദയുമെടുത്തു കൊ-ണ്ടുത്ഥാനവുംചെയ്തു ഗന്ധവാഹാത്മജൻ" എന്നപോലെ ഞാൻ കത്തിയും കൈക്കലാക്കി, വടക്കെ വേലിയും കടന്നു ചാടി, ലക്ഷ്മീപട്ടിയാകുന്ന നിക്ഷേപത്തെ സൂക്ഷിച്ചുവെച്ച പൊൻപെട്ടിപോലിരിക്കുന്ന ആ ഭവനത്തിന്റെ അടുക്കളവാതിലിന്റെ അടുക്കെ ചെന്നുനിന്നു. അല്പം ശ്രദ്ധിച്ചു നോക്കി. ശിവ! ശിവ! എന്റെ തല്ക്കാലത്തെ നിലകണ്ടാൽ

ഞാൻ അറമുറിക്കുന്ന കള്ളനല്ലെന്നു ആർ പറയും. പെണ്ണുങ്ങൾ എന്തു കോമാളിവേഷമാണ് പുരുഷന്മാരെക്കൊണ്ടു കെട്ടിച്ചുവിടുന്നതു? ഇങ്ങിനെയുള്ള ഒരാഭാസാവസ്ഥ എന്റെ ജീവദശയിൽ ഞാൻ അനുഭവിച്ചിട്ടുണ്ടോ?

"അന്തമില്ലാതഭിമാനമിപ്പോളെങ്ങു
ഭൈരവമായുള്ള വാക്കും പദവിയും
പൌരുഷപ്രൌഢയും ഗംഭീരഭാവവും
സൎവ്വനിന്ദാകടാക്ഷാവലോകങ്ങളും
ദൎപ്പരഗൎവ്വവും ദുൎവ്വീൎയ്യകൎമ്മവും
ഇപ്പോളെവിടെക്കുവെച്ചിരിക്കുന്നു നീ
ദുഷ്പ്രഭാവംപൂണ്ട ദുൎയ്യോധനപ്രഭോ?:-"

എന്നു പിന്നിൽനിന്നു വല്ലവരും ചോദിച്ചാൽ ഞാൻ എന്തു സമാധാനം പറയും? വെളിയിൽ അധികനേരം നിന്നു വല്ലവരുടേയും കാഴ്ചയിൽ പെട്ടുപോവാനിടവരുത്തുന്നതിനേക്കാൾ, ഉള്ളിൽകടന്നു രക്ഷപ്രാപിക്കുന്നതാണ് നല്ലതെന്നു തോന്നി, ആ ശർട്ടണി വള്ളി കേട്ടുപോകരുതേ എന്നു പ്രാൎത്ഥിച്ചുകൊണ്ടു ഞാൻ വാതിലിന്നു മെല്ലെ രണ്ടു മുട്ടുമുട്ടി. ഒന്നും ഉണ്ടായില്ല. ഞാൻ തെല്ലു ഉച്ചത്തിൽപിന്നെയും മുട്ടി. വാതിലിന്റെ സാക്ഷ ഊരുന്ന ശബ്ദം കേട്ടു എനിക്കസാരം നെഞ്ഞിടിപ്പുണ്ടായി. വാതിൽ തുറന്നു ഒരേടത്തു ഒതുങ്ങിനിന്നു മന്ദഹാസംകൊണ്ടു ലോഹ്യം പറഞ്ഞു കണ്ണുകൊണ്ടു ആംഗ്യംകാട്ടി മുൻനടന്ന ലക്ഷ്മിക്കുട്ടിയുടെ പിന്നാലെ ചെന്നു ഞാനും എന്റെ പേടിയും, നായും അതിന്റെ വാലും എന്നപോലെ വടക്കെ മുറിയിൽ പ്രവേ

ശിച്ചു. അതിൻെറ പടിഞ്ഞാറെ അററത്തിട്ടിരുന്ന കണക്കി ലേറെ വീതിയുള്ള കട്ടിലിന്മേൽ വിരിച്ചിരുന്ന അത്രതന്നെ വീതിയുള്ള ഒരു പായമേൽ ഞാൻ ഇരുന്നു. "വാതിൽ അടയ്ക്കരുതു. അവിടെ ഇരുന്നോളു. ആവശ്യം നേരിട്ട മ്പോഠം ഞാൻ അറിയിക്കാം" എന്നു എൻെറ ചെവിയി ൽ അധരംകൊണ്ടു എൻെറ കണ്ണം ചുംബിക്കുംപ്രകാരം മന്ദസ്വരത്തിൽ മന്ത്രിച്ചു ആ സുന്ദരി എൻെറ മുറിയും വിട്ടുപോകയും ചെയ്തു

അവഠം വിട്ടുപോയ നിമിഷത്തിൽ എനിക്കു വല്ലാത്ത ഒരു അസ്വാസ്ഥ്യം നേരിട്ടു. ആരാൻെറ വീട്ടിൽ ആണു ങ്ങളാരും അറിയാതെ ഒരു പരിചയമില്ലാത്ത മുറിയിൽ തികഞ്ഞ പാതിരാവിൽ ഒരു പെണ്ണിൻെറ വാക്കും കേട്ടു പരമാൎത്ഥം പറവാനും പാടില്ലാതാക്കപ്പെട്ടു, പൊണ്ണനേ പോലെ വന്നുകേറിയ ഞാൻ എൻെറ സാഹസത്തെ ശ പിച്ചുതുടങ്ങി. ആരെങ്കിലും വന്നുകണ്ടാൽ എന്തുപറയും? എൻെറ അഭിമാനം ഒരു യുവതിയുടെ കണ്ണീരിനു ഇത്ര ക്ഷണം വിററുപോയല്ലോ എന്നു വിചാരിച്ചു ഞാൻ പശ്ചാത്തപിച്ചു. ഹൃദയംഗമമല്ലാത്ത ഓരോതരം വിചാ രസാഗരത്തിൽ നിമഗ്നനായി കരകാണാതെ ഉഴന്നുകൊ ണ്ടിരുന്ന എനിക്കു നിഴൽവഴിയായി, അടുക്കളയിൽനിന്നു ആരോ അകത്തെ കോലായിൽ കേറീട്ടുണ്ടെന്നു തോന്നി. ഉടനെതന്നെ അടുക്കളയിലേക്കുള്ള വാതിൽ സാക്ഷയി ടുന്നതും കേട്ടു. ലക്ഷ്മിക്കുട്ടി പറഞ്ഞ ആപത്തുകാരൻ ഇ വനായിരിക്കുമോ എന്നു കരുതി കത്തിയും മുറുകെപ്പിടി ച്ചുംകൊണ്ടു ഞാൻ അങ്ങട്ടു നോക്കിയപ്പോഠം, അകത്തെ കോലായിൽ വടക്കുകിഴക്കേ അററത്തു ഞാനുള്ള മുറിയുടെ

മന്നിലായി ഇട്ടിരുന്ന ഒരു പുല്ലുപായിൽ വന്നിരുന്നു മറ ക്കാൻ കോപ്പിട്ട ഒരു സത്വത്തെ കണ്ടപ്പോഴം എന്റെ സപ്തനാഡിയും തളൎന്നു ഞാൻ ഒരു പാത്രം വെള്ളം വിയ ൎപ്പുവഴിയായി പുറത്തിറക്കിപ്പോയി. ഞാൻ എങ്ങിനെ ഭയ പ്പെടാതിരിക്കം? എന്റെ ദൃഷ്ടിയിൽപെട്ട ഭയങ്കരസത്വം ആ കാളരാത്രി വല്ലിതന്നെ ആയിരുന്നു. മുറുക്കിക്കൊണ്ടി രിക്കും മദ്ധ്യേ ആ ശൂൎപ്പണഖ വിളക്കില്ലാത്ത എന്റെ മുറി യിൽ ഇടയ്ക്കിടെ ഓരോ നോട്ടം വെക്കുന്നതു കണ്ടപ്പോഴം, ഞാനും എന്റെ പേടിയും ഉമിയും അതിലെ തീയും എന്ന പോലെ ഉള്ളിൽനിന്നു കത്തിക്കരിയുവാൻ തുടങ്ങി. ഈ മണ്ഡോദരി വല്ല കാരണത്താലും മുറിയിൽ പ്രവേശിച്ചു എന്നെ കണ്ടുകിട്ടിപ്പോയാലോ എന്നു വിചാരിച്ചു ഞാൻ എന്റെ കഷ്ടകാലത്തിനു എവിടെയെങ്കിലും ഒളിക്കാനുറ ച്ചു. മുറിയിൽനിന്നു വിട്ടൊഴിവാൻ യാതൊരു വഴിയും കണ്ടുകിട്ടാത്ത ഞാൻ കൂട്ടിൽ വീണ മെരുവേപോലെ അ നാവശ്യമായി കുറെ ചുററി നടന്നുനോക്കി. ഒരു ഗതിയു മില്ലാതെ ഉഴന്നുപോയ ഞാൻ ആ വീതിയേറിയ പായ കട്ടിലിന്മേൽ നിന്നെടുത്തു ഒരററം കിഴക്കുതെക്കേ മൂല തൊടത്തക്കവണ്ണം ചുമരോടടുപ്പിച്ചു കുത്തനെ നിവൎത്തി പ്പിടിച്ചു പടിഞ്ഞാറെ അററത്തു ചാരിനിന്നുംകൊണ്ടു സുവാണികഠം തങ്ങളുടെ മെയ്യിൽ ചേല മുറുക്കുംപോലെ പായത്തലയും പിടിച്ചു കിഴക്കോട്ടേക്കു പകരിതിരിയും പ്രകാരം രണ്ടുമൂന്നു തവണ തിരിഞ്ഞപ്പോഴം തെക്കു കിഴക്കേ മൂലയിൽ പായച്ചുരയാൽ മൂടപ്പെട്ട നിലയിൽ എത്തിച്ചേൎന്ന എന്നെ കണ്ടാൽ ആ മൂലയിൽ ചാരിവെ ച്ച ഒരു പായച്ചുരുളെന്നല്ലാതെ ആൎക്കും തോന്നുകയില്ല.

അടിയന്തിരാവശ്യം നേരിടുമ്പോൾ ഉപായം തന്നാലെ തോന്നുമെന്നു പറയുമ്പോലെ ഒരു ക്ഷിപ്രസാമർത്ഥ്യം പ്രയോഗിച്ചു ഞാൻ വാഴപ്പോളകളാൽ ചുററപ്പെട്ടു ഉണ്ണിക്കാമ്പുപോലെ പായച്ചുരയുടെ ഉള്ളിലല്ല നീണ്ടുനിവന്നു നില്ക്കുന്നതു. ഇങ്ങനെ വെറും ഒരു പായച്ചുര ചാരിവെച്ചതുപോലെ ഒരു മൂലയ്ക്കു നില്ക്കേണ്ടിവന്ന എന്റെ അവസ്ഥ എത്ര ആഭാസമായിപ്പോയെന്നു എനിക്കു ഇന്നും വിചാരിച്ചുകൂടാ. ഇത്ര ഘനക്ഷയവും അഭിമാനക്ഷയവുമായ ഒരു നിലയിൽ നില്ക്കേണ്ടതിന്നു ഇടവന്നല്ലോ എന്നു വിചാരിച്ചു കണ്ണിൽനിന്നു വെള്ളം വീഴാത്തവിധത്തിൽ ഞാൻ കരഞ്ഞു എന്നുതന്നെ പറയാം. രാഘവന്റെയും ശ്രീഹർഷന്റെയും ആശയവൈചിത്ര്യത്തെപ്പററി പതിവായി പ്രസംഗിക്കുന്നവനായ ഞാൻ—കുവലയാനന്ദന്റെയും (?) പ്രതാപരുദ്രന്റെയും അലങ്കാരപ്രകടനങ്ങളിൽ പ്രലയിച്ചുകിടക്കുന്ന ചില ശ്ലാഘാമാലകളെ വിശദമാക്കി ബാക്കിയുള്ളവൎക്ക വിസ്മയം ജനിക്കുംവണ്ണം വ്യാഖ്യാനം ചെയ്തുകൊടുക്കുന്നവനായ ഞാൻ—സ്ത്രീരത്നങ്ങളാൽ ആദൃതങ്ങളായിരിക്കേണ്ടുന്ന ആദർശങ്ങൾ ഇന്നിന്നതെന്നു ചൂണ്ടിക്കാണിക്കേണ്ടും ഭാരം വഹിക്കേണ്ടുന്നവനാണെന്നു ചില യുവതികളാൽ യഥാർത്ഥത്തിൽ വിചാരിക്കപ്പെടുന്നവനായ ഞാൻ—എന്റെ സ്വന്തം നടവടികൊണ്ടു ബാക്കിയുള്ള സഹോദരന്മാൎക്ക മാതൃകാജീവിതമെന്തെന്നു ധരിപ്പിച്ചുകൊടുക്കുന്നവനായ ഞാൻ—വിദ്യാർത്ഥിനികളായ യുവതികളുടെ ശകാരധാരകളും വഹിച്ചു വട്ടംതിരിയാതെ കൂററൻ മഴയേററു പോകുന്നവണ്ണമായി, കണ്ടുകിട്ടാവുന്ന രക്ഷാസ്ഥലങ്ങളിൽ പാഞ്ഞെത്തി അവരെ പഴിച്ചുപറയാതെ അവൎക്ക മേലി

ലെങ്കിലും സദ്ബുദ്ധിയും വിനയവും കൊടുക്കട്ടെ എന്നു ജഗദീശനോടു പ്രാൎത്ഥിച്ചു നടക്കേണ്ടിവന്നവനായ ഞാൻ ഇങ്ങിനെ ആരാന്റെ വീട്ടിന്റെ ഒരകത്തു എങ്ങാൻ കിടക്കുന്ന ഒരു മൂലക്കു ഒരു പായച്ചുറയുടെ ഉള്ളിൽ മാംസം അകത്തുള്ള ഒരു കൊങ്കരുപോലെ ഒളിച്ചുകിടക്കേണ്ടിവന്ന അവസ്ഥ കണ്ടാൽ ഉറിയുംകൂടി ചിരിച്ചുപോകുന്ന ചില അവസ്ഥകൾ ഉണ്ടായ്വരുന്നതു കേവലം ഇല്ലാത്തതല്ലെന്നു ലോകത്തിന്നു മനസ്സിലാവാൻ വേണ്ടിത്തന്നെയായിരിക്കുമെന്നു പറയുന്നതു ഒരു അതിശയോക്തിയായി വിചാരിപ്പാൻ പാടുണ്ടോ? ഇനിയും എന്തൊക്കെയാണു് കഴിഞ്ഞുകൂടാൻ പോകുന്നതെന്നു വിചാരിച്ചു എന്റെ രോമം ചകിതനായ പന്നിയുടെ സ്കന്ധരോമംപോലെ നിവന്നു നിന്നു. ഈ വികടസ്ഥലത്തിൽനിന്നു വല്ലപ്രകാരത്തിലും പൊട്ടാതെയും പൊളിയാതെയും ഒഴിവാൻ വേണ്ടി ഗുരുവായൂരിൽ കുറെ കുന്നിക്കുരുവും പ്രശ്നക്കുടവത്തു ഒരു പഴങ്കുറിയും നേൎന്നു. എന്റെ നെഞ്ഞിന്റെ തുടിപ്പു പായച്ചുറയിൽ പകരുന്നുണ്ടെങ്കിലും ഞാനവിടെത്തന്നെ അടങ്ങിക്കൂടി.

മുറുക്കം കഴിഞ്ഞു ആ മൂൎഖ കയ്യിൽ ഒരു തകരവിളക്കും കത്തിച്ചുപിടിച്ചുകൊണ്ടു ഞാനുള്ള മുറിയിൽ കടന്നു. കടന്ന ഉടനെ മുറി മുഴുവനും കണ്ണിന്നുള്ളിലാകുംപടി ഒരു ഭയങ്കരനോട്ടം വെച്ചപ്പോൾ ഞാൻ കിടുകിട വിറച്ചു തുടങ്ങി. എനിക്കു എന്റെ ലോകൈകമോഹിനിയായ ലക്ഷ്മിക്കുട്ടിയെ ഓൎമ്മവന്നു. അവൾ എവിടെ പോയി ഒളിച്ചിട്ടുണ്ടാകും; എന്തിനായിരിക്കും എന്നെ ഇവിടെ വിളിച്ചുവരുത്തി നിറുത്തിയതു എന്നൊന്നും തിരിയാത്ത ഞാൻ

പായച്ചുറയുടെ ഉള്ളിലാണെങ്കിലും വടി പൊയ്പ്പോയ കുരു ടനേക്കാളും പരിഭ്രമിച്ചു. മുറിയിൽ കടന്ന മൂധേവിയോ വിളക്കു അകത്തുണ്ടായ ഒരു പെട്ടിമേൽ വെച്ചു: വാതിൽ സാക്ഷയിട്ടു "രഘുതനയ! യദുതനയ! മധുമഥന! മാധവ!" ഞാനും എന്റെ പേടിയും എന്നു പറഞ്ഞ കൂട്ടത്തിൽ, ഞാനും നമ്മുടെ വള്ളിയമ്മയും ഒരേ അറയുടെ ഏകാന്ത തയുടെ ഉള്ളിലായി. എലിയും സർപ്പവും ഒരേ മടയിൽ പെട്ടുപോയാൽ—കന്നും സിംഹവും ഒരേ ഗുഹയിൽ പെട്ടു പോയാൽ—പിന്നത്തെ കഥ എന്തൊന്നാണ് പറയേ ണ്ടതു. വാതിൽ സാക്ഷയിട്ട ഉടനെ ആ വ്യാഘ്രി കട്ടിലി ന്നടുക്കെ ചെന്നു പായ എവിടെപ്പോയി എന്നു തന്നോടു തന്നേ പറഞ്ഞുകൊണ്ടു തിരിഞ്ഞു നിന്നു. എന്തിനു പറ യുന്നു, കാതലായി ഞാൻ ഉള്ളിലുണ്ടായിരുന്ന ആ പായ ത്തിര കണ്ട മൂലയിൽ കയ്യും നീട്ടി നടന്നുവന്നു മരുന്നോടു കൂടി മലയുമെടുത്തു നടന്ന ഹനുമാനേപ്പോലെ എന്നോടു കൂടെ പായച്ചുറയുമെടുത്തു കട്ടിലിന്റെ തെക്കേ അററത്തു എന്റെ അസ്ഥിക്കൂട്ടം ചിലക്കുമാറു നിർദ്ദയമായി കൊ ണ്ടെയിട്ടു. പിന്നെ പായയുടെ ഒരററം കൈകൊണ്ടു നി പ്പിടിച്ചു ചുരുകും നിവരുവാൻ തക്കവണ്ണം മറേറക്കൈ കൊണ്ടു മടക്കിന്നു ഒരു തള്ളു കൊടുത്തപ്പോൾ, രണ്ടുമൂന്നു തിരിച്ചിലും കഴിഞ്ഞതോടുകൂടി പായയുടെ മറേറ അററത്തു നീണ്ട ഒരു തലയണപോലെ നിശ്ചലനായി കിടക്കുന്ന മ രാ. രാ. കെ. സുന്ദരൻപിള്ള ബി. ഏ. അവർകൾ പ്രത്യക്ഷപ്പെട്ടു. മറ നീങ്ങി വെളിച്ചത്തിൽ വന്ന വേഷം പോലെ എന്നെക്കണ്ടിട്ടു "ഇതാര്? ഇതേതു കഴുവേറി?" എന്നു കണ്ണും മിഴിച്ചു എന്നെ നോക്കിക്കൊണ്ടു ആ ചാമു

ണ്ണി ചോദിച്ചപ്പോൾ, തല്ലും കിട്ടി ഉറക്കം തെളിയുന്ന കുട്ടികൾ ബദ്ധപ്പെട്ടെഴുന്നേല്ക്കുംപോലെ വെള്ളത്തിൽ വീണ എലിയേക്കാളും പശിമരാശിയായി വിറയ്ക്കുന്ന ഞാൻ ക്ഷണം എഴുന്നേററിരുന്നു തൊഴുകയ്യായ് "ക്ഷമിക്കണേ ഞാൻ ഒരു മര്യാദക്കാരനാണ്" എന്നു ഗൽഗദാക്ഷരമായി ആ ദംഷ്ട്രാനനിതയെ അറിയിച്ചു. "മര്യാദക്കാരനോ? മര്യാദക്കാർക്കൊക്കെ സംബന്ധം കഴിയാത്ത പെണ്ണുങ്ങളുടെ അറയിൽ കള്ളന്മാരെപ്പോലെ കടന്നു വന്നൊളിക്കേണ്ടുന്ന കാര്യമെന്താണ്?" എന്നു ആ കാളരാത്രി ചോദിച്ചപ്പോൾ, ലക്ഷ്മിക്കുട്ടിയോടുചെയ്ത സത്യം വിചാരിച്ചിട്ടു പരമാർത്ഥം പറവാനും കൂടി നിവൃത്തിയില്ലാതെ വന്നുപോയവനായ ഞാൻ ഇളിഭ്യനായി മേലോട്ടുനോക്കി. "പേടിക്കേണ്ട, വാസ്തവമൊക്കെ എനിക്കു മനസ്സിലായി. അല്ലപിന്നെ! ഞാൻ ചോദിക്കട്ടെ. ഇത്രയൊക്കെ കുണ്ടിക്കേണ്ടുന്ന കാര്യമുണ്ടായിരുന്നോ. എന്നോടിത്ര ഭ്രമമുണ്ടായിരുന്നെങ്കിൽ ഗോപാലൻ നായരോടന്വേഷിച്ചിട്ടു ന്യായമായ വഴിയിൽ എന്നെ സംബന്ധം കഴിച്ചുകൂടായിരുന്നോ? ജാരന്നേപ്പോലെ മഹാ പതിവ്രതയായ എന്റെ മുറിയിൽ ഇങ്ങനെ കടന്നുവരുന്നതുകൊണ്ടു വല്ലകാര്യലാഭവുമുണ്ടെന്നു വിചാരിക്കുന്നോ" എന്നു പറഞ്ഞുകൊണ്ടു എന്റെ അടുക്കെ ആ കട്ടിലിന്മേൽ ഇരുന്നു, കട്ടിൽ കുലുങ്ങുവാൻ തക്കവണ്ണം പതുക്കെച്ചിരിച്ചു. ഈശ്വര! ഈശ്വരാ! ഈ വജ്രദംഷ്ട്രിയെ—ഈ ഗംഭീരാക്ഷിയെ—ഞാൻ കല്യാണം കഴിക്കാനോ. എന്തൊക്കെയാണിവൾ പറഞ്ഞതു. ചെവിയിൽ തീക്കനൽ കോരിച്ചൊരിയുമ്പോലെ ഉള്ള ഈ മാതിരി വാക്കുകൾ കേട്ടപ്പോൾ ഭയംകൊണ്ടു

നിർജ്ജീവനായിത്തീൎന്നുപോയ ഞാൻ "അയ്യോ സംബന്ധത്തിൻെറ വിചാരം എനിക്കില്ലായിരുന്നു. ലക്ഷ്മി"—ഇത്രത്തോളം പരമാൎത്ഥം പറഞ്ഞപ്പോൾ, "സത്യവിരോധം മാധവനുണ്ടോ എന്ന മട്ടിൽ ഞാൻ എൻെറ നാക്കടക്കി. ഇതു കേട്ടപ്പോൾ ആ ഭയങ്കരിയുടെ കണ്ണിൽനിന്നു തീപ്പൊരികൾ പാറിത്തുടങ്ങി. "എന്താ കള്ളക്കഴുവേറി പറഞ്ഞതു? സംബന്ധം കഴിക്കാനുള്ള വിചാരവും കൂടിയില്ലാതെ ഇവിടെ കടന്നു വന്നതാണെന്നോ? ഞാൻ ഉലക്കയെടുത്തു പല്ലൊന്നു ബാക്കിവെക്കില്ല. പിള്ള എന്തു വിചാരിച്ചു? ഇവിടെ പാൎക്കുന്നവരൊക്കെ വേശ്യകളാണെന്നോ? എൻെറ പരമാൎത്ഥം പിള്ളക്കു മനസ്സിലായിട്ടില്ല. ഞാൻ ഇതുവരെ സംബന്ധം കഴിക്കാഞ്ഞതു എനിക്കു സംബന്ധക്കാർ വരാഞ്ഞിട്ടൊന്നുമല്ല. എന്നെപ്പോലെ സംബന്ധക്കാരുടെ അന്വേഷണങ്ങൾ ഉണ്ടായ ഒരു പെൺകിടാവു് ഈ അടുത്ത ദിക്കിലൊന്നുമുണ്ടാകില്ല. ത്രിവിക്രമൻ എന്ന സ്വാതിരുനാൾ വലിയതമ്പുരാൻ എന്നെ അന്വേഷിച്ചു. മലയഞ്ചോലമനയ്ക്കലെ മഹേന്ദ്രൻനമ്പൂതിരിപ്പാടു എന്നെ അന്വേഷിച്ചു. അവരൊക്കെ വലിയ കുബേരന്മാരാണെങ്കിലും എനിക്കവരെയൊന്നും അത്ര പിടിച്ചില്ല. എത്ര നിഷ്കൎഷിച്ചിട്ടും ഞാൻ കുലുങ്ങിയില്ല. പണത്തിനുവേണ്ടി എന്തും ചെയ്യുന്ന മട്ടു എനിക്കു ദ്വേഷിച്ചുകൂടാ. നിങ്ങളെ എനിക്കു എന്തോ എന്നറിഞ്ഞില്ല, അസാരം പിടിച്ചിരിക്കുന്നു. ഇനി പിടിച്ചിട്ടില്ലെങ്കിൽകൂടി എനിക്കു നിങ്ങളെ വിട്ടുകളവാനും തരമില്ല. എൻെറ അറയിൽ ഇതുവരെ ഒരു പുരുഷൻ കടന്നിട്ടില്ല. അങ്ങിനെ വല്ലവരും കടന്നുപോയാൽ അവരെ എൻെറ ഭൎത്താവാക്കാതിരി

പ്പാനും പാടില്ല. ഞാൻ ഇത്രത്തോളം ഭദ്രമായിപ്പരിപാലിച്ചുപോന്ന എന്റെ പതിവ്രതാധൎമ്മത്തിന്ന ഒരു കറ പിടിച്ചുപോകും” എന്നൊക്കെ അസാരം ഉച്ചത്തിൽ കോരിച്ചൊരിഞ്ഞുതുടങ്ങിയപ്പോൾ “ആരാണ് അങ്ങേ മുറിയിൽ നിന്ന സംസാരിക്കുന്നതു” എന്ന ഒരു ഇടിവെട്ടുപോലെയുള്ള ശബ്ദം അകത്തെ കോലായിൽനിന്ന മുഴങ്ങിയതു കേട്ടു ഞാനും എന്റെ പേടിയും ഖഞ്ജനവും (Wagtail) അതിന്റെ പൃഷ്ഠവും എന്നപോലെ വിറവിറച്ചു. “വള്ളിയമ്മേ! വാതിൽ തുറ” എന്നു വാതിലിന്ന രണ്ടിടിയും ഇടിച്ചു ഗോപാലൻ നായർ അലറിക്കൊണ്ടാവശ്യപ്പെട്ടപ്പോൾ, യാതൊരിളക്കവും കലുക്കവുമില്ലാതെ ആ “അഞ്ജനാശൈലം” വാതിൽ തുറന്നു. “ആരോടാണ് സംസാരിച്ചതു” എന്നു പറഞ്ഞുകൊണ്ടു ക്രുദ്ധനായ ഗോപാലൻനായർ ദക്ഷനേ കൊല്ലാൻ വന്ന വീരഭദ്രനേപ്പോലെ മുറിയിലേക്കു കടന്നു. “രാമ രാമ ഈ മാതിരി അനുഭവങ്ങൾ വന്നുചേരാൻതക്കവണ്ണം ഞാൻ എന്തപരാധം ചെയ്തു. ലക്ഷ്മിക്കുട്ടി! നിന്റെ കൊഞ്ചലും നിന്റെ പുഞ്ചിരിയും നിന്റെ രോദനവും എന്റെ ശപഥവും ഈ നിലയിൽ കലാശിക്കുമെന്നു ഞാൻ അറിഞ്ഞിരുന്നോ?” എന്ന വിചാരം എന്നെ കണ്ണക്കിലേറെ കുഴക്കി. ഗോപാലൻനായര് അടുത്തുവന്നു എന്റെ മുഖം ഒന്നു നോക്കി. “ആരാണതു പിള്ളയോ? ഈ തെമ്മാടിക്കു വീട്ടു കൊട്ടത്തു എത്ര തെററിപ്പോയി. ബി. ഏ. പാസായ ഈ പെരുക്കി ഈ മാതിരി ചൊററത്തരത്തിനൊരുമ്പെട്ടല്ലോ? ഇവന്റെ പല്ലൊന്നും ബാക്കി വെക്കാൻ പാടുണ്ടോ?” എന്നൊക്കെ ഗർജ്ജിച്ചുകൊണ്ടു ഗോപാലൻനായർ എന്റെ കൈ പിടിച്ചിഴച്ചു എന്നെ

അകത്തെ കോലായിലേക്കൊരു തള്ളു തള്ളി. വേദനകൊണ്ടും അപമാനംകൊണ്ടും ബോധമറഞ്ഞു മിണ്ടാൻ വയ്യാതായിത്തീൎന്ന ഞാനും എന്റെ പേടിയും കഴുതയും അതിന്റെ ഭാരവും എന്നപോലെ, അകത്തെ കോലായിൽ എത്തി. വീട്ടിൽനിന്നുണ്ടായ ഉരുസൽ കേട്ടപ്പോൾ സമീപസ്ഥന്മാരിൽ പലരും എന്റെ കഷ്ടകാലത്തിന്ന വന്നുചേൎന്നു. ഈ ആളുകൾ വന്നു എന്താ! എന്താ എന്നു ചോദിച്ചപ്പോൾ ഗോപാലൻനായരുടെ കോപം അത്യന്തം കലശലായി. എന്നെ ശകാരിച്ചു മടുത്തപ്പോൾ അദ്ദേഹം വള്ളിയുടെ നേരെ തിരിഞ്ഞു. "ഇങ്ങിനെയുള്ള ഒരപമാനം ഈ വീട്ടിന്നു നീ വിളിച്ചുവരുത്തിയില്ലേ? ഇന്നുതന്നെ നീ ഇവിടന്നു ഇറങ്ങണം. നിന്നെ ഇവിടെ കണി കാണരുതു." എന്നൊക്കെ വള്ളിയേ നോക്കി ഗൎജ്ജിച്ചപ്പോൾ ആ കാക്കൊടകി അരുവിയാർപോലെ കണ്ണിൽനിന്നു വെള്ളം ഒഴുക്കിക്കൊണ്ടും ഇടക്കിടെ എക്കിട്ടയിട്ടുകൊണ്ടും എല്ലാവരും കേൾക്കെ ഇങ്ങിനെ പറഞ്ഞു. "കാൎയ്യമൊക്കെ ഇങ്ങിനെ വന്നുചേൎന്നു. ഇനി ഞാൻ ഉള്ളതു പറയാം. നിങ്ങൾ വിചാരിക്കുമ്പോലെ വലിയ കുററമൊന്നും ഞാൻ ചെയ്തിട്ടില്ല. ഒരു പെണ്ണായി പിറന്നവളെ പറഞ്ഞു വഞ്ചിക്കാൻ ആണുങ്ങൾക്കു എത്ര വേഗം സാധിക്കും. ഞാൻ കുളിക്കാൻപോകുന്നാളും കാത്തു ഇദ്ദേഹം ആ പടിവാതിലിന്റെ അടുക്കെ ഏതു സമയത്തും നില്ക്കുന്നുണ്ടാകും. നമ്മുടെ അയൽവക്കക്കാരനല്ലേ എന്നു കരുതി ഇദ്ദേഹത്തിന്റെ ലോഹ്യത്തിന്നു ഞാൻ എതിരായൊന്നും പറഞ്ഞില്ല. എന്തിന്നു പറയുന്നു ഇദ്ദേഹത്തിന്നു ഭ്രാന്തു മൂത്തു. എനിക്കദ്ദേഹം പറഞ്ഞതെന്തെന്നു ലജ്ജകൊണ്ടു പുറത്തു പറവാൻ സാധിക്കുന്നില്ല.

ഞാൻ ഒരു പെണ്ണും സംബന്ധം കഴിക്കാത്തവളും അല്ലേ? ഒടുവിൽ ഒരു രാത്രി ഞാൻ എന്റെ അറയുടെ വാതിൽ അടച്ചപ്പോൾ ഇദ്ദേഹത്തെ എന്റെ അറയിൽ കണ്ടിട്ടു ഞാൻ അമ്പരന്നു പോയി. എങ്ങിനെ കടന്നുകൂടി എന്നു എനിക്കു പറവാൻ സാധിക്കയില്ല. ഞാൻ നിലവിളിക്കാൻ നോക്കിയപ്പോൾ ഈ നിഷ്ഠുരൻ ഒരു വലിയ കത്തി എടുത്തു—എന്റെ കളവാണെങ്കിൽ ആ കത്തി ഇതാ—(എന്നു പറഞ്ഞുകൊണ്ടു അങ്ങേ മുറിയിൽ പോയി എന്റെ ശിക്കാർകത്തിയും എടുത്തുകൊണ്ടുവന്നു അവിടെ കൂടിയവർക്കു കാണിച്ചുംകൊണ്ടു) മിണ്ടിപ്പോയാൽ എന്റെ കഴുത്തറക്കുമെന്നു തിരുനാവായിക്കാളിയെ പിടിച്ചൊരു സത്യംചെയ്തു. ഒരു പെണ്ണായിപ്പിറന്നവൾ എന്തുചെയ്യും. ഞങ്ങളൊക്കെ മര്യാദക്കാരാണെന്നു കരഞ്ഞുപറഞ്ഞപ്പോൾ "ഗാന്ധർവ്വമാംഗല്യമി കഴിഞ്ഞനേക-രാജർഷികന്യാജനമുണ്ടു പണ്ടും" എന്നും മററും ചില പ്രമാണങ്ങൾ പറഞ്ഞുതന്നു എന്നെ അടുത്ത തീയതിയിൽ തന്നെ ന്യായമായി സംബന്ധം ചെയ്തുകൊള്ളാമെന്നു ശപഥവും ചെയ്തു ഈ സാധുവായ എന്നെ സമാധാനിപ്പിച്ചതാണു്. എനിക്കെന്റെ പരമാർത്ഥം മാത്രമല്ലേ അറിഞ്ഞുകൂടു ഇനി നിങ്ങളെല്ലാവരും കൂടി എന്റെ മാനം രക്ഷിക്കാൻ തക്കവണ്ണം ഈ സംബന്ധം നടത്തിത്തരണം" എന്നു എക്കിട്ടു കുറേ ഉച്ചത്തിലും ജാസ്തിയായും ഇട്ടുംകൊണ്ടു കരഞ്ഞു പറഞ്ഞു. "ഇതിലധികം പുനരെന്തൊരു കൗതുകം." ചീപ്പവറാന്മാക്കുകൂടി തോന്നാത്ത ഈ മാതിരി കരിങ്കളവുകൾ നരകത്തിലുംകൂടി മതിയായ ശിക്ഷയില്ലാത്തവണ്ണം ഭയങ്കരങ്ങളായ ഇക്കൂട്ടക്കെട്ടുകഥകൾ പൈശാചികബുദ്ധിയിലും കൂടി ഉദിച്ചു

പൊങ്ങാത്ത നിന്ദ്യങ്ങളായ അസത്യവചനങ്ങൾ ഏതാനാട്ടലഹളക്കാരുടെ നീചതരങ്ങൾ കൂടി നിന്ദിച്ചുപോകേണ്ടുന്ന നിഷ്ഠുരങ്ങളായ നഞ്ഞക്കൂട്ടങ്ങൾ, ഇങ്ങിനെ നിർല്ലജ്ജം പ്രസ്താവിച്ചതു കേട്ടപ്പോൾ "സ്വപ്നമോ, മായയോ, മന്മതിഭ്രാന്തിയോ" എന്ന മട്ടിൽ ആശ്ചര്യകോപവ്യസനങ്ങൾക്കുടിമപ്പെട്ടുപോയ ഞാൻ ഒരു മാതിരി ബോധംകെടാതെ അവിടെത്തന്നെ നിന്നു. ആ മുഖമാകുന്ന കോളാമ്പിയിൽ നിന്നു ഈ മാതിരി ഘോരതരങ്ങളല്ലാതെ മറെറന്തു പുറപ്പെടും. എന്നെ എന്തു പററിക്കലാണ് പററിച്ചതു്. ഞാൻ ഇതൊക്കെ നിഷേധിച്ചാൽ എന്നെ ആർ വിശ്വസിക്കും. നിർദ്ദോഷിയായ എന്നെ ഇവരൊക്കെ വഞ്ചിച്ചതാണെന്നു പറഞ്ഞാൽ എന്നോടാർക്കു കോപം ജനിക്കാതിരിക്കും. "ഇതൊക്കെ കേട്ടില്ലേ സുന്ദരംപിള്ളേ! നിങ്ങൾ എന്തു പറയുന്നു" എന്നു ഗോപാലൻനായർ ചോദിച്ചപ്പോൾ, ഇതൊക്കെ സഹിച്ചു മൌനംകൊണ്ടു കുററം സമ്മതിച്ചവനെപ്പോലെ ഇരുന്നുകളവാൻ എനിക്കു മനസ്സുവന്നില്ല. "ഇവൾ പറഞ്ഞതു ശുദ്ധമേ പൊളിയാണ്. ഞാൻ ഇവിടെ ഇന്നു നടാടെ വരികയാണ്"—ഇത്രത്തോളം പറഞ്ഞപ്പോൾ കോപംകൊണ്ടു കണ്ണു കാണാതെ കലങ്ങിമറിഞ്ഞുപോയ ഗോപാലൻനായർ എന്റെ ആ ശിക്കാർകത്തി തന്നെ കയ്യിലാക്കി. "കള്ളാ! നിന്റെ കഴുത്തു ഞാൻ കൊയ്തുകളയും. ഇന്നാൾ രാത്രി നീ ഓടിപ്പോകുന്നതുംകൂടി ഞാൻ കണ്ടിട്ടില്ലേ? എന്നും പറഞ്ഞു എന്റെ നേരെ കത്തി ഓങ്ങിയപ്പോൾ "അയ്യോ! എന്റെ ഭർത്താവിനെ കൊല്ലരുതേ" എന്നു പറഞ്ഞുംകൊണ്ടു ആ ഭദ്രകാളി വള്ളി എന്റെ അരികെ, ഞാൻ അറപ്പും വെറുപ്പും

കൊണ്ടു ഞെട്ടുമാറു, വന്നുനിന്നു ഗോപാലൻനായരുടെ കയ്യിൽനിന്നു ആ കത്തി പിടിച്ചുപറിച്ചു ദൂരെ എറിഞ്ഞു. ആ ലഹളയിൽ അവളുടെ കട്ടാരംപോലെയുള്ള ദംഷ്ട്രം കൊണ്ടു എന്റെ വലത്തെ ഗണ്ഡത്തിന്മേലൊരു മുറിവേററു ചോരയൊഴുകിത്തുടങ്ങി. (പിന്നീടു ആ മുറിവ് ഉണങ്ങാൻ അറുപത്തിനാലു ധാരയും എഴുപത്താറുതീൎത്ഥസ്നാനവും വേണ്ടിവന്നിരുന്നു എന്ന കാൎയ്യം പ്രത്യേകം സ്മരണീയമാണ്.) "ഓരോരുത്തൎക്കു ഓരോമാതിരി സ്ത്രീകളോടാണ് കമ്പം" എന്നു ചിലരും, "കാൎയ്യം ഇത്രത്തോളം എത്തിപ്പോയില്ലേ, ഈ നിലയിൽ ഒരു സാധുസ്ത്രീയെ വഞ്ചിച്ചു വഞ്ചിക്കുന്നതു പുരുഷന്മാൎക്കു ഉചിതമല്ല" എന്നു ചിലരും, "നാളെത്തന്നെ സംബന്ധം നടക്കട്ടെ" എന്നു ചിലരും "എന്താ പിള്ളേ! ഇനി അതല്ലേ വെടിപ്പു" എന്നു ചിലരും "സംബന്ധത്തിനു വഴിപ്പെടുന്നില്ലെങ്കിൽ ഈ നീചന്റെ രക്തം കൊണ്ടു എന്റെ വീട്ടിനു പററിയ കളങ്കം ഞാൻ കഴുകിക്കളയുന്നതുണ്ടു" എന്നു ഗോപാലൻനായരും അട്ടഹസിച്ചപ്പോൾ, എല്ലാററിനും വഴിപ്പെടാതെ തടിയൊഴിച്ചു പോരാൻ നിൎവ്വാഹമില്ലെന്നു കണ്ടു "നിങ്ങൾക്കൊക്കെ സമ്മതമാണെങ്കിൽ എനിക്കും വിരോധമില്ല" എന്നു ഞാനും "സുചിരവിഷാദവശേന" പറയേണ്ടിവന്നു. ആ പത്തു വലിച്ചിട്ടു ലക്ഷ്മിക്കുട്ടിയെ അവിടെയെങ്ങും കാണ്മാനുണ്ടായിരുന്നില്ല. ഇത്രത്തോളം കഷ്ടപ്പാടുകൾ സഹിച്ചിട്ടുകൂടി ലക്ഷ്മിക്കുട്ടിയോടുള്ള വാശത്തും വിട്ടുകളയാതെ നിന്ന എന്നെ വഞ്ചിക്കുന്ന കാൎയ്യത്തിൽ അവളുംകൂടി പങ്കുകൊണ്ടിരുന്നിരിക്കണം എന്ന വിചാരം എന്റെ മൎമ്മങ്ങൾതോറും കട്ടാരംകൊണ്ടു കുത്തിപ്പിളൎന്നു. യാതൊരു കാററവും

ചെയ്യാത്തവനാണെങ്കിലുംകൂടി ഒരാൾക്കും ദ്രോഹം ഉണ്ടാകരുതെന്നു വിചാരിച്ചു നടക്കുന്നവനാണെങ്കിലും കൂടി സ്ത്രീകളുടെ മാനം രക്ഷിപ്പാൻ സർവ്വദാ സന്നദ്ധനാകുന്നവനാണെങ്കിലുംകൂടി ബാക്കിയുള്ളവൎക്കൊക്കെ വെറും നീചനും തെമ്മാടിയും, തുച്ഛനും പുച്ഛാർഹനുമാണെന്നു തോന്നിപ്പോയവിധത്തിൽ ഞാനും എൻെറ പേടിയും, രോഗവും അതിൻെറ മൂർത്തിയും എന്നപോലെ എൻെറ ഭവനത്തിൽ എത്തിച്ചേൎന്നു.

“ആകാശവേരും അമ്മിത്തിരുലും” ഉണ്ടാവാൻ പാടില്ലാത്തവയാണെന്നു ഇനി ഞാനെങ്ങിനെ വിശ്വസിക്കും. ലക്ഷ്മിക്കുട്ടിയായ രത്നം വെറും ഒരു കുപ്പിക്കഷണമായിരിക്കുമെന്നു ആരെങ്കിലും വിചാരിച്ചിരുന്നോ? ആ സൌഭാഗ്യഭാജനം ഈ മാതിരി വഞ്ചനയും ചെററത്തരവുംകൊണ്ടു നിറഞ്ഞുവഴിയുന്നതാണെന്നു എങ്ങിനെ കരുതും? അമ്പമ്പാ! “അംഗനാജനത്തോളം ബുദ്ധി മററാൎക്കുള്ളു.” അവളുടെ അന്നത്തെ കണ്ണീർത്തുള്ളി കണ്ടിട്ടല്ലേ ഞാൻ അലിഞ്ഞുപോയതു. പെണ്ണുങ്ങളുടെ കണ്ണീർത്തുള്ളിപോലെ ഇത്ര വിശ്വാസയോഗ്യമല്ലാത്ത ഒരുതരം ദ്രാവകം ഭൂമിയിൽ കണ്ടുകിട്ടുമെന്നു നിങ്ങളാരും വിചാരിക്കേണ്ട. അവൎക്കു വേണ്ടുന്ന സമയത്തൊക്കെ അതു പുറത്തു ചാടിക്കാനും സാധിക്കും. ആളുകളെ മയക്കാനും, കാപട്യം മറക്കാനും, കുററം കുററമല്ലെന്നാക്കി സമ്മതിക്കാനും, ഈ കള്ളനീർ പുറത്താക്കുന്നതു കൂടാതെ ഉത്തരം മുട്ടിയാലും കള്ളത്തരം കണ്ടുപിടിക്കപ്പെട്ടാലും ഈ നീരിൻെറ പ്രവാഹം തന്നെയാണ് ഇവർ ആശ്രയിക്കുന്നതു. പെണ്ണിൻെറ കണ്ണുനീർപോലെ കള്ളലക്ഷണം തികഞ്ഞതൊരു കണ്ടകശ്ശനി നാട്ടി

ലില്ലെന്നു നിങ്ങളൊക്കെ ഉറപ്പാക്കിക്കൊൾവിൻ. കരയുന്ന പെണ്ണിനേയും ഊതുന്ന സർപ്പത്തേയും ഒരിക്കലും വിശ്വസിക്കരുതു. ഞാൻ അനുഭവംകൊണ്ടു പറയുന്നതാണ്. ലക്ഷ്മിക്കുട്ടിയാണ് ഈ തത്വം എനിക്കു നല്ലവണ്ണം മനസ്സിലാക്കിത്തന്നതു. അവളുടെ, ആളാരും തിരിഞ്ഞുനോക്കാത്ത ആ അസത്തു വല്ലിക്കു ഒരു സംബന്ധക്കാരനെ ഉണ്ടാക്കാൻ പ്രയോഗിച്ച ഒരു സൂത്രം തന്നെയോ ഇതു? അവൾക്കുവേണ്ടി മരിക്കാനുംകൂടി ഒരുക്കമായ പ്രാണസ്നേഹിതനായിരുന്ന എന്നെ ഇങ്ങിനെ ഒരു കുടുക്കിലാക്കാൻ തക്കവണ്ണം ദയയും അനുകമ്പയും അവൾക്കു ഇല്ലാതായിപ്പോയല്ലൊ. എന്റെ പദവിയും എന്റെ അഭിമാനവും കേവലം കണക്കുവെക്കാതെ ഇങ്ങിനെ ചവിട്ടിത്തേച്ചുകളഞ്ഞതല്ലോ. മാനഭ്രംശംകൊണ്ടും ഇച്ഛാഭംഗംകൊണ്ടും ഞാൻ പല്ലുകടിച്ചു. ഞാനും എന്റെ പേടിയും, പണ്ഡിതനും അവന്റെ വിനയവും എന്നപോലെ ഒരു അകന്നു. ഉറക്കമൊന്നും വരാതെ ഞാൻ നടുമുറിയിൽ ഇട്ടിരുന്ന കസേലമേലിരുന്നു വിചാരഗ്രസ്തനായും വിഷണ്ണനായും നേരം പുലർത്തി. ഇങ്ങിനെ കണ്ണുമടച്ചു കണ്ടിതത്തോടെ ഒരിടത്തിരുന്ന ഞാൻ മുറിയിൽ ആരോ വന്നപോലെ തോന്നി. കണ്ണുമിഴിച്ചപ്പോൾ മന്ദഹാസംകൊണ്ടു മനോഹാരിണിയായ ലക്ഷ്മിക്കുട്ടിയുടെ സ്വരൂപം എന്റെ അടുക്കെ വന്നു നില്ക്കുന്നതുകണ്ടു. കോപംകൊണ്ടും സ്വഭാ കൊണ്ടും സഹിക്കവയ്യാത്ത പാരവശ്യം പിടിപെട്ട ഞാൻ "യാഗശാലയിൽനിന്നുപോക, ജവാൽ ഭ്രതേശദയിതേ" എന്ന ദക്ഷന്റെ നാട്യത്തോടെ എഴുന്നേററു അവളോടു വീട്ടിൽനിന്നു പുറത്തുപോവാൻ പറഞ്ഞു. "വീടു എന്റെ

തായിരിക്കും എന്ന വിവരം ജ്യേഷ്ഠനില്ലേ? എന്തിനാണ് ജ്യേഷ്ഠ! കോപിക്കുന്നതു വാസ്തവമൊക്കെ ഞാൻ ജ്യേഷ്ഠനെ ഉണൎത്തിക്കാം" എന്നു ചിരിപൊട്ടുംവിധത്തിൽ പറഞ്ഞുംകൊണ്ടു അടുത്തുണ്ടായിരുന്ന ഒരു കസേലമേൽ, ആധികാരമുള്ള ധീര അലക്ഷ്യമായി അമൎന്നിരുന്നു. "നിങ്ങൾ എന്നെ രക്ഷിക്കും എന്നു വാഗ്ദത്തം ചെയ്തില്ലേ? ആ വാഗ്ദത്തം നിറവേററിത്തന്നതിൽ എനിക്കും നിങ്ങൾക്കും ഒരുപോലെ സന്തോഷം വേണ്ടയോ? നിങ്ങളെപ്പോലെ വാക്കിനു വിലയുള്ള ഒരു പുരുഷനെ ഞാൻ കണ്ടിട്ടില്ല. ഞാനാണു് നിങ്ങളെ വിളിച്ചുവരുത്തി ആ മുറിയിൽ ഇരുത്തിച്ചതു എന്നു പറയാഞ്ഞതു എത്ര നന്നായി. അല്ലെങ്കിൽ ഞാൻ അമാന്തത്തിലായിപ്പോകുമായിരുന്നു. നിങ്ങൾക്കു് പാട്ടുള്ളേടത്തോളം ക്ഷണത്തിൽ നന്ദിപറവാൻ വേണ്ടി മാത്രമാണ് പുലൎച്ചക്കുതന്നെ ഞാൻ ഇവിടെ ഓടിയെത്തിയതു" എന്നൊക്കെ പിന്നെയും പുഞ്ചിരിതൂകിക്കൊണ്ടും, ജ്യേഷ്ഠത്തിയുടെ ഭൎത്താവെന്നു എന്നെ സങ്കല്പിച്ചുകൊണ്ടും ഈ പിത്തലാട്ടക്കാരത്തി പറഞ്ഞപ്പോൾ ഞാൻ കാൎയ്യം മുഴുവനും തിരിയാതെ നിലാവെളിച്ചത്തിൽ ഇട്ട കോഴിയെപ്പോലെ കുഴങ്ങി. "എന്താ ഒന്നും മനസ്സിലായില്ലേ? ആണുങ്ങൾ പണ്ടുപണ്ടേ ബുദ്ധികുറഞ്ഞ കൂട്ടരാണ്. പെണ്ണിന്റെ സൗകൎയ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട ഒരു കൂട്ടം വിഡ്ഢികളാണ്. ജ്യേഷ്ഠൻ മുഷിയരുതു. കാൎയ്യമൊക്കെ ഞാൻ വെടിപ്പിൽ പറഞ്ഞു മനസ്സിലാക്കിത്തരാം. ഇവിടെ കൂടക്കൂടെ വരുന്ന ആ ചെറുപ്പക്കാരൻ ശങ്കരമേനോനെ അറിയില്ലേ? എന്റെ സംബന്ധത്തിനു മുമ്പുതന്നെ അദ്ദേഹം എന്റെ വലിയൊരു സേവകനായിരുന്നു. അദ്ദേഹ

ത്തിനു എന്നെ കാണാതിരുന്നാൽ ഒരു ദിവസമെങ്കിലും ഉറക്കം വരില്ല. ഇന്നാളൊരു രാത്രി എന്റെ കഷ്ടകാലത്തിന്നു പത്തുമണിക്കു വീട്ടിൽവന്ന ഗോപാലൻനായർ, പെട്ടെന്നു ഭയപ്പെട്ടു തുള്ളിപ്പായേണ്ടിവന്ന ശങ്കരമേനവനേക്കണ്ടു കാൎയ്യത്തിന്റെ യഥാൎത്ഥം അസാരം സംശയിപ്പാനിടയായിപ്പോയി. സംശയം പിടിപെട്ടുപോയാൽ കാലക്രമേണ അതു വൎദ്ധിക്കുകയും, ക്രമേണ എന്റെ ബന്ധം മുറിക്കുകയും ചെയ്യുമെന്നു എനിക്കു ഉറപ്പായി. ബന്ധം മുറിയുന്നതോടുകൂടി എനിക്കു അദ്ദേഹം തരാൻ വിചാരിച്ച പതിനായിരം ഉറുപ്പികയുടെ സ്വത്തും പോയ്പോകുമെന്നു വിചാരിച്ചു ഞാൻ ഭയവും പരിഭ്രമവും നിമിത്തം വല്ലാതേ കുഴങ്ങി. ഇതായിരുന്നു എനിക്കു നേരിട്ട വലിയ ആപത്തു. എന്റെ നേരെ ഗോപാലൻനായൎക്കുണ്ടായിരുന്ന ശങ്ക നിശ്ശേഷം നശിപ്പിക്കാതെ കാൎയ്യത്തിന്നു ഒരു മോക്ഷവുമില്ലെന്നു കരുതി ഞാനും എന്റെ ജ്യേഷ്ഠത്തിയും ഒരുപായം കണ്ടുപിടിച്ചു. അന്നു പായുന്നതു കണ്ടതു മറെറാരാളാണെന്നും, അദ്ദേഹം വന്നതു എന്നെ കാണാനല്ലെന്നും ഉള്ള ബോദ്ധ്യം വന്നുപോയാൽ ഗോപാലൻനായരുടെ സംശയം സംശയമില്ലാതെ സമാപ്തമായിപ്പോകും. അങ്ങിനെ ഒരാളെ കണ്ടുകിട്ടേണ്ടേ? സ്ത്രീകൾക്കു ക്ഷണനം സ്വാധീനമായിപ്പോകുന്ന നിങ്ങളെപ്പോലെ ഒരു വലിയ ശുദ്ധൻ അടുക്കൽതന്നെ ഉള്ളപ്പോൾ ഞങ്ങൾ എങ്ങിനെ അപജയപ്പെടുന്നു. അധികം വിസ്തരിക്കുന്നില്ല നിങ്ങളെ ഞാൻ ഉപായത്തിൽ ജ്യേഷ്ഠത്തിയുടെ മുറിയിൽ കൊണ്ടുവന്നിരുത്തുകയും, ഗോപാലൻനായരേക്കൊണ്ടു കണ്ടുപിടിപ്പിക്കുകയും ചെയ്തപ്പോൾ, ഇന്നാൾ ഓടിപ്പോയ ആൾ നിങ്ങ

ളാണെന്നും, നിങ്ങളോ ജ്യേഷ്ഠത്തിയുടെ സേവകൻ മാത്രമാണെന്നും ഗോപാലൻനായക്കു ബോദ്ധ്യംവന്നു. ആ നിമിഷംതന്നെ എന്റെ നേരെ ഉണ്ടായിരുന്ന ദുശ്ശങ്കകളൊക്കെ അകന്നു അദ്ദേഹത്തിന്നു എന്നോടു പൂർവ്വാധികം സ്നേഹവും ആദരവും തൃപ്തിയും ഉണ്ടായി. എന്നെ ഇങ്ങിനെ രക്ഷിച്ചതിൽ നിങ്ങൾക്കളോടു ഞാൻ എങ്ങിനെ നന്ദിപറയാതിരിക്കും. എന്റെ ജ്യേഷ്ഠത്തിക്കു ഒരു ഭർത്താവു സമ്പാദ്യമായതും നിങ്ങളുടെ കരുണകൊണ്ടു മാത്രമല്ലേ? എന്നൊക്കെ അഗണ്യമായും നിർല്ലജ്ജമായും ആ രാക്ഷസി വാക്ശരം ചൊരിഞ്ഞുതുടങ്ങിയപ്പോൾ പുരുഷന്മാരുടെ ചിത്തം പുഷ്പത്തേക്കാൾ മൃദുവാണെങ്കിൽ അബലകളുടെ ചിത്തം വജ്രത്തേക്കാൾ ഖരമാണെന്ന വാസ്തവബോധം വന്നുപോയ ഞാൻ, പാമ്പിനേക്കണ്ട പക്ഷിക്കുട്ടിയേപ്പോലെ തരിച്ചുനിന്നുപോയി. "അതുകൊണ്ടു ജ്യേഷ്ഠ! എന്റെ നേരെ മുഷിച്ചൽവേണ്ട നമ്മളൊക്കെ ഇന്നുമുതൽ ഒന്നിച്ചു താമസിക്കേണ്ടവരല്ലേ? ജ്യേഷ്ഠത്തിയുടെ ശുപത്തെപ്പററി അധികം വിഷാദിപ്പാനില്ല. എത്രയോ നല്ല ശീലമാണു്. കോപിച്ചാൽ ചില സമയം ഇരിമ്പുലക്കയെടുത്തു ചള്ളു കുത്തിക്കഴിപ്പാനും, അരിവാളെടുത്തു കഴുത്തു മുറിപ്പാനും തുടങ്ങുമെന്നല്ലാതെ ബാക്കിയുള്ള സമയത്തൊക്കെ നല്ല ശീലമാണു്. അവർ കല്പിക്കുംപോലെ കേട്ടു നടന്നാൽ ആർക്കും ഒരു സൊല്ലയുമുണ്ടാകുകയില്ല." എന്നൊക്കെ പിന്നെയും മററുള്ളവരുടെ മനോവേദന കേവലം പുല്ലാക്കിക്കൊണ്ടും, ബാക്കിയുള്ളവർ ജനിച്ചതു ഇവരുടെ വിനോദത്തിന്നും സൌകൎയ്യത്തിന്നും വേണ്ടി മാത്രമാണെന്നു അറിയിച്ചുകൊണ്ടും ഈ ആൎദ്രത ഇല്ലാത്ത അവലക്ഷണം

പറഞ്ഞതു കേട്ടപ്പോൾ കോപാന്ധനായ ഞാൻ പെണ്ണുങ്ങളെ ഒന്നാമതത്തെ പ്രാവശ്യം തല്ലിക്കളയാമെന്നു ഗർജ്ജിച്ചുംകൊണ്ടു ചാടിയെഴുന്നേററു അടുത്തുണ്ടായിരുന്ന ഒരു വലിയ വയനാടൻവടി കൈക്കലാക്കി, "യുവതികളെ വധിക്കയോഗ്യമോ താനവരതി ദുഷ്ടകളെങ്കിലും നരേന്ദ്ര"എന്നും ചൊല്ലി കണു, കണു, കണു എന്നു കലുങ്ങിച്ചിരിച്ചുകൊണ്ടും, "അന്നത്തിൻ നടമോടിയോടു പടതല്ലിക്കൊണ്ടും" അവൾ പുറത്തേക്കു പാഞ്ഞുപോയി.

കാലത്തിന്റെ ഒരു കളി നോക്കു. യോഗത്തിന്റെ ഒരു ഗതി നോക്കു. ഈ കളവാണിയുടെ കാൽ കഴുകിയ വെള്ളംതന്നെ തീൎത്ഥജലത്തേക്കാൾ പുണ്യമാണെന്നല്ലേ ഞാൻ വിചാരിച്ചിരുന്നതു. ഈ പാവനയെ പരിപാലിക്കാൻ വേണ്ടി പുരുഷധൎമ്മം വെടിയാതെ പ്രാണനപേക്ഷിക്കാൻകൂടി തയാറായിപ്പുറപ്പെട്ടവനല്ലേ ഞാൻ. ഇങ്ങിനെയെല്ലാമായിരുന്ന എന്നെ അവളുടെ സ്വാൎത്ഥത്തിനു വേണ്ടി ബലികഴിച്ചില്ലേ? അവൾ എന്നെ ഇത്രത്തോളം നിസ്സാരനായിക്കരുതുവാൻതക്കവണ്ണം ഞാൻ എന്തു കെട്ട കാൎയ്യം ചെയ്തു? വിചാരിക്കുന്തോറും എനിക്കു സഹിക്കാൻ സാധിക്കുന്നില്ല. വിറകൊണ്ടു എനിക്കു വെറുതെ ഇരിപ്പാൻ തോന്നിയില്ല. ഞാൻ അങ്ങോട്ടും ഇങ്ങോട്ടും ബദ്ധപ്പെട്ടു നടന്നു. അവസാനം ചിരിക്കുന്നവനാണ് അപജയം വരാത്തവനെന്നു അറിവുള്ളവർ പറഞ്ഞുകേട്ടിട്ടുണ്ടു്. ഇനി ഒന്നും ശങ്കിപ്പാനില്ലെന്നു ഞാനുറപ്പാക്കി. ഇവരെ ഒന്നു പഠിപ്പിക്കാതെ വിടാൻ പാടില്ല. എന്റെ ശരീരം കോപംകൊണ്ടു പുകഞ്ഞുതുടങ്ങി. ഞാനും എന്റെപേടിയും

ഇന്ദ്രനും അവൻെറ വജ്രവും എന്നപോലെയും, വിഷ്ണുവും അവൻെറ ചക്രവും എന്നപോലെയും, ഉൽകൃഷ്ടമാകുംവണ്ണം ഉജ്ജ്വലിച്ചുതുടങ്ങി. ഞാൻ ആ വീട്ടിലേക്കു ബാണംപോലെ ഒരു പാച്ചിൽപാഞ്ഞു. കോലംമാറിയ എന്നെ കണ്ടപ്പോൾ കോലായിൽനിന്നിരുന്ന ഈ രണ്ടു സഹോദരികളും, ഗരുഡനെക്കണ്ട സൎപ്പങ്ങളെപ്പോലെ ഒന്നു നടുങ്ങി. ക്രോധംകൊണ്ടു അടിതൊട്ടു മുടിവരെ വിറയ്ക്കുന്ന എൻെറ മനോവിചാരം ഈ മാതിരി ഇടിവെട്ടുംവണ്ണമിരിക്കുന്ന ശബ്ദപരമ്പരയാൽ പുറത്തേക്കിറങ്ങി. "പെററകളേ ! വേശ്യകളേ ! മദംകൊണ്ടു മതിമറന്ന ചപലകളേ; ഭ്രമംകൊണ്ടു കുലംകളഞ്ഞ കുടിലകളേ! എന്നെ നിങ്ങൾ ആരെന്നു മനസ്സിലാക്കി. മനോവിനോദനത്തിന്നു വേണ്ടി മറുനാടായ ഇവിടെ വന്നു ജാതിശ്ശല്യം നിമിത്തം കെ.സുന്ദരംപിള്ള എന്ന മറുപേരോടെ ഇതുവരെയ്ക്കും ചൊല്ലിയാട്ടം കഴിച്ചിരുന്ന കെ. സുബ്രഹ്മണ്യൻപോററി മാത്രമായ എന്നെയുണ്ടോ നിങ്ങൾക്കു പിടിക്കാൻ കിട്ടുന്നു." എൻെറ നാവിൽനിന്നു പുറപ്പെട്ട ഈ ബ്രഹ്മാസ്ത്രം നെഞ്ഞിൽ തറച്ചപ്പോൾ നാണവും നൈരാശ്യവുംകൊണ്ടു ഈ രണ്ടു പീറപ്പെണ്ണുങ്ങളും നിലയില്ലാതെ നട്ടംതിരിഞ്ഞു. "നല്ലതു സാറേ! നിങ്ങൾ സംബന്ധം കഴിപ്പാൻ ഭയപ്പെട്ടു രാജ്യം വിട്ടാലോ എന്നു ശങ്കിച്ചിട്ടു നിങ്ങളുടെ വീട്ടിൽ ഞാനും വന്നു ഒളിച്ചിട്ടുണ്ടായിരുന്നു. ഇന്നു രാവിലെ ലക്ഷ്മിക്കുട്ടി പറഞ്ഞ സകല കാൎയ്യങ്ങളും ഞാൻ കേട്ടു. നിങ്ങൾ എൻെറ അപരാധത്തെ മാപ്പാക്കണം" എന്നു അപ്പോൾ എൻെറ പിന്നാലെ വന്നുകേറിയ ഗോപാലൻനായരും പറഞ്ഞുകേ

ട്ടപ്പോൾ, മറെറാരു ബ്രഹ്മാസ്ത്രവും മാറത്തുവീണ ഈ രണ്ടു വഞ്ചനകാരിണികളും ചളിയിലെ മീൻപോലെ ഉഴന്നു. കണ്ണുംമിഴിച്ചു ജ്യേഷ്ഠത്തിയായ ദുഷ്ടാ, ഭ്രഷ്ടുകൊണ്ടു രാഹപാനനയായി മേലോട്ടു നോക്കുന്നതും, കണ്ണും അടച്ചു അനുജത്തിയായ ജ്യേഷ്ഠ, ലജ്ജകൊണ്ടു രക്താനനയായി കീഴോട്ടു നോക്കുന്നതും, കണ്ടപ്പോൾ ഞാനും എന്റെ പേടിയും പൂവും അതിന്റെ വാസനയും എന്നപോലെ ആവോളമാമോദിച്ചു.

# ഭക്തി

## മറെറാരു നോട്ടം.

നമ്മെളക്കാറം വലിയവരോട്ടു നമ്മറംക്കു തോന്നുന്ന ഒരുവക ആദരവിൻെറയും വിശ്വാസത്തിൻെറയും കട്ടപ്പം കൊണ്ടു ഹൃദയത്തിൽ ജനിയ്ക്കുന്ന ഒരു തീയാണ് ഭക്തി. ഈ തീ മനുഷ്യഹൃദയത്തിൽ സർവ്വദാ കത്തിക്കൊണ്ടിരിക്കേണ്ടതാണെന്നു തെററുവരാത്ത മുനിമാരും അവരുടെ തെററാത്ത പിൻഗാമികളായ സേവകന്മാരും ഘോഷിച്ചുകൊണ്ടിരിക്കുന്നു. ഭക്തിഹീനനു ന്തറായിരം ജന്മംകൊണ്ടു മുക്തി കിട്ടുകയില്ലെന്നാണ് ഇവരൊക്കെ സിദ്ധാന്തിക്കുന്നതു. ഇതു ഏതു മതക്കാരുടെ ശാസ്ത്രമാണെന്നു ഗ്രഹിപ്പാനാഗ്രഹമുള്ളവർ മുക്തിവിവേകത്തിൽ തിരഞ്ഞുനോക്കുന്നതാണ് നല്ലതു. മുക്തി എന്നത് ഒരുവക തീയൊന്നുമല്ല. എന്തുതന്നെയായാലും വേണ്ടില്ല, അതു കിട്ടേണമെങ്കിൽ ഭക്തി കൂടാതെ കഴികയില്ല. ഭക്തി വേണ്ടെന്നുവെച്ചാലോ, ന്തറായിരത്തിലും അധികം ജന്മം നമുക്കു ഭൂമിയിൽ എടുക്കേണ്ടിവരികയും ചെയ്യും. ഇങ്ങിനെ കേറംക്കുമ്പോറം പലരും ഭയപ്പെട്ടു പോകാറുണ്ടെങ്കിലും ഞാൻ ലവലേശം നടുങ്ങുന്നില്ല. വാസ്തവം പറഞ്ഞാൽ ഇതു ഒരു ചീത്ത അനുഭവമായി എനിക്കു തോന്നുന്നില്ല. ഈ ഒരു ജന്മംകൊണ്ടു ലക്ഷത്തിലൊരോഹരിപോലും, കാണേണ്ടതു കണ്ടിട്ടും അറിയേണ്ടതു അറിഞ്ഞിട്ടും ചെയ്യേണ്ടതു ചെയ്തിട്ടും ഇല്ല. മലയാളരാജ്യംതന്നെയാണ് എൻെറ ജന്മംകൊണ്ടു ദുഷിച്ചു

പോയ ദിക്കെങ്കിലും, ആ രാജ്യം മുഴുവനും എന്നുവേണ്ടാ ഏറനാട്ടിലെ ലഹളസ്ഥലവുംകൂടി ഇതുവരെ ഞാൻ കണ്ടിട്ടില്ല. അതൊക്കെ എന്നേക്കാൾ മുന്നേ കണ്ടെത്തു വടക്കേ ഇന്ത്യയിലെങ്ങാൻ കിടക്കുന്ന ഗൂർക്കരും, ബങ്കാൾഉൾക്കടലിന്റെ അങ്ങേക്കരെക്കു കിടക്കുന്ന ചില ബർമ്മക്കാരും മററുമാണ്. ഭൂലോകത്തോടൊത്തുനോക്കുമ്പോൾ മലയാളം എത്ര ചെറുതാണ്. അതുംകൂടി കാണാത്ത ഞാൻ ഭക്തികൊണ്ടു ഇത്രവേഗം മുക്തി സമ്പാദിച്ചു കഴിഞ്ഞാൽ ബാക്കി ഭാഗങ്ങളെല്ലാം എന്നു കാണും. അതുകൊണ്ടു ഭക്തി എന്ന കാര്യം മാത്രം എനിക്കു വേണ്ട. ജന്മമോ, കള്ളുകുടിയൻ തന്റെ ഇഷ്ടപാനീയത്തെപററി പറഞ്ഞപോലെ, ഏത്രയെങ്കിലുമാവാം. ഏതെല്ലാം ദിക്കിൽ എനിക്കു ജനിക്കാനുണ്ടു. ഒരിക്കൽ പരന്ത്രീസുകോടീശ്വരനായി ജനിച്ചു ഒരു നല്ല പാരീസുകന്യകയെ വേളികഴിക്കണം. ഒരിക്കൽ തുർക്കി സുൽത്താനായി ജനിച്ചു ഗോഷയും ശുദ്ധാന്തവും അന്നാട്ടിൽനിന്നു നിർത്തൽ ചെയ്യണം. മററൊരിക്കൽ സ്വിട്ട്സർലണ്ടിൽ ജനിച്ചു, 14000 അടി മീതെയുള്ള ശാന്തതടാകങ്ങളിൽ ചൂണ്ടലിട്ടു വിനോദിക്കണം. പിന്നെ ഒരിക്കൽ ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായി ജനിച്ചു, ഇന്ത്യയിലെ ജാതിവ്യത്യാസം, സതി എന്നപോലെ അറുതിവരുത്തിക്കളവാൻ ഒരു വകുപ്പുകൂടി ഇന്ത്യൻശിക്ഷാനിയമത്തിൽ ചേർക്കണം. ഈ വകാര്യങ്ങൾ ഒരു ജന്മംകൊണ്ടൊന്നും എനിക്കു സാധിക്കുമെന്നു തോന്നുന്നില്ല. ഭാഗ്യവശാൽ വിഷൂചിക, ഇൻഫ്ളുവെൻസാ മുതലായ സാംക്രമികരോഗങ്ങളെപ്പോലെ ഭക്തിരോഗം എന്നെ ബാധിച്ചിട്ടില്ല. അതല്ലായിരുന്നു എങ്കിൽ ഈ ജന്മത്തോടുകൂടി എന്റെ

മററു ജന്മങ്ങളും ഒടുങ്ങിപ്പോകുമായിരുന്നു. അതു, എനിക്കു സഹിക്കവയ്യാത്ത ഒരു സങ്കടവുമായിപ്പോകുമായിരുന്നു.

ഭക്തി ഒരുതരം സദാചാരമെന്നാണ് പലരും പറയുന്നതു. എന്നാൽ ഭക്തി ഒരുതരം സാംക്രമികരോഗമെന്നാണ് എനിക്കു തോന്നുന്നതു. ഈ രോഗത്തിൻെറ ഒരു നിദാനം എഴുതാൻ നോക്കുമ്പോൾ അതിൻെറ ലക്ഷണങ്ങൾ പല ജാതിക്കാൎക്കും പല ജാതിയാണെന്നു കണ്ടു മനോധൈൎയ്യമില്ലാതെ മൌനമവലംബിച്ചേക്കാമെന്നുറച്ചപ്പോൾ എൻെറ അല്പജ്ഞതയെയും "വിദൂരനമസ്കാരം" ചെയ്വാൻ പാടുപെടുന്ന ചില ബ്രഹ്മാണ്ഡവമ്പന്മാൎക്കു അവസരം കിട്ടാതെ പോകുമെന്നു ശങ്കിച്ചിട്ട് എനിക്കു മിണ്ടാതിരിപ്പാൻ മനസ്സു വരുന്നില്ല. നവീനശാസ്ത്രസിദ്ധാന്തമായ അപാരമായ പാരാവാരമെന്തെന്നറിയാത്ത കൂപമണ്ഡൂകനാണെന്നു വന്നാൽകൂടി, ഞാൻ അഭിപ്രായംകൊണ്ടു എന്നിൽനിന്നു വ്യത്യാസപ്പെടുന്നവരെ, അല്പജ്ഞരെന്നു വിളിച്ചു നിന്ദിക്കുവാൻ തക്കവണ്ണം അസാരനോ അപരിഷ്കൃതനോ സൎവ്വജ്ഞനെന്നു ഭാവമുള്ളവനോ ആണെന്നു ഇതുവരെ ആരും പറഞ്ഞിട്ടില്ല. ആ ക്ഷന്തവ്യമല്ലാത്ത അഹന്ത എന്നെ എന്നു ബാധിക്കുന്നുവോ അന്നു കുതിരച്ചമ്മട്ടികൊണ്ടുള്ള നിരന്തരമായ പ്രഹരവും കൂടി ഒരു ലഘുവായ ശിക്ഷയായിട്ടേ ഞാൻ കരുതുകയുള്ളു.

ഭക്തി എങ്ങിനെയാണ് നാം പ്രദൎശിപ്പിക്കുന്നതു. എന്തിനാണ് നാം പ്രയോഗിക്കുന്നതു. എന്നു ചോദിച്ചാൽ "മറെറാന്നിനുമല്ല. ഈശ്വരൻെറ പ്രീതി സമ്പാദിക്കുവാനാണ്" എന്നു ഏവൎക്കും ക്ഷണം ഉത്തരം പറയാം. ഭക്തി

യുടെ അടിസ്ഥാനം ഈശ്വരനാണ്. ഈശ്വരനില്ലെങ്കിൽ ഭക്തിയില്ല. ഈശ്വരനാരാണ്. ഈശ്വരനെ എങ്ങിനെ ഉള്ളവനായിട്ടാണ് മനുഷ്യർ മനസ്സിലാക്കീട്ടുള്ളതു. നമ്മുടെ നാട്ടുകാരുടെ ഭക്തിമാർഗ്ഗത്തിലുള്ള നടപടി കാണുമ്പോൾ അവരൊന്നും ഈശ്വരനെ വാസ്തവത്തോടടുത്തരീതിയിൽ മനസ്സിലാക്കിയിരിക്കുന്നോ എന്നു സംശയിക്കേണ്ടി വന്നിരിക്കുന്നു. സർവ്വകാരണൻ, സർവ്വവ്യാപി, സർവ്വസാക്ഷി എന്നൊക്കെ ഈശ്വരൻെറ പര്യായങ്ങൾ എന്നല്ലാതെ ആ സംജ്ഞകളിലൊക്കെ അന്തർഭവിച്ച സാരാർത്ഥം മിക്കവരും ഗ്രഹിച്ചിരിക്കുന്നോ എന്നു ഞാൻ സംശയിക്കുന്നു. മായാമറയുടെ മറേറ ഭാഗത്തു ഒളിച്ചിരുന്നു മരണാനന്തരം അങ്ങട്ടു ചെല്ലാൻ നോക്കുന്ന പാവപ്പെട്ട മനുഷ്യരുടെ പിരടിയ്ക്കു ചാടിവീണു അവരെ ദയയില്ലാതെ കുത്തിയും, കൊത്തിയും, കീറിയും, പൊള്ളിച്ചും ദ്രോഹിക്കാൻ "ആററുനോററു" കൊണ്ടു സർവ്വദാ കാത്തുനില്ക്കുന്ന ഒരു പ്രത്യേക രാക്ഷസനായിട്ടാണ് മിക്ക മനുഷ്യന്മാരും ഈശ്വരനെ വിചാരിച്ചു പോരുന്നതു. ഇതു ഈശ്വരനു ബഹുമാനകരമായ ഒരു പദവിയോ എന്നു ഭക്തിഹീനന്മാരല്ലാത്തവർ ഒന്നു ആലോചിച്ചുനോക്കേണ്ടതാണ്. ഈ സ്ഥിതി ശക്തിമത്തനായ ഒരു പ്രഭുവിനല്ലാതെ സർവ്വശക്തനായ ഒരു ഈശ്വരനു യോജിക്കുന്നതല്ല. വാസ്തവം പറഞ്ഞാൽ പല സരസന്മാരും ഈശ്വരനെ ഇങ്ങിനെ ഒരു പ്രഭുവിൻെറ നിലയിലേ മനസ്സിലാക്കീട്ടുള്ളു. ഇങ്ങിനെ ഒരു വിചാരം തലയിൽ കിടന്നാൽ താന്താങ്ങളുടെ കാര്യം പററിക്കാനായി പ്രഭുവിൻെറ സേവ പിടിക്കുമ്പോലെ ഈശ്വരൻെറയും സേവ പിടിക്കാൻ നോക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഈശ്വരനെ

മിരട്ടുവാൻ വേണ്ടിയാണ് മിക്കപേരും ഭക്തി പ്രയോഗിക്കുന്നതു്. "മിരട്ടുക" എന്ന പദത്തിന്നു ഞാൻ സങ്കല്പിച്ച അത്ഥം ഉപായംകൊണ്ടു സ്വാധീനിക്കുക എന്നു മാത്രമാണ്. അമരത്തിൽ ഈ പദം കാണാനിടയില്ലാത്തതുകൊണ്ടാണ് ഇതു ഞാൻതന്നെ ഒന്നു വ്യാഖ്യാനിച്ചു രാമവാരരുടെ യശസ്സിൽ ഒരംശം സമ്പാദിക്കാൻ ശ്രമിക്കേണ്ടിവന്നതു.

ചിലർ ഭക്തി പുറത്തിറക്കുന്നതു ആരും കാണാതെ ഒരു മൂക്കിൽപോയി ജപിച്ചിട്ടാണു്. ജപിക്ക എന്നതിന്റെ സാരം പിറുപിറുക്ക എന്നോ ശബ്ദമുണ്ടാക്ക എന്നോ ആണ്. പദങ്ങളൊക്കെ കൃത്രിമശബ്ദവാഹികളായിരിക്കകൊണ്ടു യഥാത്ഥത്തിൽ പദങ്ങൾക്കും അവററയിൽ അന്തൎഭവിക്കുന്ന ശബ്ദങ്ങൾക്കും അത്ഥം കല്പിക്കാമെന്നല്ലാതെ അത്ഥം സ്വതവേ ഉണ്ടെന്നു വരുന്നില്ല. ഒരുവൻ ചമ്പ്രം പടിയിട്ടു ജപിക്കുമ്പോഴും കുറുക്കൻ മേലോട്ടുനോക്കി ഓരിയിടുമ്പോഴും ഒക്കെ ചില ശബ്ദങ്ങൾ മാത്രമാണ് പുറപ്പെടുന്നതു. കാൎയ്യം അങ്ങിനെ ഇരിക്കെ, ജപിക്കുന്നതുകൊണ്ടു ദൈവത്തിന്നു എങ്ങിനെ പ്രീതിയുണ്ടാകുന്നെന്നു മനസ്സിലാവാൻ വൈഷമ്യം നേരിടുന്നു. ജപിക്കുന്നമനുഷ്യൎക്ക മററൊരുതരം ഭേദവും ഉണ്ടാകാറുണ്ടു്. ജപിക്കുന്നതു എല്ലാരും കാണാതെയായിരിക്കകൊണ്ടായിരിക്കും ജപിക്കുന്നവരാണെന്ന വിവരം എല്ലാവരേയും അറിയിക്കാൻ തക്കവണ്ണം ദേഹത്തിന്മേൽ ചില വരകളും കുറികളും വലിച്ചുവിടുന്നതു. സാൽട്ടുകാൎക്കും പോലീസുകാൎക്കും അവരവരെ തിരിച്ചറിവാൻ ഓരോ പ്രത്യേകമാതിരി കുപ്പായം ഉള്ളപോലെ, ജപക്കാരെ തിരിച്ചറിവാനുള്ള പ്രത്യേകകുപ്പായങ്ങൾ മേല്പ

റഞ്ഞ വരകളും കുറികളും ആകുന്നു. ചിലർ ശരീരത്തിൽ വലിച്ചുവിടുന്ന വരകൾക്കു നല്ല യോജിപ്പുണ്ട്. ഇവരെ കാണുമ്പോൾ പിച്ചളക്കെട്ടു പിടിപ്പിച്ച ചില എഴുത്തു പെട്ടികളെ ഓർമ്മിച്ചുപോകും. ദേഹത്തിൽ ആകപ്പാടെ വരകൾ നിറക്കുന്ന മററുചിലരുണ്ട്. ഇവരെ കണ്ടാൽ, "കരവര"വെച്ച മത്സ്യങ്ങളെപ്പോലെ, നെയ്യിൽ ഇടാൻ നല്ല പാകമാണെന്നു തോന്നിപ്പോകും. ഇവരൊക്കെ ആശിക്കുന്ന മുക്തി മുനികൾ ആശിക്കുന്നതും ജന്മങ്ങളിൽ നിന്നു മോചനം സിദ്ധിക്കുന്നതുമായ മുക്തി അല്ല ഇവരുടെ മുക്തി സുഖം കിട്ടുന്ന സ്വർഗ്ഗലോകം തന്നെയാണ്.

ഇത്തരക്കാരിൽ വേറെ ചിലർ അമ്പലത്തിൽ പോയിട്ടാണ് കാര്യം പററിക്കുന്നതു. നമ്പറിന്നു കോടതിയിൽ പോകുമ്പോലെയും, കുളിപ്പാൻ കുളക്കടവിൽ പോകുമ്പോലെയും ദൈവത്തെ വണങ്ങാൻ അമ്പലത്തിലും പോകുന്നു. ഇതും ഒരുതരം ജോലിയായിട്ടു മാത്രമേ മിക്കവരും കരുതി വരാറുള്ളു. അങ്ങിനെ പോകുന്ന ചിലർ ദൈവത്തിന്നു ചില കാഴ്ചകളും കൈക്കൂലികളും വെച്ചുപോരാനും ധൈര്യപ്പെടുന്നുണ്ട്. ഇരപ്പാളിക്കു ഇട്ടുകൊടുക്കും പോലെ, ഇക്കൂട്ടർ ദൈവത്തിന്നു ധർമ്മം കൊടുക്കാതെ പോയാൽ അദ്ദേഹത്തിന്നു കഴിച്ചിലിന്നു അസാരം ബുദ്ധിമുട്ടു നേരിടുമെന്നു തോന്നിപ്പോകും. ഈ വക ഗോഷ്ഠികളൊക്കെ കാണുമ്പോൾ ദൈവത്തെ എത്ര താണ നിലയിലാണ് ഇവർ കരുതിപ്പോകുന്നതെന്നു ആൎക്കാണ് ഗ്രഹിച്ചുകൂടാത്തത്? ചിലർ അമ്പലത്തിൽ പോയിട്ടു ദൈവത്തെ കുറേനേരത്തോളം സ്തുതിക്കയാണ് ചെയ്യുന്നതു. മുഖസ്തുതി കേട്ടിട്ടു, മനുഷ്യരേപ്പോലെ ഈശ്വരനും പ്രസാദിക്കുമെന്നു

വിചാരിക്കുന്നതു കുറെ കടന്ന കയ്യായിപ്പോകുന്നില്ലേ എന്നു എനിക്കൊരു ശങ്ക. വേറെ ചില രസികന്മാർ സമസൃഷ്ടികളെ ശകാരിച്ചുംകൊണ്ടും തെറിപറഞ്ഞുകൊണ്ടും അമ്പലത്തിൽ ചെല്ലുകയും അവിടെ എത്തിയാലോ ദൈവത്തേയും കേവലം വകവെക്കാതെ കണക്കിലേറെ ശകാരിച്ചു, ദൈവത്തെ കഠിനമായി ഭയപ്പെടുത്തി അദ്ദേഹത്തിൽനിന്നു മരണാനന്തരം സ്വൎഗ്ഗം പിടിച്ചുപറിക്കാമെന്നോ സ്വൎഗ്ഗത്തെ കൊള്ളയിട്ടു കഴിക്കാമെന്നോ വിചാരിച്ചുപോരുന്നു ഇതുകൊണ്ടു ജീവനുള്ളപ്പോൾ തല്ലു കിട്ടുമെന്നല്ലാതെ ചാകുമ്പോൾ സ്വൎഗ്ഗം കിട്ടുമെന്നു തോന്നുന്നില്ല. ദൈവത്തെ വിചാരിക്കുന്ന ഈ പുതിയ രീതിയും ഭക്തിയുടെ ഒരു വകഭേദം മാത്രമാണത്രേ. ഇക്കൂട്ടരുടെ പാരായണത്തിന്നുവേണ്ടി പല തെറിപ്പാട്ടുകളും കെട്ടിക്കൊടുക്കാൻ ചില കൊട്ടുംകുള്ളർ× × രാക്ഷസന്മാരും അവതരിച്ചിതാണ് അതിശയത്തിൽവെച്ചു അതിശയം. മരിക്കുംമുമ്പേ ആനത്തലയോളം ചന്ദനം തൊട്ടാൽ സ്വൎഗ്ഗം കിട്ടുമെന്ന പൂൎണ്ണവിശ്വാസത്തിന്മേൽ, ചില സരസന്മാർ, ഒട്ടിക്കാൻ പാടുള്ളേടത്തോളം ചന്ദനം ഉരുളയാക്കി നെററിമേൽ പിടിപ്പിച്ചുവരുന്നതു കാണുമ്പോൾ, ഇസ്ക്കലിയാണെന്നു വിചാരിച്ചു ചില ചെറിയ കുട്ടികൾ, അത്യാൎത്തിയോടെ നോക്കിനില്ക്കുന്നതു ആരും ചിരിച്ചുപോകത്തക്ക ഒരു സംഭവമാകുന്നു. ചിലർ, ഉത്തമാംഗം ഒരു പുഷ്പവാഹിനിയോ എന്നു തോന്നുമാറു തെച്ചിയും ചെമ്പരുത്തിയും തലയിലണിഞ്ഞു, പൂവൻകോഴിയേക്കാൾ ഞെളിഞ്ഞു വരുന്നതു കാണുമ്പോൾ, നിസ്സംശയമായി ദൈവം അവരുടെ ഭാഗത്തു വാശിയോടെ കൂടികഴിഞ്ഞിട്ടുണ്ടെന്നു തോന്നും.

പാപം മുടിഞ്ഞുപോയാൽ സ്വർഗ്ഗം കിട്ടുമെന്നു വിചാരിക്കുന്ന ചില മഹാപാപികൾ തീർത്ഥസ്ഥാനത്തിന്നു ഏറിയ പണവും ചെലവുചെയ്തു പുറപ്പെടുന്നു. ഇവരുടെ കുളികൊണ്ടു തീർത്ഥം മലിനമാകയല്ലാതെ ഇവർ ശുദ്ധന്മാരായിത്തീരുന്നില്ല. കുളിച്ചാൽ ദേഹത്തിലുള്ള അഴുക്കു പോകുമെന്നല്ലാതെ പാപം എങ്ങിനെ വെള്ളത്തിൽ കലങ്ങിപ്പോകുന്നു എന്നു മനസ്സിലാകുന്നില്ല. രസവാദികളും കൂടി ഇങ്ങനെ ഒരഭിപ്രായം പിൻതാങ്ങാൻ ധൈര്യമുണ്ടാകയില്ല. എന്നാൽ ഇങ്ങിനെ ഒരു വിശ്വാസം പരിപാലിച്ചുപോരുന്നതുകൊണ്ടു കേവലം ഉപകാരമില്ലെന്നില്ല. കയ്യിൽ കാശുള്ളവൎക്കു കഴിയുന്നേടത്തോളം പാപം ചെയ്യുന്നതിന്നു മടിക്കേണ്ട. അവസരമുള്ളപ്പോൾ പാലാറിലോ കാവേരിയിലൊ ചെന്നു കുളിച്ചാൽ മതിയല്ലൊ. കാൎയ്യം എത്ര എളുതപ്പമാണ്. മാനസാന്തരപ്പെടുന്നതിലും എളുപ്പം കുളിക്കുന്നതല്ലേ?

വേറെ ചിലൎക്കു ദൈവത്തിന്നു കള്ളും റാക്കും കോഴിയും ആടും കൊടുത്തേ പ്രസാദമുണ്ടാകയുള്ളു എന്നൊരു പിടിത്തം കാണുന്നുണ്ട്. കോഴിക്കും ആട്ടിന്നും പകരം കാക്കയേയും കുറുക്കനേയും കൊടുക്കുന്നപതിവില്ല. ദൈവത്തിന്നു പ്രീതി വരുത്തുന്നതിനേക്കാൾ തങ്ങളുടെ കുടൽ നിറയ്ക്കാനാണ് ഇതിന്റെ ഉദ്ദേശമെന്നു വെച്ചു കൊടുക്കുന്നതൊന്നും ദൈവം തൊട്ടുനോക്കാറില്ലെന്ന പച്ചപ്പരമാൎത്ഥം വെളിവാകുന്നുണ്ട്. പരിഷ്കാരം വൎദ്ധിച്ച ഇക്കാലങ്ങളിൽ കള്ളിന്നും റാക്കിന്നും മററുള്ളതിന്നും പകരം വീടിയും, ചുരുട്ടും, വിസ്കിയും, സോഡായും, ടിൻമത്തിയും, പാൽ

ക്കട്ടിയും ആകുന്നതായിരിക്കും യോജിപ്പെന്ന വിചാരം ഇക്കൂട്ടൎക്കു ലേശം കാണുന്നില്ല.

"സംസാരേ കിംസാരം" എന്നു പറഞ്ഞുകൊണ്ടു അതൊക്കെ ഉപേക്ഷിച്ചു കാട്ടിൽ കൂടുന്ന ഒരു വല്ലാത്ത മട്ടാണ് സന്യാസിമട്ട്. "ബാല്യത്തിലേ വിദ്യകളഭ്യസിച്ചും, താരുണ്യമായാൽ വിഷയേ സുഖിച്ചും, വാൎദ്ധക്യകാലം മുനിയായ്ക്കഴിച്ചും, ദേഹത്തെ യോഗാലൊടുവിൽ ത്യജിച്ചും" എന്നു രഘുരാജാക്കന്മാരുടെ മട്ടിൽ ഒരു യുക്തി കാണുന്നുണ്ടു. സപ്തനാഡികളും തളൎന്നുപോകുന്ന വാൎദ്ധക്യകാലത്തിൽ സംസാരസുഖം അനുഭവിപ്പാൻ ശക്തിയില്ലാതെ വരുന്നു. അപ്പോൾ അതു വേണ്ടെന്നുവെച്ചു സന്യാസിയായി കാട്ടിൽ കടന്നുകൂടുന്നതിന്നു വിരോധമില്ല. അതല്ലാതെ പൂൎണ്ണയൌവനത്തിൽ സന്യാസിമട്ടെടുക്കുന്നവനേപ്പോലെ ഈശ്വരനെ ശുണ്ഠിപിടിപ്പിക്കുന്നവൻ മററുണ്ടോ എന്നു സംശയമാണ്. ചിലർ പ്രാൎത്ഥനകൊണ്ടും വഴിപാടുകൊണ്ടും ദൈവത്തെ ബുദ്ധിമുട്ടിക്കുന്നവരാണ്. സാധിക്കേണ്ടുന്ന കാൎയ്യം ചില്ലറയായാലും ശരി വലിയതായാലും ശരി പ്രാൎത്ഥനയോ വഴിപാടൊ വേണ്ടെന്നുവെക്കില്ല. ഈ രണ്ടു ഭക്തിമാൎഗ്ഗങ്ങളുടെ ഉദ്ദേശം ബാക്കിയുള്ളതുപോലെ വെറും സ്വാൎത്ഥമാണ്. കള്ളന്മാർ അറ തുരക്കാൻ പോകുമ്പോഴും ജാരന്മാർ ഭൎത്താക്കന്മാരെ കൊല്ലാൻ പോകുമ്പോഴും തങ്ങൾക്കു യാതൊരുടവും തട്ടാതിരിപ്പാൻവേണ്ടി ബഹുഭക്തിയോടെ ഈശ്വരനെ പ്രാൎത്ഥിക്കാറുണ്ടു. ഭൂമിയെക്കൊണ്ടു സൂൎയ്യനെ യഥാക്രമം പ്രദക്ഷിണം ചെയ്യിപ്പിക്കാനും കാലങ്ങൾ ശരാശരിയ്ക്കു ഭൂമിയിൽ അവതരിക്കാനും ചന്ദ്രനു ക്ഷയവും വൎദ്ധനവും ഉണ്ടാകുവാനും, വ്യാഴത്തേ ഓരോ

രാശിയിൽ ഓരോ കൊല്ലം നിവൃത്തിക്കുവാനും മററുമുള്ള ഗംഭീരകാര്യങ്ങളിൽ ശ്രദ്ധവെക്കേണ്ടുന്ന ഈശ്വരനെ പുഴുക്കളായ താന്താങ്ങളുടെ രണ്ടുമുക്കാലിന്റെ കാര്യത്തിന്നു വേണ്ടി കൂടക്കൂടെ വിളിച്ചു സ്വൈരം കൊടുക്കാതിരിക്കുന്നതു ദൈവകോപത്തിന്നു കാരണമാകാതിരിക്കുന്നതു ഭക്തന്മാരുടെ ഭാഗ്യമായി കരുതാനേയുള്ളു. വഴിപാടു പ്രാർത്ഥനയേക്കാളും കവിഞ്ഞ ഒരു പ്രയോഗമാണു്. ഇതിൽ ദൈവത്തിന്നു കാര്യലാഭമില്ലെന്നു പറവാൻ പാടില്ല താന്താങ്ങളുടെ കാര്യത്തിൽ തെല്ലുകൂടി ശുഷ്കാന്തിവെക്കേണ്ടതിലേക്കു ദൈവത്തെ പ്രേരിപ്പിക്കുവാൻ പ്രതിഫലമായി ഒരു സമ്മാനമോ കൈക്കൂലിയോ കൊടുക്കാമെന്നു, കക്ഷികൾ ഉമസ്ഥന്മാരോടെന്നപോലെ വഴിപാടുകാരൻ ഏൽക്കുന്നുണ്ടു്. മുതൽ കളവുപോയാൽ കളവിന്നു തുമ്പുണ്ടാക്കി മുതൽ തിരിയെ കൊടുക്കേണ്ടതു പോലീസിന്റെ മുറയാണെങ്കിലും അങ്ങിനെ തുമ്പുണ്ടാക്കിയാൽ പോലീസിന്നു തങ്ങളുടെ വകയായി ഓരോ സമ്മാനം കൊടുക്കാമെന്നു മുതലിന്റെ ഉടമകൾ വാഗ്ദാനം ചെയ്തു പോലീസുകാർക്കു ആ കാര്യത്തിൽ ഉത്സാഹം വർദ്ധിപ്പിക്കുന്നതു പോലെയാണു് വഴിപാടുകൾ ദൈവത്തെയും ആശിപ്പിച്ചു ഉത്സാഹിപ്പിക്കുന്നതു. എന്നാൽ പോലീസുകാർക്കു കൊടുക്കുന്ന അത്രയൊന്നും ദൈവത്തിന്നു കൊടുക്കേണ്ടിവരില്ല. ഒരു പൂവൻകോഴിയെക്കൊണ്ടോ, അസാരം പായസം കൊണ്ടോ, ഒരു നിറമാലകൊണ്ടോ ചില സമയത്തു ചുട്ട മത്തികൊണ്ടോ വൻകാര്യങ്ങൾകൂടി സാധിപ്പിച്ചുപോരാൻ ഈ വിദഗ്ദ്ധന്മാർ ശ്രമിക്കുന്നു. കാര്യം വന്നാൽ ദൈവത്തെ പററിക്കാൻ നോക്കുന്ന വഴിപാടുകാരും ഇക്കൂട്ടത്തിൽ ഉണ്ടു്. തങ്ങൾ

കേവലം മറന്നുപോയതാണെന്നു ദൈവം ദയവുചെയ്തു വിചാരിച്ചുകൊള്ളട്ടെ എന്ന ബോധനയാണ് ആ സരസന്മാർക്കുണ്ടാകുന്നതു. ഭാഗ്യവശാൽ ഇതൊക്കെ പിരിപ്പിക്കുന്ന കാര്യസ്ഥന്മാരെ നിശ്ചയിച്ചു വഴിപാടു ബാക്കിക്കു വ്യവഹാരം കൊടുപ്പാൻ ഈശ്വരൻ എത്ര നഷ്ടപ്പെട്ടാലും ശരി നോക്കാറില്ല. എന്റെ വഴിപാടുകാരെ! നിങ്ങളുടെ കൌശലം കാണുമ്പോൾ നമ്മുടെ കുറുങ്കാട്ടിലേ കുറുക്കനും കൂടി കുതിച്ചു പായേണ്ടിവരും.

രസിക ശിരോമണികളായ മററു ചില ഭക്തന്മാരുടെ അവസ്ഥയും ഈ അവസരത്തിൽ മറന്നുകളവാൻ പാടില്ല. ഇതു വ്യക്തമാക്കാൻ മറെറാരു കാര്യവും കൂടി എടുത്തു പറയാം. സംസ്കൃതഭാഷ നല്ലവണ്ണം അറിഞ്ഞതുകൊണ്ടു മാത്രം ഒരാൾ വിദ്വാനായിപ്പോയി എന്ന തെററിദ്ധാരണ ഈ കാലത്തുംകൂടി പോയ്പോകാതിരിക്കുന്നതു വളരെ അത്ഭുതമായിരിക്കുന്നു. ഈ തെററിദ്ധാരണ പാരമ്പര്യമായി നില നിന്നുപോരുന്നതുകൊണ്ടു ആ ഭാഷയിൽ നല്ല പരിജ്ഞാനമുള്ള ആളുകൾ താന്താങ്ങളുടെ പ്രബന്ധങ്ങളിൽ അനാവശ്യമായി സംസ്കൃതപദങ്ങൾ കുത്തിച്ചെലുത്തി ഭാഷയെ വളരെ വഷളാക്കി വിടുന്നതു തങ്ങളും വിദ്വാന്മാരാണെന്ന തെററായ അഭിപ്രായം ബാക്കിയുള്ളവർക്കു വിളംബരം ചെയ്തുകൊടുപ്പാനോ എന്നു സംശയിച്ചുപോകും. സംസ്കൃതഭാഷയിൽ പാണ്ഡിത്യം ഒരാൾക്കുണ്ടെങ്കിൽ അയാൾക്കു ലോകത്തിലെ അനേകം ഭാഷകളിൽ ഒരു ഭാഷ നല്ലവണ്ണമറിയാമെന്നല്ലാതെ അയാൾ ഒരു വിദ്വാനാണെന്നു ഒരിക്കലും സിദ്ധിക്കുന്നില്ല. സംസ്കൃതം എത്രയോ ശതാബ്ദങ്ങൾക്കു മുമ്പേ ഒരു മാതിരി മൃതഭാഷയായിത്തീൎന്നിട്ടുണ്ടു്.

ഇതിൻെറ ജീവകാലത്തു ഗംഭീരങ്ങളായ നവീനശാസ്ത്രത ത്വങ്ങളുടെ പൊടിപ്പും വളച്ചയും ഒന്നുംതന്നെ ഉണ്ടായി ട്ടില്ല. അവററയുടെ സ്പർശംതന്നെ സംസ്കൃതഗ്രന്ഥങ്ങളിൽ ഉണ്ടാവാൻ പാടില്ല. അതുകൊണ്ടു ഇപ്പോഴത്തെ സ്കൂൾ ഫൈനൽവരെ പഠിച്ച കുട്ടികളും കൂടി നവീനശാസ്ത്രങ്ങ ളുടെ പ്രാരംഭപാഠങ്ങളെങ്കിലും അറിഞ്ഞിരിക്കുന്നവരാക കൊണ്ടു സംസ്കൃതസാഹിത്യം അടിതൊട്ടു മുടിവരെ കലക്കി ക്കുടിച്ച പണ്ഡിതന്മാരെക്കാളും പതിനായിരമിരട്ടി വിദ്വാ ന്മാരാണെന്ന തക്കമില്ലാത്ത പരമാത്ഥം എല്ലായ്പോഴും ന മ്മുടെ ഓമ്മയിൽ ഇരിക്കേണ്ടതാണ്. ഇങ്ങിനെ സംസ്കൃ തഭാഷാപഠനംകൊണ്ടു മാത്രം വിദ്വാന്മാരെന്നു പേർ സമ്പാദിച്ചവരെപ്പോലെ വേദാന്തം നല്ല നിശ്ചയമി ല്ലെങ്കിലും വേദാന്തികരം എന്നു പേർ സമ്പാദിച്ചുവെച്ച ചില മുറിവേദാന്തികരം ഉണ്ട്. ഇമിറേറഷൻ പട്ടുപോ ലെ ഇവരെ ഇമിറേറഷൻ വേദാന്തികരം എന്നു പറ യാം. ഇവർ വേദാന്തത്തിൽ കാണുന്ന ചില പദങ്ങരം അവിടുന്നും ഇവിടുന്നും പെറുക്കിയെടുത്തു തങ്ങരംക്കും ബാ ക്കിയുള്ളവക്കും മനസ്സിലാകാത്ത വിധത്തിൽ ചില വാച കങ്ങരം കെട്ടിക്കൂട്ടി തട്ടിമൂളിക്കുന്നതു ഒരു പ്രത്യേക പഠി പ്പാക്കിയിരിക്കുന്നു. “മയമായ എന്നതു മററൊന്നുമല്ല കാ ലത്തിൻെറ ചക്രഗതികൊണ്ടു ബ്രഹ്മചക്രം ലോകചക്ര ത്തോടു ഉരയുമ്പോരം തൽക്ഷണം പാലിൽനിന്നു പാട പോലെ വെള്ളത്തിൽ പായൽപോലെ ആവരണശക്തി യുടെ ഫലമായിട്ടു ജനിക്കുന്ന ഒരു മറവാണ് മായ. സത്വ രജസ്തമോഗുണങ്ങളും ഈ മായയിലാണ് ലയിക്കുന്നതു. ക ടൽവെള്ളത്തിൽ ഉപ്പെങ്ങിനെയോ അതുപോലെയാണ്

ഈ ലയം. ഇക്കാണുന്ന പ്രപഞ്ചം വെറും മായയാണ്. ഇതിൻെറ ചക്രഗതിയിലും വക്രഗതിയിലും പെട്ട മോഹാന്ധന്മാരായ മനുഷ്യർ പമ്പരംപോലെ തിരിഞ്ഞുപോകുന്നു" എന്നൊക്കെ ആക്കും വ്യക്തമാകാത്ത ചില അത്ഥമില്ലാത്ത വാചകങ്ങൾ വിളമ്പി സാധുക്കളായ സാധാരണന്മാരെക്കൊണ്ടു മനസ്സിലായപ്രകാരം, സമ്മതിപ്പിക്കുന്നുണ്ട്. ഇങ്ങിനെ സമ്മതിച്ചുകൊടുക്കുന്ന കൂട്ടരോ, ഇത്ര ബുദ്ധിശക്തി തങ്ങൾക്കില്ലായ്ക നിമിത്തം മോക്ഷമാർഗ്ഗങ്ങളിൽ ഒന്നു തങ്ങൾക്കു അടഞ്ഞുപോയല്ലോ എന്നു കഥയില്ലാതെ വിചാരിച്ചു പരിതപിച്ചു പോകുന്നു.

അമ്പലത്തിൻെറ ഉള്ളിൽചെന്നു ഭക്തന്മാരിൽ അഗ്രഗണ്യന്മാരെന്നു വിചാരിച്ചുപോരുന്ന ശാന്തിക്കാർ കാട്ടിക്കൂട്ടുന്ന ചില കൃത്യങ്ങൾ കാണുമ്പോൾ ശാന്തം പാപമെന്നു ആരോടും നിലവിളിച്ചുപോകും. പ്രതിമാരൂപത്തിൽ ദൈവത്തെ ആരാധിക്കുന്നതുതന്നെ പലമതക്കാരും വിരോധിക്കുന്നതാണെങ്കിലും ഹിന്ദുക്കൾക്കു ഈ കായ്യത്തിൽ ഇളക്കവും കലുക്കവും കാണുന്നില്ല. പ്രതിമയെ വന്ദിച്ചാലും വേണ്ടില്ല വന്ദിക്കുന്ന രീതി കാണുമ്പോൾ ആക്കും പുച്ഛവും പരിഹാസവും തോന്നിപ്പോകും. ചെറിയ കുട്ടികൾക്കു പാവ വാങ്ങിക്കൊടുത്താൽ അതിനെ കുളിപ്പിച്ചിട്ടും, പൊന്നണിയിച്ചിട്ടും, ഉടുപ്പിച്ചിട്ടും കളിക്കുന്നപോലെ വലിയ താടിക്കാർ നരച്ച മൂത്ത മുതുക്കന്മാർ പാവയേപ്പോലെ ഇരിക്കുന്ന പ്രതിമയെ പൂമാലധരിപ്പിച്ചിട്ടും ആഭരണമണിയിച്ചിട്ടും എണ്ണ തേപ്പിച്ചിട്ടും വാകതേച്ചു മെഴുക്കു കളഞ്ഞിട്ടും കുറി ചാത്തിട്ടും മററും ഓരോമാതിരി പിള്ളേർകളി നാണമില്ലാതെ നടത്തിവരുന്നതു കാണുമ്പോൾ ഈ കെട്ട മത

ത്തിൽനിന്നു മററൊരു മതത്തിലേക്കു കാലുവെപ്പാൻ കാലം വൈകിയെന്നു വല്ലവക്കും തോന്നുന്നുണ്ടെങ്കിൽ അവരോടെന്തിന്നു മുഷിയുന്നു. മററുള്ളവക്കു ശാന്തിക്കാരനാണു് ദൈവമെന്നും ദൈവം ശാന്തിക്കാരൻെറ ഒരു കളിസ്സാമാനം മാത്രമാണെന്നും തോന്നിപ്പോകുന്നതിന്നു ആരാണു് ഉത്തരവാദി. ഈ പിത്തലാട്ടങ്ങളൊക്കെ എന്നാണു് നിറുത്തുന്നതു. ഭൂമി കല്പാന്തതോയത്തിൽ കുളിക്കുന്നതിന്നു മുമ്പേയായെങ്കിൽ ഭാഗ്യം.

ദൈവത്തെ ഒരുതരം ഗംഭീരനായ മനുഷ്യനാണെന്നു സങ്കല്പിച്ചു പല നടപടികളും നടത്തിവരുന്ന ഈ ഭക്തന്മാരെക്കൊണ്ടു നാട്ടിനുള്ള ബുദ്ധിമുട്ടു ചില്ലറയൊന്നുമല്ല. ഭക്തി കാണിക്കുന്നതു കൊണ്ടു ദൈവത്തിൻെറ സേവ സമ്പാദിച്ചു കഴിഞ്ഞു എന്നു വിശ്വസിക്കുന്ന ഇക്കൂട്ടുകൂട്ടക്കാർ പാപവും ദ്രോഹവും ചെയ്യാൻ കേവലം കൂസാറില്ല. അതേ, പാപംചെയ്താൽ ചോദിപ്പാനുള്ളതു ദൈവമല്ലേ? അദ്ദേഹത്തിൻെറ സേവകരാകകൊണ്ടു തങ്ങളുടെ ചില ചില്ലറ അവ്യാകൃതങ്ങളൊക്കെ മനുഷ്യപ്രഭുക്കന്മാരുടെ മട്ടിൽ ദൈവവും കണ്ണു ചിമ്മിക്കളയുമെന്നാണു് ഈ ഭക്തന്മാർ ഭക്തിപൂർവ്വം ധരിക്കുന്നതു. അതുകൊണ്ടു ദൈവത്തേപ്പോലും ഭയപ്പെടാത്ത ഭക്തന്മാരെ, ബാക്കിയുള്ളവർ ദൈവത്തേക്കാളും ഭയപ്പെടേണ്ടിവരുന്നു എന്ന സംഗതിയാണു് എന്നേ എന്നും സങ്കടപ്പെടുത്തുന്നതു.

എനിയ്ക്കു മുൻവിവരിച്ച "ഭക്തിമാർഗ്ഗ"ങ്ങളിലൊന്നും മനസ്സുചൊടുന്നില്ല. നിർവ്വികാരാത്മാവാണെന്നു വിചാരിച്ചുപോരുന്ന ദൈവത്തെ സ്തുതിക്കുന്നതുകൊണ്ടും ദുഷിക്കുന്നതുകൊണ്ടും അനാവശ്യമായ കുറേ ശബ്ദമുണ്ടാകുന്നു എന്ന

ല്ലാതെ യാതൊരു ഫലവുമുണ്ടെന്നു വിചാരിപ്പാൻ ന്യായമായ വഴി കാണുന്നില്ല. ഏറനാട്ടു മാപ്പിളമാരോടു അവരുടെ മുസലിയാർമാർ "സ്വർഗ്ഗം" കിട്ടുവാനുത്തമമാർഗ്ഗം കാഫർമാരെ കൊല്ലുകയാണെന്നു പറഞ്ഞുകൊടുത്തിട്ടു അൾക്കൂട്ടർ ഇന്നും ആ മാർഗ്ഗം പാടുള്ളേടത്തോളം ആദരിച്ചും ആചരിച്ചും വരുന്നുണ്ട്. അവരിൽ ആൎക്കും ഈ രീതി ക്രൂരമാണെന്നും ഹിംസ എപ്പോഴും വൎജ്ജ്യമാണെന്നും ഒരു ബോധമുണ്ടാകുന്നില്ല. വളരെക്കാലമായി അങ്ങിനെ വിശ്വസിച്ചും നടന്നും വരുന്നു എന്നല്ലാതെ ആ വിശ്വാസത്തിന്റെയും നടത്തയുടെയും ഉചിതാനുചിതത്തേപ്പററി ആലോചിപ്പാൻ ആരും മനസ്സുകൊടുക്കുന്നില്ല. ഹിന്തുക്കൾക്കും ഇതുപോലെ തന്നെ സ്വൎഗ്ഗലോകത്തിനും കാൎയ്യസാദ്ധ്യത്തിനും ഭക്തിമാൎഗ്ഗങ്ങൾ ഉപദേശിച്ചുകൊടുത്തതു അവരുടെ പുരോഹിതന്മാരാണ്. മാപ്പിളമാരെപ്പോലെ തന്നെ അവരും തങ്ങളുടെ ആചരണരീതിയിൽ മുഴച്ചുനില്ക്കുന്ന അമാന്തങ്ങളും ആഭാസങ്ങളും കാണാതെ പണ്ടുപണ്ടേയുള്ള പദ്ധതിയിൽ ഈ കാലങ്ങളിലും കണ്ണും ചിമ്മിക്കൊണ്ടു നടക്കുകയാണ് പതിവ്. ദൈവത്തെ യഥാൎത്ഥത്തിൽ നിന്ദിക്കുന്ന യാതൊരുരീതിയും സ്വീകാൎയ്യമായി എനിയ്ക്കുതോന്നുന്നില്ല. ഞാൻ ദൈവത്തോടുള്ള എന്റെ ഭക്തി കാണിക്കുന്നതു മേല്പറഞ്ഞ രീതികൾ യാതൊന്നും എടുക്കാതെ കഴിച്ചിട്ടാണ്. ദൈവത്തെ സ്നേഹിക്കുന്നവരുടെ പട്ടികയിൽ മുൻവിവരിച്ച ഭക്തന്മാരുടെ പേരുകളൊക്കെ പെട്ടമായിരിക്കുമെങ്കിലും ദൈവം സ്നേഹിക്കുന്നവരുടെ പട്ടിക എന്നെപ്പോലെയുള്ളവരുടെ പേരുകൊണ്ടു നിറഞ്ഞിരിക്കുമെന്നാണ് എന്റെ സമ്പൂൎണ്ണവിശ്വാസം. *

* ഈ പട്ടിക ആബുബെൻആഡം കണ്ടതാണ്

ദൈവം അനാവശ്യമായി യാതൊരു അവയവവും ജന്തുക്കൾക്കു കൊടുത്തിട്ടില്ല. ഉപയോഗിക്കാതെ വിട്ടുകളയുന്ന അവയവങ്ങൾ ക്രമേണ ക്ഷയിച്ചു നശിച്ചുപോകുന്നു. നമുക്കു കണ്ണു തന്നതു നാലുപാടും നോക്കാനാണ്. കാലു ഗതാഗതത്തിനാണ്. കൈ പ്രവർത്തിക്കാനാണ്. മനുഷ്യനെ സൃഷ്ടിച്ചതു ഈ മാതിരി അവയവങ്ങൾ യഥേഷ്ടം ഉപയോഗിച്ചു വിഷയത്തിൽ സുഖിച്ചുകൊള്ളാനാണ്. അതുകൊണ്ടു സംസാരത്തിൽ കഴിയുന്നതു സുഖിച്ചു ദൈവത്തെ കേവലം വിസ്മരിച്ചു പാട്ടുള്ളേടത്തോളം ജീവിച്ചു ബാക്കിയുള്ളവരെയും നമ്മേപ്പോലെ ജീവിച്ചുകൊണ്ടിരിപ്പാൻ അനുകൂലിക്കുകയും സഹായിക്കുകയും ചെയ്തു മരിക്കാൻ സമയം വരുമ്പോൾ നിർഭയം മരിച്ചു ഭൂമിയിൽനിന്നു അസ്തമിച്ചു കളയുന്നവനോടാണ് തന്റെ സൃഷ്ടിയുടെ ഉദ്ദേശം സാധിപ്പിക്കുന്നതുകൊണ്ടു ഈശ്വരനു വാസ്തവത്തിൽ സന്തോഷവും തൃപ്തിയും വേണ്ടതു. ലോകം ഉണ്ടാക്കിയതു ലോകം നടക്കാനാണു്. ലോകം നടക്കുന്നതു സൃഷ്ടിയുടെ രീതിക്കു അനുസരിച്ചു പ്രവർത്തിക്കുന്നതുകൊണ്ടാണ്. പഞ്ചേന്ദ്രിയങ്ങളെ ജയിച്ചു സൃഷ്ടിയുടെ രീതിയ്ക്കും നിബന്ധനയ്ക്കും എതിരായി പ്രവർത്തിക്കുന്നവനോടു സൃഷ്ടികർത്താവിനു ഒരിക്കലും ഇഷ്ടമോ തൃപ്തിയോ ഉണ്ടാകുമെന്നു വരില്ല. ദൈവത്തിനു കർമ്മം ചെയ്യുന്നവനോടാണ് താല്പര്യം വേണ്ടതു. ബാക്കിയുള്ളവർക്കു ദ്രോഹവും നാശവും ചെയ്യാതെ ദൈവത്തെ ഒരിക്കലും സ്തുതിക്കയും, നിന്ദിക്കയും, സ്മരിക്കയും, പൂജിക്കയും ചെയ്യാതെ സുഖമായി താന്താങ്ങ

ളുടെ ജീവകാലം കഴിക്കുന്നവനാണ് ധന്യനും അനുഗ്രഹീതനുമാകുന്നത്. "സുകുമാരമതം" എന്നോ "സുകുമാരമഠം" എന്നോ ഒരു പേരും ഇട്ടു ഈ തത്വവും മുക്തിവിവേകത്തിൽ പെടുത്തിക്കാണുവാൻ എനിക്കൊരു മോഹവുംകൂടിയുണ്ട്. ഇതുകൊണ്ടൊന്നും എന്റെ ആത്മാവു നശിച്ചുപോകയില്ല. പ്രപഞ്ചം മുഴുവനും ഒരിക്കൽ ദൈവത്തിൽ ലയിച്ചുപോകുന്നതാണെങ്കിൽ അന്നു ഞാൻ മാത്രമായി ബാക്കി നിന്നുപോകയില്ലെന്നു എനിക്കു നല്ല നിശ്ചയമുണ്ട്. ഇതു സത്യം.

..THYA VILASINI LIB..
AYATHIL
KILIKOLLOOR P. O.
QUILON.
SPORTS CLUB & GYMNASIUM

## ഭക്തി.

## തിരിച്ചോരടി.

---

സുകുമാരൻ ഭക്തിയുടെ നേരെ മററാരു നോട്ടം വെച്ചപ്പോൾ അവനെ തിരിച്ചോരടി കൊടുക്കാഞ്ഞ വിട്ടു കളയരുതെന്നു എനിക്കു കലശലായ വാശി പിടിപെട്ടു. ഇങ്ങിനെ ഒരാശ എന്നെപ്പോലെതന്നെ ബാക്കി പലക്കും ഉണ്ടായിരിക്കുമെന്നാണ് വിശ്വസിക്കേണ്ടതു. സുകുമാരൻ എന്തുദ്ദേശത്തിന്മേലാണ് ഇങ്ങിനേ ഒരു വേഷം കെട്ടിയാടാൻ പുറപ്പെട്ടതെന്നു എനിക്കു മനസ്സിലാകുന്നേ ഇല്ല. താൻ സഹവസിക്കുന്ന സമുദായത്തിന്നും താൻ ആചരിച്ചുവരുന്ന മതത്തിന്നും നേരെ വിപരീതമായും നേരായപകടമായും തീരത്തക്കവിധത്തിൽ ഇങ്ങിനെ ഒരു ദുരഭിപ്രായം എഴുതിത്തള്ളാൻ നാണമില്ലാതെ പുറപ്പെട്ട അവന്റെ ബി. എ. പാസ്സും ഉരഞ്ഞ കാശും ഒരുപോലെതന്നെയാണെന്നു പറയുന്നതു അവന്നു സങ്കടമാണെങ്കിൽ അവനെ സങ്കടപ്പെടുത്താൻ വേണ്ടിത്തന്നെയാണ് എന്റെയും എഴുത്താടെന്നു അവൻ നല്ലവണ്ണം മനസ്സിലാക്കട്ടെ. അമാനുഷരും അഗാധബുദ്ധിമാന്മാരും മാന്യരും മഹാമനസ്കരുമായ ഋഷിപ്രവരന്മാരുടെ അനേകാണ്ടു ദീർഘമായ നിരൂപണം കൊണ്ടും അനുഭവംകൊണ്ടും, ലോകത്തിന്നു അനുഗ്രഹം പോലെ ദത്തമായ ഭക്തിമാർഗ്ഗങ്ങളൊക്കെ പുല്ലാക്കിത്തള്ളിക്കളവാൻ സുകുമാരനോ അവന്റെ—നോ സാധിക്കുമെന്നു തോന്നുന്നില്ല. വാസ്തവം പറഞ്ഞാൽ സുകുമാരൻ

പുല്ലാക്കി വിടുമ്പോഴൊക്കെ, സുകുമാരൻതന്നെയാണ് പു ല്ലനായ്യാകുന്നതെന്നു ബാക്കിയുള്ളവൎക്കു തോന്നിപ്പോകുന്ന കാൎയ്യം ആ മഹാപാപിയ്ക്കു വല്ല ബോധവുമുണ്ടോ? വ ലിയ വലിയ കൂട്ടർ ഓരോ നാട്ടിലേക്കു ചെല്ലുമ്പോൾ തോ രണം തൂക്കിയും കമാനം കെട്ടിയും നാട്ടുകാർ അവരു ടെ ആദരവു കാണിക്കുംപ്രകാരം, ഇങ്ങിനെയൊക്കെ നൊസ്സുകളെഴുതി കേട്ടുകേളി സമ്പാദിച്ച സുകുമാരനെ, പരലോകപ്രവേശനകാലത്തു, തീകത്തിച്ചും, കത്തിയണ ച്ചും, നൈ തിളപ്പിച്ചുംകൊണ്ടു സന്നദ്ധന്മാരായി നില്ക്കുന്ന കിങ്കരന്മാരോടുകൂടി കാലനും കാത്തുനില്ക്കാതിരിക്കില്ലെന്നാ ണ് വിചാരിക്കേണ്ടതു. ഓരോരുവന്റെ യോഗ്യതപോലെ ഓരോരുവനെ സ്വീകരിക്കേണ്ടതാണെങ്കിൽ സുകുമാരനു വേണ്ടി ഈ വക ഒരുക്കങ്ങൾ നരകവാസികൾ ചെയ്യേ ണ്ടതാണെന്നുള്ളതു ആർ നിഷേധിക്കും? ഈ വക അഭി പ്രായങ്ങൾക്കു മറെറന്താണ് തക്കതായ സമ്മാനം? പച്ച ക്കണ്ണാടിയിൽക്കൂടെ നോക്കുന്നവനു ലോകം മുഴുവനും പച്ചയായി കാണുമ്പോലെ പുച്ഛക്കണ്ണാടിയിൽക്കൂടെ നോക്കുമ്പോൾ സകല കാൎയ്യങ്ങളും പുച്ഛമായിട്ടേ തോന്നാ നിടയുള്ളു. ഭക്തി എന്ന തന്റെ പ്രബന്ധത്തിൽ സുകുമാ രനു പിണഞ്ഞ അബദ്ധം ഇന്നതാണെന്നു ചൂണ്ടിക്കാണി ക്കാൻ വലിയ ബുദ്ധിയൊന്നും വേണമെന്നു തോന്നുന്നില്ല. ചില്ലറവഴി തെററിപ്പോയാൽ കൊച്ചിക്കു ചെല്ലേണ്ടുന്ന കപ്പൽ കൊയിലാണ്ടിയിൽ എത്തിപ്പോകുമെന്നു അറിയു ന്നില്ലേ? ചില്ലറയായ ആലോചനത്തെററുകൊണ്ടു ഒരനു മാനത്തിൽ കരേറുന്നതിനു പകരം മറെറാരനുമാനത്തിൽ ചാടിപ്പോകുന്നു. എവിടെയാണ് സുകുമാരനു പിണഞ്ഞ

അബലയാമെന്നു പരിശോധിക്കാം. കർമ്മശക്തിയിലും പുനർജ്ജന്മത്തിലും വിശ്വസിക്കുന്നവനാണ് താൻ എന്നു സുകുമാരൻ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു. അങ്ങിനെയിരിക്കെ സുകുമാരൻ ഒരാസ്തികനല്ലാതെ നാസ്തികനാവാൻ പാടില്ല. ആസ്തികനായ ഒരാൾ നാസ്തികനെന്നു എത്രതന്നേ നടിച്ചാലും, പെണ്ണിനെ ആണാക്കുമ്പോലെ വളരെക്കാലത്തോളം നിലനിറുത്തിപ്പോരാൻ സാധിക്കുന്നതല്ല. ഇങ്ങിനെ ഒരു നാട്യം മാത്രമാണ് സുകുമാരൻ ഭക്തിയുടെ നേരെ വിട്ട "മറെറാരു നോട്ടം." സുകുമാരനു മൂന്നാംകണ്ണില്ലാത്തതുകൊണ്ടു ആ നോട്ടംകൊണ്ടു ഭക്തിക്കു യാതൊരുടവും തട്ടാനിടയില്ല.

ഒന്നാമതു വേദാന്തികൾ പറയുന്നതും ഇപ്പോഴത്തെ ശാസ്ത്രജ്ഞന്മാർക്കുകൂടി നിഷേധിപ്പാൻ തരമില്ലാത്തതും ആയ ഈശ്വരനെപ്പററി ഒന്നു ആലോചിച്ചുനോക്കാം. ആ ഈശ്വരൻ അരൂപിയും സർവ്വവ്യാപിയും, സത്ത്, ചിത്ത്, ആനന്ദം എന്നീ ഗുണങ്ങളുള്ളവനുമാണ്. ഇങ്ങിനെയുള്ള ഒന്നിൽനിന്നാണ് സർവ്വലോകങ്ങളും സർവ്വാചരാചരങ്ങളും ഉണ്ടായതു. അതാലോചിച്ചാൽ സകല സൃഷ്ടികളിലും അതിൻെറ അംശങ്ങൾ കിടപ്പുണ്ടാകേണ്ടതാണ്. നമ്മിൽ അങ്ങിനെയുള്ള അംശങ്ങൾ കിടപ്പുണ്ടാകുമ്പോൾ, നമുക്കു ആ അംശങ്ങളുടെ ഉല്പത്തിസ്ഥാനമായ "അതിനോടു" ജന്മവാസനയായി ഒരുതരം ആകർഷം ഉണ്ടാകേണ്ടതാണ്. ഭൂമിയുടെ അംശങ്ങളായ ചെറിയ അണുക്കൾ, കാററിൽക്കൂടെ വളരെക്കാലത്തോളം പറന്നു കളിക്കുമെങ്കിലും ഭൂമിയും ഓരോ അണുവും തമ്മിലുള്ള ആകർഷണം ഒന്നുകൊണ്ടും ഭംഗമാകുന്നില്ല. കാററുകൊണ്ടു എത്രതന്നെ

പാറിക്കളിച്ചുപോയാലും, തരം കിട്ടുമ്പോൾ അണു ഭൂമിയോടുതന്നെ വന്നുചേരുവാൻ ശ്രമിക്കുന്നു. അങ്ങിനെ ഒരു തരം ആകർഷണം സൃഷ്ടിക്കു സൃഷ്ടിസ്ഥാനത്തോട്, മക്കൾക്കു മാതാപിതാക്കന്മാരോടെന്നപോലെ, എപ്പോഴും ഉണ്ടാകേണ്ടതും ഉണ്ടായിക്കാണുന്നതുമായ ഒരു പരമാർത്ഥാവസ്ഥയാണ്. അങ്ങിനെ ഒരു സ്ഥായി ഇല്ലെന്നു വാദിപ്പാനോ, വേണ്ടെന്നു വെക്കാനോ ആൎക്കും സാധിക്കയില്ല. അതു മനുഷ്യന്റെ സകല അംഗങ്ങളിലും സകല അണുക്കളിലും സകല നാഡികളിലും സകല സുഷിരങ്ങളിലും പ്രതിഷ്ഠിക്കപ്പെട്ടുപോയിട്ടുള്ളതുകൊണ്ടു ആ വികാരം കേവലം ഇല്ലാത്ത ഒരു മനുഷ്യനെ ഭൂമിയിൽ കാണുവാനിടയില്ല. ഇതുയൊക്കെ മിത്ഥ്യാലാപം ചെയ്ത സുകുമാരനുകൂടി ഈ വികാരമില്ലെന്നു ഞാൻ വിശ്വസിക്കുന്നതല്ല. ഇങ്ങിനെ സകല മനുഷ്യരിലും സ്വാതസ്സിദ്ധമായി വികസിച്ചുകാണുന്നതങ്ങളുടെ ഉല്പത്തിസ്ഥാനത്തോടുള്ള യഥാൎത്ഥമായ സ്ഥായിതന്നെയാണ് ഭക്തി. ആത്മാവുള്ള സകല മനുഷ്യൎക്കും ഒരുപോലെയുള്ള ഗുണം തന്നെയാണ് ഭക്തി. സുകുമാരൻ മനുഷ്യനാണെങ്കിൽ അവനും ഭക്തിയുണ്ടായിരിക്കേണ്ടതാണ്. "ഞാൻ മനുഷ്യനാണ്. എന്നാൽ എന്റെ ശരീരത്തിൽ രക്തമില്ല. അഥവാ എന്റെ ശരീരത്തിന്നു രക്തം വേണ്ട" എന്നു പറയുമ്പോലെയാണ് "ഞാൻ മനുഷ്യനാണ്. എനിക്കു ഭക്തിയില്ല. എനിയ്ക്കു ഭക്തി വേണ്ടാ" എന്നു പറയുന്നതും. ഇങ്ങിനെ ഒരു അസംബന്ധം ചില കൊ ൗ ക്ക ചിലയ്ക്കാൻ കഴിയുമെങ്കിലും ഒരാൾക്കും പറഞ്ഞുകൂടാത്തതുമാണ്.

മേൽപ്രകാരം ഭക്തി എല്ലാവൎക്കും ഉണ്ടായിരിക്കേണ്ടതാണെന്നു സാധിച്ചു കഴിഞ്ഞാൽ ആ ഭക്തി എല്ലാവരും പ്രദൎശിപ്പിക്കുവാൻ ശ്രമിക്കുമെന്ന കാൎയ്യവും തീൎച്ചയാണ്. കത്തിയുള്ളവർ അതിൻെറ മൂൎച്ച പരിശോധിക്കുന്നതും പണമുള്ളവർ അതു ചെലവഴിക്കാൻ നോക്കുന്നതും സൎവ്വസാധാരണമായ സംഗതിയാണ്. ഏതു മനുഷ്യനും തനിക്കൊത്ത മാതിരി ഭക്തി പ്രകാശിക്കുന്നു. എന്നാൽ ലോകത്തിലെ എല്ലാ മനുഷ്യന്മാരും നിൎമ്മാണരീതികൊണ്ടു ഒരുപോലെയുള്ളവരാണെങ്കിലും അറിവുകൊണ്ടും, ബുദ്ധികൊണ്ടും, വിവേകം കൊണ്ടും, ആത്മബോധം കൊണ്ടും എത്രയോ വ്യത്യാസപ്പെട്ടവരാണു്. ഈ സംഗതികൊണ്ടു പുഴ മുതൽ ദേവന്മാർ വരെയുള്ള സകല പടികളിലും മനുഷ്യരെ കാണുന്നതാണ്. അതുകൊണ്ടു മനുഷ്യർ ഭക്തി പ്രകാശിപ്പിക്കുന്ന മാതിരിയ്ക്കും തങ്ങളുടെ മുൻപറഞ്ഞ പടികൾ പ്രകാരം വളരെ വ്യത്യസ്തപ്രകൃതികൾ കണ്ടുവരേണ്ടതാണ്. ഇങ്ങിനെയുള്ള വ്യത്യസ്തപ്രകൃതികൾ അവനവൻെറ ആത്മജ്ഞാനത്തിൻെറ അടുപ്പമോ അകലമോ കുറിയ്ക്കുകയല്ലാതെ ഭക്തിയില്ലായ്മ കുറിയ്ക്കുന്നില്ല. എല്ലാററിൻെറയും അടിസ്ഥാനം ഭക്തിയും ഉദ്ദേശം സൃഷ്ടികൎത്താവിനോടുള്ള ലയവും മാത്രമായിരിക്കകൊണ്ടു ഏതുവക പ്രകൃതികൾ അവലംബിക്കുന്നവരെ നിന്ദിക്കാനോ പുച്ഛിക്കാനോ തുടങ്ങുന്നതു യോഗ്യരുടേയോ ബുദ്ധിമാന്മാരുടേയോ ലക്ഷണമോ മുറയോ ആണെന്നു തോന്നുന്നില്ല. നിലത്തിര മണ്ണു തിന്നുന്നു. പന്നി മലം തിന്നുന്നു. അട്ട ചോര കുടിയ്ക്കുന്നു. വണ്ടു തേൻ കുടിയ്ക്കുന്നു. പശു പുല്ലുതിന്നുന്നു. പാമ്പു ജന്തുക്കളെ ജീവനോടെ വിഴുങ്ങുന്നു. നരി മാംസം തിന്നുന്നു

ഇവയൊക്കെ വ്യത്യാസപ്പെട്ട മാൎഗ്ഗങ്ങളാണെങ്കിലും ഇതിന്റെ ഒക്കെ ഉദ്ദേശം വിശപ്പടക്കുക ഒന്നു മാത്രമാണു്. പുല്ലു തിന്നുന്ന ആൾക്കു എല്ലു തിന്നുന്ന ആളായോ, തൻകുടിയനു ചോരകുടിയനെയോ അന്യോന്യം പരിഹസിപ്പാൻ മാൎഗ്ഗമില്ല. കാൎയ്യത്തിന്റെ വാസ്തവം ഇങ്ങിനെയിരിക്കെ ഭക്തന്മാർ ലോകത്തിൽ തങ്ങളുടെ ഭക്തി പ്രതിഫലിപ്പിപ്പാൻ തങ്ങളുടെ മനപ്പരിഷ്കാരം പോലെ പലവേഷങ്ങളും മാൎഗ്ഗങ്ങളും കൎമ്മങ്ങളും കൈക്കൊള്ളുമെങ്കിലും ഒരുവനു സകല ഭക്തന്മാരേയും പരിഹസിപ്പാനോ അല്ല ഭക്തന്മാൎക്കു അന്യോന്യം പരിഹസിപ്പാനോ, യാതൊരു അധികാരമോ അവകാശമോ അൎഹതയോ ഉണ്ടെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ ഭക്തിയുടെ പ്രകടനത്തിന്നു ഒരു പ്രത്യേക തോതു ദൈവത്താൽ നമുക്കു ദത്തമല്ലാത്തതുകൊണ്ടു അവരവരുടെ ആചാൎയ്യന്മാരോ ഗുരുജനങ്ങളോ ആചരിക്കുന്നതോ കല്പിക്കുന്നതോ ആയ തോതുകളിൽ ഏതെങ്കിലും ഒരു തോതു മെഴപ്പിടിപ്പിക്കുക മാത്രമേ നമ്മെപ്പോലെയുള്ളവൎക്കു ഗതിയുള്ളൂ. സുകുമാരന്റെ തോതു മറ്റെല്ലാരുടെ തോതിൽ നിന്നും വ്യത്യാസപ്പെട്ടതാണെങ്കിൽ അവൻ ആ തോതുകൊണ്ടു നടന്നുകൊള്ളട്ടെ. ബാക്കിയുള്ള തോതുകാരെ നിന്ദിക്കുന്നതെന്തിനാണു്? അതേ തോതുപ്രകാരം ബാക്കിയുള്ള തോതുകാൎക്കും സുകുമാരനേത്തന്നേയും നിന്ദിച്ചുകൂടയോ?

ബുദ്ധികൊണ്ടും പരിഷ്കാരംകൊണ്ടും താണപടിയിൽ നില്ക്കുന്നവർ ഭക്തിമാൎഗ്ഗമായി എന്തെല്ലാം തോതുകൾ കാട്ടി വിടുന്നുണ്ടു്. ചിലർ ഈശ്വരപ്രീതിയ്ക്കു മനുഷ്യനെത്തന്നെ ബലി കഴിക്കുന്നു. നീലനദിയിലുള്ള വലിയ ചീങ്കണ്ണി

കൾംകഴ എത്ര ജനങ്ങൾ താന്താങ്ങളുടെ സ്വന്തം കുട്ടികളെ എറിഞ്ഞുകൊടുത്തിട്ടു കൃതാൎത്ഥന്മാരായിട്ടുണ്ടു്. ജഗന്നാഥക്ഷേത്രത്തിന്റെ തേരുകളിൽവഴിയ്ക്കു തലവെച്ചുകൊടുത്തിട്ടു എത്ര ജനങ്ങൾ ആത്മഹത്യചെയ്തിട്ടുണ്ടു്. കാബകണ്ടാൽ പിന്നെ ഒന്നും കാണാൻ പാടില്ലെന്നു വിചാരിച്ചിട്ടു എത്ര മുസൽമാന്മാർ കാബ നോക്കിയ ഉടൻതന്നെ കണ്ണുംപൂട്ടി ഭയങ്കരച്ചൂടോടും പ്രഭയോടും ദീപിക്കുന്ന ഉഷ്ണികക്രമ്പാരം നോക്കി തങ്ങളുടെ കണ്ണു പൊട്ടിച്ചുകളഞ്ഞിട്ടുണ്ടു്. ആട്ടിനേയും കോഴിയേയും നിൎദ്ദയം വെട്ടി എത്ര ജനങ്ങൾ ചോടെ ചോര ചൊരിഞ്ഞിട്ടുണ്ടു്. ഉച്ചവേലിയ്ക്കു ചിലരെക്കൊണ്ടു കൈകൊത്തിപ്പിച്ചു മഴപെയ്യുംമ്പോലെ നിലം മുഴുവനും ചോര വാററീട്ടു എത്ര ജനങ്ങൾ തൃപ്തിപ്പെടുന്നുണ്ടു്. ഇക്കൂട്ടരുംകൂടി കാണിക്കുന്നതു ഭക്തിതന്നെയാണു്. ഇവരേപ്പോലെ കേവലം താണപടിയിലല്ലാത്ത മറെറാരു കൂട്ടർ എന്തെല്ലാം ഹിംസകൾക്കാണു് ദൈവത്തിനെ സഹായത്തിനു വിളിക്കുന്നതു്. കള്ളന്മാർ കവൎച്ചയ്ക്കുംകൊലപാതകത്തിന്നും ഒരുമ്പെട്ടിറങ്ങുന്നതിൻ മുമ്പേ തങ്ങളെ സഹായിപ്പാനായി ദൈവത്തെ എത്രയോ ഭക്തിയോടെ പ്രാൎത്ഥിക്കുന്നു. മുസൽമാന്മാർ ദൈവത്തിന്റെ നാമം ഉച്ചരിച്ചുകൊണ്ടാണു് ആട്ടിന്റെയും പശുവിന്റെയും കഴുത്തിന്നു കത്തിവെക്കുന്നതു. നോൎവ്വേരാജ്യത്തിലെ വാലന്മാർ തങ്ങളുടെ കടൽതീരത്തുവെച്ചു കപ്പലുകൾ പൊളിഞ്ഞുപോവാൻ വേണ്ടി ദൈവത്തെ ദിവസംതോറും പ്രാൎത്ഥിക്കുന്നു. കുറേമുമ്പേ കല്ക്കട്ടായിൽനിന്നു ഒരു മദാമ്മ ഒരു ജാരന്റെ ദുരുപദേശപ്രകാരം സ്വന്തം ഭൎത്താവിനെ വിഷം കൊടുത്തു കൊല്ലാൻ ഉറപ്പാക്കിയപ്പോൾ "എനിയ്ക്കു ഈ

ക്രിയയ്ക്കു വേണ്ടുന്ന ധൈര്യ്യവും സ്ഥൈര്യ്യവും ജഗദീശ്വരൻ തന്നേക്കട്ടെ" എന്നു ജാരന്നു ഒരു കത്തയക്കയുണ്ടായി. ഇതൊന്നും പോരെങ്കിൽ തങ്ങളുടെ ഗുണത്തിന്നു വേണ്ടി ദൈവത്തിന്നു വഴിപാടു കൊടുക്കുന്നതിന്നു പകരം വളരെ ജനങ്ങൾ ശത്രുക്കളുടെ നാശത്തിന്നു മാത്രം വഴിപാടും പ്രാർത്ഥനയും കഴിക്കുന്നു. ഈ കാര്യ്യങ്ങളിലും ഭക്തിയുടെ ബീജം കിടക്കുന്നുണ്ടെന്നു നല്ലവണ്ണം ആലോചിച്ചാൽ കാണുന്നതാണ്. ജ്ഞാനത്തിന്നു നല്ലപാകത വരാത്തവർ അന്യന്നു നേരിടുന്ന സങ്കടം ആലോചിക്കാതെ താന്താങ്ങൾക്കു സിദ്ധിക്കാവുന്ന ഗുണങ്ങളെ മാത്രം ആലോചിക്കുന്നു. ഭക്തിയുടെ പ്രാരംഭം സ്വാർത്ഥത്തിൽത്തന്നെ ലയിച്ചുകാണും. ആദ്യം സ്വരക്ഷ, പിന്നെ കുഡുംബരക്ഷ, പിന്നെ നാട്ടുകാരുടെ രക്ഷ ഇങ്ങിനെയാണ് ലോകത്തിലെ നടപ്പു. അതുകൊണ്ടു ഈ മാതിരി ഭക്തിയിലും മേലാൽ ഗുണം സിദ്ധിക്കും. മനോവികാസത്തിന്നും ഉള്ള ബീജങ്ങൾ കിടപ്പുണ്ട്.

വേറെ ചില ഭക്തന്മാർ തിറകെട്ടിയാടിക്കുന്നവരാണ്. തിറയണിയുന്ന കോമരത്തിന്മേൽ ദൈവചൈതന്യം പ്രവേശിച്ചു ദൈവത്തിൻെറ അഭിപ്രായം കോമരത്തിൻെറ മുഖേന അറിയുമെന്നാണ് ഇവരുടെ വിശ്വാസം. ഈ കൂട്ടരിലും ഉൽകൃഷ്ടത ജാസ്തിയുള്ളവരാണ് ബിംബം പ്രതിഷ്ഠിച്ച അമ്പലത്തിൽ പ്രവേശിച്ചു തൊഴാൻ ചെല്ലുന്നവർ. ദൈവത്തെ കണ്ടവരാരും ഇല്ലാത്തതുകൊണ്ടും, ദൈവത്തിന്നു ഒരു നിശ്ചിതരൂപം ഉണ്ടായിരിപ്പാൻ പാടില്ലാത്തതുകൊണ്ടും ഒരു രൂപചിഹ്നമില്ലാതെ ഒന്നിനേപ്പററി ആലോചിപ്പാൻ മനുഷ്യബുദ്ധിയ്ക്കു സാധിക്കാത്തതുകൊണ്ടും ദൈവ

ത്തേ ആലോചിപ്പാൻ തക്കവണ്ണം സങ്കല്പമായി ഒരു രൂപം വെക്കുന്നതാണ് ബിംബം. ബീജഗണിതക്കാർ ഒരു സംഖ്യയെ നിർണ്ണയിക്കുംമുമ്പെ ആ സംഖ്യയുടെ സങ്കല്പമായി "എക്സ്" എന്ന അടയാളം കൊണ്ടുവരികയും അതു സംബന്ധമായി ചില ആലോചനകളും പരിശോധനകളും നടത്തി ആ "എക്സ്" യഥാർത്ഥത്തിൽ എന്തെന്നു കണ്ടെത്തുകയും ചെയ്യുന്നു. "എക്സി"ൻെറ യഥാർത്ഥം മനസ്സിലാകുമ്പോൾ പിന്നെ "എക്സി"നെക്കൊണ്ടു ഒരു പയോഗവും ഇല്ലാതായിത്തീരുന്നു. ഇതുതന്നെയാണ് ബിംബത്തിൻെറ പ്രയോജനം. ബിംബാരാധന വേണ്ടെന്നു ഒന്നാമതു വിധിച്ചതു ബുദ്ധനാണ്. എന്നിട്ടോ ആ മതാനുചാരികൾ ബുദ്ധൻെറ ബിംബത്തെ ആരാധിക്കുകയാണ് ചെയ്യുന്നതു. പിന്നീടു ബിംബാരാധന മുടക്കിയതു ജീസസ്സാണ്. റോമൻകത്തോലിക്ക പള്ളികളിൽ ഇന്നും ജീസസ്സിൻെറയും മേറിയുടെയും ബിംബങ്ങൾ കാണുമെന്നു മാത്രമല്ല ജീസസ്സിനെ കൊല്ലാൻ ഉപയോഗിച്ച യന്ത്രമായ കുരിശുംകൂടി വളരെ ഭക്തിയോടെ ആദരിക്കപ്പെട്ടുപോരുന്നു. പിന്നെ ഇങ്ങിനെ ഒരു വിധി വിധിച്ചതു മുഹമ്മദാണ്. ഇന്നും മെക്കയിലേ കാബ എന്ന കല്ലിനേ കുമ്പിടുന്ന മുസൽമാന്മാർ എത്രയെങ്കിലുമുണ്ടു്. ഇതൊക്കെ കാണുമ്പോൾ ബിംബസഹായം കൂടാതെ ഒരു മാതിരിക്കാർക്കും ഈശ്വരനെ അറിവാനായി സാധിക്കുന്നതല്ല എന്നു തെളിയുന്നു. ഇങ്ങനെ വിവേകാദികൊണ്ടു താണ താണ പടിയിൽ നിൽക്കുന്ന കൂട്ടർ അവരവക്കു വിധിച്ചതും അവരവക്കു ഗ്രഹിപ്പാൻ പാടുള്ളതുമായ ചില പ്രത്യേകകർമ്മങ്ങൾ ചെയ്തുവരുമ്പോൾ ഉന്നതിയുടെ ഓരോരോ പടി കേറി

ക്കേറി ക്രമത്തിലോ ജന്മാന്തരംകൊണ്ടോ അഭേദമായ പരമാത്മാത്തിൽ ചെന്നു ചേരുന്നു. ബിംബസഹായം കൂടാതെ ജീവന്മുക്തന്മാരായിത്തീരാൻ വളരെ പ്രയാസമാണ്. ബിംബസഹായംകൊണ്ടു അങ്ങിനെ ഒരു നില എത്തിച്ചേർന്നാൽ ഞാൻ തന്നെ ബ്രഹ്മം എന്ന ബോധം ജനിക്കുന്നു. അങ്ങിനെയുള്ളവരാണ് ഭക്തികൊണ്ടു എത്തേണ്ടും ദിക്കിൽ എത്തിച്ചേർന്നവർ. ഒരാലിൻകുരുവിന്നു പെട്ടെന്നു ഒരാലാവാൻ സാധിക്കയില്ല. അതുകൊണ്ടു ബുദ്ധിവിവേകാദികൾകൊണ്ട് എത്രയോ താണപടിയിൽ നില്ക്കുന്നവനോടു, ഭക്തിയിൽ ജീവന്മുക്തൻെറ തോതു സ്വീകരിച്ചുകൊള്ളുവാൻ ഉപദേശിക്കുന്നതും നന്നല്ല. അതു സ്വീകരിപ്പാൻ വിചാരിച്ചാൽത്തന്നെ അവന്നു സാധിക്കുന്നതല്ല. ഒരു പണിയനേയോ കുറച്ചിയനെയോ വിളിച്ചു, ഭൂമി ഉരുണ്ടിട്ടാണെന്നും സർവ്വതോശൂന്യമായ ആകാശത്തിൽ ഒരാധാരവുമില്ലാതെ നില്ക്കുന്നതാണെന്നും ആകർഷണബലംകൊണ്ടു ചന്ദ്രൻ ഏകദേശം രണ്ടരലക്ഷം നാഴിക അകലെയായി ഭൂമിയെ പരിവൎത്തനം ചെയ്യുന്നുണ്ടെന്നും ചന്ദ്രനേയും ഒന്നിച്ചുകൂട്ടി ഭൂമിയും സൂൎയ്യനെ പരിവൎത്തനം ചെയ്യുന്നുണ്ടെന്നും, സൂൎയ്യൻ ഭൂമിയേക്കാൾ എത്രയോ വലിപ്പമുള്ള ഗോളമാണെന്നും സൂൎയ്യൻെറ വലിപ്പം ഇത്രയെന്നു ഊഹിക്കുവാൻ താഴെപ്പറയുംപ്രകാരം ഒന്നു ശ്രമിക്കേണ്ടതാണെന്നും, അതെന്തെന്നാൽ സൂൎയ്യൻെറ ഉള്ളു പൊള്ളയാണെന്നു വിചാരിപ്പാൻ അതിൻെറ ഒത്തമദ്ധ്യത്തിൽ ഭൂമിയെക്കൊണ്ടുപോയി വച്ചാൽ, സൂൎയ്യൻെറ ഒഴിഞ്ഞ ഉദരത്തിൽത്തന്നെ ചന്ദ്രന്നു രണ്ടരലക്ഷം നാഴിക അകലെയായി ഭൂമിയെ ചുററാൻ വേണ്ടുന്ന സ്ഥലം, ഉണ്ടായിരിക്കു

ന്നതാണെന്നും, മേല്പറഞ്ഞ ചന്ദ്രമാർഗ്ഗത്തിൽനിന്നും സൂര്യ്യന്റെ പുറത്തോട്ട തൊടാൻ പിന്നെയും ഒരുലക്ഷം നാഴിക കൂടി വേണ്ടിവരുമെന്നും പറഞ്ഞാൽ അവന്നു വല്ലതും മനസ്സിലാകുന്നതാണോ? അവൻ പാട്ടുള്ളേടത്തോളം ചിരി അടക്കി, നമുക്കു മുഴുത്ത ഭ്രാന്താണെന്ന വിവരം തന്റെ കൂട്ടുകാരോട്ട പറഞ്ഞുതുടങ്ങും. അതുകൊണ്ടു കുറിതൊടുന്നവരും ജപിക്കുന്നവരും, നമിക്കുന്നവരും, വഴിപാടുകൊടുക്കുന്നവരും, ഒരേ ഉദ്ദേശംകൊണ്ടു ഭക്തികാണിക്കുന്നവരും, തങ്ങളുടെ ഉല്പത്തിസ്ഥാനത്തോട്ട ലയിപ്പാൻ നോക്കുന്നവരും മാത്രമായിരിക്കകൊണ്ടു അവരുടെ പുറപ്പാടുകളുടെ വ്യത്യാസങ്ങൾ പ്രമാണമാക്കാതെ, ഉദ്ദേശം മാത്രം മനസ്സിലാക്കി, അവരെയും ബഹുമാനിക്കേണ്ടതാണെന്നു വരുന്നില്ലേ?

ജപിക്കുമ്പോഴും സ്തുതിക്കുമ്പോഴും നമ്മൾ ചില ശബ്ദങ്ങൾ മാത്രം പുറത്തിറക്കുന്നേ ഉള്ളു എന്നാണ് സുകുമാരൻ പറയുന്നതു. ശരിതന്നെ. എങ്കിലും ശബ്ദം മനോവിചാരത്തിന്റെ രൂപം മാത്രമാണ്. രൂപങ്ങൾ എത്രതന്നെ വ്യത്യാസപ്പെട്ടാലും അതു കുറിക്കുന്നവന്റെ വിചാരത്തിന്നു ഒരിക്കലും വ്യത്യാസം വരാൻ പാടില്ല. നവീനശാസ്ത്രസിദ്ധാന്തപ്രകാരം മനോവിചാരത്തിന്നു ഒരു പ്രത്യേകതരം ശക്തിയുണ്ടെന്നു തെളിയുന്നു. സ്മാരവിദ്യ, ദൂരവിശ്വാസവ്യാപാരം മുതലായ കാര്യ്യങ്ങൾ ഇതിന്നു ദൃഷ്ടാന്തങ്ങളാകുന്നു. അതുകൊണ്ടു, ശബ്ദം പലവകയായാലും ആ ശബ്ദത്തിന്നു അടിസ്ഥാനമായ മനോവിചാരത്തിന്റെ ശക്തി ചുറ്റോട്ടുചുറ്റും വ്യാപിക്കുകയും, ആ വ്യാപ്തിയിൽ അതിന്റെ ബലാബലങ്ങൾപോലെ നമ്മുടെ ഉല്പത്തിസ്ഥാന

ത്തോട്ട ചെന്നുചേരുകയും ചെയ്യുന്നു. ഇങ്ങിനെ കൂടക്കൂടെ ചെന്നെത്തുന്തോറും ആത്മബോധം തെളിഞ്ഞു വരികയും ക്രമേണ പരമാത്മാവുമായുള്ള ഐക്യം അറിഞ്ഞു നിത്യാനന്ദം അനുഭവിപ്പാൻ സംഗതിയാകയും ചെയ്യുന്നു. ഇതു ഒരു ജന്മംകൊണ്ടു സാധിച്ചില്ലെങ്കിൽ പല ജന്മംകൊണ്ടെങ്കിലും സാദ്ധ്യമായ്വരുന്നു. അതുകൊണ്ടു ഏതു ലോകത്തിലും ഏതു വിധത്തിലും ഭക്തി പുറത്തിറക്കിയാലും അതിന്നു ഗുണമായ ഫലം ഇല്ലാതിരിക്കയില്ലെന്നു നിശ്ചയമായിരിക്കെ ഓരോരുത്തൻ അവലംബിക്കുന്ന കോലംകൊണ്ടാകട്ടെ രീതികൊണ്ടാകട്ടെ കുററം പറയുന്നവർ കുററക്കാരായ്വരുമെന്നു വിചാരിക്കേണ്ടതാണ്.

ലോകത്തിൽ പല ഭാഷകളുണ്ട്. പല ഭാഷകളിലും ദൈവത്തിന്നു പ്രത്യേകം പേരുകൾ നടപ്പുണ്ട്. ഈ പ്രത്യേകം പേരുകളൊക്കെ വെവ്വേറെ ദൈവത്തെ അല്ല ഒരേ ഒരു ദൈവത്തെ മാത്രമാണ് സൂചിപ്പിക്കുന്നതു. അപ്പോലെ തന്നെ ഗുളികൻ, കുട്ടിച്ചാത്തൻ, ഭഗവതി, വേട്ടക്കൊരുമകൻ, രാമൻ, കൃഷ്ണൻ, ഗണപതി, ആറുമുഖൻ എന്നീ പേരുകളൊക്കെ ചില പ്രത്യേകാവതാരമൂൎത്തികളെ മാത്രം സൂചിപ്പിക്കുന്ന പേരുകളാകകൊണ്ടു യഥാൎത്ഥത്തിൽ ഈശ്വരൻെറ പൎയ്യായങ്ങൾ മാത്രമാണെന്നു മനസ്സിലാക്കുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. സൃഷ്ടികൎത്താവിൻെറ ദിവ്യമായ ഒരംശം സൃഷ്ടിയിൽ എപ്പോഴും ഉണ്ടായിരിക്കുന്നതാണ്. ആ ദിവ്യാംശത്തിന്നു വ്യക്തി കുറവായും പെരുതായും പ്രകാശിക്കാറുണ്ട്. വ്യക്തി പെരുതായി പ്രകാശിക്കുന്നവരെ മാത്രമാണ് നാം അവതാരപുരുഷന്മാരെന്നു പറയുന്നതു. ഈ അവതാരപുരുഷന്മാരെ നാം വന്ദിക്കുന്ന

എന്നു പറയുന്നതു, അവരിൽ വ്യക്തമായുന്ന ദിവ്യാംശ ത്തെ വന്ദിക്കുന്നു എന്നു മാത്രമാണ്. ആ ദിവ്യാംശവും ദൈവവും അന്യോന്യം വ്യത്യാസമുള്ളതാവാൻ പാടില്ല. ദൈവം ഒരു സമുദ്രമാണെങ്കിൽ തിര, നുര, ചുഴി, ഉറച്ച വെള്ളക്കട്ട മുതലായവരാണ് അവതാര പുരുഷന്മാർ. വെള്ളക്കട്ട മുതലായതിനെ വന്ദിക്കുന്നതു യഥാൎത്ഥത്തിൽ വെള്ളത്തെ വന്ദിക്കുമ്പോലെയാണെന്നു പറയുന്നതിൽ അബദ്ധമില്ലല്ലോ. കാൎയ്യത്തിൻെറ വാസ്തവം ഇങ്ങിനെയിരിക്കെ ശ്രേഷ്ഠന്മാരായ മനുഷ്യരെ വന്ദിക്കുന്നതിൽക്കൂടി നാം യഥാൎത്ഥത്തിൽ നമ്മുടെ സൃഷ്ടികൎത്താവായ ഈശ്വരനെത്തന്നെയാണ് വന്ദിക്കുന്നതെന്നു വരുന്നില്ലേ?

ഈശ്വരൻ പഞ്ചേന്ദ്രിയങ്ങൾ നമുക്കു തന്നിട്ടുള്ളതു അവററയെ വേണ്ട ദിക്കിൽ വ്യാപരിപ്പിച്ചു വേണ്ടതായ സൌഖ്യങ്ങൾ അനുഭവിച്ചുകൊള്ളേണ്ടതിന്നാണ് എന്നാണ് നമ്മുടെ സുകുമാരൻെറ "മതം." പഞ്ചേന്ദ്രിയങ്ങൾ അഞ്ചുതരം സ്വശ്ംകൊണ്ട് ഒരു സാധനത്തെപ്പററി അഞ്ചുതരം അറിവിനെ നമുക്കു തരുന്ന യന്ത്രങ്ങളാകുന്നു എന്നാണ് ഞാൻ പറയുന്നതു. ഓരോ പദാൎത്ഥങ്ങളെ നോക്കി മനസ്സിലാക്കാനാണ് കണ്ണു തന്നതെന്നു സമ്മതിക്കാം. കണ്ണു നമുക്കു കാണിച്ചുതരുന്നുണ്ടോ എന്നാണ് പരിശോധിക്കേണ്ടതു. ഒരു പദാൎത്ഥത്തിൻെറ ഭാവംകൊണ്ടു ആകാശത്തിൽ ഉണ്ടാകുന്ന വീചിപരമ്പര നമ്മുടെ കണ്ണിൽ വീഴുമ്പോൾ കണ്ണു അതൊക്കെ ഒരു രൂപമാക്കി നമ്മെ ഗ്രഹിപ്പിക്കുന്നു. യഥാൎത്ഥത്തിൽ നമ്മൾ കാണേണ്ടതു ആകാശസമുദ്രത്തിൽ ഉളവായ്വരുന്ന വെറും വീചിപരമ്പ

രയാണ്. അതുകൊണ്ടു കണ്ണു നമ്മെ തെററിദ്ധരിപ്പിച്ചു വഞ്ചിക്കയാണ് ചെയ്യുന്നതു. ഇങ്ങിനെതന്നെ ശബ്ദം ഉണ്ടാക എന്നു പറയുന്നതു വായുസമുദ്രത്തിൽ ചില വീചിപരമ്പര പുറപ്പെടുക, എന്നു മാത്രമാണ്. ശബ്ദത്തിന്നു യാതൊരു നിലനില്പും ഇല്ല. വായുസമുദ്രത്തിലെ വീചിപരമ്പര ചെവി സ്പർശിച്ചു എന്നു നമ്മേ അറിയിക്കുന്നതു നമുക്കു അനുഭവമായ്വരുന്ന ഒരു ശബ്ദംകൊണ്ടു മാത്രമാണ്. എന്തിന്നു പറയുന്നു! ചെവിയുടെ തോതിലായിരുന്നു കണ്ണു നിർമ്മിക്കപ്പെട്ടതെങ്കിൽ ഓരോ ആൾ നമ്മുടെ കണ്ണിന്നു മുമ്പിൽ നിന്നാൽ ഓരോ രൂപം കാണുന്നതിന്നു പകരം നാം ഓരോ ശബ്ദം മാത്രം കേൾക്കുകയേയുള്ളു. ഇങ്ങിനെതന്നെ കണ്ണിന്റെ തോതിലായിരുന്നു ചെവി നിർമ്മിക്കപ്പെട്ടതെങ്കിൽ ഇടിമുഴക്കം, വെടി മുതലായ ഓരോ ശബ്ദം ഉണ്ടാകുമ്പോൾ നാം ശബ്ദമായി കേൾക്കുന്നതിന്നു പകരം ഓരോരോ രൂപങ്ങൾ കണ്ടുകൊണ്ടിരിക്കുമായിരുന്നു. ഇങ്ങിനെ നോക്കിയാൽ സർവ്വ ഇന്ദ്രിയങ്ങളും നമ്മേ അബദ്ധത്തിലാണ് ചെന്നു ചാടിക്കുന്നതു. അതുകൊണ്ടു ഇന്ദ്രിയങ്ങൾ നമുക്കു തന്നതു ഇന്ദ്രിയജ്ഞാനം ശുദ്ധമെ അബദ്ധമെന്നു തെളിയിക്കാനും, തന്മൂലം സാക്ഷാൽ പരമാർത്ഥം എന്താണെന്നു അറിവാനുള്ള ആശയും ഉൽക്കണ്ഠയും ജനിപ്പാനുംവേണ്ടി മാത്രമാണ്. സുകുമാരന്നു ഈ വക ദുർവ്യാലോചനകളൊന്നും ഉണ്ടാകാത്തതിൽ ബാക്കിയുള്ളവർ ഉത്തരവാദികളാകുന്നതല്ല. സുകുമാരന്നു കൃമിയായിട്ടും കീടമായിട്ടും ജനിപ്പാനാഗ്രഹമുണ്ടെങ്കിൽ അതു ബാക്കിയുള്ള ഭക്തന്മാരെ നിന്ദിക്കാതെ തന്നേ സാദ്ധ്യമാകുമെന്നാണ് എന്റെ പൂർണ്ണബോദ്ധ്യം. ഒരു സമയം സാധുക്കളായ ഭക്തന്മാരെ

നിന്ദിച്ചതുകൊണ്ടു സുകുമാരന്നു ഇതിലും താണതരം ജന്മമുണ്ടായെന്നു വന്നാൽകൂടി എനിക്കു ആശ്ചര്യമുണ്ടാകുന്നതല്ല. അതുകൊണ്ടു സുകുമാരൻെറ അല്പജ്ഞതയ്ക്കു മുമ്പൊരു വമ്പൻ ചെയ്തു വിട്ടേച്ചതുപോലെ ഒരു അദ്ഭുതനമസ്കാരം ചെയ്തുകൊള്ളുന്നതിൽ ഞാനും ലേശം മടിക്കുന്നില്ല.

* * * * *

അല്ലാ! എന്താണ് പറഞ്ഞതു. മുമ്പു, ഭക്തിയുടെ നേരെ മററൊരു നോട്ടംവെച്ച സുകുമാരൻ ഞാൻതന്നെ ആയിരുന്നു എന്നോ? ശിവ! ശിവ! എന്തൊരു മറവി. ആണ്. ഈ പൂർവ്വാപരവിരുദ്ധമായ പ്രലാപത്തിന്നു ഞാൻ എന്തൊരു സമാധാനമാണ് പറയേണ്ടതു. പണ്ടു ഫിലിപ്പു മഹാരാജാവു യവനരാജ്യം ഭരിച്ചുവരുമ്പോൾ എന്തോ ഒരു കുററത്തിന്നു ഒരു യുവതിയുടെ ഭർത്താവിനെ കൊല്ലാൻ വിധിച്ചു. കൊല്ലുവാൻ വിധിച്ചതു ആ രാജ്യത്തിലെ പരമാവധിയായ ന്യായക്കോടതിയായെണ്ണേണ്ടുന്ന ഫിലിപ്പ് മഹാരാജാവായിരുന്നെങ്കിലും, ഒരു കാര്യം മനസ്സിലാക്കീട്ടു, യുവതി തനിക്കപ്പീലുണ്ടെന്നു ബോധിപ്പിച്ചു. ഫിലിപ്പുരാജാവു അത്യാശ്ചര്യത്തോടെ തന്നിലും വലിയ ആൾ തൻെറ രാജ്യത്തിൽ ഉണ്ടായിരിപ്പാൻ പാടില്ല എന്ന ഉറപ്പോടെ "ആരോടാണ് അപ്പീൽ ചെയ്യുന്നതു" എന്നു ചോദിച്ചു. ആ ചോദ്യത്തിന്നു സരസയായ യുവതി തട്ടിമൂളിച്ച സമാധാനം ഇതായിരുന്നു. മദ്യപിച്ച അവസരത്തിൽ വിധിപറഞ്ഞ തിരുമനസ്സിൻെറ കോടതിയിൽനിന്നു മദ്യപിക്കാത്ത അവസരത്തിൽ വിധിപറയേണ്ടുന്ന തിരുമനസ്സിൻെറ കോടതിയിലേക്കുതന്നെ." ഏകദേശം ഇതുപോലെ ഇരിക്കുന്ന ഒരു സമാധാനം എനിക്കും ഇല്ലെ

ന്നില്ല. മാപ്പിളലഹളകൊണ്ടും വരവിന്നൊത്തുങ്ങാത്ത ചെലവിൻെറ വദ്ധനകൊണ്ടും, കവിത്വമില്ലാത്ത കൃതികളുടെ ആവിർഭാവംകൊണ്ടും, കവിത്വമെന്തെന്നു മനസ്സിലാകുന്ന ജനങ്ങളുടെ ദൌർല്ലഭ്യംകൊണ്ടും, വേദാന്തമില്ലാത്ത വൃദ്ധകളുടെ ശൃംഗാരംകൊണ്ടും, ശൃംഗാരമില്ലാത്ത തരുണികളുടെ വേദാന്തം കൊണ്ടും മനസ്സിന്നു വെറിപിടിച്ചുപോയ അവസരത്തിൽ, ഭക്തിയുടെ നേരെ ഞാൻ മററൊരു നോട്ടം വെക്കേണ്ടിവന്നതു ശരിയാണെങ്കിലും ലഹളയും കവിതയും, കാമിനിയും കവിത്വവും വളരെക്കാലത്തോളം നിലനില്ക്കുന്ന കാൎയ്യങ്ങളല്ലെന്നു ആശ്വാസം കൊണ്ടു മനസ്സിന്നു നല്ല ശാന്തി പിടിപെട്ടപ്പോൾ, അന്നത്തെ മററൊരു നോട്ടത്തിന്നു ഇന്നു തിരിച്ചൊരടിവെച്ചതേയുള്ളു. തങ്ങളെപ്പററി തങ്ങൾതന്നെ പ്രശംസിക്കുന്നതിൽ ബാക്കിയുള്ളവൎക്കു ആക്ഷേപിക്കാൻ വഴിയുണ്ടെങ്കിലും തങ്ങളെപ്പററി തങ്ങൾതന്നെ ദൂഷിക്കുന്നതിൽ ആൎക്കും ആവലാതിയുണ്ടാവാൻ പാടില്ലല്ലോ എന്നു വിചാരിച്ചിട്ടുതന്നേയാണ് ഞാൻ ഇങ്ങിനെ ഒരു തിരിഞ്ഞ രീതി അവലംബിച്ചുപോകേണ്ടിവന്നതു. മേലാലെങ്കിലും സകല തിരിപ്പിൽനിന്നും മറപ്പിൽനിന്നും ദൈവം എന്നെ രക്ഷിക്കട്ടേ.

# ക്രൂനിയുടെ ചികിത്സ.

വീട്ടിലെ കിഴക്കേ കോലായുടെ തെക്കേഭാഗത്തിട്ടിരുന്ന ഒരു കീറിയ പായുടെ ഓരത്തിരുന്നു എന്റെ മൂക്കിന്മേൽ വീഴാൻ ശഠിക്കുന്ന ഈച്ചകളേയും ആട്ടി, ഞാൻ ഓരോ വിഡ്ഢിത്തങ്ങൾ ആലോചിക്കയായിരുന്നു. അപ്പോൾ ഒരു വലയും എടുത്തു, അടുക്കേ വന്നിരുന്നു എന്റെ ഭാര്യ "അരി തീൎന്നുപോയി" എന്നു പറഞ്ഞു. "പണം തീൎന്നുപോയി" എന്നു ഞാൻ പറഞ്ഞു. ചോറു വെക്കണ്ടേ" എന്നു അവൾ പറഞ്ഞു. "കടം കിട്ടണ്ടേ" എന്നു ഞാൻ പറഞ്ഞു.

അവൾ:—എല്ലായ്പോഴും കടം, കടം, കടം. എന്നാണിതൊക്കെ വീട്ടിത്തീൎക്കുന്നതു?

ഞാൻ:—വീട്ടാനോ? കഴിയുന്നത്ര വീടാതെ കഴിക്കാനാണ് ഞാൻ കടം വാങ്ങുന്നതു.

അവൾ:—നല്ല മാതിരി! ഇല്ലാത്ത സമയത്ത വാങ്ങിയാൽ ഉള്ള സമയത്തു വീട്ടണ്ടേ.

ഞാൻ:—കിട്ടുമ്പോഴൊക്കെ കടം മേടിക്കാനാണ് എന്റെ നിശ്ചയം.

അവൾ:—ഇതെന്തു കാൎയ്യത്തിനു? നാടോടെ കടക്കാർ നിറയുന്നതു നല്ലതാണോ?

ഞാൻ:—പിന്നെയോ? ഞാൻ മരിച്ചാൽ യഥാൎത്ഥത്തിൽ നാടോടെ വ്യസനിക്കില്ലേ? അതെത്ര മാനമാണ്?

മരിച്ചാലുംകൂടി മാനം നേടുന്നതു ചില്ലറക്കാൎയ്യമാണോ?

അവൻ:—മതി മതി. ജീവിക്കുമ്പോൾ മാനക്കേടും, മരിച്ചാൽ മാനവു്; ഇനി ചോറു തിന്നുന്നതു മരിച്ചിട്ടു മതിയോ?

ഞാൻ:—ബലിയിടുന്നതു അതിനു വേണ്ടിയായിരിക്കും.

അവൻ:—കാൎയ്യം പറയുമ്പോൾ എന്തെങ്കിലും തോന്നിവാസം പറയുന്നതു കുറേക്കാലമായിട്ടു നിങ്ങൾക്കു ഒരു മുറയായിരിക്കുന്നു.

ഞാൻ:—തോന്നിയതു പറയുന്നതു പരമാൎത്ഥിയുടെ മുറയാണ്.

അവൻ,—പരമാൎത്ഥംകൊണ്ടൊന്നും നാം കഴികയില്ല. നിങ്ങളോടൊന്നിച്ചു വന്നതോടുകൂടി എന്റെ പട്ടും പണ്ടവും ഒടുങ്ങി. എന്റെ കാൎയ്യമോ പോട്ടെ. ഇനി ഈ സാധുക്കുട്ടികൾക്കെങ്കിലും ഒരു രണ്ടുകാശു സമ്പാദിച്ചിട്ടേക്കാൻ വല്ല വഴിയും അലോചിക്കരുതോ?

ഞാൻ:—ആലോചന ഏതു കാൎയ്യത്തിലും അബദ്ധമാണ്. തൽക്കാലം തോന്നുംവണ്ണം പ്രവൎത്തിക്കയല്ലാതെ ആലോചിച്ചു പ്രവൎത്തിക്കുന്നതു ശുദ്ധമേ കമ്പമാണ്. തല്ക്കാലം തോന്നിയതുപോലെ ചെയ്താൽ അതിന്റെ ഫലം ഗുണമോ ദോഷമോ ആയിരിക്കാൻ മതി. ആലോചിച്ചിട്ടു ചെയ്താൽ ഫലം എപ്പോഴും ദോഷമാണ്.

അവൻ:—ഇതു നിങ്ങളുടെ മറെറാരുതരം മായമാണ്.

ഞാൻ:—ഒരിക്കലും അല്ല. നമ്മേ കടിക്കുന്ന മൂട്ട, നാം പെട്ടെന്നെഴുന്നേല്ക്കുമ്പോഠം തല്ക്കാലം തോന്നിയ പോലെ കിടക്കയുടെ അടിയിൽ പാഞ്ഞുകളയുന്ന തിന്ന പകരം, മീതെ തന്നെ നിന്നു കുറേ നേരം ആ ലോചിച്ചാലോ?

അവഠം:—നിങ്ങളുടെ പുതിയമാതിരി തത്വമൊന്നും എനി ക്ക മനസ്സിലാകുന്നില്ല.

ഞാൻ:—ഞാൻ പറയുന്നതു എത്രയോ പഴയ തോതാണ്. നമ്മുടെ മൂട്ട ഈയിടെ പൊടിച്ച ഒരു ജന്തുവാണോ?

അവഠം:—മൂട്ട, പൊടിക്കയോ കടിക്കയോ എന്തെങ്കിലും ചെയ്തുകൊള്ളട്ടെ ഞാൻ പറഞ്ഞ കാൎയ്യത്തെപ്പററി ആലൊചിച്ചിട്ടു പറയില്ലെങ്കിൽ ആലോചിക്കാതെ പറവിൻ.

ഞാ:—എന്തിനേപ്പററി?

അവഠം:—പണം ഉണ്ടാക്കുന്ന കാൎയ്യത്തെപ്പററി.

ഞാൻ:—എന്തു പ്രയാസം? അതിന്നു ഞാൻ വഴി കണ്ടി ട്ടുണ്ട്.

അവഠം:—നേരോ? എന്നാൽ കാൎയ്യം ജയിച്ചുപോയല്ലോ.

ഞാൻ:—ജയിക്കാതെ എവിടെ പോകുന്നു?

അവഠം:—എന്താണതിന്നു മാൎഗ്ഗം കണ്ടതു?

ഞാൻ:—ക്രുനിയുടെ ചികിത്സ കേട്ടിട്ടുണ്ടോ?

അവഠം—ക്രുനിയും ക്രുനഷവുണ്ടെന്നല്ലാതെ ചികിത്സയും കൂടി ഉണ്ടോ?

ഞാൻ:—നീ പറയുന്ന കൂനി മന്ഥരയാണ്. ഞാൻ പറയുന്നതു ലൂയി കൂനി എന്ന ജർമ്മൻകാരനെയാണ്; ചികിത്സ അവന്റേതാണ്.

അവൻ:—നിങ്ങൾക്കു കുറെ വയസ്സായില്ലേ? ഇപ്പോൾ ചികിത്സ പഠിച്ചു ഒരു വൈദ്യനായി പണം സമ്പാദിക്കാൻ കുറേ പണിയില്ലേ?

ഞാൻ:—നമ്മൾ ചികിത്സിക്കുകയല്ല ചെയ്യുന്നതു നമ്മൾ ചികിത്സിക്കപ്പെടുന്നവരാണ്.

അവൻ:—ചികിത്സിപ്പിച്ചിട്ടു പണമുണ്ടാകുന്ന സമ്പ്രദായം എനിയ്ക്കു പുത്തരിയാണ്.

ഞാൻ:—എന്നാൽ ഞാൻ പറഞ്ഞുതരാം. കൂനിയുടെ ചികിത്സയ്ക്കു കഷായവും കിഷായവും ഒന്നും വേണ്ട. ഉപ്പും വേണ്ട, മുളകും വേണ്ട. വിറകും വേണ്ട, വെപ്പും വേണ്ട. മത്സ്യവും മാംസവും വേണ്ട. ദാസനും ദാസിയും വേണ്ട. ഫലമോ ഇളവങ്കായയെക്കാൾ വലിയ ഫലം. ഗുണമോ ഭാർഗ്ഗവചാപത്തിന്റേതിനേക്കാൾ വലിയ ഗുണം.

അവൻ:—ഇളവങ്കായയും ഭാർഗ്ഗവചാപവും കൊണ്ടു പണമെവിടുന്നു വരും? എനിയ്ക്കു നിങ്ങൾ പറയുന്നതൊന്നും മനസ്സിലാകുന്നില്ല. അപ്പനും വേണ്ട, അമ്മയും വേണ്ട. ഭാര്യയും വേണ്ട, മക്കളും വേണ്ട. എന്നു നിത്യം ജപിച്ചാൽ പണം പുതച്ചുവരുമോ?

ഞാൻ:—പറയുന്നതു മുഴുവൻ കേൾക്കാൻ ക്ഷമയില്ലെങ്കിൽ എങ്ങിനെ കാര്യം മനസ്സിലാകും.

അവർ:— അസംബന്ധം കേൾക്കുമ്പോൾ എങ്ങിനെ ക്ഷമിക്കും.

ഞാൻ:—കേട്ടിട്ടല്ലേ അസംബന്ധമോ എന്നു തീൎച്ചപ്പെടുത്തേണ്ടതു?

അവർ:—കേട്ടേടത്തോളം ഒരു സംബന്ധവും കാണുന്നില്ല, മേലാൽ വല്ല സംബന്ധവും പറവാനുണ്ടെങ്കിൽ ഞാൻ കേട്ടോളാം.

ഞാൻ:—എന്നാൽ കേൾക്കൂ. ചെലവു കുറഞ്ഞും വരവു ജാസ്തിയും ആകുന്നതു ലാഭമല്ലേ?

അവർ:—അതേ. അതിന്റെ വിപരീതാവസ്ഥ ചേതവുമാണ്.

ഞാൻ:—ഞാൻ പറഞ്ഞ അവസ്ഥ ലാഭമല്ലേ?

അവർ:—അങ്ങിനെ വന്നാൽ ലാഭംതന്നെ.

ഞാൻ:—എന്നാൽ അങ്ങിനെ വരുത്താം. വരുത്താനുള്ള ശക്തി നമ്മിൽ തന്നെ കിടപ്പുണ്ട്.

അവർ:—അനാവശ്യമായ ചെലവു നമ്മൾ ചെയ്യുന്നില്ല പിന്നെ എന്തു വിദ്യയെടുത്തിട്ടാണ് നിങ്ങൾ ചെലവു കുറയ്ക്കാൻ നോക്കുന്നതു.

ഞാൻ:—അതല്ലേ ഞാൻ പറയുന്നതു. ലൂയി ക്രൂനിയുടെ ചികിത്സ എടുത്തിട്ടു.

അവർ:—എന്തു രോഗത്തിനാണുപോലും നമ്മൾ ചികിത്സയെടുക്കേണ്ടതു. പണമില്ലാത്ത രോഗത്തിനും ചികിത്സയുണ്ടോ? നിങ്ങൾക്കു വല്ല തലയ്ക്കിളക്കവും ഉണ്ടോ?

ഞാൻ:—എനിയ്ക്കു ഒരിളക്കവുമില്ല. എന്റെ അഭിപ്രായത്തിനും ഇല്ല.

അവൾ:—എന്താണ് ഈ ചികിത്സ?

ഞാൻ:—അതല്ല നീ ചോദിക്കേണ്ടതു?

അവൾ:—അതെല്ലേ ഞാൻ ചോദിച്ചതു?

ഞാൻ:—നമ്മൾ ദൈനന്ദിനം അഥവാ പൌനഃപുന്യേന—

അവൾ:—എന്തൊന്നാ പറഞ്ഞതു? ആളുകൾക്കു മനസ്സിലാകുന്നവിധം സംസാരിക്കരുതോ?

സംസ്കൃതം ഭാൎയ്യയ്ക്കു പണ്ടേ പിടിത്തമില്ല. അതുകൊണ്ടു ഒന്നാംതരം വെള്ളി ഉറുപ്പിക ചെമ്പിൻ ചില്ലറയാക്കുമ്പോലെ ഞാൻ പിന്നെയും തുടൎന്നു പറഞ്ഞു.

ഞാൻ:—നമ്മൾ പ്രതിവാരി കഴിക്കുന്ന ആഹാരമൊന്നും ആവശ്യമില്ല. വെറും വെള്ളവും പച്ചക്കടലക്കയും മാത്രമേ വേണ്ടു. പച്ചക്കറി പച്ചതന്നെ കഴിച്ചാൽ മതി. നേരിയ പൂഴിയും കൂടി പാട്ടമേശടത്തോളം തിന്നാം. പഞ്ചസാരയേക്കാളും ദേഹത്തിനു ഗുണമാണത്രേ. നമ്മൾ രണ്ടാൾക്കുംകൂടി മാസത്തിൽ അഞ്ചുറുപ്പിക ചെലവുണ്ടാകയില്ല. ശരീരത്തിനു നല്ല പുഷ്ടിവെക്കും; എന്നു മാത്രമല്ല നൂററമ്പതു വയസ്സുവരെ ജീവിക്കയും ചെയ്യാം പോലും.

അവൾ:—നിങ്ങൾ ആളെ തമാശയാക്കല്ലേ. അങ്ങിനെയാണെങ്കിൽ ലോകം മുഴുവനും ഈ മാതിരി ചികിത്സ തുടങ്ങില്ലേ?

ഞാൻ:—ലോകം മുഴുവനും തുടങ്ങാത്തതു ലോകം മുഴുവനും അറിയാഞ്ഞിട്ടാണ്. അറിഞ്ഞുവരുന്തോറും എത്ര യോഗ്യന്മാർ തുടങ്ങിക്കഴിഞ്ഞിട്ടുണ്ടു. നമ്മുടെ സ്നേഹിതൻ വക്കീൽ ചാത്തുമേനോൻ അവർകളുംകൂടി തുടങ്ങീട്ടുണ്ടെന്നാണ് കേൾവി.

അവൾ:—മിസ്റ്റർ ചാത്തുമേനോൻ വക്കീലിനെന്താ ശരീരത്തിനു പുഷ്ടിയില്ലേ?

ഞാൻ:—ഈ ചികിത്സയുടെ വിശേഷവിധി ഒന്നു വേറെയാണ്. ചാത്തുമേനോൻ അവർകൾ പുഷ്ടി കുറവാനും ബാലകൃഷ്ണമേനോൻ അവർകൾ പുഷ്ടി വെക്കാനുമാണത്രെ ഈ ചികിത്സ കൊണ്ടുപെട്ടതു. നമ്മൾ തുടങ്ങുന്നതു ധനത്തിനു കുറെ പുഷ്ടിവെക്കാനാണ്.

അവൾ:—ഒന്നാമത്തു കടം തീരട്ടെ. എന്നിട്ടു ധനത്തിൻെറ പുഷ്ടിയേപ്പറ്റിപ്പറയാം. ഇന്നാൾ പാല്യകാരത്തിപാ്ലിൻെറ പണത്തിനു വന്നപ്പോൾ എൻെറ കയ്യിൽ കാശില്ലാഞ്ഞിട്ടു ഞാൻ എത്ര സങ്കടപ്പെട്ടു? അവൾ പോയപ്പോൾ യഥാൎത്ഥമായി ഞാൻ കരഞ്ഞു.

ഞാൻ:—അതു നിൻെറ വിഡ്ഢിത്തം.

അവൾ:—കയിൽ കാശില്ലാതെ ഉഴലുമ്പോൾ കരഞ്ഞുപോകുന്നതു എൻെറ വിഡ്ഢിത്തമാണോ?

ഞാൻ:—പാല്യകാരത്തിക്കു അവൾ തന്ന പാലിൻെറ വില നീ കൊടുക്കാഞ്ഞാൽ കരയേണ്ടതു അവളല്ലേ? നീയാണോ? നിനക്കെന്തു നഷ്ടം പററി.

അവൾ:—മാനനഷ്ടം.

ഞാൻ:—ധനനഷ്ടമാണു് മാനനഷ്ടത്തെക്കാൾ വലിയതു. അതുകൊണ്ടു നീ ഞാൻ പറയുന്നതു കേൾക്കു. ക്രനിയുടെ ചികിത്സ എടുത്താൽ ചുരുങ്ങാതെ മാസത്തിൽ അറുപതുറുപ്പിക ലാഭമുണ്ടാകും. അപ്പോൾ കൊല്ലത്തിൽ 720-ക യായി. നൂറുകൊല്ലംകൊണ്ടു ഏകദേശം പലിശയോടുകൂടി ഒരുലക്ഷം വെള്ളിയുറുപ്പിക നമുക്കു സമ്പാദിക്കാം. എന്താ ഞാൻ പറഞ്ഞ വഴി നന്നോ?

അവൾ:—പണമുണ്ടാക്കാൻ മററു വഴിയൊന്നും ഞാൻ കാണുന്നില്ല. അതുകൊണ്ടു ഈ ചികിത്സ തുടങ്ങുന്നതിനു എനിക്കു വിരോധമില്ല.

ഞാൻ:—ഒരു കാര്യമാണ്. കുറച്ചൊക്കെ മനസ്സുറപ്പു വേണ്ടിവരും, പതിവായി കഴിക്കുന്ന കാപ്പി ചായ മുതലായതൊക്കെ ഒഴിക്കണം. ദാഹിക്കുമ്പോൾ വെറും പച്ചവെള്ളം. ഉപ്പും മുളകും ഒന്നും പാടില്ല. ചോറും കറിയും പരദേശത്തു പൂർവ്വശിഖ എന്നപോലെ കേവലം നിഷിദ്ധമാണുതാനും.

അവൾ:—എന്നു പറഞ്ഞാൽ ഒരുവക സന്യാസിമട്ടു.

ഞാൻ:—അതേ. വേദാന്തികൾ "ഇതൊക്കെ ഉള്ളതാണ് എങ്കിലും ഒന്നും ഇല്ലതാനും" എന്നു പറയുമ്പോലെ സന്യാസിമട്ടാണെങ്കിലും സന്യാസിമട്ടല്ല. അസാരം ദുഘടമുണ്ടന്നേ ഉള്ളു.

അവൾ:—അതുകൊണ്ടൊന്നും തരക്കേടില്ല. ഒന്നു രണ്ടു ദിവസം ബുദ്ധിമുട്ടമായിരിക്കും. പിന്നെ ശീലിച്ചുപോകും. എനിക്കു നിങ്ങൾ നേരേനില്ക്കുമോ എന്നു മാത്രമേ ഭയമുള്ളു.

ഞാൻ:—മിസ്റ്റർ രാമൻപിള്ള പറഞ്ഞപോലെ നില്ക്കു മ്പോൾ എന്റെ ഉടലിന്റെ ആകൃതി ഒരു ചോദ്യ ചിഹ്നംപോലെ ആണെങ്കിലും എന്റെ മനസ്സാപ്പി ന്റെ ആകൃതി നിശ്ചയമായിട്ടും കരിമ്പനപോലെ വളവററതാണ്. നേരെ നില്ക്കും എന്ന കാൎയ്യത്തിൽ നിനക്കശേഷം ശങ്കവേണ്ട.

അവൾ:—എന്നാൽ ഇന്നുതന്നെ തുടങ്ങിയാലോ?

ഞാൻ:—പണം കിട്ടുന്ന കാൎയ്യമാണെങ്കിൽക്കൂടി ഇത്ര അ ധികം ബദ്ധപ്പെടേണമെന്നില്ല. ഇതിന്റെ മാതിരി തെല്ലുകൂടി മനസ്സിലാക്കാനുണ്ട്. ഈ വരുന്നതിങ്ക ളാഴ്ച നമുക്കു തുടങ്ങാം. ഒന്നാമതു ഇവിടെ അമ്മ യോടും പെങ്ങളോടും നമ്മുടെ ചികിത്സയെപററി അറിയിക്കണം. നമ്മളുടെ പത്ഥ്യം തെററിപ്പോകാ തിരിക്കത്തക്കവണ്ണം ജാഗ്രതയായി സൂക്ഷിച്ചുകൊള്ള ണമെന്നു താക്കീതു ചെയ്യണം. എന്റെ ബന്ധുജന ങ്ങളോടുംസ്നേഹിതന്മാരോടും ഈ മനോനിശ്ചയത്തെ പ്പററി ഘോരഘോഷമായി പ്രസ്താവിക്കണം. ആക പ്പാടെ നാടു മുഴുവനും ഈ വൎത്തമാനം കൊട്ടി ഘോ ഷിക്കണം. ഇങ്ങിനെ ചെയ്യുന്നതിൽ എനിക്കു വേ റെയും ഒരു ഉദ്ദേശമുണ്ട്. ഒരു സമയം നാട്ടുകാർ ഇശ്ശി മുക്കാലും നമ്മുടെ പിൽഗാമികളാകാൻ വഴി യുണ്ട്. അപ്പോൾ, ഇന്നാൾ പണത്തിനു എനിയ്ക്കു റജിസ്റ്റർ നോട്ടീസയച്ച, ആ നന്ദിയില്ലാത്ത ധിക്കാ രി ആ മസ്സാലക്കച്ചവടക്കാരൻ രാമന്റെ കച്ചവട വും പൊളിയും. ഈ ബഹളത്തിൽ ആ ദുഷ്ടനും ഒന്നു പഠിക്കട്ടെ. "ഏകന്നേവൻ ബഹുജനഹിതം മററു

കാര്യത്തിനായിപ്പോകുന്നേരം നിയതമവനേ ബുദ്ധിമാനിധരണ്യാം" എന്നുണ്ടല്ലോ.

അവൾ:—എന്തിനാണ് അവനെ പഠിപ്പിക്കുന്നതു. കടം തന്നാൽ മടക്കികൊടുക്കേണ്ടതാണെന്നു നിങ്ങളെയാണ് വല്ലവരും പഠിപ്പിക്കേണ്ടതു.

ഞാൻ:—മടക്കികൊടുക്കേണ്ടുന്ന കാര്യം ആലോചിക്കേണ്ടതു ഒഴുക്കില്ലാത്തിടത്തു വെള്ളം കെട്ടിനില്ക്കുമ്പോലെ, ചെലവില്ലാത്തിടത്തു പണം കെട്ടിയിരുന്നു കാണുമ്പോളല്ലേ?

അവൾ:—ശരിതന്നെ. എങ്ങിനെ എങ്കിലും ചെലവു ചുരുങ്ങി വന്നിട്ടു കുറെ പണം മൊത്തമായൊന്നു കാണാൻ സംഗതിവരട്ടെ.

ഞാൻ:—(മീശ പിടിച്ചുംകൊണ്ടു) ഈ ഒഴുക്കുസമ്പം തന്നെയാണ്ടെ, ദിവസംപ്രതി നമ്മൾക്കു പണം വർദ്ധിക്കും. ഒരു പത്തായത്തിനു ക്ഷണം ഓർഡർ കൊടുക്കണം. നിനക്കു ഒരു പൊൻക്രൂസാരം ചെറുകിടയിൽ ഒരു മെരുക്കുന്നപോലെ ഉണ്ടാക്കിത്തരാം. ബാക്കിയുള്ളവർക്കു റാവുബഹദൂർ, ദിവാൻബഹദൂർ എന്നീ സ്ഥാനങ്ങൾ കിട്ടി വരുമ്പോൾ നിന്റെ ഭർത്താവായ ഭാഗ്യവാനു കുബേരൻ എന്ന അർത്ഥവത്തായ സ്ഥാനമാണ് കിട്ടാൻ പോണതു.

ഇങ്ങിനെ കണ്ണിൽ കണ്ടവരോടൊക്കെ ഞാൻ ഞങ്ങളുടെ ഉദ്ദേശം ഭൂമിയാക്കിയപ്പോൾ എന്റെ പ്രാണസ്നേഹിതൻ എം. കെ. മേനോനും ഈ വിവരം അറിഞ്ഞു. മിസ്റ്റർ മേനോൻ ക്രൂനിയുടെ ചികിത്സയിൽ ബദ്ധവത്സലനാണ്. അതിന്റെ ഗുണം ലോകത്തിന്നറിയിച്ചതിൽ പിന്നെ

ചികിത്സ തുടങ്ങാമെന്നാണ് വെച്ചിട്ടുള്ളതു. അദ്ദേഹം ഈ സംഗതി കേരളകാഹളം മുതലായ പത്രങ്ങളിലും ഇറക്കി. ചുരുക്കിപ്പറഞ്ഞാൽ മലയാളത്തിൽ മിക്കപേൎക്കും ഈ ശിഥിലവൎത്തമാനം കിട്ടി. ജനങ്ങളൊക്കെ ഒരു കഥാനായകനെ എന്നപോലെ എത്രയോ കൌതുകത്തോടെ എന്നെ നോക്കിത്തുടങ്ങി.

ചികിത്സ ആരംഭിച്ച ഒന്നാമത്തെ ദിവസം അധികബുദ്ധിമുട്ടുകൂടാതെ കഴിച്ചു. രണ്ടാമത്തേ ദിവസം തെല്ലുകൂടി വിഷമിച്ചു കഴിക്കേണ്ടിവന്നു. മൂന്നാമത്തേ ദിവസം എന്തെന്നില്ലാത്ത ഒരുതരം അസഹ്യത എന്നെ ബാധിച്ചു. കറിയിൽ അസാരം ഉപ്പു കുറഞ്ഞുപോയാൽ ബാല്യക്കാരനെ ശകാരിക്ക പതിവുള്ള ഞാൻ ഉപ്പിൻെറ സ്പൎശമില്ലാതെ ആഹാരം കഴിക്കേണ്ടിവന്നതു ദുഷ്ടദൈവവിധി എന്നേ പറയേണ്ടതുള്ളു. എത്ര പിടിച്ചു നിറുത്തി നോക്കീട്ടും ചോറോടും കറിയോടും തരുണനു തരുണിയിൽ എന്നപോലെ എനിയ്ക്കു കഠിനമായ ഭ്രമം ജനിച്ചു. എന്നാലും അഭിമാനംകൊണ്ടു കള്ളി പുറത്താക്കാതെ ഒരു വിധം കഴിച്ചുകൂട്ടാൻ നിശ്ചയിച്ചു. എന്നിട്ടുകൂടി ബാക്കിയുള്ളവൎക്കുവേണ്ടി പാകം ചെയ്യുന്ന സാമ്പാറു വറത്തിടുന്ന ഗന്ധം പരന്നപ്പോൾ നാവിന്മേൽനിന്നു അസാരം വെള്ളം പുറപ്പെട്ടതു എൻെറ ഭാൎയ്യ കണ്ടോ എന്നു ശങ്കിച്ചു ഞാൻ അങ്ങോട്ടു ഇടങ്കണ്ണിട്ടു നോക്കിയപ്പോൾ അവൾ ഒരു മരപ്പാവയെപ്പോലെ യാതൊരു ക്ഷോഭവും സ്തോഭവും ഇല്ലാതെ മനസ്സുറപ്പിച്ചു നില്ക്കുന്നതു കണ്ടു. അവളുടെ സ്ഥൈൎയ്യം എന്നെ ആശ്ചൎയ്യപ്പെടുത്തി. പ്രകൃതിയുടെ ഒഴിച്ചുകൂടാത്ത ചില ഗതികൾക്കു "കവാടനിരോധമൊരേട"വുമില്ല എന്നു

പറയുന്നതു അവൎക്കു ബാധകമല്ല. വരാൻപോകുന്ന സമ്പാദ്യത്തിന്റെ സംഗതി വിചാരിച്ചായിരിക്കും ഭാൎയ്യ ഇങ്ങിനെ ധൈൎയ്യപ്പെട്ടു തന്റെ നൂതനജീവിതത്തിനു കീഴടങ്ങുന്നതു. എന്റെ കഥ കുറേ അമാന്തത്തിലായി. കള്ളന്മാരുടെ കണ്ണു് ആഭരണത്തിൽ എന്നപോലെ പിഞ്ഞാണത്തിലേ ഉപ്പേരിയിലെന്നല്ല മരവിയിൽവെച്ച ഉപ്പിന്മേലും കൂടി എന്റെ കൊതിയോടുകൂടിയുള്ള ദൃഷ്ടിപതിഞ്ഞു എനിക്കു കളവിലും വാസനയുണ്ടോ എന്നുകൂടി ഞാൻ ഭയപ്പെട്ടു. ഇങ്ങിനെ പിന്നെയും ഒന്നുരണ്ടു ദിവസം ഒരു നൊസ്സന്റെ മാതിരി ഒന്നിലും ഒരു സ്ഥിരപ്രതിജ്ഞയെന്നില്ലാതെ കഴിച്ചുകൂട്ടി. അനേക സംവത്സരങ്ങളോളം പതിവാക്കിയ ഒരു സമ്പ്രദായം പെട്ടെന്നു വിടുന്നതു ദുസ്സാദ്ധ്യമാണെന്നു എനിക്കു നല്ലവണ്ണം മനസ്സിലായി. പ്രകൃതിയുടെ വിപരീതമായി പ്രവൎത്തിക്കുന്നതു തെററല്ലയോ എന്നുകൂടി എനിക്കു തോന്നാതിരുന്നില്ല. എന്നാൽ എന്റെ ഭാൎയ്യയുടെ സ്ഥൈൎയ്യംകാണുന്തോറും എനിക്കു വളരെ വാശിയും അളവില്ലാത്ത അസൂയയും ജനിച്ചു. അവൎക്കു ഒരു പുല്ലുപോലും കൂസലുണ്ടായിരുന്നില്ല. എന്റെ ധൈൎയ്യം ക്ഷണംകൊണ്ടു ക്ഷയിച്ചു. എനിക്കു ചോറോടും മററും കടന്നുപിടിച്ച മോഹം ഒരുതരം ദ്രോഹം തന്നെയായി. പഞ്ചാഗ്നിമദ്ധ്യത്തിൽനിന്നു തപസ്സുചെയ്യാറുള്ള മുനികളുംകൂടി കന്യകകളെ കാംക്ഷിച്ചുപോയതിലും കടന്നുപോയോ എനിക്കു ചില ഭക്ഷ്യങ്ങളിൽ പ്രേമം പിണഞ്ഞുപോയതു. ദ്രോഹം സഹിക്കവയ്യാതായപ്പോൾ ഞാൻ ചില സൂത്രങ്ങൾ പ്രയോഗിച്ചു നോക്കാൻ തുടങ്ങി. ചായയോ കാപ്പിയോ കിട്ടുമെന്നാശിച്ചുംകൊണ്ടു ഞാൻ ഓരോ പൊട്ടക്കാരണവും പറഞ്ഞു എന്റെ ചങ്ങാ

തിമാരുടെ വീട്ടുകളിൽ എണ്ണിയെണ്ണി കേറി നോക്കി. എൻെറ ചികത്സയുടെ സംഗതി ആദ്യംതന്നെ കൊട്ടി ഘോഷിച്ചുപോയിരുന്നതുകൊണ്ടു അവരാരും ഒന്നും കൊണ്ടുതന്നില്ല. വേറെ ഒരിടത്തു ചെന്നു "എനിയ്ക്കു വല്ലാതെ ദാഹിക്കുന്നു" എന്നു നാണമില്ലാതെ ഞാൻ പറഞ്ഞു. ഉടനെതന്നെ സ്നേഹിതൻ അകത്തു പോയി എന്തിനോ ചട്ടംചെയ്തു എൻെറ മുഖം പ്രസാദംകൊണ്ടു മിന്നി. അല്പനേരത്തിനുള്ളിൽ കാപ്പിയുടെ വാസനപൊങ്ങിയപ്പോൾ എൻെറ ശ്രമം കേവലം വിഫലമായിട്ടില്ലെന്നു ഒരാശ്വാസം എന്നെ തൃപ്തനാക്കി. നല്ല മണവും കട്ടപ്പവുമുള്ള കാപ്പി ഞങ്ങളുടെ മുമ്പിൽ കൊണ്ടുവെച്ചു. അതോടുകൂടി എൻെറ ചികിത്സയുടെ കാൎയ്യവും സ്നേഹിതനു ഓൎമ്മവന്നു. "അല്ലാ, ഞാനതു മറന്നു. നിങ്ങൾ ചികിത്സയിലല്ലേ? ചാത്തു! കുറേ തെളിഞ്ഞ പച്ചവെള്ളം കൊണ്ടുവരൂ. കുറേ ധാരാളമിരിക്കട്ടെ." എന്നു പറഞ്ഞുംകൊണ്ടു കാപ്പി അദ്ദേഹം കഴിച്ചു. ദാഹിക്കുന്നു എന്നു ആദ്യം പറഞ്ഞുപോയതുകൊണ്ടു ഞാൻ കഷായം കുടിക്കുമ്പോലെ കൊണ്ടുവന്ന വെള്ളം മുഴുവനും വലിച്ചുകുടിക്കേണ്ടിവന്നു. "നിങ്ങളുടെ മനസ്സുറപ്പു ചില്ലറയല്ല സാറേ! എനിയ്ക്കു മരിച്ചാലും വേണ്ടില്ല ഇങ്ങിനെയുള്ള പത്ഥ്യങ്ങൾ കൊണ്ടുനടക്കാൻ സാധിക്കയില്ല" എന്നു പറയുന്ന ചങ്ങാതിയോടു ഒരു പുഞ്ചിരിയോടെ "വേണമെങ്കിൽ എല്ലാം ആവാം. നമ്മൾ ഒരുങ്ങാത്തതുകൊണ്ടല്ലേ" എന്നുമാത്രംപറഞ്ഞു ഞാൻ അവിടുന്നും യാത്രയായി വല്ലപ്രകാരത്തിലും ഒരിറക്കചായയെങ്കിലും വയററിലാക്കാതെപോയാൽ എൻെറകാൎയ്യം വിഷമത്തിലാകുമെന്നു എനിയ്ക്കുപൂൎണ്ണബോദ്ധ്യംവന്നു. ഓരോസംഗതികൾ കണ്ടുപിടിച്ചു

ഞാൻ ചില വിജാതീയരുടെ വീടുകളിലും വിരുന്നുകാരനേ
പ്പോലെ ചെന്നു. നല്ല പരിചയമില്ലാഞ്ഞിട്ടോ എന്തോ
എന്നറിവില്ലഞ്ഞതി ആരും ചായയ്ക്കു സല്കരിച്ചില്ല. ചിലകൂട്ട
രുടെ അടുക്കെ ചെന്നു അസംബന്ധമായ അയിത്തത്തിന്റെ
ബാധയൊന്നും എന്നെ സ്പർശിച്ചിട്ടില്ലെന്നു പ്രസംഗിച്ചു.
ഞാൻ അവിടുത്തുകാരെ എനിയ്ക്കു വല്ലതും തരുവാൻതക്ക
വണ്ണം ധൈര്യപ്പെടുത്തുവാൻ നോക്കി. കുന്നു കുലുങ്ങുകിലും
അക്കൂട്ടർ കുലുങ്ങിയില്ല. ഒരു ദിവസം തീവണ്ടിസ്റ്റേഷന്റെ
അടുത്തുള്ള പാതയിൽ കൂടെ കടന്നുപോകുമ്പോൾ ഒരു
ഹോട്ടലിൽനിന്നു പശുവിൻനെയ്യിൽ മാംസം പാകം ചെ
യ്യുന്ന മണം പുറപ്പെട്ടതു കേട്ടു. കടിഞ്ഞാൻ വലിച്ചു നി
റുത്തിയ കുതിരയേപ്പോലെ ഒരടി മുന്നോട്ടു നടപ്പാൻ ശ
ക്തനല്ലാത്ത വിധത്തിൽ ഞാൻ നിന്നുപോയി. കുറേ ഭേദ
മായ കൂട്ടർ ചാരായക്കടയിൽ കടക്കുമ്പോലെ എന്നെ ആ
രും കാണാനുണ്ടോ എന്നു നാലുപുറവും നോക്കിക്കൊണ്ടു
ഞാൻ ആ ഹോട്ടലിൽ ഒരു കേററം കേറി. എന്റെ ഹൃ
ദയം വല്ലാതെ തുടിച്ചു. ഞാൻ മുകളിൽ ചെന്നു ഒരു മൂ
ക്കിൽ വെച്ചിരുന്ന മേശയുടെ പിന്നിലിട്ട കസേലമേൽ
ചെന്നിരുന്നു അവിടത്തെ പരിചാരകനെ വിളിച്ചു. ഭാഗ്യ
വശാൽ മുകളിൽ പിന്നെയാരും ഉണ്ടായിരുന്നില്ല. ഞാൻ
എട്ടണയ്ക്കു സ്റ്റൂവിനും എട്ടണയ്ക്കു കട്ട്ലെററിനും, എട്ടണ
യ്ക്കു ചാപ്സിനും, നാലണയ്ക്കു റൊട്ടിയ്ക്കും ഓഡർ കൊടുത്തു.
പണം മുൻകൂറായി ലക്ഷ്യമില്ലാതെ മണിച്ചിട്ടുകൊടുത്തു.
ഒട്ടും താമസിയാതെ ഒരു പിഞ്ഞാണത്തിനുള്ളിൽ ധൂമി
ക്കുന്ന സ്റ്റൂവും മറെറാന്നിൽ ഗ്രേവിയോടുകൂടെയുള്ള ചാപ്സും
മുന്നിൽ എത്തി. തിന്നാനുള്ള ഭ്രമം കൊണ്ടു അശേഷം

ക്ഷമയില്ലാതെ ഞാൻ കൈ കഴുകാൻ വെള്ളത്തിനാവശ്യപ്പെട്ടു. പിന്നെ കൊണ്ടുവന്നതു ഒരു പിഞ്ഞാണത്തിൽ കട്ലെററും മറെറാന്നിൽ മുറിച്ചു റൊട്ടിയുമായിരുന്നു. ഇതൊക്കെ മുന്നിൽ കണ്ടപ്പോൾ വെള്ളം കൊണ്ടുവരാൻ വൈകിയതുകൊണ്ടുള്ള കോപംകൊണ്ടു ഞാൻ ആ പരിചാരകനെ കഠിനമായി ശകാരിച്ചു. വെള്ളത്തിനു പോയിട്ടുണ്ടെന്നും പറഞ്ഞു അവൻ ഇറങ്ങിപ്പോയി. ഞാൻ അവിടുന്നു എഴുന്നേററു കൂട്ടിലിട്ട കുരക്കനേപ്പോലെ "ചെറുശ്ശേരി ഇതെന്തൊരു സാവധാനമാണു്" എന്നപോലെ ഓരോന്നു വിചാരിച്ചു അക്ഷമനായി അങ്ങോട്ടും ഇങ്ങോട്ടും നടന്നു. അപ്പോൾ ഒരു ശബ്ദം കേട്ടു ഞാൻ സന്തോഷത്തോടെ അങ്ങോട്ടുനോക്കി. വെള്ളവുംകൊണ്ടു കോണി കേറിവരുന്ന കുട്ടിയെ കണ്ടപ്പോൾ സന്തുഷ്ടനായെങ്കിലും കുട്ടിയുടെ പിന്നാലെ മറെറാരാളും കൂടി കേറിവരുന്നതു കണ്ടപ്പോൾ ഞാൻ നെററിയും ചുളിച്ചു ഒന്നു നല്ലവണ്ണം നോക്കി. എൻെറ ഭഗവാനെ! ഞാൻ എന്തു പറയും. ആ ആൾ നമ്മുടെ സ്നേഹിതൻ മിസ്റ്റർ എം. കെ. മേനോനായിരുന്നു. എല്ലായ്പോഴും സന്തോഷം തരുന്ന മിസ്റ്റർ മേനോൻെറ വരവു ഇന്നു ഒരു ആഗ്നേയാസ്ത്രം കൊണ്ടതുപോലെയായി. ഞാൻ കളവുമുതലോടുകൂടി പിടിക്കപ്പെട്ട കള്ളനേക്കാളും നന്നെ കുഴങ്ങി. ഭാഗ്യവശാൽ ഞാൻ ഭക്ഷ്യങ്ങളുടെ പിന്നിലല്ലായിരുന്നു എന്ന ഏകസംഗതി ഒരു നിമിഷത്തിനുള്ളിൽ എനിക്കു ധൈര്യമുണ്ടാക്കി. വികടതരത്തിൽ ചാടിയ വിശാലാക്ഷി, പെട്ടന്നു ഭർത്താവിനേക്കണ്ടാലെന്നപോലെ എൻെറ കൂസലില്ലാത്ത പുഞ്ചിരി കണ്ടപ്പോൾ മിസ്റ്റർ മേനോനു സംശയമുണ്ടായില്ല.

മേനോൻ:—അല്ലാ, ഇവിടെയെന്തിന്നു കടന്നുകൂടി?

ഞാൻ:—വിശേഷിച്ചൊന്നുമില്ല. ഹോട്ടൽകീപ്പറുമായി ചില്ലറ ഒരു കാൎയ്യമുണ്ടായിരുന്നു.

അപ്പോഴാണ് വേലക്കാരൻ വന്നിട്ടു "വെള്ളം കൊണ്ടുവെച്ചിരിക്കുന്നു. കറികൾ തണുക്കുന്നതിനുമുമ്പെ കഴിക്കുന്നതാണ് നല്ലതു" എന്നു എന്നെ അറിയിച്ചതു. ആ വേലക്കാരനെ അറബിക്കടലിന്റെ നടുവിലിട്ടു മുക്കുവാനെനിക്കു തോന്നിപ്പോയി. ഞാൻ വിലകൊടുത്തു മേടിച്ച സാധനങ്ങൾ തണിഞ്ഞുപോകുന്നതുകൊണ്ടു ആ വകുന്നെന്തു നഷ്ടമാണ്! അനാവശ്യമായി അസ്ഥാനത്തിൽ ഔദാൎയ്യം കാണിച്ച ആ അസത്തിനെ ചൂടോടെ തിന്നുകളയാമെന്നുകൂടി എനിക്കു തോന്നി. ഞാൻ പുരികക്കൊടികൊണ്ടു അവനോടു പോവാൻ പറഞ്ഞു. വേലക്കാരന്റെ വാക്കുകേട്ടപ്പോൾ മേനോൻ ഒന്നു ഞെട്ടിപ്പോയതു ഞാൻ നല്ലവണ്ണം കണ്ടിരുന്നു.

മേനോൻ:—എന്തു. ചികിത്സയൊക്കെ ഇത്രവേഗം അവസാനിച്ചോ? ഇതെന്തു കഥ.

ഞാൻ:—(ധൈൎയ്യത്തോടെ) ചികിത്സ അവസാനിപ്പിക്കുയോ? നല്ല കാൎയ്യം. ആയുസ്സററാലും അതു അത്രക്ഷണത്തിൽ വിടുമോ?

മേനോൻ:—പിന്നെ ആൎക്കാണ് ഈ കറികളൊക്കെ കൊണ്ടുവെച്ചിട്ടുള്ളത്. വേലക്കാരൻ നിങ്ങളെയല്ലേ അങ്ങട്ട് വിളിച്ചത്.

ഞാൻ:—(തലചൊറിഞ്ഞുകൊണ്ട്) എന്റെ അളിയൻ വാസു ഈ മെയിൽവണ്ടിക്കു വരുന്നുണ്ട്. അയാൾ

ക്ക വിശപ്പു സഹിക്കാൻ കഴികയില്ല. അയാൾക്കു വേണ്ടി ഞാൻ ഓഡർ ചെയ്തു വെപ്പിച്ചതാണ്.

ഒഴികഴിവു തരത്തിൽ പറയുമെന്നാണ് ഞാൻ കരുതിയത്. നിർഭാഗ്യവശാൽ എൻെറ അളിയൻെറ വിവരം എന്നെക്കാളും പൂർണ്ണമായി മേനോനുണ്ടായിരുന്നു.

മേനോൻ:—അദ്ദേഹത്തിന്നാണെങ്കിൽ നിങ്ങൾ ബുദ്ധിമുട്ടേണ്ട. അദ്ദേഹം ഇന്നു കോയമ്പത്തൂരിൽ പോകുന്നുണ്ടെന്നു ഞാൻ കടലാസ്സിൽ വായിച്ചു.

ഞാൻ:—വരാതിരിപ്പാൻ തരമില്ലല്ലോ. എനിക്കുള്ള എഴുത്തു അങ്ങിനെയാണെല്ലൊ.

മേനോൻ:—മിണ്ടാതിരിക്കൂ. മാധവൻനായർ ഇൻസ്പെക്ടരും എന്നോടു പറഞ്ഞു. ഇന്നലെയാണ് അദ്ദേഹത്തിന്നു കമ്പി കിട്ടിയതു. രണ്ടാളും കോയമ്പത്തൂരിൽ എത്തേണ്ടതാണത്രെ.

ഞാൻ:—ഒഹൊ. കഷ്ടമായി. എന്നാൽ ഞാനിതൊക്കെ വെറുതേ മേടിച്ചു.

മേനോൻ:—(ആനന്ദത്തോടെ) വെറുതെയാക്കേണ്ട. ഞാനില്ലെ? സങ്കടത്തിൽ സഹായിക്കുന്നവനല്ലെ ബന്ധു? നിങ്ങൾ എൻെറ അടുക്കെ ഇരുന്നോളൂ.

എന്നും പറഞ്ഞു മേനോൻ എനിക്കു കൊണ്ടുവന്നു വെച്ചിരുന്ന പദാൎത്ഥങ്ങളുടെ പിമ്പിൽ ചെന്നിരുന്നു. "അളിയനോടു നല്ല സ്നേഹമുണ്ടല്ലൊ. നല്ലവണ്ണം വട്ടംകൂട്ടിയിരിക്കുന്നില്ലെ" എന്നു പറഞ്ഞുകൊണ്ടു എൻെറ മുമ്പിൽ വെച്ചുതന്നെ, ഞാൻ പണവും കൊടുത്ത് ഓഡർ ചെയ്ത സാധനങ്ങൾ, ബഹു രുചിയോടെ ഭക്ഷിക്കുവാൻ തുടങ്ങി.

മേനോൻ:—ആറിപ്പോയാൽ രുചി ഉണ്ടാകയില്ല. ഇതു നല്ല പാകത്തിലായിരിക്കുന്നു. അസ്സൽ വെപ്പ്. ഇത്ര രുചിയുള്ള സാധനങ്ങൾ ഞാൻ ഇയ്യിടെ ഒന്നും കഴിച്ചിട്ടില്ല.

ഇങ്ങിനെ "കറമുറ" എന്ന ശബ്ദം ജനിക്കുമാറ് മേനോൻ വളരെ രസത്തോടുകൂടി ആ പദാൎത്ഥങ്ങൾ ചവച്ചിറക്കുന്നതു ഞാൻ, കൊററി ക്ഷണിച്ച കുറുക്കനെപ്പോലെ നോക്കിനില്ക്കേണ്ടിവന്നു. എനിക്കു അനങ്ങാൻ നിവൃത്തിയുണ്ടോ? എന്തു കുടുക്കിലാണ് ഞാൻ കുടുങ്ങിയതു! ഞാൻ വില കൊടുത്തു വാങ്ങിയ പദാൎത്ഥങ്ങൾ, ഞാൻ ആദ്യം തന്നെ ആശവെച്ചുപോയ സാധനങ്ങൾ എന്നെയും പററിച്ചു, എൻെറ മുന്നിൽവെച്ചുതന്നെ മറെറാരാൾ തിന്നുന്നതു കണ്ടിരിക്ക എന്നു വരുന്നതു ചില്ലറ നിർഭാഗ്യമാണോ? ശിവ! ശിവ! മററുള്ളവർ കാൎയ്യം നടത്തുക. ഞാൻ നോക്കിക്കൊള്ളുക എന്ന കാലവും വന്നല്ലോ. എന്തു ചെയ്യും. മേനോൻെറ ശുക്രദശ. "കുറുക്കത്തടത്തിൻെറ ഭാഗ്യം." ചേദിപന്ന് വെച്ച പെണ്ണിനെ കൃഷ്ണൻ കൊണ്ടുപോയി.

മേനോൻ:— ഏതായാലും ഇത്രയൊക്കെ ചെലവാക്കിയല്ലോ. ഇനി അസാരവുംകൂടി ചെലവാക്കി നിങ്ങളുടെ ഔദാൎയ്യവും പൂൎത്തിയാക്കു. എടോ. ആരവിടെ? നാലണക്കുകൂടി ചാപ്സും രണ്ടണക്കു കാപ്പിയും കൊണ്ടുവാ.

"അല്ല. വിശപ്പു നന്നെ ഉണ്ടായല്ലോ" എന്നു പറഞ്ഞു കൊണ്ടു ഞാൻ ആ പണവും എണ്ണിയിട്ടു കൊടുത്തു.

മേനോൻ:—വിശപ്പുണ്ടായിട്ടല്ല. പദാൎത്ഥങ്ങൾക്കൊക്കെ ബഹു രുചിയുണ്ട്. മനുഷ്യരായാൽ ഈ മാതിരി സാധനങ്ങളാണ് കഴിക്കേണ്ടതു. ചികിത്സയിലല്ലായിരുന്നു എങ്കിൽ ഞാൻ നിങ്ങളെ നിൎബ്ബന്ധിക്കാതെ ഇരിക്കയില്ലായിരുന്നു. അത്ര നന്നായിട്ടുണ്ട് ഈ സാധനങ്ങൾ.

ഞാൻ:—ഛീ! മനിക്കൾക്ക സംസാരത്തിൽ എങ്ങിനെലയമുണ്ടാവും?

മേനോൻ:—നിങ്ങൾക്ക ഈ പദാൎത്ഥങ്ങളോട മോഹമില്ലെന്നോ പറയുന്നത്.

ഞാൻ:—എനിക്കിതിലൊന്നും ലേശം ഭ്രമമില്ല. അങ്ങിനെ ശീലിച്ചുപോയി. എനിക്കിപ്പോൾ ഈ സാധനങ്ങളുടെ മണം കേൾക്കുമ്പോൾ ഓക്കാനമാണ് പുറപ്പെടുന്നതു.

മേനോൻ:—ശാന്തം പാപം! അങ്ങിനെ ഒരു നില എനിക്ക വരാതിരിപ്പാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

ഇങ്ങിനെ രണ്ടാമതു കൊണ്ടുവന്ന സാധനങ്ങളും തുടച്ചു വടിച്ചു കഴിച്ചതിൽപിന്നെ, മേനോനവർകൾ എഴുന്നേററു തൃപ്തിയോടുകൂടെ ഒരു ഏമ്പൽ ഇട്ടു. എനിക്ക വളരെ നന്ദിപറഞ്ഞു എന്നേയും കൂട്ടി അവിടുന്നു മടങ്ങി. യഥാൎത്ഥം പറഞ്ഞാൽ എല്ലാംകൊണ്ടും ഷാപ്പിൽനിന്നു ഇറക്കിയതു മേനോനും ഇറങ്ങിയതു ഞാനും ആയി. ഞാൻ ദീൎഘമായൊന്നു നിശ്വസിച്ചു. നിരാശപ്പെട്ടുപോയ വിചാരം പുറമെ നടിക്കാതെ ധൂൎത്തനായാലും കൃതാൎത്ഥനായ മേനോന്റെ നേരമ്പോക്കുകളും കേട്ടുകൊണ്ടു നടന്നു.

എന്റെ ചാപല്യങ്ങൾക്കു വർദ്ധനവുണ്ടായെങ്കിലും എന്റെ ഭാര്യയുടെ സ്ഥൈര്യത്തിനു കുറവുണ്ടായില്ല. പെണ്ണുങ്ങൾക്കു ഉള്ളിലുള്ള കാര്യം മൂടിവെക്കാൻ ഒരു പ്രത്യേക വൈഭവമുണ്ടെന്നു എനിക്കനുഭവമാണ്. എന്നാൽ കൂടി പണം സമ്പാദിക്കാനുള്ള അത്യാഗ്രഹം കൊണ്ടു ഇത്ര കുലശലായ മനസ്സുക്തി കാണിക്കുമെന്നു ഞാൻ കണക്കാക്കിയിരുന്നില്ല. ചോറിന്റെയും കറിയുടേയും നാമം തന്നെ അവർ ഉച്ചരിച്ചിരുന്നില്ല. ഞാനൊ ഓരോ വിഷ്ടിതപങ്ങൾക്കു കച്ചയും കെട്ടി പുറപ്പെട്ടുകൊണ്ടുതന്നെ ഇരിക്കുന്നു. എനിക്കു സത്യമായിട്ടും അവളുടെ നേരെ അസൂയ തോന്നി. അങ്ങിനെ കഴിയുമ്പോൾ രാത്രി ഒമ്പതര മണി വണ്ടിക്കു ഡോക്ടർ സേട്ടുവിനെ കാണ്മാൻ വേണ്ടി എന്റെ ഇളയച്ഛൻ വരുന്നുണ്ടെന്നു എനിക്കു കത്തുകിട്ടി. അദ്ദേഹം മേഹരോഗിയായിരുന്നതുകൊണ്ടു, മാംസം കൊണ്ടുള്ള ഉരുളൻ കട്ലേററും ഒരു വലിയ റൊട്ടിയും ഒക്കെ തയാറാക്കി ഞങ്ങൾ (വീട്ടുകാർ) പതിനൊന്നു മണിവരെ കാത്തു. അതിന്റെശേഷം വന്നാൽ എഴുന്നേല്പാമെന്നുവെച്ചു ഞങ്ങളൊക്കെ ഉറങ്ങാൻ കിടന്നു ഭാര്യ തെക്കെ അകത്തും ഞാൻ അകത്തേക്കോലായിലുമാണ് കിടക്കുന്നതു. കിടക്കുന്നതിനു മുമ്പ, ഇളയഛന്ന് ഒരുക്കിയ പദാർത്ഥങ്ങളൊക്കെ വടക്കെ മുറിയിൽ കൊണ്ടു വെക്കുന്നതു ഞാൻ കണ്ടു. ആ അകം ഒരുതരം സാമാനമുറിയായിട്ടാണ് ഉപയോഗിച്ചുവന്നിരുന്നതു. എനിക്കു തടുക്കാൻ കഴിയാത്ത ആർത്തി പുറപ്പെട്ടു. ഞാൻ കിടക്കയിൽതന്നെ കുത്തിയിരിക്കുന്നതു കണ്ടിട്ടു, സംശയം ജനിച്ചിട്ടോ എന്തോ എന്നറിഞ്ഞില്ല വിളക്കുമൂതി കിടന്നുറങ്ങിക്കൊൾവാനായി ഭാര്യ ശാസിച്ചു. ഞാൻ വിള

ക്രൂതി പിന്നേയും കിടക്കയിൽ വന്നിരുന്നു. ആ പദാൎത്ഥങ്ങൾ വിചാരിച്ചിട്ടു എനിക്കു ലേശം ഉറക്കമുണ്ടായില്ല. ഇന്ദുലേഖ അങ്ങെമുറിയിലുള്ളപ്പോൾ സൂരിനമ്പൂതിരിപ്പാടിന്നു ഇങ്ങെമുറിയിൽനിന്നു ഉറക്കം വരുമോ. ഞാൻ മെല്ലെ എഴുന്നേററു വടക്കെമുറിയിലേക്കു ഒരു ചോരനെപ്പോലെ ച്ചെല്ലാനൊരുങ്ങി. അപ്പോൾ ഒരു സമയം ഇളയച്ഛൻ വന്നാലോ എന്നു ശങ്കിച്ചിട്ടു ഞാൻ രണ്ടു മണിക്കൂറോളം ക്ഷമിച്ചിരിപ്പാനുറച്ചു. പിന്നെയും കിടക്കയിൽത്തന്നെ ചാഞ്ഞു. ഗൌരവക്കുറവായ കാൎയ്യത്തിന്നുപോകാൻ അവസരം മടിയുണ്ടായിരുന്നെങ്കിലും "മുന്നമങ്ങു ദമയന്തിയെവേൾപ്പാൻ—ചെന്നുദിക്‌പതികളിങ്ങിനെതന്നെ" എന്ന വിദ്യജ്ജിഹ്വന്റെ ഉപദേശം എന്നെസമാധാനപ്പെടുത്തി. ഭാൎയ്യയുടെ മുറിയുടെ വാതിൽ തപ്പിനോക്കിയപ്പോൾ അതു തുറന്നുകിടക്കുന്നതുകണ്ടു എനിക്കു വല്ലാത്ത ഭയമായി. അവൾ എന്റെ കള്ളി കണ്ടുപിടിക്കാൻ ഉറച്ചിട്ടുണ്ടോ എന്നു എനിക്കു തീൎച്ച പറഞ്ഞുകൂടാ. പെണ്ണുങ്ങളെ എങ്ങിനെ വിശ്വസിക്കും. പൂൎവ്വാപരവിരുദ്ധം കൂടാതെ കളവുപറവാൻ കൂടി വയ്യാത്ത ആൺജാതിയിൽപ്പെട്ട ഞാൻ ഭാൎയ്യ അറിയാതെ കാൎയ്യം നിവൃത്തിക്കേണമെന്നു കരുതി, ചെറുതായി ഒന്നുറങ്ങാൻ നിശ്ചയിച്ചു മെല്ലേ കണ്ണടച്ചു. അടുത്തുണ്ടാവാൻ പോകുന്ന ഭാഗ്യമോൎത്തു മനസ്സുഖവും സമാധാനവും ഉണ്ടായിട്ടോ എന്നറിഞ്ഞില്ല, എനിക്കൊരു മയക്കമുണ്ടായി. ഞാൻ എത്ര നേരത്തോളം ഈ മയക്കത്തിൽ പെട്ടിട്ടുണ്ടായിരിക്കണമെന്നു എനിക്കറിഞ്ഞുകൂടാ. എന്തോ ഒരു പിഞ്ഞാണത്തിന്റെ ശബ്ദം കേട്ടപോലെ തോന്നി ഞാൻ ഞെട്ടി. അപ്പോൾ നാഴികമണി ഒന്നു മുട്ടി. അരമ

ണിക്കൂറും മുട്ടുന്ന ഘടികാരമായിരിക്കകൊണ്ടു മണിയെത്ര യെന്നു മനസ്സിലായില്ല. പിന്നെയും അരമണിക്കൂർ നേരം ഞാൻ കിടക്കയിൽതന്നെ ഇരുന്നു. പിന്നേയും മുട്ടിയതു ഒന്നാണെന്നു കേട്ടപ്പോൾ മണി ഒന്നോ ഒന്നരയോ ആയിരിക്കേണമെന്നു തീൎച്ചയാക്കി. പുറപ്പെടാൻ ഒന്നാന്തരം അവസരം തന്നെ എന്നു തോന്നി ഞാൻ കയത്തിൽ നിന്നു പ്രാൽ പൊന്തുംപോലെ മെല്ലേ എഴുന്നേററു. കണ്ടുപിടിച്ചുപോയാൽ, ഉല്ലുതാപംകൊണ്ടു എന്റെ ഭാൎയ്യയുടെ മുഖത്തെങ്ങിനെ നോക്കുമെന്നു കരുതി എന്റെ കാൽ വിറച്ചു. ഞാൻ ഭാൎയ്യയുടെ മുറിയുടെ വാതിലിന്നടുക്കെ ചെന്നു ചെവിയോൎമ്മിച്ചപ്പോൾ അവൾ നല്ലവണ്ണം ഉറങ്ങുകയാണെന്നു മനസ്സിലായി. അവൾക്കു അവളുടെ പരമാൎത്ഥമല്ലാതെ ഭക്ഷ്യങ്ങളുടെ വിചാരംതന്നെ ഉണ്ടോ? അതെല്ലാം അവിടെ ഇരിക്കട്ടെ. എന്റെ വീട്ടിൽനിന്നു എന്റെ സ്വന്തം സാധനങ്ങൾ, ഞാൻ കള്ളനെപ്പോലെ കട്ടെടുക്കേണ്ടിവന്നതു എനിക്കൊരു പുതിയ അനുഭവമായി. ഭയത്തേക്കാളും ലജ്ജയേക്കാളും വിശപ്പു ജാസ്തിയായിരിക്കകൊണ്ടു ഞാൻ ചുമരുംപിടിച്ചു തപ്പിത്തപ്പി വടക്കേ മുറിയിൽ കടന്നു. ഞാൻ കാൽകൊണ്ടു പദാൎത്ഥങ്ങൾ വെച്ച പിഞ്ഞാണങ്ങൾ പരതി സ്ഥാനം കണ്ടുപിടിച്ചു. അത്യാൎത്തിയോടെ ഞാൻ അതിന്റെ മുമ്പിൽ ഇരുന്നു. ശബ്ദമുണ്ടാകാതെ ക്ഷണം മൂടിതുറന്നു. വലത്തേകൈ അതിന്റെ ഉള്ളിൽ ഇട്ടു. തപ്പിനോക്കിയപ്പോൾ സാധനങ്ങളൊന്നും കണ്ടില്ല. ഞാൻ ഇടിവെട്ടിയ മരംപോലെ തരിച്ചുപോയി. പിഞ്ഞാണം മാറിപ്പോയതായിരിക്കുമെന്നു കരുതി ഞാൻ മെല്ലെ തീപ്പെട്ടിയുരച്ചു കൈവിളക്കു കത്തിച്ചു നല്ലവണ്ണം

നോക്കി. ഒരുവസ്തും കണ്ടില്ല. ഞാൻ ഇളിഭ്യനായി, ഇച്ഛാഭംഗംകൊണ്ടു ബോധംകെട്ടു വീഴാഞ്ഞതു എൻെറ ഭാഗ്യമെന്നു കരുതി. എന്നേക്കാളും മുമ്പേ ഒരു പുണ്യം ചെയ്തു പൂച്ച പദാൎത്ഥങ്ങളൊക്കെ പൂജ്യമാക്കിവെച്ചിരിക്കുന്നു. പ്രയോജനമില്ലാത്ത അദ്ധ്വാനംകൊണ്ടു മനസ്സു വെറുത്തുപോയ ഞാൻ വീണ്ടും കിടക്കയിൽ വന്നുകിടന്നു. ചോറെ നമഃ കറിയേ നമഃ ഇങ്ങിനെ ജപിച്ചുകൊണ്ടുറങ്ങി. ഉറക്കത്തിലും ഇങ്ങിനെതന്നെ ജപിച്ചിരുന്നോ എന്നു ഞാനറിയില്ല. പിറേറന്നു നേരം പുലൎന്നപ്പോൾ പദാൎത്ഥങ്ങളൊക്കെ പൂച്ച കൊണ്ടുപോയെന്ന പ്രളയം കേട്ടു എൻെറ ഉറക്കംഞെട്ടി. ഭാൎയ്യ എൻെറ മുഖത്തു ഒരു വല്ലാത്ത നോട്ടം വെച്ചു. കററം ചെയ്തിട്ടുണ്ടെങ്കിലല്ലേ ഞാൻ കലുങ്ങേണ്ടതുള്ളു? എൻെറ മുഖഭാവം കണ്ടപ്പോൾ ഭാൎയ്യക്കു കലശലായ സംശയമുണ്ടെന്നു തോന്നി! പൂച്ച കടന്നതു ജനൽവാതിലിൻെറ ഇടുങ്ങിയ അഴിവിടവിൽ കൂടെയായിരിക്കേണമെന്നു് വിശ്വാസം വരാത്ത ബാക്കിയുള്ളവരോടു ഭാൎയ്യ നിഷ്കൃഷ്ടിച്ചു പറഞ്ഞതു എന്നെ രക്ഷിക്കാൻ വേണ്ടിയായിരിക്കുമെന്നു തോന്നി ഞാൻ വളരെ കൃതഘ്നനായി.

ഭാൎയ്യക്കുകൂടി സംശയം ജനിച്ചതുകൊണ്ടു എനിക്കു വലിയ വിഷാദമായി. ഇനി വല്ലതും വെപ്പിക്കുന്നതു നാലു പൂച്ച തിന്നാലും തീൎന്നുപോകരുതെന്നു ഞാനും തീൎച്ചയാക്കി. രണ്ടു ദിവസത്തിലധികം കാത്തു നില്ക്കാൻ എനിക്കു ക്ഷമയുണ്ടായില്ല. ഇളയച്ചൻെറ കത്ത് എൻെറ ഉപായത്തിന്നു ഒരു മാതൃകയായി. ഭാൎയ്യ അറിയാതെ ഒരു പ്രാവശ്യമെങ്കിലും ഊണു കഴിക്കണമെന്നു ഞാനുറച്ചു. "ഇന്നു രാത്രി നിൻെറ ആങ്ങളയും മൂന്നാളും വരുന്നുണ്ടു്. ഊണു തയാറാ

ക്കിവെക്കണം!" എന്നു ഒരു ദിവസം ഞാൻ കോടതിയിൽ നിന്നു ഒരു കുറിപ്പു ഭാൎയ്യക്കു കൊടുത്തയച്ചു. വൈകുന്നേരം വീട്ടിൽ മടങ്ങിവന്നപ്പോൾ ഒരു പൊടിപാറിയ സദ്യയ്ക്കു വട്ടംകൂട്ടുന്നതു കണ്ടു ഞാൻ വളരെ തൃപ്തിപ്പെട്ടു. ആങ്ങളയുടെ കത്തെവിടെ എന്നു ഭാൎയ്യ ചോദിച്ചപ്പോൾ "അതു കോടതിയിൽനിന്നു എടുക്കാൻ മറന്നുപോയി" എന്നു കൂസലില്ലാതെ മറുപടി പറഞ്ഞു. ഈ പ്രാവശ്യം വിരുന്നുകാരൊന്നും വരാനില്ലെന്നു നല്ലവണ്ണം അറിയുന്നതുകൊണ്ടു പൂച്ച വരുംമുമ്പെ തന്നെ എന്റെ ആഗ്രഹം പൂൎത്തിയാക്കേണമെന്നു ഞാൻ ഉറപ്പാക്കി. ഇന്നാളത്തെപ്പോലെതന്നെ വീട്ടുകാരൊക്കെ കുറെനേരം കാത്തു പിന്നെപ്പോയിക്കിടന്നു. "സുകുമാരന്നു ചികിത്സ തുടങ്ങിയതോടുകൂടി രാത്രി വിരുന്നിന്റെ അറിയിപ്പു കൂടക്കൂടെ ഉണ്ടാകുന്നതെന്താ"ണെന്നു പെങ്ങൾ അമ്മയോടു മെല്ലെ പറയുന്നതു കേട്ടു ഞാൻ ഒന്നു നടുങ്ങി. ഞാൻ പത്തുമണിക്കുതന്നെ ചെന്നുകിടന്നു ഒരു ചെറിയ ഉറക്കം കഴിച്ചു. ഉറക്കം ഞെട്ടിയപ്പോൾ വടക്കേമുറിയും ചോറും കറിയും എന്റെ മുമ്പിൽ കാണുമ്പോലെ തോന്നി. എന്റെ ഭാൎയ്യയുടെ നൂറിലൊരോഹരി മനസ്സുറപ്പും ധൈൎയ്യവും ഉണ്ടായിരുന്നുവെങ്കിൽ ഞാൻ ഈ അഭിമാനക്ഷയകരമായ പീറക്കാൎയ്യത്തിന്നു പുറപ്പെടേണ്ടതായി വരുമായിരുന്നോ? ഞാൻ ആണായിട്ടെന്തു കാൎയ്യം. ഒരു പെണ്ണിന്റെ നേരെ നില്പാൻ മതിയായില്ലല്ലോ. എന്റെ ഭാൎയ്യയെ ഇങ്ങിനെ തോല്പിക്കുന്നതു അവൾക്കു വല്ല പ്രകാരത്തിലും അറിവായാൽ ഞാൻ അവളുടെ മുഖത്തെങ്ങിനെ നോക്കും? ഇങ്ങിനെ പല വിചാരങ്ങളും വികാരങ്ങളും എന്റെ മനസ്സിൽ നിറഞ്ഞു വന്നിട്ടുകൂടി ഞാൻ കണ്ണും തു

ടല്ലു ശബ്ദമുണ്ടാക്കാതെ എഴുന്നേററു. അപ്പോൾ മുറിയിൽ നിന്നു പിഞ്ഞാണങ്ങളിൻെറ ശബ്ദം കേട്ടോ എന്നൊരു ശങ്ക തോന്നി. പൂച്ച പിന്നെയും പററിച്ചോ എന്നുകരുതി ഞാൻ പാട്ടുള്ളേടത്തോളം വേഗത്തിൽ മുറിയിൽ എത്തി. പൂച്ച പദാർത്ഥങ്ങൾ തിന്നുന്ന ശബ്ദം ഞാൻ കേട്ടു. പൂച്ചയെ പൂർത്തിയാക്കാൻ സമ്മതിക്കയില്ലെന്നു നിശ്ചയിച്ചു ഞാൻ തീപ്പെട്ടിയുരച്ചു. അപ്പോൾ പുറപ്പെട്ട പ്രഭയിൽ കണ്ട കാഴ്ചയാൽ ആശ്ചര്യവും അമ്പരപ്പും അന്ധാളിപ്പും കൊണ്ടു എൻെറ വായ പിളർന്നുപോയി. ഞാൻ കണ്ടതു നിലത്തു ചമ്രംപടിയിട്ടിരുന്നു ചോറും കറിയും വീർപ്പുമുട്ടേ തിന്നുതീർക്കുന്ന എൻെറ സ്വന്തഭാര്യയെ ആയിരുന്നു.

ഞാൻ:—ഇതാരു നീയൊ? കള്ളത്തി! മുഖത്തു ഒതവാട്ടവും കോട്ടവും വേണ്ട.

ഭാര്യ:—ചിലച്ചതു മതി. നിങ്ങളും വന്നതു ഇതിന്നുതന്നെയല്ലെ?

ഞാൻ:—ഇതറിഞ്ഞിരുന്നു എങ്കിൽ എനിക്കിത്ര കഷ്ടപ്പാടു വേണ്ടായിരുന്നല്ലോ.

ഭാര്യ:—നിങ്ങൾ പലേടത്തും പോകുന്ന ആളല്ലേ; എന്തിന്നിത്ര കഷ്ടപ്പെട്ടു.

ഞാൻ:—ദയവുചെയ്തു ചോറു തീർത്തുകളയരുതെ.

ഭാര്യ:—ഭയപ്പെടേണ്ട. വേണ്ടതുണ്ട്.

ഞാൻ:—അപ്പോൾ ഇന്നാളത്തെ പൂച്ച നീതന്നെയായിരുന്നു അല്ലേ.

ഭാര്യ:—മെല്ലെ പറയൂ. ഉറങ്ങുന്നവരെ ഉണർത്തേണ്ട. കഴിഞ്ഞതു കഴിഞ്ഞില്ലേ?

ഞാൻ:—ഏതായാലും പട്ടിണിയിട്ടു പണം സമ്പാദിച്ചിട്ടു ഫലമില്ല അല്ലെ?

ഭാര്യ:—എന്നാണ് എനിക്കും തോന്നുന്നത്.

ഞാൻ.—ശരി. മരത്തോക്കിന്നു മണ്ണുണ്ട. എനിക്കു പററിയ ഭാര്യ നീ തന്നെയാണ്.

ഭാര്യ:—മിണ്ടാതെ ഉണ്ടോളൂ.

ഇങ്ങിനെ ക്രമിയുടെ ചികിത്സയും പണമുണ്ടാക്കാനുള്ള ഞങ്ങളുടെ ആശയും ഒന്നിച്ചു ആ മിനിട്ടിന്നു അസ്തമിച്ചെങ്കിലും, എനിക്കു പെണ്ണുങ്ങളോടുള്ള ബഹുമാനം അന്നു വൎദ്ധിച്ചുവന്നതേയുള്ളു.

ശുഭം.

# ഡിറ്റക്ടീവ് നോവലുകൾ.

| | | | |
|---|---|---|---|
| 1. | കമലയും കാമുകനും— | | 2—0—0 |
| | എം. ആർ. നാരായണപിള്ള | | |
| 2. | പ്രേതബാധ— | ,, | 1_12—0 |
| 3. | മാസ്റ്റർ ചന്ദ്രൻ— | ,, | 1—2—0 |
| 4. | കാമിനി— | ,, | 1—4—0 |
| 5. | മരണമാളിക— | ,, | 2—4—0 |
| 6. | അശോകവനത്തിലെ കൊലപാതകം | | 2—4—0 |
| | എം. ആർ. നാരായണപിള്ള | | |
| 7. | മരണക്കളി— | ,, | 0_12—0 |
| 8. | കനകാലയം— | ,, | 2—4—0 |
| 9. | ജ്യോതിർമ്മയി— | ,, | 1_12—0 |
| 10. | നീചകാമുകൻ—C. K. സബാസ്റ്റ്യൻ | | 1—0—0 |
| 11. | തലച്ചോറും കൈത്തോക്കും— | | 1—0—0 |
| 12. | അട്ടിമല്ലൻ—ഇ. വി. ഗംഗാധരൻ. | | 0_12—0 |
| 13. | വിഷസൂചി—പി. യം. കുമാരൻനായർ. | | 1_12—0 |
| 14. | ആറ്റുംകരെടി—പി. കെ. നായർ. | | 1_12—0 |
| 15. | മായാതസ്കരൻ—എം. വി. ഭാസ്ക്കരൻ. | | 1—0—0 |
| 16. | ത്യാഗകേസരി—ആവിലേരി ഭരതൻ. | | 0—12—0 |

## കെ. ആർ. ബ്രദേഴ്സ്,

കോഴിക്കോട്.

Phone 634.

Indic Digital Archive Foundation

3425

ആരാന്റെ കുട്ടി തുടങ്ങി

# അഞ്ചു ചെറുകഥകൾ.

കെ. സുകുമാരൻ, ബി. എ.

SAHITHYA VILASINI L...
KILIKOLLOOR P.O.
QUILON
SPORTS CLUB & G...

gpura.org